# മയിൽപീലി | Mayil Peeli

Author : Kochoonj | www.kambistories.com

പ്രിയ വായനക്കാരോട്.. ഇത് ഒരു പ്രണയ കഥ ആണ്.. അനുഭവിച്ചതും കണ്ടതും കേട്ടതും പലരും പറഞ്ഞതുമായ സംഭവങ്ങളൊക്കെ മനസ്സിൽ ഉടലെടുത്ത ഒരു കഥയോട് കൂട്ടിച്ചേർക്കാൻ ശ്രമിക്കുകയാണ് ഞാൻ.. ഇത് നിങ്ങളെ എത്രത്തോളം തൃപ്തരാക്കും എന്നെനിക്കറിയില്ല... നിങ്ങളുടെ അഭിപ്രായം എന്താണേലും അത് തുറന്നു പറയുക.. അതിനാനുസരിച്ചു എന്റെ പിഴവുകൾ ഞാൻ തിരുത്താം...

സ്നേഹപൂർവ്വം കൊച്ചൂഞ്...

അടുക്കള പണിയുടെ തിരക്കിലായിരുന്നു രാധിക..സമയം ആറു മണി ആകാറായിരിക്കുന്നു.. അവൾ വിറകു അടുപ്പിലേക്കു കുറച്ചുകൂടി തള്ളിവെച്ചു ഊതി.. അടുപ്പില്നിന്നും പുകയാണ് ഉയരുന്നത്.. അവൾ വീണ്ടും ഊതി.. ഇപ്രാവശ്യം അല്പം ചാരം പറന്നു അവളുടെ കണ്ണിൽ വീണു.. അവൾ കണ്ണുകൾ കൈകൊണ്ടു പൊത്തി...

"ഹോ... നാശം.. ന്റെ കണ്ണാ... ഞാനിവിടെ ഇല്ലാത്തപ്പോ തന്നെ നിനക്ക് മഴ പെയ്യിക്കണമായിരുന്നോ... ഇത് കഴിഞ്ഞു എന്തൊക്കെ പണി കിടക്കുന്നു ന്റെ കണ്ണാ.." അവൾ കണ്ണ് തിരുമിക്കൊണ്ടു അറിയാതെ പറഞ്ഞുപോയി.. ഇന്നലെ കോളേജിൽ ആയിരുന്നപ്പോഴാണ് മഴ പെയ്തത്.. പുറത്തായിരുന്ന വിറകെല്ലാം നനഞ്ഞു.. ആ നനഞ്ഞ വിറകാണു അടുക്കള മുഴുവൻ പുകമയമാക്കുന്നത്... പൊത്തിയ കൈകൾ പിൻവലിച്ചു അവൾ കണ്ണുകൾ പതിയെ തുറന്നു.. കണ്ണില്നിന്നും കുടു കൂടാ വെള്ളം വരുന്നുണ്ട്.. ആകെ ഒരു പുകച്ചിൽ പോലെ.. എന്നാലും നേരം കളയാൻ ഇല്ല എന്നവൾക്കു അറിയാം..

രാധിക കഞ്ഞിക്കലത്തിൽ നിന്നും അല്പം കഞ്ഞി തവിയിൽ കോരി കൈകൊണ്ടു പീച്ചി നോക്കി..

"ഹോ.. വെന്തു... "അവൾ ആത്മഗതം ചെയ്തു.

"എടീ മൂതെവി... എവിടെ പോയി പണ്ടാരടങ്ങി കിടക്കുവാ നീ... " അകത്തുനിന്നും ദേഷ്യത്തിൽ ഉള്ള ആ ശബ്ദം പുറത്തേക്കു വന്നു..

"ദാ വരുന്നു അമ്മെ..." അവൾ ഉള്ളിൽ ഉയർന്ന പേടിയോടെ പറഞ്ഞു..

"ന്റെ കണ്ണാ.. അമ്മ എഴുന്നേറ്റു.. എനിക്ക് വയ്യ...ഇനി സ്വര്യം തരില്ല... " അതും പറഞ്ഞു അവൾ ആ പേടിയിൽ കഞ്ഞിക്കലം അടുപ്പില്നിന്നും എടുത്തുമാറ്റി.. വെറും കയ്യാൽ എടുത്തപ്പോൾ പൊള്ളിയ കൈത്തലം അവൾ വായിൽ വെച്ചു.. എന്നിട്ട് വേദന കൊണ്ട് കുടഞ്ഞു..

"എന്നെ ഒന്ന് വിളിച്ചൂടെ കണ്ണാ.. ഇങ്ങനെ ഇട്ടു നരകിപ്പിക്കുന്നതിലും ഭേധം അതാ.. " അവൾ ഒരു നിമിഷം ചിന്തിച്ചു.. " വേണ്ട.. അച്ഛനുള്ള കാലം വരെയെങ്കിലും കഷ്ടപെട്ടാണെങ്കിലും ജീവിക്കണം.. അത് കഴിഞ്ഞു മരിച്ചാലും വേണ്ടില്ല.." അവൾ ആരോടെന്നില്ലാതെ പറഞ്ഞു..

അവൾ വേഗം തന്നെ പോത്തടുപ്പിൽ വെച്ചിരുന്ന ചായകലത്തിൽ നിന്നും ചായ ഗ്ലാസ്സിലേക്കു പകർന്നു.. അതിൽ ഒരു സ്പൂൺ പഞ്ചാരയുമിട്ടു ഇളക്കിയെടുത്തു..

"ചായ ഉണ്ടാക്കാൻ ഇനി നിനക്ക് കിണറു കുഴിച്ചു വെള്ളം എടുക്കണോടീ..... " അകത്തു നിന്നുമുള്ള ശബ്ദത്തിനു കടുപ്പം കൂടി..

"ദാ വരുന്നു... " അതും പറഞ്ഞു രാധിക ചായയുമായി അകത്തേക്കോടി... പോകുന്ന പോക്കിൽ ചായ തുളുമ്പി അവളുടെ കയ്യിൽ തെറിക്കുന്നുണ്ടായിരുന്നു.. ചൂട് ചായ വീണപ്പൊഴുള്ള പൊള്ളലിന്റെ വേദന അവൾ കാര്യമായി എടുത്തില്ല..

ഇപ്പൊ നിങ്ങള്ക്ക് ആകെ ഒരു കൺഫ്യൂഷൻ ആയിരിക്കും. ഒരമ്മ ഇങ്ങനൊക്കെ പറയണേ എന്താ എന്ന് നിങ്ങൾ ചിന്തിക്കും. കാര്യം പറഞ്ഞിട്ട് ബാക്കി..

ഈ ദേഷ്യപ്പെടുന്ന കഥാപാത്രം ശാരദ.. രാധികയുടെ രണ്ടാനമ്മയാണ് കക്ഷി.. രാധികയുടെ അമ്മ അവൾക്കു എട്ടു വയസുള്ളപ്പോൾ മരിച്ചതായാണ്.. അച്ഛൻ പ്രഭാകരന് പ്രാണാനായിരുന്നു മകൾ രാധിക.. പ്രിയതമയുടെ വിടവാങ്ങലിന് ശേഷം തന്റെ പൊന്നോമന മകൾക്ക് വേണ്ടിയാണ് ആ അച്ഛൻ ശാരതയെ രണ്ടാമത് കെട്ടിയത്.. പണ്ടത്തെ പേരുക്കേട്ട തറവാടായിരുന്നു അവരുടെ.. ഒരുപാട് സ്ഥലം ഒക്കെ സ്വന്തമായിട്ടുണ്ടായിരുന്നു.. എപ്പഴോ തുടങ്ങിയ പ്രഭാകരന്റെ കൂടിയാണ് പകുതിയോളം സ്വത്തു വകകൾ നശിപ്പിച്ചത്... കുടിയാണേലും ഭാര്യയേയും മകളെയും പൊന്നുപോലാണ് അയാൾ നോക്കിയത്.. അതിനിടയിൽ രാധികയുടെ അമ്മ ദേവിക മരണപ്പെട്ടു.. ശാരദ ദേവികയുടെ വീടിനടുത്തുള്ളതായിരുന്നു.. ഒരു പാവപ്പെട്ട കുടുംബം.. അവരുടെ സ്ഥിതി മനസിലാക്കിയും മകളുടെ ഭാവിയുമോർത്താണ് പ്രഭാകരൻ ശാരതയെ കെട്ടിയത്.. അപ്പോഴേക്കും കുടുംബത്തിന് വേണ്ടി അയാൾ കുടിയും ഉപേക്ഷിച്ചിരുന്നു... ആദ്യ കാലങ്ങളിൽ ശാരദ രാധികയെ വളരെ സ്നേഹത്തോടെയാണ് നോക്കിയത്.. കാരണം പ്രഭാകരന് മകളോടുള്ള സ്നേഹം അവൾക്കറിയാമായിരുന്നു..

ഒരു ദിവസം ചക്കയിടാനായി പ്ലാവിൽ കയറിയ പ്രഭാകരൻ കാലുതെറ്റി വീണു.. ശരീരം മുഴുവനായി തളർന്നുപോയിരുന്നു.. ഒന്നും മിണ്ടാനും പറ്റാതെ ഒരു ജീവച്ഛവം പോലെ.. പിന്നീട് കുറെ കാലം ചികിത്സിച്ചു.. ഇതിനിടയിൽ പ്രഭാകരന് കുറച്ചു കട ബാധ്യതയും വന്നു ചേർന്നിരുന്നു.. ചികിത്സയും കടവും എല്ലാം കൂടി ആയപ്പോൾ ആ കുടുംബം ആകെ തകർന്നു..

ചികിത്സയുടെ ചിലവിനായി സ്ഥലമൊക്കെ വിറ്റും പണയം വച്ചും കിട്ടിയ തുകയിൽ ഭൂരിഭാഗവും ശാരദ സ്വന്തം കുടുംബത്തിലേക്ക് മാറ്റിയിരുന്നു.. ഒരു നാൾ അവിടെ നിന്നും ഇറങ്ങേണ്ടി വന്നാലും തനിക്ക് ജീവിക്കാൻ ഉള്ളത് ഉണ്ടാക്കാൻ അവൾ മറന്നില്ല..

പ്രഭാകരൻ കിടപ്പിലായ ശേഷം തുടങ്ങിയതാണ് രാധികയുടെ പെടാപ്പാടു.. എല്ലാ പണിയും അവളെ കൊണ്ടുതന്നെ ശാരദ ചെയ്യിക്കും.. രാവിലെ എഴുന്നേൽക്കണം.. ഭക്ഷണം ഉണ്ടാക്കണം.. ആറുമാണിയാകുമ്പോൾ എന്നും ശാരതക്കു ചായ കിട്ടണം.. വീട്ടിൽ രണ്ടു പശുവുണ്ട്.. അതിനെ കുളിപ്പിക്കണം.. പുല്ലു പറിക്കണം.. എല്ലാം കഴിഞ്ഞു വേണം കോളേജിൽ പോകാൻ..

തളർന്നു കിടക്കുന്ന പ്രഭാകരന് ഒന്നും പറയാനും ചെയ്യാനും കഴിയാത്ത അവസ്ഥ.. അയാൾ ഉള്ളിൽ എന്നും കരഞ്ഞുകൊണ്ടിരുന്നു.. ഇപ്പോൾ ആ വീടും അതിനോട് ചേർന്ന് വളരെ കുറച്ചു സ്ഥലവുമെ ഉള്ളു.. അതും പണയത്തിലാണ്. അതിൽ നിന്നും കിട്ടുന്ന ആദായമാണ് ജീവിതമാർഗം.. പിന്നെ പാല് വിറ്റ് കിട്ടുന്നതും.. പക്ഷെ എല്ലാം കൈപ്പറ്റുന്നത് ശാരദ ആണെന്ന് മാത്രം.. ഇതായിരുന്നു രാധികയുടെ ജീവിതം..

കാണാനാണെങ്കിൽ ഒരു നാടൻ സൗന്ദര്യമായിരുന്നു രാധികക്കു.. തൂവെള്ള നിറമല്ലെങ്കിലും വെളുത്തത് എന്ന് പറയാം.. മുഖത്ത് നല്ല ഐശ്വര്യമുണ്ട്.. നിതംബം വരെ എത്തുന്ന മുടി.. വലുതല്ലെങ്കിലും നല്ല വൃത്താകൃതിയിലുള്ള മാറിടങ്ങൾ.. പട്ടണ പരിഷ്കാരങ്ങളൊന്നും തൊട്ടു തീണ്ടിയിട്ടില്ലാത്ത ഒരു നാടൻ പെൺകൊടി.. ആരോടും അതികം സംസാരിക്കാത്ത സ്വയം ഉൾവലിഞ്ഞ പ്രകൃതമായിരുന്നു അവളുടേത്.. ബാക്കി ഇനി വഴിയെ....

ഇനി കറന്റ് സിറ്റുവേഷൻ..

രാധിക ചായയുമായി ശാരദയുടെ റൂമിലേക്ക് കയറി.. വിറയ്ക്കുന്ന കൈകളോടെയാണ് അവൾ ചായ കൈമാറിയത്.. കാരണം ശാരദ വല്ലാത്ത ദേഷ്യത്തിലാണേൽ ചിലപ്പോൾ ആ ചൂട് ചായകൊണ്ട് അവളിൽ അഭിഷേകം നടത്തും.. ഒരിക്കൽ അങ്ങനെ ഉണ്ടായി.. അതിൽ പിന്നെ അവൾക്കു പേടിയാണ്..

"എടീ... പണിയൊന്നും തീർക്കാതെ നീ ഈ പടിക്കു പുറത്തിറങ്ങാണ് വിചാരിക്കേണ്ട.. കേട്ടല്ലോ.. " ചായ മേശപ്പുറത്തു വച്ച് പടർന്ന മുടി കൈകൊണ്ടു ചുറ്റി തലയിൽ കെട്ടി വെച്ചുകൊണ്ട് ശാരദ പറഞ്ഞു.. നാൽപ്പത്തിനോടടുത്ത പ്രായമുണ്ട് ശാരതക്കു.. പൊക്കം കുറഞ്ഞ വെളുത്ത ശരീരപ്രകൃതി... ബ്ലൗസും ഒറ്റ മുണ്ടും ആയിരിക്കും എപ്പോഴും വേഷം.. കാണാൻ തരക്കേടില്ലാത്ത ഒരു സ്ത്രീ.. അതായിരുന്നു ശാരദ..

രാധിക ഒരു പേടിയോടെ തല ഇളക്കുക മാത്രം ചെയ്തു.. അവൾ പതിയെ അവിടെ നിന്നും പിൻവാങ്ങി..

"ഓ...അല്ലേൽ അവളിപ്പം പഠിച്ചു വല്യ കളക്ടർ ആകാൻ പോകുവല്ലേ.. ഞാൻ ആകുന്നതെ പറഞ്ഞതാ വല്ല വീട്ടു ജോലിക്കും പോയി കുറച്ചു കാശുണ്ടാക്കാൻ നോക്കാൻ.. ആ കടം

കുറച്ചെങ്കിലും വീട്ടാൻ.. കഞ്ഞിക്കു വകയില്ലേലും അവള് പഠിക്കാൻ പോകും.. വല്യ കോളേജ് കുമാരി അല്ലെ.. ഫൂ..." ശാരദ ഒരു ആട്ടു.. എന്നിട്ടു പിന്നെയും തുടർന്നു..

" അല്ലേലും ഇവളെ എന്തിനാ പറയുന്നേ.... ആ പാതിരിയെ പറഞ്ഞാ മതിയല്ലോ.. ഇടവകയിലെ കുഞ്ഞാടുകളോട് വചനവും പറഞ്ഞു കൊടുത്തു ജീവിക്കാനുള്ളതിനു അയാള് പാവങ്ങളെ സഹായിക്കാൻ നടക്കുന്നു.. ഇവിടൊരുത്തിയെ പഠിപ്പിക്കാഞ്ഞിട്ടു ആ പാതിരിക്കു ഉറക്കം വരില്ലല്ലോ.. ബുക്ക് മേടിച്ചു കൊടുക്കുന്നു.. ഡ്രസ്സ് കൊടുക്കുന്നു... വണ്ടിക്കൂലിക്കു പണം കൊടുക്കുന്നു... അയ്യയ്യോ... പണചിലവില്ലല്ലോ എന്ന് കരുതിയിട്ടാ.. ഞാനായി എന്നേലും പറഞ്ഞാ.. പള്ളീലചനല്ലേ... നാട്ടുകാരുടെ മുന്നിൽ ഞാൻ അഹങ്കാരിയും കണ്ണിൽ ചോരയില്ലാത്തവളും ആവും.. ഓ.. ഇവളെ ഇപ്പൊ പഠിപ്പിച്ചു വല്യ കോണാണ്ടറാക്കാനായിരിക്കും പുള്ളീടെ വിചാരം.. "

രാധിക അടുക്കളയിൽ പാചകം ചെയ്തുകൊണ്ട് കേക്കുകയാണ് അമ്മയുടെ കുത്തുവാക്കുകൾ.. അമ്മ എന്ന് വിളിക്കാൻ തോന്നുന്നില്ലേലും ശീലം കൊണ്ട് വിളിച്ചു പോവാണ്.. എന്നും ഈ പറച്ചിൽ ഉള്ളതാണ്.. എന്നാലും ആ പാവം അച്ചനെ കുറിച്ച് അങ്ങനെ ഒക്കെ പറയുമ്പോൾ അവൾക്കു വല്ലാത്ത വിഷമം തോന്നി.. ഒരു ഹിന്ദു കുടുംബമായിരുന്നിട്ടും താൻ കോളേജിൽ പോകുന്നതും പഠിക്കുന്നതും എല്ലാം അദ്ദേഹത്തിന്റെ കാരുണ്യം കൊണ്ടാണ്.. ക്രിസ്ത്യൻ മാനേജ്മെന്റിന്റെ കീഴിൽ ഉള്ള സ്വാശ്രയ കോളേജ് ആയിരുന്നിട്ടും ഫീസ് കൊടുത്തു പഠിക്കണമായിരുന്നിട്ടും തനിക്കവിടെ സീറ്റ് കിട്ടിയതു ആ വലിയ മനുഷ്യൻ കാരണമാണ്.. തന്റെ ഫീസ് കെട്ടുന്നത് കോളേജിലെ തന്നെ ചാരിറ്റി ഫണ്ടിൽ നിന്നുമാണ്.. എന്തിനേറെ.. ബുക്ക്, ആഴ്ചയിൽ രണ്ടു ദിവസം ഇടേണ്ട യൂണിഫോം, വണ്ടിക്കൂലി പോലും അച്ഛൻ തരണം.. ആ മനുഷ്യനെ ആണ് ഇങ്ങനൊക്കെ പറയുന്നത്.. ശാപം കിട്ടും ഈ അമ്മക്ക്..

അവളുടെ ചിന്ത പല വഴിക്ക് പോയി.. പെട്ടെന്ന് അവൾ ഹാളിൽ വന്നു ക്ലോക്കിലേക്കു നോക്കി.. സമയം ആറര കഴിഞ്ഞു.. വിമാനത്തിന്റെ സ്പീഡിലാ സമയം പോണത് എന്ന് അവൾക്കു തോന്നി..

"ഇനി എന്തൊക്കെ ചെയ്യണം കണ്ണാ ഞാൻ" അവൾ സ്വയം പറഞ്ഞു കൊണ്ട് അവളുടെ റൂമിലേക്ക് കയറി.. കട്ടിലിനു സൈഡിലായി ചെറിയ മേശമേൽ വെച്ചിരിക്കുന്ന ചെറിയ ശ്രീകൃഷ്ണ രൂപം.. പ്രഭയൂരുന്ന മുഖത്തോടെ പുല്ലാങ്കുഴൽ വായിക്കുന്ന അവളുടെ കണ്ണൻ..

അവളുടെ ഏറ്റവും വലിയ കൂട്ട്.. അവൾ ഏറ്റവും കൂടുതൽ സംസാരിക്കുന്നതും അവളുടെ ആ കണ്ണനോടാണ്..

അവൾ തിരിഞ്ഞു ആ രൂപത്തിലേക്ക് നോക്കി..

" സന്തോഷാവണുണ്ടോ കണ്ണാ ഞാനിങ്ങനെ കഷ്ടപ്പെടണത് കാണുമ്പോ... നീയിങ്ങനെ പുല്ലാങ്കുഴലും വായിച്ചു ചിരിച്ചിരുന്നോ... ഞാൻ മിണ്ടൂല്യ ഇനി നിന്നോട്.. " അവൾ കപട ദേഷ്യത്തോടെ അതും പറഞ്ഞു തിരിഞ്ഞു നടന്നു.. പെട്ടെന്ന് എന്തോ ഓർത്തെന്നപോലെ നിന്ന് തിരിച്ചു വന്നു കണ്ണന്റെ രൂപത്തിന് മുന്നിൽ ഇരുന്നു.. അവൾ കൈകളാൽ പതിയെ ആ രൂപത്തിൽ തലോടി..

" സോറി ട്ടോ കണ്ണാ.. വിഷമായോ നിനക്ക്.. ഞാൻ ചുമ്മാ പറഞ്ഞാ.. നിക്ക് വിഷമുന്നൂല്യ... ന്റെ കണ്ണൻ നിക്ക് വേണ്ടി തരണതെല്ലാം ഈ രാധിക അനുഭവിച്ചോളാ.. " അതും പറഞ്ഞു അവൾ പതിയെ എഴുനേറ്റു..

മാ....." പുറത്തു നിന്നും അവൾക്കുള്ള വിളി വന്നു.. പുറത്തുനിന്നു എന്ന് പറഞ്ഞാൽ തൊഴുത്തിൽ നിന്ന്.. അമ്മിണി എന്ന് അവൾ തന്നെ പേരിട്ടിരിക്കുന്ന ആ പശുവാണ് അവൾക്കായി സൈറൺ മുഴക്കിയിരിക്കുന്നത്..

"വരുവാ അമ്മിണിയേ...." അവൾ വിളിച്ചുപറഞ്ഞു..

"നീ എന്നാ കോണച്ചോണ്ടിരിക്കുവാടീ അവിടെ .. പോയി അതെങ്ങളുടെ കാര്യം നോക്കെടീ.." പുറകെ എത്തി ശാരദയുടെ ശകാരവും..

രാധിക തൊഴുത്തിലേക്കോടി..

ഞാൻ എഴുനേറ്റു.. എന്നെ വന്നു കുളിപ്പിക്കടീ എന്ന ഭാവത്തോടെ അമ്മിണി പശു എഴുനേറ്റു അവളെ നോക്കി നിക്കുവാണ്..

"എന്റെ പൊന്നമ്മിണിയെ... ഒന്നു കാറാണ്ടിരിക്കുവോ.. ഒരര മണിക്കൂറിനുള്ളിൽ ഞാൻ പുല്ലും വെട്ടി നിന്നെ കുളിപ്പിച്ച് തരാം.. അതുവരെ ഒന്ന് ക്ഷമിക്ക്.. " അവൾ ആ മിണ്ടാപ്രാണിയുടെ നേരെ കൈ കൂപ്പി.. "നിന്നോടും കൂടിയാ പറഞ്ഞെ കല്യാണി.." അവൾ ഇതുവരെയും എഴുന്നേൽക്കാതെ എന്തോ വായിലിട്ടു അയവറക്കിക്കൊണ്ടിരുന്ന കല്യാണി പശുവിനെ നോക്കി പറഞ്ഞു..

"ഇതുങ്ങളെ പറഞ്ഞിട്ടെന്നാ കാര്യം.. കറവ ഇല്ലേലും ഭക്ഷണം ഇവർക്കും വേണ്ടതല്ലേ ന്റെ കണ്ണാ.. " അവൾ സ്വയം പറഞ്ഞു പുല്ലു ചാക്കും അരുവയും എടുത്തു വയലിലേക്കു പോയി.... പത്തു മിനിറ്റു നടക്കാനുണ്ട് വയലിലേക്കു.. വലിയ ഇറക്കമാണ് അങ്ങോട്ട്.. അതുകൊണ്ടു തന്നെ തിരിച്ചു വരുമ്പോൾ അവളുടെ പിരിവെട്ടും.. പുല്ലും ചാക്കും തലയിൽ വെച്ച് ആ കയറ്റം കേറുമ്പോഴേക്കും അവൾ ആകെ അവശതയായിട്ടുണ്ടാകും.. എന്നാലും ചെയ്യാണ്ടിരിക്കാൻ പറ്റുവോ..

അര മണിക്കൂറോളം എടുത്തു അവൾ പുല്ലും വെട്ടി വന്നു.. ആകെ അവശതയായിരുന്നു അപ്പോഴേക്കും.. പിന്നെ ഇതൊരു ശീലമായതുകൊണ്ടു അത്ര ബുദ്ധിമുട്ട് തോന്നിയില്ല.. ആ അതിരാവിലത്തെ തണുപ്പിലും വിയർത്തൊലിച്ച അവൾ പുല്ലും ചാക്കും അവിടെ ഇട്ടു കിണറ്റിൽ നിന്നും വെള്ളം കോരാൻ തുടങ്ങി.. മനുഷ്യരെ പോലെ അല്ലല്ലോ ആ പശുക്കൾ.. രണ്ടെണ്ണതിന്റെയും മേത്തൊക്കെ ഉണങ്ങിപ്പിടിച്ചിരിക്കുന്ന ചാണകം ഒക്കെ കഴുകി വൃത്തിയാക്കുമ്പോഴേക്കും അതിനു എത്ര വെള്ളം കോരിയാലും മതിയാവില്ല..

പതിവുപോലെ ചെമ്പോട്ടി കോരി നിറച്ചു ആദ്യം അമ്മിണിയെ കുളിപ്പിക്കാൻ തുടങ്ങി.. അപ്പൊ ഞാനും റെഡി എന്ന രീതിയിൽ കല്യാണിയും എഴുനേറ്റു.. അമ്മിണി മഹാ കുറുമ്പി ആണ്.. രാധിക വെള്ളമൊഴിച്ചു അമ്മിണിയുടെ ദേഹം തേക്കാൻ തുടങ്ങുമ്പോൾ അവൾ വാലിട്ടു അടി തുടങ്ങും. .. രാധികയുടെ ചന്തിയിലും പുറത്തുമെല്ലാം ചാട്ടവാറടി പോലെ ആ വാല് വന്നു പതിയും.. വേദന സഹിക്കാം.. പക്ഷെ തലേ ദിവസത്തെ ചാണകവും മൂത്രവും എല്ലാം കൂട്ടികുഴച്ച ആ അടിയിൽ അതിന്റെ മണം മുഴുവൻ പോകാൻ അറബിക്കടലിൽ ചാടിയാലും ചിലപ്പോൾ മതിയാവില്ല.. അപ്പൊ പിന്നെ പിശുക്കി മേടിക്കുന്ന മണമില്ലാത്ത കുളി സോപ്പും ഉപയോഗിച്ചു അവൾ എത്ര കുളിച്ചാലും എന്നാ കാര്യം.. അന്നും തുടങ്ങി അമ്മിണിയുടെ വക വാലടി..

"നീയും ഇങ്ങനൊക്കെ ചെയ്തോ അമ്മിണി.. നിന്റെ ഈ വാലടി കാരണം കോളേജിലൊന്നും ആരും എന്റടുത്തു പോലും വരാറില്ല.. " അമ്മിണിയുടെ പുറം തേച്ചുകൊണ്ടു അവൾ പറഞ്ഞു..

"ഫസ്റ്റ് ഇയർ ബികോം സ്റ്റുഡന്റ് അയി കോളേജിൽ എത്തിയ ആദ്യ ദിവസം തന്നെ ഞാൻ എത്ര കാരഞ്ഞൂന്നറിയോ അമ്മിണി നിനക്ക്.. നന്നായി പഠിക്കണം എന്നൊക്കെ വിചാരിച്ചു ആദ്യ വരിയിൽ തന്നെ ഇരിപ്പുറപ്പിച്ചപ്പോ തൊട്ടടുത്തിരുന്ന സുന്ദരിക്കോത മാളവിക പറയാ... ഓഹ്.. എന്നാടി ഇത്.. നീയെന്നാ ചാണാത്തിലാണോ രാവിലെ കുളിക്കണെന്നു... വേറെ എവിടെയെങ്കിലും മാറി ഇരിക്കാൻ.. നാറീട്ടു പാടില്ലാന്നു.. അതുകേട്ട് എല്ലാവരും എന്നെ നോക്കുമ്പോഴും പുച്ഛത്തോടെ ചിരിക്കുമ്പോഴും എന്റെ ഉള്ളുരുകുവായിരുന്നു അമ്മിണി " അമ്മിണിയോടാണെങ്കിലും അവൾ അത് പറയുമ്പോൾ രാധികയുടെ കണ്ണുകൾ നിറയും.. അവളുടെ ശബ്ദം ഇടറുന്നുണ്ടായിരുന്നു..

"അന്ന് മുതൽ ഏറ്റവും പിന്നിലാ എന്റെ സ്ഥാനം.. ഞാനൊറ്റക്കു.. എന്റെ മരിയ ക്ലാസ്സിൽ എത്തുന്നതുവരെ.. ലേറ്റ് അഡ്മിഷനിൽ വന്ന അവൾ എന്റടുത്തിരുന്നു തുടങ്ങി.. എന്നോട് മിണ്ടാൻ തുടങ്ങി.. അവളും എന്നെപോലെയാ അമ്മിണി.. പാവപ്പെട്ട വീട്ടിലെയാ.. അവൾക്കു കഷ്ടപ്പാടെന്താണ് നന്നായി അറിയാം.. അതുകൊണ്ടു കോളേജിൽ അവൾക്കു ഞാനും എനിക്ക് അവളും.. പഠിച്ചു എന്നേലും ജോലി ആയാൽ അച്ഛനെ ചികിത്സിക്കണം അമ്മിണി.. അതുവരെ എല്ലാം സഹിക്കണം.. " അവൾ അവളുടെ വിഷമങ്ങൾ ആ മിണ്ടാ പ്രാണികളോട് പറഞ്ഞു അവയെ കുളിപ്പിച്ചു.. അതിനു ശേഷം വെട്ടിക്കൊണ്ടുവന്ന പുല്ലിൽ കുറച്ചു രണ്ടുപേർക്കുമായി ഇട്ടു കൊടുത്തു.. നടക്കുമ്പോൾ കയ്യെത്തിച്ചു ഒന്ന് മണത്തുനോക്കി.. മുഖം അറിയാണ്ട് ചുളിഞ്ഞു പോയി..

"നിക്ക് വയ്യ... ഈ മണൊക്കെ എങ്ങനാ കളയാ എന്റെ കണ്ണാ.. " അവൾ തലയുയർത്തി മുകളിലേക്ക് നോക്കി പറഞ്ഞു..

അവൾ ഹാളിൽ പോയി ക്ലോക്കിലേക്കു നോക്കി.. സമയം എട്ടു മണി ആയിരുന്നു..

"ന്റെ കണ്ണാ.. എട്ടു മണിയോ.. ഒമ്പതരയുടെ ശ്രീലക്ഷ്മി ബസ് പോയാ കോളേജിൽ എത്താൻ ലേറ്റ് ആവും.. പിന്നെ ലേറ്റ് ഫോം മേടിക്കണം.. അതിനു കൊടുക്കണം അഞ്ചു രൂപ.. പതിനഞ്ചു മിനുട്ടിൽ കൂടുതൽ ലേറ്റ് ആയാ പിന്നെ അതും പറ്റില്ല.. ഇതുപോലൊരു കോളേജ് ഇവിടെ മാത്രേ ഉണ്ടാകൂ.. " അവൾ പിറുപിറുത്തുകൊണ്ടു തോർത്തും എടുത്തു കുളിമുറിയിൽ കയറി..

ഡ്രസ്സ് എല്ലാം അഴിച്ചു ദേഹത്തേക്ക് തണുത്ത ആ കിണട്ടുവെള്ളം ഒഴിച്ചപ്പോൾ ദേഹം മൊത്തം കുളിരുകൊണ്ടു വിറച്ചു.. പണിയെടുത്തു വിയർത്ത ദേഹത്തു തനുത്ത വെള്ളം വീണപ്പോൾ ആ തണുപ്പ് ഇരട്ടിയായി തോന്നി അവൾക്കു.. അവൾ സ്വയം ദേഹത്തെക്കൊന്നു നോക്കി.. എന്താ.. താൻ സുന്ദരിയല്ലേ.. ഒരു ദിവസം മരിയയും പറഞ്ഞു... ഒന്നൊരുങ്ങി ഇറങ്ങിയാൽ കോളേജ് ബ്യൂട്ടി മാളവിക ഫ്രാൻസീസ് വരെ എന്റെ മുന്നിൽ മുട്ടുകുത്തി നിക്കും എന്ന്.. ആ... അറില്ല.. എന്തായാലും കഞ്ഞിക്കു വകയില്ലാത്ത എനിക്കൊന്നും അങ്ങനത്തെ ആഗ്രഹങ്ങളൊന്നും പാടില്യ..

അവൾ ദേഹമായസകാലം കൈകളാൽ ഒന്നുഴിഞ്ഞു.. സംഗമ സ്ഥാനത്തു കൈ തട്ടിയപ്പോഴാണ് അവൾ ശ്രദ്ധിക്കുന്നത്.. രോമം വല്ലാണ്ട് വളർന്നിരിക്കുന്നു.. അവൾ കൈകളാൽ അവിടെ ഒന്ന് പരതി.. ഒരു ചെറിയ കുളിരു.. രോമം കൈകളാൽ നീട്ടി വച്ച് നോക്കി.. എന്തോരം വളർന്നു എന്ന് നോക്കാണ പോലെ.

"ഇങ്ങനെ ആവശ്യല്യാണ്ട് വളർന്ന ഞാനെന്താ ചെയ്ക... ഇനിയും വളർന്ന പുല്ലു വേട്ടണ അരുവ കൊണ്ട് മുറിച്ചുകളയും ഞാൻ.. " അവൾ സ്വയം പറഞ്ഞു..

കൈ നീട്ടി സോപ്പുപെട്ടിയിൽ നിന്നും സോപ്പ് എടുത്തു.. ഉപയോഗിച്ചു ബ്ലേഡ് പൊലിരിക്കുന്ന ആ സോപ്പ് അവൾ ഒന്ന് മണത്തു..

"ഹോ... ഒരു മാണോല്യ... ഈ പെണ്ണുങ്ങൾക്ക് ഇച്ചിരി വാസന ഉള്ള സോപ്പ് ഉണ്ടാക്കിക്കൂടെ.. " അവൾ അതും പറഞ്ഞു ആ സോപ്പ് ദേഹത്തേക്ക് തേച്ചു പിടിപ്പിച്ചു..

പെണ്ണുങ്ങൾ എന്നത് അയൽക്കൂട്ടം സ്ത്രീകളാണ്.. അവിടെ ചുറ്റുവട്ടത്തുള്ള സ്ത്രീകൾ ചേർന്ന് ഒരു ചെറുകിട വ്യവസായം പോലെ സോപ്പ് ഉണ്ടാക്കുന്നതാണ്... മണമില്ലേലും നല്ല

വിലകുറവാണ്.. അതുകൊണ്ടു തനിക്കായി അതാണ് അമ്മ വാങ്ങിക്കാര്.. അമ്മ നല്ല വാസന ഉള്ള സോപ്പ് മേടിക്കും...

രാധിക ഒരുവിധം കുളിച്ചിറങ്ങി.. റൂമിൽ പോയി ഡ്രെസ്സും മാറി സമയം നോക്കി.. എട്ടേ മുക്കാൽ.. അവൾ വേഗം അടുക്കളയിൽ പോയി ഒരു പാത്രത്തിൽ കുറച്ചു കഞ്ഞിയും അവൾ ഉണ്ടാക്കിയ തേങ്ങാ ചമ്മന്തിയും എടുത്തു അച്ഛന്റെ മുറിയിലേക്ക് പോയി.. കട്ടിലിൽ തളർന്നു കിടക്കുകയാണ് പ്രഭാകരൻ.. മകൾ വന്നതുകണ്ടു അയാൾ അവളെ നോക്കി.. സംസാരിക്കാൻ കഴിയില്ലാത്തകൊണ്ടു കണ്ണുകൾക്കൊണ്ടാണ് അയാൾ മകളോട് സംവധിക്കാറു.. അയാളുടെ ഓരോ നോട്ടവും അവൾക്കറിയാം.. റൂമിൽ ആകെ മനം മടുപ്പിക്കുന്ന മണമായിരുന്നു... മരുന്നിന്റെയും പിന്നെ അയാളുടെ മൂത്രത്തിന്റെയും വിസർജ്യത്തിന്റെയും.. വിസർജ്യത്തിനായി കട്ടിലിൽ പ്രത്യേക സംവിധാനമുണ്ടായിരുന്നു.. വൈകുന്നേരങ്ങളിൽ അവൾ അത് ക്ലീൻ ചെയ്യും..

അവൾ ചെന്നതെ അച്ഛനെ പിടിച്ചു എഴുന്നേല്പിച്ചിരുത്തി തുണിയാൽ ശരീരം ഒന്ന് തുടച്ചു.. എന്നിട്ടു പാത്രം കയ്യിലെടുത്തു സ്പൂണിൽ കഞ്ഞി അയാളുടെ വായിൽ വച്ചുകൊടുത്തു.. അവളുടെ പ്രയാസങ്ങൾ അറിയുന്നതുകൊണ്ടാവാം.. അയാളുടെ കണ്ണുകൾ നിറയുന്നത് അവൾ കണ്ടു..

"സാരില്യാ അച്ഛാ.. നിക്ക് ബുദ്ധിമുട്ടൊന്നൂല്യ.. എല്ലാം ശരിയാവും.. ഞാൻ പഠിച്ചു ഒരു ജോലി ആകുമ്പോ അച്ഛനെ ഞാൻ ഇതിലൂടെ ഓടി നടത്തിക്കും.. അച്ഛന്റെ രാധൂട്ടിയാ ഈ പറയണേ.. " അവൾ അച്ഛനെ പലതും പറഞ്ഞു ആശ്വസിപ്പിക്കാൻ ശ്രമിച്ചു..

"ഓ... ഊട്ട് തുടങ്ങിയോ മോള്.. ഇന്റീശ്വരാ.. എന്നാണോ ഈ കെളവന്റെ മുന്നിൽ എന്റെ കഴുത്തു നീട്ടാൻ തോന്നിയത്.. എന്റെ ഗതികേട്... " അപ്പുറത്തെ റൂമില്നിന്നും ഇതുവരെ എഴുന്നേൽക്കാതെ ശാരദയുടെ കുത്തു വാക്കുകൾ വന്നുകൊണ്ടിരുന്നു.. പിന്നെ രാധിക ഒന്നും പറഞ്ഞില്ല.. അച്ഛന് കഞ്ഞി കൊടുത്തുകൊണ്ടിരുന്നു..

എല്ലാ പണിയും കഴിഞ്ഞു ചോറ്റുപാത്രത്തിലേക്കു ചോറും എടുത്തു തന്റെ പഴയ ബാഗും എടുത്തു അവൾ ഇറങ്ങാൻ തുടങ്ങി.. ചൊവാഴ്ചയും വെള്ളിയാഴ്ചയുമാണ് യൂണിഫോം വേണ്ടത്.. വെള്ള ഷർട്ടും നീല കൊട്ടും നീല പാന്റ്സും പിന്നെ നീല നിറത്തിൽ വെള്ള വരയുള്ള ടൈ യും.. ഇതൊക്കെ ഇട്ടു അവളെ കണ്ടാൽ ഏതോ വലിയ വീട്ടിലെ

കുട്ടിയാണെന്നെ പറയു.. അന്ന് ചൊവ്വാഴ്ച ആയിരുന്നതിനാൽ അവൾ യൂണിഫോമും ഇട്ടു ഒരു നിമിഷം കണ്ണന്റെ രൂപത്തിന് മുന്നിൽ കൈ കൂപ്പി നിന്നു..

"കണ്ണാ... ഞാൻ പോവാ... അച്ഛനെ കാത്തോണം.. " അവൾ അതും പറഞ്ഞു അവളുടെ കണ്ണന് ഒരു നിര പുഞ്ചിരിയും സമ്മാനിച്ചു ഇറങ്ങി..

"അമ്മെ.. ഞാൻ ഇറങ്ങുവാ... " അതും പറഞ്ഞു അവൾ പെട്ടെന്ന് നടന്നു.. ഇനിയവിടെ നിന്നാൽ യാത്ര പറഞ്ഞതിന്റ ബാക്കി അവിടെനിന്നും കേക്കും എന്നവൾക്കറിയാം..

രാധിക വേഗം നടന്നു.. വീട്ടിൽനിന്നിറങ്ങിയപ്പോ സമയം നോക്കിയത് അവൾ ഓർത്തു.. ഒമ്പതെ കാൽ ആയിരുന്നു.. പതിനഞ്ചു മിനിറ്റു കൂടി.. അവളുടെ തറവാട് കുറച്ചുള്ളിലായിരുന്നതിനാൽ ബസ് സ്റ്റോപ്പിലേക്കു കുറച്ചു നടക്കാനുണ്ടായിരുന്നു.. അങ്ങോട്ട് രണ്ടു വഴിയുണ്ട്.. കാവിലൂടെ ഉള്ള വഴിയാണ് എളുപ്പം.. പക്ഷെ ആരും അതുവഴി പോകാറില്ല.. ഒരാളൊഴികെ.. രാധിക.. അത് അവൾ വലിയ ധൈര്യശാലി ആയതുകൊണ്ടൊന്നുമല്ല.. അതിന്റെ പിന്നിലും ഒരു കഥ ഉണ്ട്..

രാധിക പതിയെ കാവിലേക്കുള്ള വഴിയിലൂടെ മുന്നോട്ടു നടന്നു.. ഒരു നിമിഷം അവളുടെ ചിന്തകൾ പുറകിലേക്ക് സഞ്ചരിച്ചു...

രാധിക പത്തിൽ പഠിക്കുന്ന സമയം.... അച്ഛൻ അപ്പോഴും തളർന്ന അവസ്ഥ തന്നെയായിരുന്നു.. അതുകൊണ്ടു അമ്മയുടെ ശകാരവും കേട്ട് വീട്ടിലെ പണിയെല്ലാം തീർത്തു ഇറങ്ങുമ്പോൾ സമയം അവളെ തെല്ലും മൈൻഡ് ചെയ്യാതെ പോകും.. പത്തിലായിരുന്നതിനാൽ നേരത്തെ ക്ലാസ് തുടങ്ങും.. ഒരിക്കൽപോലും സമയത്തെത്താൻ പറ്റിയിട്ടില്ല..

അന്ന് ഒരു വെള്ളിയാഴ്ച ആയിരുന്നു.. തലേ ദിവസം ക്ലാസ് സാർ രാഘവൻ മാഷ് പറഞ്ഞത് അവൾ ഓർത്തു..

" രാധികേ.... മോള് നന്നായി പഠിക്കുന്ന കുട്ടിയായത് കൊണ്ടാണ് ഇതുവരെ കണ്ണടച്ചത്.. ഇനിയും അത് പറ്റില്ല.. നാളെയെങ്കിലും നേരത്തെ വന്നില്ലേൽ ഞാൻ ക്ലാസ്സിൽ കയറ്റില്ല.. "

മാഷ്കറിയില്ലല്ലോ വീട്ടിലെ അവസ്ഥ.. ഒന്നും പറഞ്ഞിട്ടുമില്ല.. എന്തായാലും പരമാവധി നേരത്തെ അവൾ ഇറങ്ങി.. എന്നാലും പണിയെല്ലാം തീർന്നപ്പോഴേക്കും കുറച്ചു ലേറ്റ് ആയിരുന്നു.. അന്ന് നടന്നാണ് അവൾ പോയിരുന്നത്.. രാധിക വളരെ വേഗത്തിലാണ് നടന്നത്.. ചെറിയ ഓറഞ്ച് വലിപ്പത്തിലുള്ള മുലകളും അവളുടെ ചന്തിക്കുടങ്ങളും ഇളകിയാടി..

മുന്നിൽ വഴി രണ്ടായി തിരിഞ്ഞ സ്ഥലത്തു അവൾ നിന്നു.. പുല്ലു വളർന്നു ഇരുണ്ടു കിടക്കുന്ന കാവിൽക്കൂടിയുള്ള വഴിയിലേക്ക് അവൾ നോക്കി.. എളുപ്പവഴിയാണ്.. പണ്ട് അച്ഛന്റെ കൂടെ പോയ ഓർമ്മയുണ്ട്.. എപ്പഴോ കാവിനടുത്തു ഒരു മരത്തിൽ ആരോ ആത്മഹത്യ ചെയ്തു... അതിനുശേഷം ആ ഭാഗത്തുകൂടിപോയ ചിലർ എന്തൊക്കെയോ കണ്ടെന്നും പറഞ്ഞു നാടാകെ പരത്തി.. എന്തായാലും പിന്നാരും ആ വഴി പോയിട്ടില്ല.. എല്ലാർക്കും പേടിയാണ്.. ഈ കഥകളൊക്കെ അവൾക്കും അറിയാം.. എന്നാലും ഈ വഴിയേ പോയാൽ സമയത്തു സ്കൂളിൽ ചെല്ലാം എന്നവൾ ഓർത്തു.. മനസ്സിൽ എവിടെയോ ഉടലെടുത്ത ഭയം അവളുടെ കാലുകളെ കാവിലേക്കുള്ള വഴിയിൽ നിന്ന് തടഞ്ഞുകൊണ്ടിരുന്നു.. അവൾ ഒരു നിമിഷം കണ്ണടച്ചു. മനസ്സിൽ തെളിഞ്ഞത് രാഘവൻ സാറിന്റെ മുഖവും അദ്ദേഹം അവസാനം പറഞ്ഞ വാക്കുകളും.. മനസ്സിൽ ഉടലെടുത്ത ഭീതിയുടെ മുളകളെ ഞെരിച്ചുടച്ചു അവൾ കാവിലേക്കുള്ള വഴിയിൽ കാൽ വച്ചു..

മുന്നോട്ടു പോകുംതോറും ആ കുഞ്ഞി മനസിന്റെ ഭീതി ഉയർന്നുവന്നു.. കാവിനടുത്തു എത്താറായിരിക്കുന്നു.. വല്ലാത്തൊരു ഏകാന്തത.. ശ്മശാന മൂകമായ പ്രദേശം.. ആ ചുറ്റുവട്ടത്തെങ്ങും ഒറ്റ വീടുപോലുമില്ല.. ഒന്നുറക്കെ കരഞ്ഞാൽപോലും ആരും കേൾക്കില്ല.. മരങ്ങൾ തിങ്ങിനിറഞ്ഞു വനത്തിന്റെ പ്രതീതി അറിയിക്കുന്നു.. കുഞ്ഞു രാധികയുടെ ശ്വാസൊച്ഛ്വാസം അവിടെ പ്രതിഫലിച്ചു നിന്നു..

അവൾ ചുവടുകൾ പതിയെ പേടിയോടെ മുന്നോട്ട് വച്ചു.. പെട്ടെന്നാണ് അത് സംഭവിച്ചത്.. ഭയാനകമായ ഓരലർച്ചയോടെ ഒരാൾ അവളുടെ മുന്നിൽ ചാടി വീണു.. അവൾ ഇടിവെട്ടേറ്റ പോലെ നിന്നുപോയി.. അയാളുടെ രൂപം അവളെ ശരിക്കും ഭയത്തിന്റെ കൊടുമുടിയിൽ കയറ്റി.. ഭയാനകമായിരുന്നു അയാൾ കാഴ്ചയിൽ.. നീണ്ടുവളർന്നു ജട പിടിച്ച മുടി.. കീറി മുഷിഞ്ഞ ഒരു ഷർട്ടും പാന്റ്സും.. വെട്ടാതെ നരച്ച മീശയും താടിയും..

മെലിഞ്ഞു എല്ലുന്തിയ ശരീരം.. മെലിഞ്ഞ മുഖത്ത് വലിയ പല്ലുകൾ അയാളോടുള്ള ഭയം കൂട്ടും.. നീണ്ട നഖങ്ങൾ.. കയ്യിൽ ഒരു കൂർത്ത കല്ല് ബലത്തിൽ പിടിച്ചിരിക്കുന്നു.. ആ കൈകൾ വിറക്കുന്നുണ്ട്.. വെള്ളം കണ്ടിട്ട് തന്നെ കാലം കുറെ ആയിക്കാണും.. അസഹനീയമായ ദുർഗ്ഗന്ധം ഉണ്ട്.. ഇതെല്ലം മുന്നില്കണ്ട കുഞ്ഞു രാധിക നിലവിളിക്കാൻ പോലും മറന്നു.. ശബ്ദം വരുന്നില്ല.. കാലുകളുടെ ചലനശേഷി നഷ്ടപ്പെട്ടപ്പോലെ.. ഓടാൻ മനസ് മുറവിളി കൂട്ടുന്നുണ്ടെങ്കിലും ശരീരം അനുസരിക്കുന്നില്ല.. പക്ഷെ അവളുടെ കണ്ണുകൾ പേടിയാൽ നിറഞ്ഞിരുന്നു... അവൾ ബാഗിൽ ഇറുക്കി പിടിച്ചു.. കൗമാരക്കാരിയായ ആ പെണ്ണിന്റെ കിളുന്തു മേനിയിലേക്കാണോ ആ ചവന്ന കണ്ണുകൾ ചൂഴ്ന്നു നോക്കുന്നത് എന്ന് വ്യക്തമല്ല..

" അതിങ് താ.." അയാളുടെ ഇടിമുഴക്കം പോലുള്ള ശബ്ദം പുറത്തു വന്നു.. ആ കല്ല് അവളുടെ നേരെ ഉയർത്തി പിടിച്ചിട്ടുണ്ട്..

അവൾ ആകെ തരിച്ചിരിക്കുകയാണ്.. എന്താണ് അയാൾ ഉദ്ദേശിച്ചത് എന്ന് അവൾക്കു വ്യക്തമായില്ല.. അവൾ ഒന്നും മനസിലാകാത്തപോലെ നിന്നു... അയാൾ കൈ നീട്ടി അവളുടെ ബാഗ് പിടിച്ചു വാങ്ങി.. അയാൾ കല്ല് വലിച്ചെറിഞ്ഞു ആ ബാഗുമായി അവിടുള്ള ഒരു വലിയ മരത്തിന്റെ വേരിൽ ഇരുന്നു.. അയാൾ ബാഗ് തുറന്നു അകത്തേക്ക് കയ്യിട്ടു.. എന്തോ തിരയുകയാണ്.. പെട്ടെന്ന് അയാളുടെ മുഖം വിടർന്നു.. തിരഞ്ഞിരുന്നത് കിട്ടിയപോലെ അയാൾ കൈകൾ പുറത്തെടുത്തു.. കയ്യിൽ അവളുടെ ചോറ്റുപാത്രം.. രാവിലെ ഉണ്ടാക്കിയ ഉപ്പുമാവാണ് അകത്തു.. അയാൾ ആർത്തിയോടെ പാത്രം തുറന്നു.. ആ കണ്ണുകൾ തിളങ്ങുന്നത് അവൾ കണ്ടു.. മുഖത്ത് ഒരു ചെറു പുഞ്ചിരി വിടർന്നപോലെ...

അയാൾ ഉപ്പുമാവ് വായിലേക്ക് തള്ളിക്കയറ്റി.. കുറെ നാളായി ഭക്ഷണം കാണാത്തപോലെയാണ് അയാൾ കഴിക്കുന്നത്.. ഒരു നിമിഷം രാധികക്കു ഒന്നും മനസ്സിലായില്ല.. അയാളുടെ കഴിക്കൽ കണ്ടു അവളുടെ ഉള്ളിലെ പേടി പതിയെ വിട്ടുമാറി.. അവൾ കൗതുകത്തോടെ അയാളെ നോക്കി.. അയാൾ ഒന്നും ശ്രദ്ധിക്കാതെ ആർത്തിയോടെ കഴിക്കുകയാണ്.. അയാളുടെ ശരീരം കണ്ടാൽ അറിയാം.. ഭക്ഷണമാണ് അയാളുടെ പ്രശ്നം.. അവളുടെ കണ്ണുകൾ വീണ്ടും നിറഞ്ഞു.. പക്ഷെ അവിടെ പേടിയുടെ ജലകണികകളല്ല ഉടലെടുത്തത്.. മറിച്ചു കരുണയുടെയും സ്നേഹത്തിന്റെയും മണിമുത്തുകളാണ്.. അയാൾ കഴിച്ചു കഴിഞ്ഞപ്പോഴേക്കും അവളില്നിന്നും ഭയം പൂർണ്ണമായും വിട്ടുമാറിയിരുന്നു..

അയാൾ കഴിച്ചുകഴിഞ്ഞു എന്ന് കണ്ടപ്പോൾ അവൾ പതിയെ അയാളുടെ അടുത്തേക്ക് വന്നു..

"പാത്രം തിരിച്ചുകൊണ്ടുപോയില്ലേൽ അമ്മ വഴക്കുപറയും.." അവളുടെ അധരങ്ങളിൽ നിന്നും വന്ന വാക്കുകൾ കേട്ട് അയാൾ അവളെ നോക്കി.. ഇപ്പോൾ അയാൾക്ക് ആ രൗദ്ര ഭാവം ഇല്ലായിരുന്നു.. ശാന്താമയ മുഖഭാവം.. അയാൾ പാത്രം ബാഗിലാക്കി അവൾക്കു നേരെ നീട്ടി.. അവൾ ഓരു പുഞ്ചിരിയോടെ അത് വാങ്ങി മുന്നോട്ടു നടന്നു.. കുറച്ചു മുന്നോട്ടു നടന്നു അവൾ തിരിഞ്ഞു..

"ഇനി ഞാൻ എന്നും ഈ വഴിയേയാ വരണെ..." അതും പറഞ്ഞു അവൾ നടന്നു.. കുറെ ചെന്ന് വീണ്ടും ഒന്ന് തിരിഞ്ഞു നോക്കി.. അയാൾ ആ മരച്ചുവട്ടിൽ തന്നെ ഇരിക്കുന്നു.. കണ്ണുകൾ അവളിലാണ്.. അത് ചെറുതായി നനഞ്ഞിട്ടുണ്ട് എന്ന് അവൾക്കു തോന്നി..

ഓർമ്മകളിൽ നിന്നും തിരിച്ചെത്തിയപ്പോഴേക്കും രാധിക കാവിനടുത്തെത്തിയിരുന്നു.. അവൾ ആ വലിയ മറച്ചുവട്ടിലേക്കു നോക്കി.. ആ മനുഷ്യൻ അവിടുണ്ട്.. കയ്യിൽ ഒരിലയുമായി.. ഇപ്പൊ ഒരുപാട് മാറ്റം വന്നിട്ടുണ്ട്.. മുടിയെല്ലാം നരച്ചു നീണ്ടു.. താടിയെല്ലാം നരച്ചു വല്ലാണ്ട് വളർന്നിരിക്കുന്നു.. അവൾ ബാഗ് തുറന്നു ചോറ്റുപാത്രം കയ്യിലെടുത്തു. അത് തുറന്നു അതിൽ നിന്നും മുക്കാൽ ഭാഗത്തോളം ചോറും കറിയും അവൾ ആ ഇലയിലേക്കു പകർന്നു.. അയാൾ ഒന്നും മിണ്ടാതെ കഴിക്കാൻ തുടങ്ങി... അവൾ ഒന്ന് ചിരിച്ചു പാത്രം ബാഗിലാക്കി വേഗം നടന്നു..

ബസ് സ്റ്റോപ്പിലെത്തിയപ്പോഴേക്കും ശ്രീലക്ഷ്മി ബസ് അവിടെ ഉണ്ട്.. കൃത്യ സമയത്താ വന്നേ.. കുറച്ചു കഴിഞ്ഞിരുന്നേൽ കിട്ടില്ലായിരുന്നു.. അവൾ അതും ചിന്തിച്ചു ബസിൽ കയറി.. അവൾ വളരെ മുന്നിലാണ് നിക്കാറു....

എന്തായാലും സമയത്തു തന്നെ കോളേജിൽ എത്തി.. വേഗം തന്നെ ക്ലാസ്സിൽ കയറി.. മരിയ പുറകിൽ ഇരിപൊണ്ടു.. ക്ലാസ്സിലെ മറ്റു പെണ്കുട്ടികളൊന്നും രാധികയെ നോക്കിയുപോലുമില്ല.. അതിൽ അവളിപ്പോൾ വിഷമിക്കാറില്ല.. എല്ലാം ശീലമായി.. രണ്ടാം വര്ഷമായില്ലേ..

അവൾ മരിയയുടെ അടുത്തായി ബാഗ് വച്ചിരുന്നു.. വളരെ മെലിഞ്ഞ ശരീരപ്രകൃതി ആയിരുന്നു മരിയയുടെ.. വെളുത്ത നിറം.. ചെറിയ മാറിടങ്ങൾ.. ശരീരത്തിന് വലിയ ഷേപ്പ് ഒന്നുമില്ല.. എന്നാലും കാഴ്ചയിൽ കൊള്ളാം.. അവൾ രാധികയെ പോലെ അത്ര പാവമായിരുന്നില്ല. .. അത്യാവശ്യം തന്റേടമുള്ള പെണ്ണ്.. എന്നാലും ആരുമായും അങ്ങോട്ടു കേറി പ്രശ്നമുണ്ടാക്കില്ല..

"ആ നീ വന്നോ.. നീ പിന്നേം മെലിഞ്ഞു വരുവണല്ലോ പെണ്ണേ... നന്നായി കഴിക്കു വല്ലോം.." രാധികയെ കണ്ടപ്പോൾ മരിയ ചിരിച്ചുകൊണ്ട് പറഞ്ഞു.. രാധിക മറുപടിയായി ഒന്ന് ചിരിക്കുക മാത്രം ചെയ്തു..

ഡീ.. നീ വാ.. നമ്മുക്ക് പുറത്തു വരാന്തയിൽ നിക്കാം.. " മരിയ രാധികയെ കൈകൊണ്ടു തള്ളിക്കൊണ്ട് പറഞ്ഞു..

"അത് വേണോ.." രാധിക സംശയ ഭാവത്തിൽ...

"ഇനി കുറെ നേരം ഇവിടെ അടച്ചു കുത്തി ഇരിക്കാൻ പോവല്ലേ.. കുറച്ചു നേരം പുറത്തു നിക്കാം.. "

താത്പര്യമില്ലേലും രാധിക എഴുന്നേറ്റു.. മരിയ പറഞ്ഞാ അങ്ങനെയാണ്.. അവളെ ഉള്ളു രാധികക്കു ഒരു കൂട്ട് കോളേജിൽ.. അതുകൊണ്ടു അവളുടെ ആഗ്രഹങ്ങൾ അവൾ തട്ടാറില്ല...

അവർ പുറത്തെ വരാന്തയിൽ തൂണിനോട് ചാരി നിന്നു... മുന്നിൽ മുഴുവൻ തണൽ മരങ്ങളാണ്... കാറ്റിൽ പഴുത്ത ഇലകൾ കൊഴിഞ്ഞു വീണുകൊണ്ടിരുന്നു.. മരങ്ങൾക്ക് ചുറ്റും വിദ്യാർത്ഥികളാണ്.. കുറെ പേർ തണൽ മരങ്ങളുടെ ചോട്ടിലും വരാന്തയിലും ഒക്കെയായി ഇരിക്കുന്നു.. പ്രണയ ജോഡികൾ കൈകൾ കോർത്ത് പലതും പറഞ്ഞു ചിരിക്കുന്നു.. പെട്ടെന്നാണ് ആ സൗണ്ട് കേട്ടത്.. ബുള്ളെറ്റിന്റെ കട കട ശബ്ദം.. അത് അടുത്ത് വന്നുകൊണ്ടിരിക്കുന്നു.. ഇപ്പോൾ എല്ലാ വിദ്യാർത്ഥികളുടെയും കണ്ണ് വഴിയിലേക്കാണ്... പ്രണയിനികൾ കാമുകന്മാരുടെ കൈകൾ വിടുവിച്ചു ഇമചിമ്മാതെ വഴിയൊരത്തെക്കു

നോക്കി നിക്കുന്നു.. പെൺകുട്ടികളുടെ കണ്ണുകൾ പ്രണയ ഭാവതാൽ തിളങ്ങുമ്പോൾ ഭൂരിഭാഗം ആണുങ്ങളും അസൂയയോടെയും ദേഷ്യത്തോടെയും നോക്കി..

ആ ബുള്ളറ്റ് കോളേജിന്റെ കവാടം കഴിഞ്ഞു മുന്നോട്ടു വന്നു.. അതിൽനിന്നും എല്ലാവരും ടോമിച്ചൻ എന്ന് സ്നേഹത്തോടെ വിളിക്കുന്ന ടോം തോമസ് ഇറങ്ങി.. കൂടെ അവന്റെ ചങ്ക് റിയാസും.. കോളേജിലെ വരാന്തയിലും മരച്ചുവടുകളിലും പെൺകുട്ടികൾ നിറഞ്ഞിരിക്കുന്ന സമായമാണത്.. ടോമിച്ചനെ കാണുന്നത് തന്നെ ഒരാനന്തമാണ് കോളേജ് പെൺകുട്ടികൾക്ക്.. അവന്റെ ഒരു പുഞ്ചിരി കിട്ടിയാൽ അന്നത്തെ ദിവസം ധന്യമായി എന്ന് ചിന്തിക്കുന്നവർ..

കോളേജിലെ സീനിയേഴ്സിനും കാമുകന്മാർക്കുമെല്ലാം തീരാ തലവേദന കൂടിയാണ് ടോമിച്ചൻ... ഒരുവിധം കാണാൻ കൊള്ളാവുന്ന പെണ്ണുങ്ങളെല്ലാം അവനുപുറകെയാണ്.. അതിൽ സീനിയേഴ്സ്.. ജൂനിയേഴ്സ് എന്നൊന്നുമില്ല... എന്നാലും അവനോടു ഉടക്കാനും പേടി ആണ് എല്ലാവര്ക്കും... ആ നാട്ടിലെ പണച്ചാക്കു ബ്ലേഡ് തോമാച്ചന്റെ ഒരേ ഒരു പുത്രനായിപോയില്ലേ... തോമാച്ചന്റെ കീഴിൽ കുറെ ഗുണ്ടകളും ഉണ്ട്... എല്ലാ പാർട്ടിക്കാരും പുള്ളിക്ക് വിദേയപ്പെട്ടവരാണ്... അപ്പൊ പിന്നെ ടോമിച്ചനെ തൊട്ടാൽ വിവരം അറിയും എന്ന് എല്ലാവര്ക്കും അറിയാം.. പിന്നെ പുറത്തു ശാന്ത സ്വഭാവമാണെലും ഇടഞ്ഞാ ടോമിച്ചൻ വേറെ ആളാണ്..

കാഴ്ചയിൽ അതി സുന്ദരനായിരുന്നു ടോമിച്ചൻ.. അല്ല ... ഒരു ഗന്ധർവ്വ കുമാരൻ എന്ന് പറയുന്നതാവും ശരി.. ഭംഗിയായി ഒതുങ്ങി ഇരിക്കുന്ന മുടി... നല്ല വെളുത്ത നിറം.. എപ്പോഴും കുറ്റിതാടിയും കുറ്റി മീശയും വെച്ചിരിക്കും.. കടഞ്ഞെടുത്ത ശരീരം.. ഒട്ടും ചാടാത്ത വയറും ഷേപ്പ് ഒത്ത മസ്കുലമായ ബോഡി.. അവന്റെ ചിരി വളരെ പ്രത്യേകത എറിയതാണ്.. ആ ചിരി കണ്ടാൽ തല്ലാൻ വരുന്നവൻ പോലും തിരിച്ചു പുഞ്ചിരിച്ചുപോകും... ടോമിച്ചന്റെ കണ്ണുകളാണ് അവന്റെ ഏറ്റവും വലിയ പ്രത്യേകത... വെളുത്ത കാൺപടലത്തിനു നടുവിൽ ഇന്ദ്രനീല കളറുള്ള കൃഷ്ണമണി... അകലേന്നു കണ്ടാൽ ശരിക്കും അത് രണ്ടു ഇന്ദ്രനീല കല്ലുകളായാണ് തോന്നുക.. ഹൃദയത്തിൽ തുളച്ചുകയറും അവന്റെ ഒരു നേട്ടം... അത്ര തീക്ഷണമാണ്...

റിയാസ് ചുറ്റുമൊന്നു കണ്ണോടിച്ചു...

"അളിയാ... ഇതാ പറയണേ... എറിയാനറിയാവുന്നവന്റെ കയ്യിൽ പടച്ചോൻ വടി കൊടുക്കില്ലാന്നു...അന്റെ സ്ഥാനത്തു ഞാനായിരുന്നേൽ ഇപ്പോൾ ഞാനിവിടെ ഒരു പൂർദേവനായിരുന്നേനെ... ഇവളുമാരുടെയെല്ലാം പൂറിന്റെ നാഥൻ.. " റിയാസ് ചിരിച്ചുകൊണ്ട് പറഞ്ഞു...

"അതിനു നീയല്ലല്ലോ ഞാൻ.. രാവിലെ തന്നെ വാണ വർത്താനം പറയാതെ നീ നടക്കു.. " ടോമിച്ചൻ റിയാസിനെയും തള്ളി മുന്നോട്ടു നടന്നു.. പെണ്കുട്ടികളെല്ലാം ടോമിച്ചനെയാണ് നോക്കിന്നത്..

"നിന്നെയൊന്നു മുട്ടിക്കിട്ടുവാൻ മാത്രം എന്നോട് കിന്നരിക്കാൻ വരുന്ന പെണ്പിള്ളേരുണ്ടു.. ഞാനിങ്ങനെ അവരെയൊക്കെ നിന്റെ പേരും പറഞ്ഞു ഒരു സൈഡ് അയി നിർത്തിയിരിക്കുവാ..."

റിയാസ് ടോമിച്ചന്റെ തോളിൽ പിടിച്ചു പറഞ്ഞു..

"നീ വാണത്തരമൊന്നും കാണിച്ചു എനിക്ക് പണി തരാതിരുന്നാൽ മതി.. "

അവരുടെ വരവുകണ്ട മരിയ രാധികയുടെ കയ്യിൽ നുള്ളി.. "ആ..." രാധിക വേദനിച്ചപോലെ കൈ വലിച്ചു.. .

"എന്താടീ അവന്റെ കണ്ണ് അങ്ങനെ... അതെന്നാ രത്നാകല്ലുകളാണോ... ഹോ.. കണ്ടാൽ കടിച്ചു തിന്നാൻ തോന്നും ചെക്കനെ.." മരിയ രാധികയെ നോക്കി പറഞ്ഞു..

"അതിനു നീയെന്തിനാ എന്നെ നുള്ളുന്നെ.. " അവൾ ഇഷ്ടപ്പെടാത്തമട്ടിൽ പറഞ്ഞു..

"എനിക്ക് പെട്ടെന്ന് സഹിക്കാൻ പട്ടിയില്ലടി.. ഹോ.. ഏതു പെണ്ണിന്റെ തലയിലാണോ ഇവനെയൊക്കെ വരച്ചു വെച്ചിരിക്കുന്നെ.. ഒന്നും വേണ്ട.. ചുമ്മാ കണ്ടുകൊണ്ടിരുന്ന പോരെ.. "

" നിനക്ക് വേറൊന്നും പറയാൻ ഇല്ലേ.. അവരൊക്കെ വല്യ വല്യ ആളുകളാ... ഒരുപാട് കാശും ഒരുപാട് കൂട്ടുകാരും" രാധിക പറഞ്ഞു നിർത്തി..

" ഒന്ന് പോടീ.. ടോമിച്ചൻ എന്തായാലും പാവാ... കാശുണ്ടെന്നു കരുതി അവൻ അതിന്റെ എന്തേലും അഹങ്കാരം കാണിക്കുന്നുണ്ടോ.. എല്ലാവരോടും ഒരേപോലെ ഇടപെടും.. എന്റപ്പച്ചനൊക്കെ അവിടല്ലേ പണി.. അപ്പച്ചനൊക്കെ ടോമിച്ചനെ കുറിച്ച് എന്നാ അഭിപ്രായാന്നറിയോ.. തോമാച്ചൻ അറു പിശുക്കനാണേലും ടോമിച്ചൻ തനി തങ്കം ആന്നാ അപ്പച്ചൻ പറയാറ്.. അവിടെ കടന്നു മരിച്ചു പണിയെടുത്താലും തോമാച്ചൻ കൊടുക്കുന്നതുകൊണ്ടു വീട്ടിൽ ഒന്നും ആവില്ല.. പിന്നെ ഇടയ്ക്കു ടോമിച്ചനും അവന്റെ അമ്മ മോളി ചേച്ചിയും ഒത്തിരി സഹായിക്കും... സത്യം പറഞ്ഞാ അവര് കാരണ ഞങ്ങൾ പട്ടിണി ഇല്ലാണ്ട് കഴിയണെ തന്നെ.. "

രാധിക തിരിച്ചൊന്നും പറഞ്ഞില്ല... കെട്ടിരുന്നതെ ഉള്ളു..

"അല്ല... രണ്ടു കൊല്ലായില്ലേ അവനും നമ്മളും ഒരുമിച്ചു ഒരേ ക്ലാസിൽ.. അവനോ നീയോ ഇതുവരെ ഒന്ന് മിണ്ടിയിട്ടെങ്കിലും ഉണ്ടോ..." മരിയ പെട്ടെന്ന് ചോതിച്ചു..

"അതിനു ക്ലാസ്സിൽ നീയല്ലാതെ ആരും തന്നെ എന്നോട് മിണ്ടാറില്ലല്ലോ.. ഞാൻ അങ്ങോട്ടും പോവാറില്ല.. " അവൾ തല കുമ്പിട്ടാണ് അത് പറഞ്ഞത്..

"ബെസ്റ്റ്.. വല്ലപ്പോഴും ഒന്ന് ചിരിച്ചെങ്കിലും കാണിക്കു.. എന്നാലല്ലേ അവൻ മൈന്റെങ്കിലും ചെയ്യൂ.."

" എന്നോട് ആരും മിണ്ടീലേലും വേണ്ടാ... നീ മിണ്ടാതിരിക്കാതിരുന്നാ മതി..." രാധിക വിഷമത്തോടെ പറഞ്ഞു..

"എനിക്ക് മിണ്ടാൻ നീയല്ലാതെ വേറെ ആരാ ഉള്ളത്... "അവൾ രാധികയുടെ കവിളിൽ നുള്ളി.. "പെണ്ണേ.. നിന്നെ ഇന്നും പശു വാലിട്ടടിച്ചോ..ചെറിയ ഒരു സ്മെൽ കിട്ടുന്നുണ്ട്.."

രാധികയുടെ മുഖം പെട്ടെന്ന് ഇരുണ്ടു.. ആ കണ്ണുകൾ ഈറനാവുന്നത് മരിയ കണ്ടു..

"അയ്യേ... അതിനു നീയെന്തിനാ വിഷമിക്കുന്നെ.. എനിക്ക് നിന്റെയീ മണം എന്നാ ഇഷ്ടാന്നറിയോ.. " മരിയ രാധികയുടെ മെത്തു മൂക്ക് മുട്ടിച്ചു ആസ്വതിച്ചുകൊണ്ടു പറഞ്ഞു..

"പോടീ.." രാധിക കപട ദേഷ്യത്തോടെ പറഞ്ഞു..

"വാ.. ക്ലാസ് തുടങ്ങാറായി.. "

അവർ അകത്തേക്ക് ചുവടുകൾ വച്ചു..

ക്ലാസ്സിൽ കയറി രാധികയും മരിയയും പുറകിലേക്ക് പോയി അവരുടെ സീറ്റിലിരുന്നു.. രാധിക പതിയെ ഒളികണ്ണിട്ടു ടോമിച്ചനെ നോക്കി.. അവൻ റിയാസിനോട് വർത്താനം പറയുന്ന തിരക്കിലാണ്.. അവൾ ബുക്ക് തുറന്നു അതിന്റെ താളുകളിൽ ഒളിപ്പിച്ചു വച്ചിരുന്ന മയിൽപീലി തുണ്ടിലേക്കു നോക്കി.. അതിന്റെ കണ്ണിൽ അവൾ കണ്ടു ടോമിച്ചന്റെ കണ്ണുകളെ.. അവളുടെ മുഖത്ത് അറിയാതെ ഒരു പുഞ്ചിരി വിടർന്നു.. അവൾ മരിയയെ നോക്കി.. ഇല്ല .. അവൾ ശ്രദ്ധിക്കുന്നില്ല.. അവൾ കുറച്ചുനേരം ആ മയിൽപീലി തുണ്ടിലേക്കു തന്നെ നോക്കിയിരുന്നു.. അതെ.. ഇതുവരെ ആരോടും പറയാത്ത രഹസ്യം.. മരിയക്കുപോലും അറിയാത്ത കാര്യം.. അവളുടെ ഉള്ളിൽ അവളുടെ ശ്രീകൃഷ്ണനെ പോലെ കൊണ്ടുനടക്കുന്ന മറ്റൊരു കണ്ണൻ.. അത് ടോമിച്ചനാണെന്ന കാര്യം.. അത് തനിക്കും തന്റെ കണ്ണനും മാത്രേ അറിയൂ... അറിയാതെ മനസ്സിൽ കയറി പോയതാണ്.. പാടില്ലാന്നറിഞ്ഞിട്ടും എപ്പഴോ മനസ്സിൽ കുടിയേറി.. എപ്പഴോ അല്ല.. ഫ്രഷേഴ്സ് ഡേ ന്റെ അന്ന് ... അന്ന് ടോമിച്ചൻ പാടിയ പാട്ടു.. ആ രംഗം ഇപ്പോഴും അവളുടെ മനസ്സിൽ ഉണ്ട്.. തനിക്കു കിട്ടിയതു തവള ചാടും പോലെ ചാടാൻ.. പേടിച്ചു കരഞ്ഞപ്പോൾ ചെയ്യിക്കാതെ വിട്ടു.. അന്നും എല്ലാവരുടെയും മുന്നിൽ ഒരു പരിഹാസ പാത്രമായി ഞാൻ വീണ്ടും.. അതുകൊണ്ടാണ് ടോമിച്ചനെ കാണുമ്പോൾ ഒന്ന് ചിരിക്കാൻ പോലും കഴിയാത്തെ.. കാണുമ്പോ തന്നെ കയ്യും കാലും വിറക്കും.. എന്നാലും എന്നോടും ഒന്ന് മിണ്ടിക്കൂടെ.. എല്ലാരും പറയണപോലെ ചാണാത്തിന്റെ മണാന്നു വിചാരിക്കുന്നുണ്ടാകും.. വേണ്ട..

അര്ഹിക്കാത്തതു മോഹിക്കാണ്ടിരുന്നാൽ വിഷമിക്കേണ്ടി വരില്ല... എന്നാലും ആ മയിൽപീലി പോലെ അവളുടെ സുന്ദരമായ പ്രണയം അവൾ ഹൃദയത്തിൽ സൂക്ഷിച്ചു..

വൈകിട്ട് വീട്ടിലെത്തി പശുവിനെ നോക്കലും അച്ഛനെ ശുസ്രൂഷിച്ചും ഭക്ഷണം ഉണ്ടാക്കലും എല്ലാം കഴിഞ്ഞു അവൾ റൂമിൽ കയറിയപ്പോ സമയം പതിനൊന്നു കഴിഞ്ഞു... പിന്നെ കുറച്ചു നേരം പഠനമാണ്.. എല്ലാ പണിയും തീർത്തിനു ശേഷമാണ് പഠിക്കുക.. പക്ഷെ അന്നവൾക്കു പഠനത്തിൽ ഏകാഗ്രത കിട്ടുന്നില്ല.. ബുക്ക് തുറന്നാൽ അവിടൊക്കെ ടോമിച്ചന്റെ മുഖം തെളിയണ പോലെ.. ചിലപ്പോ മരിയ അവനെക്കുറിച്ചു പറഞ്ഞതു മനസ്സിൽ കേറീട്ടായിരിക്കും...

അവൾ അവളുടെ കുഞ്ഞി കണ്ണനെ നോക്കി..

"ഇനി നീയെങ്ങാനും അവതാരമെടുത്തു വന്നതാണോ കണ്ണാ..." അവളുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു.. " എന്നാലും ക്രിസ്ത്യാനി അയി എടുക്കണ്ടായിരുന്നു.. അല്ല കണ്ണാ... ഈ ജാതിയും മതവുമൊക്കെ ഒരു പ്രശ്നമാണോ.. ഏയ്.. എല്ലാം നിന്റെ ആളുകളല്ലേ.. ജാതിയും മതവുമൊക്കെ മനുഷ്യൻ ഉണ്ടാക്കീതല്ലേ.. എന്നാലും ഞാൻ ഇതുവരെ ഒന്ന് മിണ്ടിയിട്ടുപോലുമില്ല കണ്ണാ... നിക്ക് പേടിയാ.. നിനക്ക് വേണേൽ ഇങ്ങോട്ടുവന്നു മിണ്ടിക്കു... അപ്പോഴും ന്റെ കയ്യും കാലും വിറക്കും" പെട്ടെന്ന് ബോധം വന്നപ്പോലെ അവൾ നഖം കടിച്ചു..

"ന്റെ കണ്ണാ.. എന്തൊക്കെയാ നീ എന്നെക്കൊണ്ട് ചിന്തിപ്പിക്കണേ... അർഹിക്കാത്ത ചിന്തോള് ന്റെ മനസ്സിൽ കൊണ്ടുവരാരുതെന്നു പറഞ്ഞിട്ടില്ല്യേ ഞാൻ..." അവൾ ആ രൂപത്തിലേക്ക് നോക്കി കൊഞ്ഞനം കുത്തനപോലെ കാണിച്ചു.. എന്നിട്ടു ബുക്കിലേക്കു കണ്ണുകൾ പായിച്ചു..

.....

അതെ സമയം ആ വലിയ കൊട്ടാരസദൃശ്യമായ വീട്ടിൽ അമ്മ മോളിയുടെ റൂമിൽ അവന്റെ മോളമ്മയുടെ മടിയിൽ തലവെച്ചു കിടക്കുകയായിരുന്നു ടോമിച്ചൻ.. അവന്റെ ഏറ്റവും വലിയ കൂട്ടായിരുന്നു സ്നേഹനിധിയായിരുന്ന ആ അമ്മ.. മോളമ്മയുടെ

സ്നേഹത്തിന്റെ അച്ചിൽ വാർത്തെടുത്ത പുത്രനാണ് ടോമിച്ചൻ എന്ന് വേണേൽ പറയാം.. എല്ലാവരും പറയുന്നത് ശരിയാണ്.. അവൻ അവന്റെ അച്ഛന്റെ മോനല്ല... അവൻ ആ അമ്മയുടെ തനിപകർപ്പായിരുന്നു... സ്നേഹവും മറ്റുള്ളവരോടുള്ള കരുണയും പിന്നെ സൗന്ദര്യവും... എന്നാലും അച്ഛൻ തോമാച്ചന് പ്രിയനാണ് മകൻ.. ഒരേ ഒരു മകനല്ലേ ഉള്ളു.. അതുകൊണ്ടു അവന്റെ കാര്യത്തിൽ അയാൾ പിശുക്ക് കാണിക്കാറില്ല..

മോളമ്മയുടെ മടിയിൽ കണ്ണുകൾ അടച്ചാണ് ടോമിച്ചൻ കിടക്കുന്നത്.. മോളമ്മ പതിയെ അവന്റെ ശിരസിൽ തലോടിക്കൊണ്ടിരുന്നു..അമ്മയുടെ ഒരുകൈ അവൻ നെഞ്ചോടു ചേർത്തുപിടിച്ചിട്ടുണ്ട്...

"അപ്പൊ ഇന്നും പെണ്ണുങ്ങളെല്ലാം നിന്റെ വായ്നോക്കാൻ ഉണ്ടായിരുന്നു.. അല്ല മുത്തെ... നിനക്ക് അതിലാരെയെങ്കിലും അങ്ങു പ്രേമിച്ചുകൂടെ... " മോളമ്മ ഒരു ചിരിയോടെ ചോതിച്ചു.. രാത്രിയിൽ ഇത് പതിവാണ്.. അവൻ അമ്മയോട് എല്ലാ കാര്യങ്ങളും പറയും... വീട്ടിൽ അവനെ മുത്ത് എന്നാണു മോളമ്മ വിളിക്കുക.. തോമാച്ചനും..

"അതിനു എന്റെ മോളമ്മയെ പോലെ ഒരു പെണ്ണിനെ കണ്ടുകിട്ടണ്ടേ.. മുഖസൗന്ദര്യം മാത്രം പോരല്ലോ.. മോളമ്മയെപോലെ മനസുകൊണ്ടും സുന്ദരിയായിരിക്കണം.. " അവൻ കണ്ണു തുറക്കാതെതന്നെ പറഞ്ഞു..

"അതിനു എനിക്കെന്താടാ ഒരു പ്രത്യേകത..."

" എന്റെ മോളമ്മ ഒരു സ്നേഹക്കടലല്ലേ.. അതുപോലായിരിക്കണം എന്റെ പെണ്ണും.. "

"എന്നാ അതുപോലൊരു പെണ്ണിനെ എന്റെ മുത്തിനു മാതാവ് കൊണ്ടതരും..." മോളമ്മ അവന്റെ മുടിയിഴകളിൽ തലോടിക്കൊണ്ടിരുന്നു.. ആ സ്നേഹസ്പർശത്തിൽ അവന്റെ കണ്ണുകൾ നിദ്ര പൂകി..

....

നിത്യാ മിസ്സിന്റെ ക്ലാസ് നടന്നുകൊണ്ടിരിക്കുകയാണ്.. അറുബോറാണ് ക്ലാസ് എങ്കിലും ആണുങ്ങൾ ശ്രദ്ധയോടെ ഇരിക്കും.. കാരണം നിത്യാ മിസ്സ് ഒരാറ്റം പീസ് ആയിരുന്നു.. മുപ്പതു വയസോളം പ്രായമുള്ള മിസ്സ് വെളുത്തു സുന്ദരിയായിരുന്നു.. നല്ല ഉരുണ്ട മുലകളും കൊഴുത്തു വിടർന്ന ചന്തിക്കുടങ്ങളും എല്ലാം കാരണം ക്ലാസ്സിൽ ആണുങ്ങളെല്ലാം അവരവരുടെ കൊടിമരങ്ങളും നാട്ടിയാണ് ഇരിക്കുക..എപ്പോഴും വയറും കിഴിഞ്ഞുകിടക്കുന്ന സുന്ദരമായ ആ പുക്കിൽച്ചുഴിയും കാണിച്ചേ സാരിയുടുക്കു.. എപ്പോഴും തന്നെ നേർത്ത ബ്ലൗസ് ആയിരിക്കും ധരിക്കുക.. അതിലൂടെ ബ്രാ തെളിഞ്ഞുകാണാം.. ഭർത്താവ് ഗൾഫിലാണ്.. അതിന്റെ ഇളക്കം നല്ലോണം ഉണ്ട് മിസ്സിനു. അതുകൊണ്ടു ആണുങ്ങൾക്കാർക്കും ബോറടിയില്ല.. എന്തിനേറെ.. നമ്മുടെ ടോമിച്ചന്റെ മനസുപോലും ഇളകിപോയിട്ടുണ്ട് അവന്റെ അടുത്തുവന്നു മിസ്സ് ഒന്ന് കുനിഞ്ഞു നിക്കുമ്പോ..

മിസ്സ് തകർത്തു ക്ലാസ് എടുക്കുകയാണ്.. കുട്ടികളെല്ലാം ശ്രദ്ധയോടെ ഇരിക്കുന്നതുകണ്ട മിസ്സിനു സ്വയം അഭിമാനം തോന്നി..

ടോമിച്ചന്റെ കയ്യിൽ തന്റെ ഇടതുകൈ കൊണ്ട് തിരുമിക്കൊണ്ടിരിക്കുകയാണ് റിയാസ്... അവന്റെ മുഖം ആകെ ഒരു തുണ്ടുപടം കാണുന്ന പ്രതീതിയാണ് ഉണർത്തുന്നത്..

"ഡാ.... നോക്കേടാ... മിസ്സിന്റെ പുക്കിലിന് താഴെ രണ്ടു രോമം... എന്റള്ളാ... ഞാനതു കടിച്ചുപറിച്ചെടുക്കും..ഹോ. എന്താടാ ആ വട.. കൊതിയാവുന്നു.." റിയാസ് ടോമിച്ചന് കേൾക്കാൻ പാകത്തിന് വികാരഭരിതനായി പറഞ്ഞു.. ടോമിച്ചനും അറിയാതെ അങ്ങോട്ട് നോക്കിപോയി.. അറിയാതെ അവൻ ഉമിനീർകുടിച്ചിറക്കി.. പിന്നെ സ്വയം നിയന്ത്രിച്ചു കണ്ണെടുത്തു..

"അളിയാ... എനിക്ക് വല്ലാത്ത മൂത്ര ശങ്ക.." റിയാസ് ഒരു ബുദ്ധിമുട്ടുപോലെ പറഞ്ഞു..

"നീ പോയി മുള്ളീട്ടു വാ.."

"വയ്യ മോനെ.. ഈ ക്ലാസ്സ് ഒരു മിനിറ്റു പോലും മിസ് ചെയ്യാൻ വയ്യ.. "

"എന്നാ അവിടെ പിടിച്ചുവെച്ചിരുന്നോ... ഇത് കഴിഞ്ഞിട്ട് പോകാം.. "

കുറച്ചുനേരം കൂടി റിയാസ് ആ സീൻ ആസ്വദിച്ചിരുന്നു...

" അളിയാ.. വയ്യ.. വേദനിക്കുന്നു വല്ലാണ്ട്.. ഇപ്പൊ കുറച്ചു ത്യാഗം സഹിച്ചില്ലേൽ പിന്നെ ഭാവിയിൽ ഇതോന്നും ആസ്വദിക്കാൻ കഴിഞ്ഞെന്നു വരില്ല... കുണ്ണ പൊട്ടും.. ഞാൻ ഇപ്പൊ വരാം.. " അത് പറഞ്ഞു റിയാസ് എഴുന്നേറ്റു..

"മിസ്സ്... ഒന്ന് മുള്ളാൻ പോണം.. " എല്ലാവരും അവനെ നോക്കി.. പെണ്ണുങ്ങൾ പതിയെ ചിരിച്ചു..

" ഇത് കഴിഞ്ഞിട്ട് പോയാ പോരെ മോനെ.."

"മിസ്സിന്റെ ക്ലാസ് ഒരു മിനിറ്റ് പോലും മിസ്സ് ചെയ്യാൻ എനിക്ക് കഴിയില്ല.. ബട്ട് ഇപ്പൊ പോയില്ലേൽ ചിലപ്പോ എന്റെ ജീവിതത്തിന് അർത്ഥമില്ലാതേ പോകും... "

മിസ്സ് ഒന്നുചിരിച്ചു അവനോടു പോകാൻ ആംഗ്യം കാണിച്ചു...

അതെ സമയം കണ്ണടഞ്ഞു പോവുകയായിരുന്നു രാധികയുടെ.. അവൾ ഇടയ്ക്കു അറിയാതെ ഉറക്കം തൂങ്ങി മരിയയുടെ തോളിൽ തലയിടിക്കുന്നുണ്ട്.. മരിയ അവളെ തട്ടി...

"എന്നാടി പെണ്ണേ.. ഉറക്കം തൂങ്ങുന്നെ... "

"പറ്റുന്നില്ലെടീ. കണ്ണടഞ്ഞുപോവാ... എപ്പഴും പണിയല്ലേ വീട്ടിൽ.. "

"മ്.. മിസ്സ് കാണണ്ട"..

അപ്പോഴേക്കും റിയാസ് കേറി വന്നു..

"അളിയാ... എന്നാ സുഖാ... ഇത്രനാളും പെണ്ണിന്റെ പൂറു തരുന്നതാ ഏറ്റവും വലിയ സുഖം എന്നാ വിചാരിച്ചേ.. പക്ഷെ ഇപ്പൊ... മൂത്രം ഇങ്ങനെ പിടിച്ചുവെച്ചു വേദനിച്ചു പൊട്ടാറാവുമ്പം ഒഴിക്കണം... ആഹാ.. എന്താ സുഖം.. " റിയാസ് പതുക്കെ ടോമിച്ചനോട് പറഞ്ഞു..

"നിനക്ക് പ്രാന്ത്... " ടോമിച്ചൻ ചിരിച്ചു..

നിത്യ മിസ്സ് തകർത്തു ക്ലാസ് എടുക്കുമ്പോഴാണ് പെട്ടെന്ന് പുറകിലിരിക്കുന്ന രാധിക ഉറക്കം തൂങ്ങുന്നത് കണ്ടത്..

"രാധികേ... " മിസ്സിന്റെ ദേഷ്യത്തോടെയുള്ള വിളികേട്ട് രാധിക ഞെട്ടി എഴുന്നേറ്റു..

"നിനക്ക് രാത്രീല് എന്താ പണി.. ക്ലാസ്സിൽകിടന്നാണോ ഉറങ്ങുന്നെ.. "

"മിസ്സ്... അവൾ പശൂന്റെ കൂടെയാ കിടത്തം.. ഇന്നലെ ഉറങ്ങാൻ സമ്മതിച്ചുകാണില്ല... " കോളേജ് സുന്ദരി മലവികയുടെ വകയാണ് കമന്റ്.. എല്ലാവരും ചിരിച്ചു..

രാധിക എഴുന്നേറ്റു അപമാനിതയെപോലെ തല കുനിച്ചു നിന്നു.. അവൾ പതിയെ ഒളികണ്ണിട്ടു എല്ലാവരെയും നോക്കി.. എല്ലാവരുടെയും മുഖത്ത് പുച്ഛത്തോടെയുള്ള ചിരി ഉണ്ട്.. അവളുടെ കണ്ണുകൾ തിരഞ്ഞത് ടോമിച്ചനെയാണ്.. അവന്റെ മുഖം അവൾ കണ്ടു.. ചിരിക്കുന്നില്ല... ആ കണ്ണുകൾ അവളെ നോക്കുന്നുണ്ട്.. പക്ഷെ അതിൽ എന്താണെന്നു അവൾക്കു മനസിലായില്ല.. അവൾ വീണ്ടും മുഖം കുനിച്ചു നിന്നു..

"മ്... ഇറങ്ങിക്കോ.. പ്രിൻസിപ്പലച്ചനെ കണ്ടിട്ട് ക്ലാസ്സിൽ കയറിയ മതി.. " നിത്യ മിസ്സ് ദേഷ്യത്തിൽ പറഞ്ഞു..

ഒരു അപമാനിതയെപോലെ തല കുമ്പിട്ടു അവൾ ക്ലാസിൽ നിന്നും ഇറങ്ങി.. മരിയ ദേഷ്യം കലർന്ന മുഖത്തോടെ മാളവികയെ നോക്കി.. മാളവിക "പോടീ" എന്ന് പതിയെ ചുണ്ടനക്കി..

രാധിക പ്രിസിപ്പാളിന്റെ ഓഫീസറൂമിനു വെളിയിൽ നിന്നും അകത്തേക്ക് നോക്കി.. ഫാദർ ഡേവിസ് തരകൻ ചെയറിൽ ഇരിപ്പൊണ്ടു.. പുറത്തു നിക്കുന്ന രാധികയെ അദ്ദേഹം കണ്ടു..

"കയറി വരൂ രാധിക.." അയാൾ സ്നേഹപൂർവ്വമാണ് വിളിച്ചത്.. അവളുടെ കാര്യങ്ങളെല്ലാം അദ്ദേഹത്തിനാറിയാമായിരുന്നു... അവളോടൊരു പ്രത്യേക വാത്സല്യവും അദ്ദേഹത്തിനുണ്ടായിരുന്നു..

രാധിക പതിയെ അകത്തേക്ക് കയറി.. തലാകുമ്പിട്ടാണ് അവൾ നിൽക്കുന്നത്..

"എന്നാ മോളെ.." അദ്ദേഹം ചോതിച്ചു..

" ഞാൻ ക്ലാസിൽ അറിയാതെ ഉറങ്ങിപ്പോയി.. അച്ഛനെ കണ്ടിട്ട് കയറിയ മതിയെന്ന് നിത്യ മിസ്സ് പറഞ്ഞു.." അവൾ തല കുമ്പിട്ടു തന്നെയാണ് അത് പറഞ്ഞത്..

"മ്... സാരില്ല... ഞാൻ പറഞ്ഞോളാം.."

അപ്പോഴേക്കും ആ അവർ കഴിഞ്ഞിരുന്നു.. പെട്ടെന്ന് ക്ലാസ് കഴിഞ്ഞു നിത്യാ മിസ്സ് അതിനു മുന്നിലൂടെ കടന്നു വരുന്നത് അച്ഛൻ കണ്ടു.. നിത്യ മിസ്സിന്റെ കൂടെ ടോമിച്ചനും ഉണ്ടായിരുന്നു..

"മിസ്.." അച്ഛൻ വിളിച്ചു..

നിത്യ മിസ് ഓഫീസിലേക്ക് നോക്കി..

"ഒന്ന് വരൂ.." അദേഹം അതും പറഞ്ഞു രാധികയെ നോക്കി..

"മ്.. രാധിക ക്ലാസിൽ പൊയ്ക്കൊള്ളു.. " രാധിക തിരിഞ്ഞു നടന്നു.. നിത്യ മിസ്സിന്റെ കൂടെ ടോമിച്ചനും അകത്തു കയറി.. അച്ഛൻ അവനു നല്ലൊരു സുഹൃത്തിനെ പോലെയാണ്..

ഒരു നിമിഷം ടോമിച്ചന്റെ കണ്ണുകൾ രാധികയുടേതുമായി ഉടക്കി.. അവൾ പെട്ടെന്ന് മുഖം കുനിച്ചു കളഞ്ഞു.. എന്നിട്ടു നടന്നു നീങ്ങി..

"മിസ്സ്.. രാധികയെ ക്ലാസ്സിൽ കയറ്റിയെക്കു.. അതൊരു പാവാ.. ഉള്ള പണിയെല്ലാം ചെയ്തിട്ടാ ഇങ്ങോട്ടു വരുന്നേ.. ഉറങ്ങാനുള്ള സമായമൊന്നും ആ പാവത്തിന് കിട്ടാറില്ല.. അത് വിട്ടേക്ക്.." അച്ചൻ വിഷമത്തോടെ അത് പറയുമ്പോൾ ടോമിച്ചൻ തിരിഞ്ഞു രാധികയെ ഒന്നുകൂടി നോക്കി..

അവൾ വരാന്തയിലൂടെ നടന്നു നീങ്ങുകയാണ്.. ഏതോ ഒരു ഉൾവിളിയാൽ അവൾ ഒന്ന് തിരിഞ്ഞു നോക്കി.. ടോമിച്ചൻ തന്നെ നോക്കുകയാണെന്നു അവൾക്കു മനസിലായി... പെട്ടെന്ന് അവളുടെ മനസിനെ കുളിരണിയിച്ചുകൊണ്ടു അവന്റെ മുഖത്ത് മനോഹരമായ ആ പുഞ്ചിരി വിടർന്നു.. അവന്റെ ഇന്ദ്രനീല കണ്ണുകളുടെ തിളക്കം അവൾ കണ്ടു നോക്കിനിന്നുപോയി.. അവളുടെ ഉള്ളിൽ സന്തോഷത്തിന്റെ പൂത്തിരി കത്തുകയായിരുന്നു... ഒരു നിറഞ്ഞ പുഞ്ചിരി തിരിച്ചുകൊടുക്കാൻ അവളുടെ മനസ് വെമ്പി.. പക്ഷെ മനസ്സിൽ വിരിഞ്ഞ ആ പുഞ്ചിരി അവളുടെ മുഖത്ത് പ്രതിഫലിച്ചില്ല... സന്തോഷത്തിന്റെ തിരയിളക്കത്തിൽ ഒരു നിമിഷം മനസ് കൈവിട്ട അവൾ ബോധത്തിലേക്കു തിരിച്ചുവന്നു മുഖത്ത് അതിമനോഹരമായ ഒരു ചിരി പടർത്തി... പക്ഷെ ആ ചിരി കാണുന്നതിനുമുമ്പേ തിരിഞ്ഞിരുന്ന ടോമിച്ചനെ കണ്ടപ്പോൾ അവളുടെ മുഖം വീണ്ടും വിവർണമായി.. അവൾ വരാന്തയിലൂടെ ക്ലാസ്സിലേക്ക് നടന്നു നീങ്ങി....

ഡിയർ ചങ്കസ്.. കഴിഞ്ഞ ഭാഗത്തിന് നിങ്ങൾ തന്ന സപ്പോർട്ടിനും കാണിച്ച സ്നേഹത്തിനും ഒരുപാട് നന്ദി.. തിരക്കായിരുന്നതിനാൽ കുറച്ചു കുറച്ചായാണ് എഴുതിയത്.. ഇത് നിങ്ങള്ക്ക് എത്രത്തോളം ആസ്വാതകരമായിരിക്കും എന്നെനിക്കറിയില്ല... നിങ്ങളുടെ അഭിപ്രായം പങ്കുവെക്കുക...

അന്ധകാരത്തിൽ തന്റെ നിലാവ് ഭൂമിയിലേക്ക് പകർന്നു ചിരിതൂക്കി നിൽക്കുകയാണ് ചന്ദ്രൻ.. ചുറ്റും അനേകമനേകം മിന്നാമിന്നുങ്ങുകളെപോലെ നക്ഷത്രങ്ങൾ.. ഗാര്ഡനിലെ ബെഞ്ചിലിരുന്നു ആ സൗന്ദര്യം ഒപ്പിയെടുക്കുകയായിട്ടുന്നു ടോമിച്ചൻ.. ചിലതു വെളിച്ചതിനേക്കാളും ഇരുട്ടിലാണ് സുന്ദരമാകുന്നത്... എത്ര മനോഹരമായാണ് ഈ പ്രപഞ്ചം സൃഷ്ടിച്ചിരിക്കുന്നത് എന്നവന് തോന്നി..

പെട്ടെന്നാണ് അവന്റെ മനസിലേക്ക് രാധികയുടെ മുഖം കടന്നുവന്നത്.. ഇതുവരെ അവളെ അങ്ങനെ ശ്രദ്ധിച്ചിരുന്നില്ല... പ്രിൻസിപ്പാലച്ചന്റെ റൂമില്നിന്നും ഇറങ്ങിപ്പോകുന്ന അവളുടെ മുഖമാണ് അവന്റെ മനസ്സിൽ.. എന്തോ.. അറിയാതെ അവളെ നോക്കിനിന്നതു അവൻ ഓർത്തു.. നല്ല ഐശ്വര്യമാണ് അവളുടെ മുഖത്തിന്... എപ്പഴും നിഷ്കളങ്കതയോടെയുള്ള മുഖഭാവം.. ആരോടും മിണ്ടാതെ എപ്പോഴും തലകുനിച്ചു സ്വയം ഉൾവലിഞ്ഞു നിക്കുന്ന പ്രകൃതം.. അവൾക്കു ചുറ്റും ഒരുപാട് പ്രശ്നങ്ങൾ ഉള്ളതുപോലെ അവനു തോന്നി.. അച്ഛന്റെ വാക്കുകൾ അത് ശരിവെക്കുന്ന തരത്തിലുള്ളതായിരുന്നല്ലോ...

പെട്ടെന്ന് അവന്റെ കണ്ണുകൾ കൈവിരലുകളാൽ മൂടപ്പെട്ടു.. കൈകളാൽ അവന്റെ കണ്ണുകൾ പൊത്തിപ്പിടിച്ചിരിക്കുകയാണ്.. അവനറിയാം അതവന്റെ മോളമ്മ ആണെന്ന്..

"അമ്മേന്റെ മുത്ത് എന്താ ഇത്ര ആലോചനയിൽ.. ആരാ ആ മനസ് കീഴടക്കിയ ആള്.. " മോളമ്മ അവന്റെ കണ്ണുകളിൽനിന്നും കൈകൾ അയച്ചുകൊണ്ടു ചോതിച്ചു.. എന്നിട്ടു അവന്റെ സൈഡിലായി അവന്റെ തോളിൽക്കൂടി കയ്യിട്ടു അവനെ ചേർത്തുപിടിച്ചു..

"ആരുടെ മനസ് കീഴടക്കീന്നു.. ഒന്ന് പോ മോളമ്മേ.."
അവൻ മനസിലാകാത്തപോലെ പറഞ്ഞു..

"ഡാ... ഡാ... ഞാൻ നിന്റെ പെറ്റമ്മയാ.. എനിക്കറിയാത്തതാണോ നിന്നെ.. മര്യാദക്ക് പറ.. "

ടോമിച്ചൻ മോളമ്മയുടെ മടിയിലേക്ക് തലവെച്ചു അമ്മയുടെ കൈ എടുത്തു അവന്റെ ശിരസിൽ വച്ചു..

ഒന്ന് മസ്സാജ് ചെയ്തേ മോളമ്മേ.."

മോളമ്മ അവന്റെ ശിരസിൽകൂടി വിരലുകൾ ചലിപ്പിക്കാൻ തുടങ്ങി..

"മോളമ്മ വിചാരിക്കണപോലെ ഒന്നുമില്ല... ക്ലാസ്സിൽ പഠിക്കണ ഒരു കുട്ടിയെക്കുറിച്ചു ഓർത്തുപോയതാ.. " അവൻ കണ്ണുകൾ അടച്ചു അമ്മയുടെ തഴുകൽ ആസ്വതിച്ചുകൊണ്ടു പറഞ്ഞു..

"അതാ ചോതിച്ചേ ആരാണെന്നു... " മോളമ്മക്കു വിടാനുള്ള ഭാവമില്ല..

"രാധിക.." അവൻ പറഞ്ഞു..

"അപ്പൊ ഹിന്ദു കുട്ടിയാ.. "

"എന്റെ മോളമ്മേ.. മോളമ്മ വിചാരിക്കണപോലെ പ്രേമവും മങ്ങാത്തൊലിയും ഒന്നുമല്ല.. ഒരേക്ലാസ്സിലാണേലും ഞാനിതുവരെ അവളെ ശ്രദ്ധിച്ചിട്ടുപോലുമില്ല.. ഒന്ന് മിണ്ടിയിട്ടില്ല... "അവൻ അല്പം ദേഷ്യത്തോടെ ആണ് അത് പറഞ്ഞത്..

"അയ്യേ... അതെന്നാടാ അങ്ങനെ.. ഒരേ ക്ലാസ്സ്ലായിട്ടു ഒന്ന് മിണ്ടിയിട്ടുകൂടിയില്ലത്തെ.." മോളമ്മക്കു അതിശയം..

"ആ... അവളോട് ആരും മിണ്ടാറില്ല.. അവളും ആരോടും ഒന്നും മിണ്ടില്ല.. ഒരുത്തി മാത്രേ അവൾക്കൊരു കൂട്ടുള്ളൂ അവിടെ.. ഏതോ ഒത്തിരി പാവപ്പെട്ട വീട്ടിലെ കുട്ടിയാ.. ഫീസൊക്കെ ചാരിറ്റി ഫണ്ടില്നിന്നാ അടക്കുന്നെ.."

"പാവപ്പെട്ട വീട്ടിലെ കുട്ടിയാണെന്നുവെച്ചെന്നാ അവളോട് എല്ലാർക്കും മിണ്ടിയാൽ... നിനക്കൊന്നു മിണ്ടിക്കൂടായിരുന്നോ... അല്ല.. കാണാൻ മോശാണോ.. "

"ഏയ്.. കാണാൻ നല്ല ഭംഗിയാ.. നമ്മുടെ ഈ പ്രകൃതി എത്ര സുന്ദരമാ.. അതുപോലെയാ അവളും.. എല്ലാ അവളുമാരും പുട്ടിയൊക്കെ അടിച്ചു വല്യ സുന്ദരിയാണെന്നു കാണിക്കുമ്പം അവള് അതൊന്നുമില്ലാതാ വരുന്നേ.. എന്നാലും കാണാൻ നല്ല ഐശ്വര്യമാ.. "

"പിന്നെന്താ പ്രശ്നം.. ചെക്കന്മാരും പുറകെ ഒന്നുമില്ലേ അവളുടെ.. "

"എപ്പഴും അതിനെ എല്ലാവരും കളിയാക്കലാ മോളമ്മേ... അടുത്ത് വേറെ ആരും ഇരിക്കില്ല.. ചാണാതിന്റെ മാണമാന്ന എല്ലാവരും പായുന്നെ.. " അവൻ അല്പം വിഷമത്തോടെ പറഞ്ഞു..

"പാവം.. അതൊക്കെ വല്യ കഷ്ടം തന്നെയാ.. ഒറ്റപ്പെടലിന്റെ വേദന അതനുഭവിച്ചാലെ അറിയൂ..." മോളമ്മ ഒരു നെടുവീർപ്പോടെ പറഞ്ഞു..

അപ്പോൾ ഒരു ബെൻസ് കാർ ഗേറ്റ് കടന്നു അങ്ങോട്ട് വന്നു.. കാർപോർച്ചിൽ നിന്ന വണ്ടിയില്നിന്നും ബ്ലേഡ് തോമാച്ചൻ എന്നറിയപ്പെടുന്ന പൂപറമ്പിൽ തോമസ്.. നമ്മുടെ ടോമിച്ചന്റെ പിതാവ്.. ഇറങ്ങി.. വെള്ള മുണ്ടും കുർത്തയുമാണ് വേഷം.. അമ്പത്തഞ്ചു വയസോളം പ്രായമുള്ള അയാളുടെ മുഖത്ത് ഒരു പ്രൗഢി തെളിഞ്ഞു നിപ്പോണ്ടു.. ചെറുതായി നരച്ച താടിയും മീശയും.. കയ്യിൽ ഒരു സ്വർണചെയ്നും കഴുത്തിൽ ഒരു സ്വർണമാലയും.. കണ്ടാൽ ഒരു പ്രൗഢഗാമ്പീര്യമുള്ള ലുക്ക്..

ഭാര്യയും മകനും പൂന്തോട്ടത്തിൽ ബെഞ്ചിൽ ഇരിക്കുന്നത് കണ്ടപ്പോൾ അയാൾ അങ്ങോട്ട് ചുവടുകൾ വച്ചു..

"എന്നാടി ഈ രാത്രി ഇവിടെ വന്നിരിക്കുന്നെ.. നിനക്ക് അകത്തെങ്ങാനും ഇരുന്നൂടെ.. തണുപ്പടിച്ചു പനിപിടിച്ചാ പിന്നെ അതിനും ക്യാഷ് ചിലവാക്കണം.. " തോമാച്ചൻ ഇഷ്ടപ്പെടാത്തമട്ടിൽ പറഞ്ഞു..

"എന്റെ പൊന്നു മനുഷ്യാ.. ഈ ഉണ്ടാക്കി ഉണ്ടാക്കി എവിടെകൊണ്ടുവെക്കാനാ.. കാശ് കാശ് എന്നൊരു വിചാരെ ഉള്ളു നിങ്ങള്ക്ക്... ഹോ.. " മോളമ്മയും നല്ല മറുപടി കൊടുത്തു..

"ഹോ.. നിന്നോട് പറഞ്ഞു നിക്കാൻ ഞാനില്ല.. " അയാൾ സുല്ല്പറഞ്ഞു..

"മുത്തെ.... " തോമാച്ചൻ ഗൗരവത്തോടെ ടോമിച്ചനെ വിളിച്ചു...

"എന്നാ അപ്പാ.." അവൻ അല്പം നീരാസത്തോടെ വിളികേട്ടു..

"നാളെ ശനിയാഴ്ചയല്ലേ.. ക്ലാസ് ഇല്ലല്ലോ.. നാളെ നീ തേക്കനാട് വരെ ഒന്ന് പോണം.. അവിടെ കോയിക്കൽ പ്രഭാകരന്റെ വീട്ടിൽ.. ഇച്ചിരി ഉള്ളിലായിട്ടാ വീട്.. കവലയിൽ ചെന്ന് ആരോട് ചോദിച്ചാലും പറഞ്ഞുതരും.. അവിടുന്ന് കുറച്ചു കാശ് കിട്ടാനുണ്ട്.. ഇപ്പൊ കാലങ്ങളായിട്ടു മുതലുമില്ല പലിശയുമില്ല.. പാവങ്ങളല്ലേ.. തളർന്നുകിടക്കുവല്ലേ.. പിന്നെ അവിടുത്തെ ഇടവകയിലെ അച്ചൻ പറഞ്ഞുതുകൊണ്ടൊക്കെയാ ഇതുവരെ ക്ഷമിച്ചത്.. ഇനി പറ്റില്ലാന്നു പറഞ്ഞേക്കു.. പണം കിട്ടിയില്ലേൽ ഇറങ്ങാൻ തയാറായ്ക്കൊള്ളാൻ പറ.. ഒന്നും രണ്ടുമല്ല.. അഞ്ചു ലക്ഷം രൂപായാ.. ഇനി ഞാനായി വന്നാ അവർക്കവിടെ കഴിയേണ്ടി വരില്ല എന്നും പറഞ്ഞേക്കു.. ആര് പറഞ്ഞാലും.. അത് പള്ളീലച്ചനാണേലും... " ഗൗരവത്തോടെയുള്ള അയാളുടെ സ്വരം ഒന്ന് നിന്നു.. ടോമിച്ചൻ മറുപടി ഒന്നും കൊടുത്തില്ല..

"കേട്ടില്ലേ നീ... എല്ലാം നിനക്കുവേണ്ടിയാ ഒണ്ടാക്കണേ.. അതോർമ്മിക്കു.. " അയാൾ വീണ്ടും പറഞ്ഞു..

"മ്.. " അവൻ ഒന്ന് മൂളുക മാത്രം ചെയ്തു.. അവന്റെ ഉള്ളിൽ ഒത്തിരി വിഷമം തോന്നി.. ഇപ്പൊ തന്നെ ഒരുപാട് സമ്പാദിച്ചു.. മറ്റുള്ളവരുടെ കണ്ണീരിൽ കുതിർന്ന പണം ഇങ്ങനെ മേടിക്കുമ്പോ അതിന്റെയൊക്കെ ശാപം ഈ കുടുംബത്തിലേക്കാ വരണതെന്നു പപ്പാ ചിന്തിക്കുന്നില്ല..

അതും പറഞ്ഞു തോമാച്ചൻ അകത്തേക്ക് പോയിരുന്നു..

"എന്തിനാ മോളമ്മേ ഇങ്ങനെ സമ്പാദിക്കുന്നെ.. എനിക്കായാണേൽ ജീവിക്കാനുള്ളത് ഉണ്ടാക്കാൻ എനിക്കറിയാം.. " അവൻ വിഷമത്തോടെ പറഞ്ഞു..

"നിനക്കറിയില്ലേ പപ്പയെ.. നീയെന്തായാലും നാളെ പോ.. അവിടുത്തെ സ്ഥിതി എന്താന്നൊക്കെ നോക്ക്.. അവരോടു നല്ല രീതിയിൽ കാര്യങ്ങൾ പറ... നിന്റെ പപ്പാ പോകുന്നതിനേക്കാൾ നല്ലതല്ലേ.." മോളമ്മ അവന്റെ മുടിയിഴകളിൽക്കൂടി തലോടിക്കൊണ്ടു പറഞ്ഞു..

പിന്നെ അവൻ ഒന്നും പറഞ്ഞില്ല.. ആ കൈവിരലുകളുടെ ലാളനയിൽ അത് നൽകുന്ന സുഖത്തിൽ ലയിച്ചു തന്റെ പൊന്നമ്മയുടെ മടിയിൽ കണ്ണുകൾ അടച്ചു കിടന്നു.. അവനു ഏറ്റവും സാന്ത്വനവും സ്നേഹവും അനുഭവിക്കുന്നത് അവിടെയാണ്.. അവന്റെ അമ്മയുടെ ആ മടിത്തട്ടിൽ.. ആ സ്നേഹത്തിൽ അവൻ എല്ലാ വിഷമങ്ങളും അറിയാതെ മറന്നുപോകും..

മോളമ്മയും തന്റെ മകന്റെ മുഖത്തേക്ക് നോക്കി. .. തന്റെ എല്ലാമെലാമായ മകന്റെ സൗന്ദര്യം ആ നിലാവിന്റെ വെളിച്ചത്തിൽ അവർണനീയമാണെന്നു അവൾക്കു തോന്നി.. അവൻ അവന്റെ അച്ഛനെപോലെയല്ല.. മറ്റുള്ളവരോടുള്ള ഇടപെടലും സഹാനുഭൂതിയും എല്ലാം ഓർത്തപ്പോൾ അവൾ ഒത്തിരി സന്തോഷിച്ചു.. അവളുടെ മാതൃവാത്സല്യം ആ കണ്ണുകളിൽ തുളുമ്പി നിക്കുന്നുണ്ടായിരുന്നു.. അത് ഒരു ചെറു പുഞ്ചിരിയായി അവളുടെ ചുണ്ടുകളിൽ പ്രതിഫലിച്ചു..

....

ടോമിച്ചൻ അവന്റെ ബുള്ളെറ്റിലാണ് തേക്കനാട്ടേക്കു പോയത്.. കവലയിൽ എത്തിയപ്പോഴേക്കും സമയം ഏകദേശം 11 മണി.. കവല എന്ന് പറഞ്ഞാൽ ഒരു ബസ് വെയ്റ്റിംഗ് ഷെഡ്ഡും ഒരു ഓലമേഞ്ഞ ചായക്കടയും.. ടൗണിൽ നിന്നും നാലഞ്ചുകിലോമീറ്റർ ഉള്ളിലായാണ് ആ കവല.. അധികമൊന്നും വീടുകളുമില്ല..

അവൻ ചുറ്റും നോക്കി... ഒരു ചെറിയ മണ്ണിട്ട വഴി കാണുന്നുണ്ട്.. പക്ഷെ ഉറപ്പിക്കാൻ വയ്യ.. അവൻ ആ ചായക്കടയിലേക്കു നോക്കി.. ഒന്ന് രണ്ടുപേർ അകത്തിരുന്നു ചായ കുടിക്കുന്നു.. വൃദ്ധനായ ഒരാൾ സൈഡിലായി ചായ അടിക്കുന്നുണ്ട.. അവൻ അയാളുടെ അടുത്തേക്ക് നീങ്ങി..

"ചേട്ടാ.. ഈ കോയിക്കൽ പ്രഭാകരന്റെ വീട് എവിടാ..." അവൻ വിനയത്തോടെ കടക്കാരനോടായി ചോദിച്ചു..

"ഏതാ... ആ തളർന്നു കിടക്കുന്ന പ്രഭാകരനാണോ.." അയാൾ സംശയതഃടെ ചോദിച്ചു..

"അതെ.. അതുതന്നെ.."

"ആ.. കുറച്ചുള്ളിലായിട്ടാ മോനെ.. അതികദൂരമില്ല.. കാവ് വഴിയാണ് എളുപ്പം.. പക്ഷെ അതുവഴി ആരും പോവാറില്ല.. മോൻ ഈ വഴിയേ പൊയ്ക്കോ... നേരെ പോയാൽ മതി.. അപ്പൊ ഒരു ചെറിയ കുളം കാണാം.. അതിനു തൊട്ടടുത്താ.. അവിടെ മറ്റു വീടുകളൊന്നുമില്ല.. അതുകൊണ്ടു മോന് തെറ്റില്ല... " അയാൾ ഗ്ലാസ് കഴുകിക്കൊണ്ടാണ് പറയുന്നത്..

"നന്ദി ചേട്ടാ... " അവൻ ഒരു പുഞ്ചിരിയും നൽകി തിരിഞ്ഞു നടക്കാൻ ഭാവിച്ചു..

"അല്ല... അപ്പൊ ചായ വേണ്ടേ... വേണമെങ്കിൽ ഒരു ചൂട് ചായ എടുക്കാം.. " അയാളുടെ സ്വരം കേട്ട് ടോമിച്ചൻ തിരിഞ്ഞു.. അതികം കച്ചവടം ഒന്നും കിട്ടാത്ത സ്ഥലമാന്നു കണ്ടാലേ

അറിയാം.. അവൻ പിന്നെ മറ്റൊന്നും ആലോചിച്ചില്ല.. വിശപ്പ് തോന്നിയില്ലെങ്കിലും അവൻ ആ കടയിലേക്ക് കയറി..

"എന്നാ ഒരു ചായ എടുത്തോളൂ ചേട്ടാ.. " അവൻ പുഞ്ചിരിയോടെ പറഞ്ഞു..

അയാൾക്കും സന്തോഷമായെന്നു അയാളുടെ മുഖഭാവം കണ്ടാലേ അറിയാം... അയാൾ ഗ്ലാസ് എടുത്തു ചായ അടിക്കാൻ തുടങ്ങി..

"അല്ല .. മോനേതാ.. ഇതിനുമുമ്പ് ഇവിടെ കണ്ടിട്ടില്ലല്ലോ.. " അയാൾ ചായ ഗ്ലാസ് അവനുനേരെ നീട്ടിക്കൊണ്ടു ചോതിച്ചു.

"ഞാൻ ഇവിടടുത്തു തന്നെ ഉള്ളതാ... പൂപ്പറമ്പിൽ എന്ന് പറയും.. അവിടെ തോമസിന്റെ മകനാ.. " അവൻ പുഞ്ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു..

പെട്ടെന്ന് ആ വൃദ്ധന്റെ മുഖത്തെ ചിരി മായുന്നത് അവൻ കണ്ടു.. അവിടെ ദേഷ്യത്തിന്റെ ചെറിയ കണികകൾ വിടരുന്നതുപോലെ..

"ഓ.. തോമാച്ചന്റെ മോനാ... " അയാൾ ഇഷ്ടപെടാത്തപോലെ പറഞ്ഞു..

എന്തായാലും ഇവിടെല്ലാം അപ്പന് നല്ല പേരാണ് എന്ന് അവനു മനസിലായി.. പെരുകേട്ടപ്പോഴേ ആൾക്കാരുടെ മുഖം ചുളിയാൻ തുടങ്ങി.. കഷ്ടം.. ഇങ്ങനെ സമ്പാദിച്ചതുകൊണ്ടെന്താ കാര്യം.. അയാൾ പിന്നെ ഒന്നും സംസാരിക്കാത്തത് അവനിൽ ചെറിയ വിഷമം ഉണ്ടാക്കി.. അവൻ പെട്ടെന്ന് ചായ കുടിച്ചു..

"അപ്പൊ പലിശ പിരിക്കാൻ ഇറങ്ങിയതായിരിക്കും... "പെട്ടെന്നുള്ള അയാളുടെ നീരസം കലർന്ന ചോദ്യം..

അവൻ ഒരു പുഞ്ചിരി മാത്രം മറുപടിയായി നൽകി...

ടോമിച്ചൻ പേഴ്സിൽനിന്നും നൂറിന്റെ ഒരു നോട്ട് എടുത്തു അയാൾക്ക് കൊടുത്തു..

"അയ്യോ.. മോനെ .. ചില്ലറയില്ല.. ഇവിടെ അങ്ങനെ കച്ചവടമൊന്നും കിട്ടാത്ത സ്ഥലമാ.." അയാൾ ആ നൂറിന്റെ നോട്ടിലേക്കു നോക്കി പറഞ്ഞു..

"സാരില്ല... ചേട്ടൻ വെച്ചോ.. ഇനി വരുമ്പോ ഞാൻ ചായ കുടിക്കാൻ വന്നോളാം.." അവൻ മനോഹരമായ ഒരു പുഞ്ചിരിയോടെ പറഞ്ഞു ബുള്ളെട്ടിനടുത്തേക്കു നടന്നു..

അയാളുടെ മുഖത്ത് ഒരു ചിരി വിടർന്നു.. കൂടാതെ ഒരത്ഭുത ഭാവവും..

"ഇത് തോമാച്ചന്റെ തന്നെയല്ലേ വിത്ത്.. " അവൻ പോകുന്നതും നോക്കി ആ വൃദ്ധൻ സ്വയം പറഞ്ഞു..

കടക്കാരൻ പറഞ്ഞിരുന്നതുപോലെ നേരെ പോയപ്പോൾ അവൻ ആ കുളം കണ്ടു.. ചുറ്റും കാട് പോലെയാണ്.. വര്ഷങ്ങളായി കുളം ഉപയോഗിക്കാറില്ല എന്ന് കണ്ടാലേ

മനസിലാകും... പടികളിലും വെള്ളത്തിലുമെല്ലാം മുഴുവൻ പായലാണ്.. അവൻ മുകളിലേക്ക് നോക്കി.. ഒരു പഴയ തറവാട് പോലെ ഒരു വീട്.. അടുത്ത് മറ്റു വീടുകളൊന്നുമില്ല.. വീട്ടിലേക്കു പടികളാണ്.. അവൻ ബൈക്കിൽ നിന്നും ഇറങ്ങി പടികൾ കയറി.. അവന്റെ മനസിന് ഒത്തിരി സന്തോഷം തോന്നി.. തികച്ചും ശാന്തമായ അന്തരീക്ഷം.. ചുറ്റും പക്ഷികളുടെ കളകളാരവവും കാറ്റിന്റെ സംഗീതവും മാത്രം.. ശുദ്ധമായ വായു...

അപ്പോഴേക്കും അവൻ മുറ്റത്തെത്തിയിരുന്നു... പഴയതാണേലും നല്ല ഐശ്വര്യമുള്ള ഒരു വീട്.. മുന്നിലായി ഒരു തുളസിത്തറ.. അവൻ ചുറ്റും നോക്കി.. ആരെയും കാണുന്നില്ല.. അവൻ കാലിങ് ബെല്ലിനായി നോക്കി.. ഇല്ല.. അങ്ങനൊരു സാധനം ഇല്ല..

"ചേച്ചീ... ഹലോ.. ഇവിടെ ആരുമില്ലേ... " അവൻ ചെറിയ ശബ്ദത്തിൽ വിളിച്ചു..

"ആരാ അവിടെ... " ഒരു സ്ത്രീ ശബ്ദം.. അതിന്റെ ഉടമ പുറത്തേക്കു വന്നു.. അവൻ അവരെ ശ്രദ്ധിച്ചു.. ബ്ലൗസും മുണ്ടുമാണ് വേഷം.. മോളമ്മയുടെ അതെ പ്രായം തോന്നിക്കും.. വെളുത്ത നിറമാണ്..

അവരെ കണ്ടപ്പോൾ അവൻ മനോഹരമായ് ഒന്ന് പുഞ്ചിരിച്ചു... അവന്റെ പുഞ്ചിരിച്ച മുഖം കണ്ടപ്പോൾ ശാരതക്കു ഒരു തരിപ്പ് തോന്നി.. എന്തെന്നില്ലാത്ത ഒരു ആകർഷണം.. ചിലപ്പോ അവന്റെ ഇന്ദ്രനീല കണ്ണുകൾ കാരണമാകാം എന്നവൾക്കു തോന്നി.. ശാരദ ടോമിച്ചനെ നോക്കി വശ്യമായ ഒരു പുഞ്ചിരി സമ്മാനിച്ചു..

"ഞാൻ ടോം.. പൂപ്പറമ്പിൽ തോമസിന്റെ മകനാ... " അവൻ പറഞ്ഞു..

"ആ... മോനായിരുന്നോ... കയറി ഇരിക്ക്.. " അവൻ ആരാണെന്നറിഞ്ഞിട്ടും ശാരദയുടെ മുഖത്ത് ഭാവഭേദം ഒന്നും വന്നില്ല... പ്രതീക്ഷിച്ചിരുന്നതുപോലെ...

ടോമിച്ചൻ അകത്തേക്ക് കയറി അവിടെ അരപ്ലേസിൽ ഇരുന്നു..

"മോനെന്താ അവിടിരുന്നെ.. ഈ കസേരയിലേക്ക് കയറി ഇരിക്ക്.. " ശാരദ അടുത്തുള്ള കസേരയിൽ ചൂണ്ടി പറഞ്ഞു..

"വേണ്ട ചേച്ചി.. ഞാനിവിടെ ഇരുന്നോളാ.. " അവൻ വിനയത്തോടെ തന്നെ മറുപടി പറഞ്ഞു..

"മോനിരിക്കു.. ചായ എടുക്കാം.." അവർ അതും പറഞ്ഞു അകത്തേക്ക് തിരിഞ്ഞു.. പെട്ടെന്ന് എന്തോ ഓർത്തപോലെ നിന്ന്.."അയ്യോ.. ആ പെണ്ണ് പുല്ലു വെട്ടാൻ പോയെക്കുവാണല്ലോ.. " എന്ന് സ്വയം ആത്മഗതം ചെയ്തു..

" മോൻ ചായ കുടിച്ചില്ലല്ലോ അല്ലെ.. ഞാൻ ചായ എടുക്കട്ടേ.." ആ പരിച്ചിലിൽ അറിയാം തീരെ താത്പര്യമില്ലാതെയാ പറഞ്ഞതെന്ന്.. അവർ പണിയെടുക്കാനൊക്കെ തീരെ മടിയുള്ള കൂട്ടത്തിലാണെന്നു ടോമിച്ചന് മനസിലായി..

"വേണ്ട ചേച്ചി.. ഞാൻ വരുന്ന വഴിക്ക് കുടിച്ചതാ.." അവൻ അത് നിരസിച്ചപ്പോൾ ശാരദയുടെ മുഖത്ത് ആശ്വാസത്തിന്റെ ഒരു പുഞ്ചിരി വിടർന്നു..

പെട്ടെന്ന് എന്തോ ശബ്ദം കേട്ടാണ് ടോമിച്ചൻ താഴേക്ക് നോക്കിയത്.. അവന്റെ കണ്ണുകൾ വിടർന്നു.. അതിൽ അത്ഭുത ഭാവം തെളിഞ്ഞു നിന്നിരുന്നു... കാണുന്നത് സത്യമാണോന്നറിയാൻ അവൻ വീണ്ടും വീണ്ടും നോക്കി.. സത്യമാണ്.. പടികൾ കയറി വരുന്നത് രാധികയാണ്.. തന്റെ ക്ലാസ്സിൽ പഠിക്കുന്ന .. ഇതുവരെ താൻ സംസാരിക്കുകപോലും ചെയ്യാത്ത രാധിക..

പക്ഷെ അവളുടെ വരവ് അവന്റെ ഉള്ളിൽ ദുഃഖം വിതറുകയാണ് ചെയ്തത്.. അത്യാവശ്യം വലിയ ഒരു കെട്ട് പുല്ലു തലയിൽ.. ശരീരം ഒക്കെ ആകെ തളർന്നു എന്ന് കണ്ടാലേ അറിയാം.. മുഖമൊക്കെ വിയർത്തൊഴുകുന്നുണ്ട്.. പാവാടയിലും ബ്ലൗസിലും ഒക്കെ ചെളി പുരണ്ടിരിക്കുന്നു.. അവളുടെ ചെറിയ ശരീരത്തിൽ ഇത്രേം വലിയ പുല്ലുംചാക്കും ചുമന്നു ഈ പൊരിവെയിലത്തു ഈ കയറ്റം കയറി വന്നെങ്കിൽ അവളുടെ കഷ്ടപ്പാട് എത്രത്തോളമായിരിക്കുമെന്നു അവനു തോന്നി.. അത് അവന്റെ ഉള്ളിൽ ഒരു നീറ്റലുണ്ടാക്കി..

"രാധിക" അവന്റെ ചുണ്ടുകൾ അറിയാതെ മന്ത്രിച്ചു..

"രാധിക അല്ലെ അത്.. " അവൻ ശാരതയെ നോക്കി ചോതിച്ചു. .

അവന്റെ ചോദ്യം ശരതയിൽ അത്ഭുതമുളവാക്കി..

"അല്ല .. മോനെങ്ങനെ അവളെ അറിയാം.. " അവൾ അത്ഭുതത്തോടെ ചോതിച്ചു..

"അവൾ എന്റെ ക്ലാസ്സിലാ പഠിക്കുന്നത്.. " അവൻ അതും പറഞ്ഞു രാധികയെ നോക്കി... അവൾ മുറ്റത്തെത്താറായിരുന്നു... അവൻ തന്നെ ഇതുവരെ കണ്ടിട്ടില്ല എന്നവന് മനസിലായി.. തളർന്ന കണ്ണുകൾ പാതി അടഞ്ഞിട്ടുണ്ട്.. അവളുടെ കാലുകൾ വെച്ചുപോകുന്നത് അവൻ കണ്ടു.. അവൾ ഇപ്പൊ തളർന്നു വീഴും എന്നവന് തോന്നി.. അവൾ അത്രയ്ക്ക് അവശതയായിരുന്നു..

ടോമിച്ചന് പിന്നെ നിയന്ത്രിക്കാനായില്ല.. അവൻ വേഗം മുറ്റത്തേക്കിറങ്ങി അവളുടെ അടുത്തേക്ക് ചുവടുകൾ വച്ചു.. അവളുടെ കാലുകൾ വീണ്ടും വെച്ചുപോകുന്നതുകണ്ട അവന്റെ കാലുകളുടെ വേഗം കൂടി.. അപ്പോഴേക്കും അവളുടെ തലയില്നിന്നും പുല്ലുംചാക്കു നിലത്തേക്ക് വീണിരുന്നു.. അവളും അവശതയായി വീണു... പക്ഷെ രാധികയെ ടോമിച്ചൻ കൈകളാൽ താങ്ങി അവനോടു ചേർത്ത് പിടിച്ചു.. മനസും ശരീരവും ബുദ്ധിയും എല്ലാം തളർന്ന അവസ്ഥയിൽ ആയിരുന്നതിനാൽ കുറച്ചുസമായത്തെക്കു മറ്റൊന്നും രാധികക്കു തോന്നിയില്ല.. കിതച്ചുകൊണ്ടു ടോമിച്ചന്റെ മാറിൽ തല ചായ്ച്ചു അവൾ കിടന്നു.. അവൻ അവളെ തോളിൽപിടിച്ചു തന്നോട് ചേർത്ത് വീട്ടിലേക്കു നടത്തി അവിടെ അരപ്ലെസിൽ ചാരി ഇരുത്തി.. അവളുടെ കണ്ണുകൾ അടഞ്ഞാണിരുന്നത്...

"ചേച്ചി നോക്കിനിക്കാതെ കുറച്ചു വെള്ളം എടുതോണ്ടുവാ.. " അവൻ ശരതയോടായി പറഞ്ഞു.. അതിഷ്ടപെടാത്തമട്ടിൽ ഒരു നോട്ടം നോക്കി അവൾ അകത്തേക്ക് പോയി.. ടോമിച്ചൻ രാധികയുടെ കവിളിൽ തട്ടി വിളിച്ചു..

"രാധികാ... രാധികാ.."

അവന്റെ സ്വരം അവളുടെ കാതുകളിൽ അലയടിച്ചപ്പോൾ അവൾ പതിയെ കണ്ണുകൾ തുറന്നു.. അവളുടെ കണ്ണുകൾ തടഞ്ഞത് അവന്റെ ഇന്ദ്രനീല കൃഷ്ണമണികളിലാണ്... ആ തലർച്ചയിലും അവളുടെ ദേഹം കുളിരുന്നതുപോലെ അവൾക്കു തോന്നി.. മനസിന്റെ തളർച്ചയിൽ മാറ്റം വന്നപ്പോൾ ആ കണ്ണുകളുടെ ഉടമയെ അവൾ തിരിച്ചറിഞ്ഞു..

"ടോമിച്ചൻ.." അവളുടെ മനസ് മന്ത്രിച്ചു... ഇത് താൻ കാണുന്ന സ്വപ്നമാണോ... അല്ലേൽ ഇതേങ്ങാനാ സംഭവിക്കുക.. തന്റെ കണ്ണുകൾ തന്നെ ചതിക്കുകയാണെന്നു ഒരുനിമിഷം അവൾക്കു തോന്നിപ്പോയി.. അവൾ ഇമചിമ്മാതെ അവന്റെ കണ്ണുകളിലേക്ക് തന്നെ നോക്കി ഇരിക്കുകയായിരുന്നു.. അവൻ ഒരു പുഞ്ചിരിയോടെ അവളെ നോക്കി..

"രാധികേ..." അവൻ പതിയെ അവളുടെ കവിളിൽ തട്ടി വിളിച്ചു.. ശരിക്കും അതൊരു തലോടൽ പോലെയാണ് അവൾക്കു അനുഭവപ്പെട്ടത്.. സ്നേഹത്തിന്റെയും സാന്ത്വനത്തിന്റെയും മനസുനിറച്ച ഒരു തഴുകൽ... അവളുടെ കണ്ണുകൾ ഒരു നിമിഷം അടഞ്ഞുപോയപോലെ അവൾക്കു തോന്നി.. ഇതൊരു സ്വപ്നമാണെങ്കിൽ ഇതിൽ നിന്നും ഉണരാതിരുന്നെങ്കിൽ എന്നവൾ ആശിച്ചുപോയി...

അപ്പോഴേക്കും ശാരദ മൊന്തയിൽ വെള്ളവുമായി വന്നിരുന്നു.. ശാരദയുടെ മുഖം ശ്രദ്ധിക്കാതെ ടോമിച്ചൻ വെള്ളം മേടിച്ചു... രാധിക ഇമചിമ്മാതെ ടോമിച്ചനെ തന്നെ നോക്കിയിരിക്കുകയാണ് സ്വപ്നലോകത്തെന്നപോലെ... അവൻ അല്പം വെള്ളം കൈകളിൽ ഒഴിച്ച് അവളുടെ മുഖത്തേക്ക് തളിച്ചു.. മുഖത്ത് തണുത്ത വെള്ളം വീണപ്പോൾ അവൾ പെട്ടെന്ന് ഞെട്ടി.. ടോമിച്ചൻ അവളെനോക്കി ഒന്ന് പുഞ്ചിരിച്ചു.. പക്ഷെ അവന്റെ സാന്നിധ്യം അവിടെ എത്ര ആലോചിച്ചിട്ടും അവൾക്കു മനസിലായില്ല.. പരിസരം തിരിച്ചറിഞ്ഞ രാധിക അവനെ മുട്ടാതെ ഭിത്തിയോട് കുറച്ചുകൂടി ഒതുങ്ങിയിരുന്നു..

"പേടിക്കണ്ട.. ഞാൻ തന്റെ ക്ലാസിലെ ടോം തന്നെയാ... ഇപ്പോ ഈ വെള്ളം കുടിക്കു.. തളർച്ച മാറട്ടെ.. " അവൻ ഒരു പുഞ്ചിരിയോടെ അതും പറഞ്ഞു ആ മൊന്ത അവൾക്കുനേരെ നീട്ടി.. രാധിക അതുമേടിച്ചു പതിയെ വെള്ളം കുടിച്ചു...

"എന്തിനാ ഇത്ര കഷ്ടപ്പെട്ട് പണിയെടുക്കുന്നെ രാധികേ.." ശാന്തമായി അവൻ ചോതിച്ചു..

"അതേങ്ങനെയാ... അവധി ആയതുകൊണ്ട് മടിപിടിച്ചപോലെയല്ലേ പണി ചെയ്യുന്നേ... രാവിലെ വയലിൽ പോയി പുല്ലു വെട്ടിയാൽ വല്ല കുഴപ്പവും ഉണ്ടോ.. എന്നും ചെയ്യണപോലെ അങ്ങനെ ചെയ്താപോരെ.. ഈ വെയിലുതിക്കണ വരെ കാത്തുനിക്കുന്നതെന്തിനാ... നശൂലം.." കുത്തുവാക്കുകൾ ശാരദയുടെ വകയായിരുന്നു..

ടോമിച്ചന് ആ സ്ത്രീയോട് എന്തെന്നില്ലാത്ത ദേഷ്യം തോന്നി.. അവർ ഇവളുടെ അമ്മ തന്നെയല്ലേ എന്ന ചോദ്യമാണ് അവന്റെ മനസ്സിൽ ഉയർന്നത്.. അവൻ രാധികയെ നോക്കി..

അവളുടെ കണ്ണുകൾ നിറഞ്ഞിട്ടുണ്ട്.. ഈ പണികൾക്കു പുറമെ കുത്തുവാക്കുകളും.. ആരുടെ മനസാണ് ഇതുകൊണ്ട് നീറാതിരിക്കുക... അവളുടെ കണ്ണുനീർ അവന്റെ ഉള്ളിലും ചെറിയ നീറ്റലുണ്ടാക്കി..

സാരില്ല എന്നരീതിയിൽ അവൻ അവളെ കണ്ണടച്ച് കാണിച്ചു..

"രാധിക ഒന്ന് പോയി കിടക്കു.. ഒന്നുറങ്ങി എഴുന്നേൽക്കുമ്പോ എല്ലാം ഒക്കെ ആകും.. " അവൻ രാധികയെ നോക്കി പറഞ്ഞു..

"വേണ്ട.. നിക്ക് കുഴപ്പൊന്നുല്യ.." അവൾ തല കുമ്പിട്ടാണ് അത് പറഞ്ഞത്..

ടോമിച്ചൻ പിന്നെ ഒന്നും പറഞ്ഞില്ല.. തിരിഞ്ഞു ശാരതയെ നോക്കി..

"ചേച്ചി.. ഞാൻ വന്നത്... " അവൻ എങ്ങനെ കാര്യം അവരുടെ മുമ്പിൽ അവതരിപ്പിക്കും എന്ന ചിന്തയിൽ അവനു വാക്കുകൾ കിട്ടിയില്ല.. ആ സ്ത്രീയുടെ അഹങ്കാരത്തിൽ അവനു ദേഷ്യം തോന്നിയെങ്കിലും രാധികയുടെ അവസ്ഥ അവനെ വല്ലാതെ നൊമ്പരപ്പെടുത്തി..

"അറിയാം മോനെ.. ഈ പറമ്പും വീടും മോന്റെ അച്ഛന്റെ കയ്യിൽ പനയത്തിലാണ്.. കുറെ കാലമായി പണം ഒന്നും ഞങ്ങൾ അടച്ചിട്ടുമില്ല... അതിന്റെ കാര്യം പറയാനാ വന്നത് എന്ന് മനസ്സിലായി.. " ശാരദ പെട്ടെന്ന് പറഞ്ഞു..

"അല്ല... പണം തരാൻ നിങ്ങൾ എന്തേലും മാർഗം കണ്ടിട്ടുണ്ടോ.. " അവൻ ചോതിച്ചു..

"എങ്ങനെ തരാൻ.. ഇവിടെങ്ങനെയാ ജീവിക്കാണെന്നു എനിക്കെ അറിയൂ.. ഇവളുടെ അമ്മ മരിച്ചപ്പോൾ ഇവടെ അച്ഛൻ കെട്ടിക്കൊണ്ടുവന്നതാ എന്നെ.. പുള്ളി തളർന്നു കിടപ്പിലുമായി.. എന്നെക്കൊണ്ട് ഇനി ഒന്നും ചെയ്യാൻ പറ്റില്ല മോനെ.. നിങ്ങളെന്താന്നുവെച്ചാ ചെയ്തോ.. എനിക്ക് എതിർപ്പൊന്നുമില്ല.. " അവർ ഒരു ഒഴുക്കൻ മട്ടിൽ മറുപടി പറഞ്ഞു...

"അപ്പൊ ഇവരെയും കൂട്ടി ചേച്ചി എങ്ങോട്ടു പോകും.." അവന്റെ മുഖത്ത് ആശ്ചര്യവും വിഷമവും ഉണ്ടായിരുന്നു.. കൂടാതെ ഇവർ രാധികയുടെ യഥാർത്ഥ അമ്മ അല്ല എന്നും അവനു മനസിലായി.. രണ്ടാനമ്മയാണ്..

"ഇവരെ കൂട്ടി എങ്ങോട്ട് പോകാൻ.. എനിക്ക് ഒരു വീടുണ്ട്... ഞാനെന്തായാലും അവിടെ എന്റെ അമ്മേടേം അച്ഛന്റേം കൂടെ പോയി നിക്കും.. കഷ്ടപ്പെട്ടാണേലും ജീവിക്കും.. അതിനിടയിൽ ഇവളേം ആ തളർന്ന മനുഷ്യനെയും കൂടി ഏറ്റെടുക്കാൻ എനിക്ക് വയ്യ.. " അവർ അല്പം വിഷമം നടിച്ചാണ് അത് പറഞ്ഞത്..

"അപ്പൊ ഇവരെന്തു ചെയ്യും ചേച്ചി.. "

"ആരോരും ഇലാത്തവർക്കു ഭഗവാൻ തുണ ഉണ്ടാകും എന്നല്ലേ.. ഇവരെ ദൈവം കാത്തോളും.. പിന്നെ പഠിക്കാൻ പോണ സമയത്തു വല്ല അടുക്കള പണിക്കാണേലും പോയി കുറച്ചു കാശുണ്ടാക്കി കടം വീട്ടാൻ ഞാൻ ആവുന്നതും പറഞ്ഞതാ... അപ്പൊ

അവളുടെ ഒരു പഠിക്കാൻ പോക്ക്.. പഠിച്ചു വല്യ കോണാണ്ടറായി കാശ് ഉണ്ടാക്കാനായിരിക്കും ഇവളുടെ വിചാരം" ശാരദയുടെ വാക്കുകളിൽ രാധികയോടുള്ള വെറുപ്പ് പ്രകടമായിരുന്നു..

"അതിനെന്നാ ചേച്ചി... അവൾ നന്നായി പഠിക്കുന്ന കുട്ടിയാ... പഠിച്ചു ഒരു നിലയിലെത്തിയാൽ അതിന്റെ ബെനിഫിറ്റ് ഈ വീടിനു തന്നെയല്ലേ... " അവൻ പറഞ്ഞു നോക്കി..

"ആ.... എന്നാ അവൾ ഇനി തെരുവിലിരുന്നു പഠിക്കട്ടെ... "

അവരുടെ മുഖമടച്ചൊന്നു കൊടുക്കാനാ ടോമിച്ചന് തോന്നിയത്.. പിന്നെ അവൻ സ്വയം നിയന്ത്രിച്ചു..
അവൻ തിരിഞ്ഞു രാധികയുടെ മുഖത്തേക്ക് നോക്കി.. അവൾ ഇപ്പോഴും തല കുമ്പിട്ടു തന്നെ ഇരിക്കുകയാണ്.. പക്ഷെ ആ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ട്... ഒരരുവി കണക്കെ ഒഴുകി ഇറങ്ങുവാണ്.. നാളെ ഇറങ്ങേണ്ടി വന്നാൽ തളർന്നുകിടക്കുന്ന അച്ഛനെയും കൂട്ടി എങ്ങോട്ട് പോകും എന്ന ചിന്തയായിരിക്കും ആ മനസിനെ ഉലക്കുന്നത്.. ഈ പ്രായത്തിൽ അവൾ എന്തുചെയ്യാനാണ്... ഈ കഷ്ടപാടുകൾക്കു നടുവിൽ പിടിച്ചുനിക്കുന്ന ഈ പെണ്ണാണ് യഥാർത്ഥ സ്ത്രീ എന്നവന് തോന്നിപ്പോയി.. അവളെ ചേർത്തുപിടിച്ചു ആശ്വസിപ്പിണം എന്നവനുണ്ടായിരുന്നെങ്കിലും അവൻ സ്വയം നിയന്ത്രിച്ചു..

ഇപ്പൊ ഒന്നും ചെയ്യാൻ തനിക്കാവില്ല എന്നവനറിയാമായിരുന്നു.. എന്നിരുന്നാലും അവൾക്കു അല്പമെങ്കിലും സന്തോഷം നല്കാനായാൽ അത് തന്റെ ഭാഗ്യമാണെന്നു അവനു തോന്നി.. ഇനിയും അവളുടെ കണ്ണുനീർ കണ്ടുനിൽക്കാൻ കഴിയാതെ അവൻ എഴുന്നേറ്റു..

എന്നാ ചേച്ചി.. ഞാൻ ഇറങ്ങുവാ.. എന്തായാലും ഞാൻ ഒന്ന് നോക്കട്ടെ... " അവൻ ശാരദയുടെ മുഖത്തുനോക്കി പറഞ്ഞു..

"എന്നാ ശരി.. എന്തായാലും ഇവിടെ നിങ്ങള്ക്ക് തരാൻ കാശൊന്നുമില്ല.. ഇഷ്ടമുള്ളത് ചെയ്തോളാൻ അച്ഛനോട് പറഞ്ഞേക്കു.. " അതും പറഞ്ഞു ശാരദ അകത്തേക്ക് പോയി...

ടോമിച്ചൻ തിരിഞ്ഞുനടന്നു... രാധികയുടെ മുഖത്തുനോക്കി യാത്ര പറയണം എന്നവന് തോന്നി.. എന്നാലും കണ്ണീരൊഴുക്കിനിക്കുന്ന അവളുടെ മുഖം അവന്റെ മനസിനെ ഇപ്പൊ കീറി മുറിക്കുന്നു.. അവളെ അറിയാതെ താൻ ഇഷ്ടപെട്ടുപോവുകയാണോ.. അതോ സഹതാപമോ.. അവന്റെ മനസിലെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ അവനു കഴിഞ്ഞില്ല.. ഇപ്പൊ ഒരാശ്വാസവാക്കുപോലും പറയാതെ താൻ ഈ പടിയിറങ്ങിയാൽ.... മറ്റു മാർഗങ്ങൾ തെളിയാതെ എന്നേലും കടുംകൈ ചെയ്യണമെന്ന് അവൾക്കു തോന്നിയാൽ... അവന്റെ കാലുകൾ പെട്ടന്ന് ചലമറ്റു നിന്നു... അവൻ ഒന്ന് തിരിഞ്ഞു നോക്കി.. അവളുടെ നിറഞ്ഞ കണ്ണുകൾ അവനിൽ തന്നെ ആണ്.. അവൻ തിരിഞ്ഞപ്പോൾ അവൾ മുഖം കുനിച്ചു... ടോമിച്ചൻ അവളുടെ അടുത്തേക്ക് ചുവടുകൾ വച്ചു.. അവന്റെ കരങ്ങൾ അരപ്ലെസിൽ ഇരുന്ന അവളുടെ കരങ്ങളിൽ അമർന്നു.. കൂടെ ഞാനുണ്ട് എന്ന് പറയാണപോലെ...

അവൾ ഞെട്ടി കണ്ണുകൾ ഉയർത്തി നോക്കി... പുഞ്ചിരിയോടെ ടോമിച്ചൻ തന്റെ കണ്ണുകളിൽ നോക്കുകയാണ്.. നിറഞ്ഞ അവളുടെ കണ്ണുകൾ അവൻ കൈകളാൽ ഒപ്പിയെടുത്തു...

"രാധിക പേടിക്കണ്ടാ.. ഈ വീട് നഷ്ടപ്പെടുന്നതിനെ കുറിച്ചോ എങ്ങോട്ടു പോകും എന്നതിനെക്കുറിച്ചോ ഓർത്തു വിഷമിക്കണ്ട.... എല്ലാം ശരിയാകും.. അല്ലെ നമ്മുക്ക് ശരിയാക്കാടോ... " അവൻ പുഞ്ചിരിയോടെ അതുപറഞ്ഞു അവളുടെ കവിളിൽ ഒന്ന് തലോടി..

ടോമിച്ചൻ നടന്നുപോകുന്നത് നിറകണ്ണുകളോടെ അവൾ നോക്കി നിന്നു.. ഇതിലും വലിയ സാന്ത്വനം... ആശ്വാസം തനിക്കു ലഭിക്കാനില്ല.. അവന്റെ കരങ്ങളുടെ തലോടൽ നൽകിയ സുഖം... അത് മനസിനെകിയ കുളിരു... ആ വിഷമത്തിനിടയിലും അവളുടെ മുഖത്ത് പുഞ്ചിരി നിറച്ചു... അവൾ തിരിഞ്ഞു റൂമിലേക്കോടി.. അവിടെ അവളുടെ കണ്ണന്റെ രൂപത്തിന് മുന്നിൽ തല കുമ്പിട്ടു അവൾ ഇരുന്നു.. അവൾ കരങ്ങളാൽ ആ രൂപം കൈകളിൽ എടുത്തു നെഞ്ചോട് ചേർത്തുപിടിച്ചു.. അവളുടെ കണ്ണുനീർ ആ വിഗ്രഹത്തിലൂടെ ഊർന്നിറങ്ങുന്നുണ്ടായിരുന്നു..

......

കലുഷിതമായ മനസിനെ സാന്ത്വനിപ്പിക്കാണെന്നോണം മോളമ്മയുടെ മടിയിൽ തല ചായ്ച്ചു കിടക്കുകയായിരുന്നു ടോമിച്ചൻ... അവന്റെ മനസ്സിൽ ഇപ്പൊ ഒരേ ഒരു മുഖമേ ഉണ്ടായിരുന്നുള്ളു.. രാധികയുടെ... ഒരേ ഒരു ചിന്തയെ ഉണ്ടായിരുന്നുള്ളു.. അവളെ എങ്ങനെ സഹായിക്കാൻ കഴിയും എന്നത്.. അവന്റെ മനസ് പല വഴികൾ തേടിക്കൊണ്ടിരുന്നു.. മകന്റെ പതിവില്ലാത്ത മൗനവും മുഖത്തെ പ്രസന്നതായില്ലായ്മയും മോളമ്മക്കു പെട്ടെന്ന് മനസിലായി..

"മുത്തെ... എന്നാ കാര്യം... നീ വന്നപ്പോ മുതൽ ഞാൻ ശ്രദ്ധിക്കുന്നതാ.. എന്നോട് പറയാൻ പറ്റാത്ത എന്ത് പ്രശ്നാ നിനക്കുള്ളത്.. " മോളമ്മയുടെ ചോദ്യം അവനെ ചിന്തകളില്നിന്നുണർത്തി...

"എന്റെ മോളമ്മയോട് പറയാൻ പറ്റാത്ത ഒരു പ്രശ്നവും ഇല്ല.. അല്ലേൽ ഇത് മോളമ്മയോട് മാത്രേ പറയാൻ പറ്റൂ... മോളമ്മ എന്നെ സഹായ്ക്കുവോ.." അവൻ അല്പം സംശയത്തോടെ ചോതിച്ചു..

"നീ പറ.. നമ്മുക്ക് പരിഹാരം ഉണ്ടാക്കാം.. " മോളമ്മ അവനു ധൈര്യം നൽകി..

"മോളമ്മേ.. ഞാൻ പറഞ്ഞില്ലായിരുന്നോ എന്റെ ക്ലാസിൽ പഠിക്കുന്ന രാധികയെ പറ്റി... ഇന്ന് ഞാൻ പോയത് അവളുടെ വീട്ടിലാ.. അവളുടെ അപ്പനാ നമ്മുക്ക് കാശ് തരാനുള്ളത്.. ഇന്നിവിടെ പോയപ്പോ.. അവളുടെ കഷ്ടപാടുകളൊക്കെ കണ്ടപ്പോ.. എന്തോപോലെ... ഒരു പാവം പെണ്ണാ അത് മോളമ്മേ... നമ്മള് കാരണം അവൾ അവിടുന്ന് ഇറങ്ങേണ്ടിവന്നാൽ എത്ര സമ്പാദിച്ചാലും എന്നാ കാര്യം.. " അവൻ വിഷമത്തോടെ പറഞ്ഞു..

"അതെന്താ... അത്രയ്ക്ക് കഷ്ടപാടാണോ ആ പെണ്ണിന്.. " മോളമ്മ അവന്റെ മുടിയിഴകളിൽ പതിയെ തലോടി..

"അതേന്നെ.... ഉള്ളത് തളർന്നുകിടക്കുന്ന ഒരച്ഛനും രണ്ടാനമ്മയും... ആ സ്ത്രീ അവിടുന്ന് ഇറങ്ങേണ്ടി വന്നാൽ അവരുടെ വീട്ടിൽ പോകും.. പിന്നെ അവളൊറ്റക്കു അച്ഛനെയുംകൊണ്ടു എങ്ങോട്ടു പോകും.. ഞാൻ ചെല്ലുമ്പോൾ ദൂരെന്നെവിടുന്നുണ്ടാണ് പുല്ലും ചുമന്നോണ്ട് വരുവാ ആ പാവം.. എത്തിയപ്പോഴേക്കും തളർന്നു വീണു... എന്ത് കഷ്ടാ മോളമ്മേ അതിന്റെ ജീവിതം.. "

"അതിനിപ്പോ നമ്മളെന്നാ ചെയ്യാനാ മുത്തെ.. നിന്റെ പപ്പയുടെ സ്വഭാവം നിനക്കറിയാവുന്നതല്ലേ.. ".. മോളമ്മ കൈ മലർത്തി..

"മോളമ്മേ.. ഞാനൊരു കാര്യം പറഞ്ഞാ സമ്മതിക്കുമോ... "

"ആദ്യം എന്നാണെന്ന് കേക്കട്ടെ... "

"മോളമ്മയുടെ അക്കൗണ്ടിൽ കുറച്ചു കാശ് കടപ്പില്ലേ അപ്പച്ചൻ തന്നത്... അതിൽനിന്ന് ഒരു അഞ്ചുലക്ഷം രൂപ എനിക്ക് താ..." അവൻ അതും പറഞ്ഞു മോളമ്മയുടെ മുഖത്തേക്ക് നോക്കി..

"എനിക്ക് തോന്നി നീ പറഞ്ഞു പറഞ്ഞു അങ്ങോട്ടേക്കാ കേറുന്നതെന്നു... എനിക്ക് പ്രശ്നമൊന്നുമില്ല... ഒരു നല്ല കാര്യത്തിനല്ലേ.. പക്ഷെ നിന്റപ്പനറിഞ്ഞാ എന്നെ കൊന്നു കളയും.."

"ഇല്ല... പപ്പാ അറിയില്ല... അതു ഞാൻ വേണ്ട രീതിയിൽ കൈകാര്യം ചെയ്തോളാം. " അവൻ അതും പറഞ്ഞു അമ്മയുടെ കവിളിൽ അമർത്തി ചുംബിച്ചു... മോളമ്മ അവനെ നെഞ്ചോടു ചേർത്ത് പിടിച്ചു...

"അല്ല... എനിക്ക് മരുമോളായി ആ പെണ്ണിനെ കൊണ്ടുവരാനുള്ള പരിപാടിയാണോ... " അവൾ ചിരിച്ചുകൊണ്ട് ചോതിച്ചു..

"നോക്കാം.." അവൻ ചിരിയോടെ തന്നെ മറുപടിയും നൽകി..

"മോനെ.. നിന്റപ്പൻ ബ്ലേഡ് തോമാച്ചൻ മോന്റെ കയ്യും കാലും തല്ലിയോടിച്ചിടും ഇവിടെ അങ്ങേരറിഞ്ഞാൽ.. " അവൾ ഒരു താക്കീതുപോലെ പറഞ്ഞു..

"നമ്മുക്ക് നോക്കാം മോളമ്മേ.." അവൻ സന്തോഷത്തോടെ അമ്മയുടെ മടിയിൽ തല വെച്ച് കിടന്നുറങ്ങി..

...

രാവിലെ കോളേജിൽ പോകാനുള്ള ഒരുക്കത്തിലായിരുന്നു ടോമിച്ചൻ.. അവന്റെ മനസ്സിൽ എന്തെന്നില്ലാത്ത ഉത്സാഹം തോന്നി.. രാധികയെ കാണണം എന്ന് മനസ് പറയുന്നതുപോലെ... അവൾ തന്റെ മനസിനെ വല്ലാതെ സ്വതീനിച്ചതായി അവനു തോന്നി..

മോളമ്മ അവനു മേടിച്ചു കൊടുത്ത ഒരു കടുംനീല ഷർട്ടു ആണ് അവൻ ഇട്ടതു.. അവന്റെ വെളുപ്പ് നിറത്തിന് അതുനല്ല ചേർച്ച ആയിരുന്നു..

ടോമിച്ചൻ നേരെ കിച്ചനിലേക്കു പോയി.. മോളമ്മ നല്ല ദോശ ചുടുവാണ്.. അവൻ വേഗം രണ്ടു ദോശ പ്ലേറ്റിൽ ഇട്ടു നല്ല തേങ്ങാ ചമ്മന്തിയും ഒഴിച്ച് കഴിക്കുവാൻ തുടങ്ങി...

"ഓഹ്... എന്റെ മോളമ്മേ... ഒരു രക്ഷയുമില്ല ട്ടോ.. എന്താ ടേസ്റ്റ്.. " അവൻ ആസ്വദിച്ചു കഴിച്ചുകൊണ്ടു പറഞ്ഞു...

"അതികം പതപ്പിക്കല്ലട മോനെ.. എന്നാ കാര്യം എന്നുവച്ചാ പറ.. "

"അത് മോലമ്മേ... ഇന്ന് സമയം കിട്ടുമ്പോ മോളമ്മ പോയി ഇന്നലെ പറഞ്ഞ ആ ക്യാഷ് എടുത്തു വെച്ചേക്കണം... " അവന്നതും പറഞ്ഞു പെട്ടെന്ന് കഴിച്ചു...

"മ്... അതൊക്കെ എടുത്തു വെച്ചേക്കാം.. അവസാനം ഞാൻ പ്രശ്നക്കാരിയാവരുത്.. പറഞ്ഞേക്കാം.. "

അതോന്നുമില്ല എന്റെ പൊന്നമ്മേ.." അവൻ അതും പറഞ്ഞു മോളമ്മക് ഒരു ഉമ്മയും നൽകി ഇറങ്ങി..

"മുത്തെ... നീ ഇന്നലെ പോയ കാര്യം എന്നായി.. അവരെന്നാ പറഞ്ഞെ... " ഹാളിൽ പത്രം വായിച്ചുകൊണ്ടിരിക്കുകയായിരുന്ന തോമാച്ചൻ മകനെ കണ്ടപ്പോൾ ഗൗരവപൂർവ്വം ചോതിച്ചു..

"അത് അവർ രണ്ടുദിവസത്തിനുള്ളിൽ തരാമെന്നു പറഞ്ഞിട്ടുണ്ട്.. അവിടുത്തെ ചേച്ചിയുടെ വീടിന്റെ വിഹിതമായി കുറച്ചു പണം കിട്ടിയിട്ടുണ്ടെന്നു.. അവിടുത്തെ കുട്ടി എന്റെ ക്ലാസ്സിലാ പഠിക്കുന്നതു.. ഞാൻ ചോതിച്ചു ക്യാഷ് മേടിച്ചുകൊണ്ടു വന്നോളാം.. പപ്പാ എന്റെ കയ്യിൽ അവരുടെ ആധാരം തന്നാ മതി... " അവൻ സാധാരണപോലെ പറഞ്ഞു..

മ്.. മറുപടിയായി അയാൾ ഒന്ന് മൂളുക മാത്രം ചെയ്തു.. ടോമിച്ചൻ പിന്നവിടെ നിക്കാതെ വെളിയിലിറങ്ങി ബുള്ളറ്റും എടുത്തു പോയി..
ടൗണിൽ സ്ഥിരമായി നിൽക്കുന്നിടത്തുതന്നെ റിയാസ് ഉണ്ടായിരുന്നു.. അവനെ കണ്ടപ്പോൾ ടോമിച്ചൻ ബൈക് നിർത്തി.. റിയാസ് പുറകിൽ കയറി..

"അളിയാ... ഇതെന്നാ വേഷവാടാ.. ഈ ലൂക്കിലൊക്കെ നീ കോളേജിൽ ചെന്നാ പെണ്ണുങ്ങളൊക്കെകൂടി നിന്നെ കടിച്ചു തിന്നും.. നിന്റെയൊക്കെ തലേ വരച്ച പേനകൊണ്ടു എന്റെ ആസനത്തിലൊരു കുത്തിട്ടാ മതിയായിരുന്നു... " റിയാസ് ഒരു നെടുവീർപ്പോടെ പറഞ്ഞു..

" രാവിലെ തുടങ്ങിക്കോ വാണതരം പറയാൻ.. " ടോമിച്ചൻ ചിരിച്ചുകൊണ്ട് പറഞ്ഞു..

കോളേജിൽ എത്തുമ്പോൾ പതിവുപോലെ കടുക്കളെല്ലാം പുറത്തുണ്ടായിരുന്നു... പക്ഷെ ടോമിച്ചന്റെ കണ്ണുകൾ തിരഞ്ഞത് രാധികയെ ആയിരുന്നു... അവനതു കണ്ടെത്താനായില്ല.. ക്ലാസ്സിലായിരിക്കും... അവളങ്ങനെ പുറത്തേക്കൊന്നും വരാറില്ലല്ലോ... അവൻ അതും ചിന്തിച്ചു മുന്നോട്ടു നടക്കുമ്പോൾ എതിരെ വരുന്നു മാളവിക... കോളേജിലെ ഏറ്റവും കാണാൻകൊള്ളാവുന്ന പെണ്ണ് എന്നൊരു അഹങ്കാരം അവൾക്കുണ്ട്.. അന്ന് രാധികയെ കളിയാക്കിയപ്പോൾ മുതൽ അവന്റെ ഉള്ളിൽ അവളോട് ഒരു ദേഷ്യം തോന്നിയിരുന്നു.. അവൾക്കു തന്റെ മുന്നിൽ കുറച്ചു ഇളക്കമുണ്ടെന്നു അവനറിയാം.. അവൾ അവനെ നോക്കി ചിരിച്ചുകൊണ്ടാണ് വരുന്നത്.. അവൻ ദേഷ്യം പുറത്തുകാണിക്കാതെ ഒരു പുഞ്ചിരി മുഖത്ത് വരുത്തി..

"ഹായ് ടോമിച്ചാ... ഇന്ന് ചുള്ളനായാണല്ലോ വരവ്.." അവൾ പുഞ്ചിരിയോടെ പറഞ്ഞു..

" നമ്മളൊക്കെ എന്ത്... കാണാനൊക്കെ നല്ലതാണെന്നു തോന്നണെങ്കിൽ ഇങ്ങനെ ഒരുങ്ങി ഒക്കെ വരണം.. " അവൻ മറുപടി നൽകി.

"അയ്യോടാ... "

"ഡാ.. എനിക്ക് നിന്നോട് ഒരു കാര്യം പറയാനുണ്ട്... " അവൾ അല്പം നാണത്തോടെയാണ് അത് പറഞ്ഞത്..

"എന്താ... പറഞ്ഞോ..." അവൻ ആകാംഷയോടെ ചോതിച്ചു..

"അതിങ്ങനെ പറയാനുള്ള കാര്യമല്ല... നിന്നോട് മാത്രം ഒരു പ്രത്യേക മൂടിലിരുന്നു പറയണം.. " അവൾ അവന്റെ കണ്ണുകളിൽ നോക്കിയാണ് അത് പറഞ്ഞത്...

"ഓ... അപ്പൊ ഞാൻ മാറിത്തരണായിരിക്കും..." റിയാസ് ഇടയ്ക്കു കയറി..

" എന്നാ നീ സമയം പോലെ പറഞ്ഞാ മതി.. ഇപ്പൊ നല്ല വിശപ്പ്.. കാന്റീനിൽ പോയി എന്തേലും ഒന്ന് കഴിക്കട്ടെ.. " അതും പറഞ്ഞു അവളുടെ മറുപടി കാത്തുനിക്കാതെ അവൻ തിരിഞ്ഞു നടന്നു.. റിയാസ് പുറകെയും..

" അതെന്നായാലും നന്നായി... രാവിലെ ഒന്നും കഴിച്ചില്ല... വയറു തള്ളക്കു വിളിക്കുന്നു... " റിയാസ് ആശ്വാസത്തോടെ പറഞ്ഞു..

"അയ്യടാ... അത് ഞാൻ അവളെ ഒഴിവാക്കാൻ പറഞ്ഞതാ... "

"അളിയാ... ഒരുമാതിരി കുണ്ണത്തരം പറയരുത്... ഒരു ചായയും ബോണ്ടയും എന്റെ ആമാശയം പ്രതീക്ഷിച്ചു പോയി.. ഇനി കൊടുക്കാതിരിക്കാൻ പറ്റില്ല... നിനക്ക് വേണ്ടേൽ നീ കഴിക്കേണ്ട.. ഞാൻ കഴിക്കുന്നതിന്റെ കാശ് കൊടുത്ത മതി.. നീ നട അളിയാ... " റിയാസ് ക്യാന്റീനിലേക്കു നടന്നു.. ഒരു ചിരിയോടെ ടോമിച്ചനും..

"ഹേയ്... രായപ്പൻ ചേട്ടാ... പോളപ്പനായി രണ്ടു ചായ.." കാന്റീനിൽ അവൻ പാത്രം കഴുകുവായിരുന്ന രാജപ്പൻ ചേട്ടനോട് വിളിച്ചുപറഞ്ഞു.. കാന്റീൻ നടത്തുന്നത് രാജപ്പൻ

ചേട്ടനും ഭാര്യ തങ്കമ്മയുമാണ്.. പുള്ളിക്ക് ഒരു 55 വയസും താങ്കമ്മക്കു ഒരു 48 വയസും കാണും.. രണ്ടുപേരും കറുത്തിട്ടാണ്.. തങ്കമ്മ കറുത്തതാണേലും കാണാൻ ശേലുള്ള ഒരു മുതലായിരുന്നു... നല്ല തടിയും അതിനൊത്ത മുലയും കുണ്ടിയും..

തങ്കമ്മ നല്ല ബോണ്ട ഉണ്ടാക്കുകയാണ്... റിയാസിന്റെ കണ്ണ് അവളുടെ ശരീരത്തെ പരതി നടന്നു..

"തങ്കമ്മ ചേച്ചീ.. ചേച്ചീടെ രണ്ടു മുഴുത്ത ബോണ്ട ഇങ്ങു താ... നല്ല വിശപ്പ്.. " റിയാസ് വിളിച്ചു പറഞ്ഞു.. പാത്രം കഴുകുകയായിരുന്ന രാജപ്പൻ റിയാസിനെ നോക്കി ഒന്ന് ഇരുത്തി മൂളി..

തങ്കമ്മ ഒരു ചിരിയോടെ രണ്ടു ബോണ്ട പ്ലേറ്റിൽ അവരുടെ മുന്നിൽ വെച്ചു....

"ഇതെന്നാ തങ്കമ്മ ചേച്ചി ഇങ്ങനിരിക്കുന്നെ..." റിയാസ് ബോണ്ടായിലേക്കു നോക്കി ചോതിച്ചു..

"എങ്ങനെ... " താങ്കമ്മയുടെ മധുരമായ സ്വരം..

"അല്ല.. ഇതെന്നാ ഇങ്ങനെ കരിഞ്ഞിരിക്കുന്നെ... " ബോണ്ട ചില ഭാഗങ്ങളിൽ ചെറുതായി കരിഞ്ഞിട്ടുണ്ടായിരുന്നു...

"നീ വേണേ കഴിക്കടാ... പുറത്തുള്ളതിനേക്കാൾ ഒരു രൂപ കുറച്ച ഞാൻ തരുന്നെ.. " ഉത്തരം വന്നത് രാജപ്പന്റെ വായില്നിന്നുമാണ്...

നല്ല വിശപ്പുണ്ടായിരുന്നതിനാൽ റിയാസ് ഒന്നും പറയാതെ കേറ്റി..

" കരിഞ്ഞതാണേലും താങ്കമ്മച്ചേച്ചീടെ ബോണ്ടക്കു നല്ല മുഴുപ്പും രുചിയുമാ ട്ടോ ചേച്ചി.." അവൻ താങ്കമ്മയെ നോക്കി ഒന്നിരുത്തി പറഞ്ഞു...
തങ്കമ്മ ഒരു വശ്യമായ ചിരിയോടെ റിയാസിനെ നോക്കി.. രാജപ്പൻ വീണ്ടും ഇഷ്ടപ്പെടാത്ത മട്ടിൽ റിയാസിനെ നോക്കി..

"നീ ഒന്ന് വേഗം കഴിച്ചേ.." ടോമിച്ചൻ റിയാസിന്റെ തലയ്ക്കു തട്ടി പറഞ്ഞു..

ക്ലാസ്സിലെത്തി ടോമിച്ചന്റെ കണ്ണുകൾ ആദ്യം പോയത് രാധിക ഇരിക്കുന്ന ഭാഗത്തേക്കാണ്.. ഒരു ചുവന്ന ചുരിതാറും ഉടുത്തു തല കുമ്പിട്ടു അവൾ അവിടെ ഇരിക്കുന്നു... അവന്റെ സാന്നിധ്യം അറിഞ്ഞതുകൊണ്ടാകാം അവളുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നിട്ടുണ്ട്..

പെട്ടെന്ന് വിദ്യാനന്ദൻ സാർ ക്ലാസിലേക്ക് വന്നു.. അവരുടെ എച് ഒ ഡി ആണ് സാർ... ഒരു 40 വയസു തോന്നിക്കുന്ന മനോഹരനായ ഒരു മധ്യവയസ്കൻ.. രാധികയോട് ഒരു പ്രത്യേക വാത്സല്യം അയാൾക്കുണ്ടായിരുന്നു... പ്രിൻസിപാളിനെപോലെ അവളുടെ കാര്യങ്ങൾ അയാൾക്കും അറിയാം... അതുകൊണ്ടുതന്നെ ചെറിയ രീതിയിലുള്ള സഹായങ്ങളും അയാൾ അവൾക്കു ചെയ്യുമായിരുന്നു..

മുന്നിലെ നിരയിൽ മാളവികയും കൂടെ മൂന്നു പെണ്കുട്ടികളുമാണ് ഇരുന്നത്.. സാധാരണ ഒരു നിരയിൽ മൂന്നു പേരാണ്... അതുകൊണ്ടു അവർ അല്പം തിങ്ങിയാണ് ഇരുന്നിരുന്നത്...

"നിങ്ങളെന്തിനാ ഇങ്ങനെ കഞ്ചസ്റ്റഡ് ആയി ഇരിക്കുന്നെ... ഒരാൾക്ക് പുറകിൽ ഇരുന്നുകൂടെ.. അവിടെ രണ്ടുപേരല്ലേ ഉള്ളു.. " മാളവികയെ നോക്കിയാണ് സാർ അത് പറഞ്ഞത്...

"അതുവേണ്ട സാർ.. അവിടം മുഴുവൻ ചാണാൻ മണമാണ്... എനിക്ക് ശർധിക്കാൻ വരും. " അവൾ അത് പറഞ്ഞു തിരിഞ്ഞു രാധികയെ ഒന്ന് ഇരുത്തി നോക്കി... അവൾ തല കുമ്പിട്ടിരിക്കുകയാണ്..

രാധികയെ ആണ് അവൾ ഉദ്ദേശിച്ചത് എന്ന് വിദ്യാനന്ദന് മനസിലായി.. അയാൾ അവളെ നോക്കി.. തല കുമ്പിട്ടാണ് ഇരിക്കുന്നതെങ്കിലും കണ്ണുകളിലെ നനവ് കാണാമായിരുന്നു ..

ടോമിച്ചനും അവളെ നോക്കി... അവളുടെ വിഷമം അവന്റെ ഉള്ളിൽ വല്ലാത്ത വേദന ഉണ്ടാക്കുന്നുണ്ടായിരുന്നു... എഴുന്നേറ്റു ചെന്ന് മാളവികയുടെ ചെകിട്ടത് ഒന്ന് പൊട്ടിച്ചാലോ എന്നുവരെ അവനു തോന്നിപ്പോയി...

"അയ്യേ... അതിനെന്നാ... ഏറ്റവും സുന്ദരമായ ഈ പ്രകൃതിക്കു.. നമ്മുക്ക് അന്നം തരുന്ന ഈ മണ്ണിനു ഊർജം നൽകുന്ന ഒരു വസ്തുവാണ് ചാണകം... അതിനെ അങ്ങനെ പുച്ഛിക്കരുത്... അല്ലെ ടോമിച്ചാ... " സാർ അതും പറഞ്ഞു ടോമിച്ചനെ നോക്കി.. അവൻ ഒന്ന് ചിരിച്ചു.. "നിനക്കിഷ്ടമാണോ ടോമിച്ചാ ചാണാതിന്റെ മണം.."

" പിന്നെ.. എനിക്കിഷ്ടമാണ് സാർ.. " അവൻ പുഞ്ചിരിയോടെ മറുപടി നൽകി...

"എന്ന നാളെമുതൽ മേത്തു കുറച്ചു ചാണാനും തൂത്തു വാടാ... " കമന്റ് റിയാസിന്റെ വക ആയിരുന്നു...

ക്ലാസിൽ കൂട്ടച്ചിരി...

"വേണേ രാധികയുടെ അടുത്തിരുന്നു ആ മണം നല്ലോണം ആസ്വതിച്ചോ..." ടോമിച്ചന്റെ സ്വഭാവഗുണം അറിയാവുന്നതുകൊണ്ടും മാളവികക്കടക്കം ടോമിച്ചനോടുള്ള താത്പര്യം കൊണ്ടുമാണ് വിദ്യാനന്ദൻ അങ്ങനെ പറഞ്ഞത്...

അത് കേട്ടതെ ടോമിച്ചൻ എഴുനേറ്റു... അവൻ നേരെ ചെന്നത് രാധികയുടെ അടുത്തേക്കാണ്.. അവൾ തല ഉയർത്തി അവനെ നോക്കി... അപ്പോഴും കണ്ണുകളിൽ ചെറിയ ഒരു നനവുണ്ട്.. അവൻ ഒരു പുഞ്ചിരിയോടെ അവളോട് ചേർന്നിരുന്നു... മാളവിക ഇതൊട്ടും പ്രതീക്ഷിച്ചിരുന്നില്ല എന്ന് അവളുടെ മുഖഭാവം കണ്ടാൽ അറിയാം.. മരിയ അവളെ നോക്കി ഒരു പുച്ഛ ചിരി പാസാക്കി...

രാധിക ഒന്നും മനസിലാകാത്ത പോലെ ഇരിക്കുകയാണ്... അവൾ ആകെ അമ്പരപ്പിലായിരുന്നു... മനസുകൊണ്ട് ആഗ്രഹിച്ചിട്ടുണ്ടെങ്കിലും ഒരിക്കലും സംഭവിക്കുമെന്ന് കരുതിയതല്ല... തന്റെ ഇഷ്ടപുരുഷൻ തന്നോട് ചേർന്ന് ...മറ്റാരുടെയും കളിയാക്കലുകളെ വകവെക്കാതെ...

അവൾ അവന്റെ കണ്ണുകളിലേക്ക് നിറകണ്ണുകളോടെ നോക്കി... എന്താ എന്നയർത്ഥത്തിൽ അവൻ തലയിളക്കി ചോതിച്ചു... അവളുടെ കരങ്ങളിൽ കുളിരേകുന്ന ഒരു സ്പർശനം അവൾ അറിഞ്ഞു.. നോക്കിയപ്പോൾ അവളുടെ കരങ്ങളിൽ അവന്റെ കരങ്ങൾ അമർന്നിരിക്കുകയാണ്... അവൾ അവനെ നോക്കുമ്പോൾ ആ കരങ്ങളുടെ പിടുത്തം ഒന്നുകൂടി മുറുകി... അവന്റെ മുഖത്ത് ഒരു പുഞ്ചിരിയും വിടർന്നു...

"അതെ... ഇങ്ങനെ കൈകൾ കോർത്തു കാമിതാക്കളെപോലെ ഇരിക്കാനല്ല ഞാൻ പറഞ്ഞത്... " സാറിന്റെ പുഞ്ചിരിയോടെയുള്ള സ്വരം..

"സാരില്ല സാർ... ഇവളെന്റെ കാമുകി ആണെന്നുതന്നെ വിചാരിച്ചോ..." അവൻ അതും പറഞ്ഞു അവളുടെ വിരലുകളിൽ അവന്റെ വിരലുകൾ കോർത്തു...

അവൾ ചുറ്റിലും നോക്കി... എല്ലാവരും തങ്ങളെ തന്നെ അതിശയത്തിൽ നോക്കി നിക്കുവാണ്. .. മാളവിക കടന്നല് കുത്തിയ മുഖം കണക്കെ നോക്കുന്നു... അവൾ കൈ വിടുവിക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല... ബലത്തിൽ പിടിച്ചിരിക്കുക ആണ് ടോമിച്ചൻ...

പെട്ടെന്ന് തന്റെ ഇടുപ്പിൽ ഒരു നുള്ളു കിട്ടി അവൾ തിരിഞ്ഞു.. മരിയ ആണ്.. അവൾ ഒരു കള്ള ചിരിയോടെ നോക്കി കണ്ണിറുക്കി.. അപ്പോഴേക്കും ആകെ ഒരു വല്ലാത്ത അവസ്ഥയിൽ എത്തിയിരുന്നു രാധിക... എങ്കിലും ഉള്ളിൽ നിറഞ്ഞുപൊന്തുന്ന സന്തോഷത്തിരയിളക്കം അവൾ അറിയുന്നുണ്ടായിരുന്നു...

ആ ക്ലാസ്സ് മുഴുവൻ അവളുടെ കരങ്ങൾ അവന്റെ കരങ്ങൾക്കുള്ളിലായിരുന്നു... ആ ദിവസം മുഴുവനും ടോമിച്ചൻ ഇരുന്നതും അവൾക്കൊപ്പമായിരുന്നു.. .

...

ക്ലാസ് കഴിഞ്ഞു ഒരുമിച്ചു ബസ് സ്റ്റോപ്പിലേക്കു നടക്കുകയായിരുന്നു രാധികയും മരിയയും..

"അല്ല.... എന്നായിരുന്നു ഇന്ന്... പെണ്ണേ.. നീ അവനെ എങ്ങനെ വളച്ചടീ..." മരിയയുടെ ആകാംഷനിറഞ്ഞ ചോദ്യം..

"ഞാനാരെയും വളച്ചില്ല... " അവൾ പെട്ടെന്ന് പറഞ്ഞു..

"എന്തോ ഉണ്ടായിട്ടുണ്ട്... അല്ലേൽ അവൻ നിന്റെ അടുത്തുവന്നിരുന്നു കൈ കോർത്ത് പിടിച്... ഓ.. പെണ്ണേ നിന്റെ ഭാഗ്യം... എല്ലാവരും അവന്റെ ഒരു ചിരി കിട്ടാൻ... ഒരു നോട്ടം കിട്ടാൻ... ഒന്ന് മിണ്ടാൻ വ്രതം നോക്കി നടക്കുവാ... അപ്പൊ നീ അവന്റെ

കാമുകിയാണെന്നു അവൻ തന്നെ പറഞ്ഞിരിക്കുന്നു... നിന്നെ എല്ലാരും ഇപ്പൊ അസൂയയോടെ ആയിരിക്കും നോക്കുന്നെ... "

രാധിക ഒന്നും പറഞ്ഞില്ല... നടന്നത് മുഴുവൻ അവളോട് തുറന്നുപറയാണോ വേണ്ടയോ എന്ന ചിന്തയായിരുന്നു അവളുടെ മനസ് മുഴുവൻ... ഇവൾ തന്റെ ആകെയുള്ളൊരു കൂട്ടുകാരിയാണ്.. ആ അവളോട് ഒന്നും മറച്ചു വെക്കുന്നത് ശരിയല്ല എന്നവൾക്കു തോന്നി..

രാധിക അതുവരെ നടന്നത്... ടോമിച്ചൻ വീട്ടിൽ വന്നതും.. കടത്തിന്റെ കാര്യവും എല്ലാം അവളോട് തുറന്നുപറഞ്ഞു...

"ഞാൻ പറഞ്ഞതല്ലേ ടോമിച്ചൻ അടിപൊളിയാണ്.. അവൻ നിന്നെ സഹായിക്കാൻ എന്നേലും മാർഗം കാണും.. നീ പേടിക്കണ്ടാ.. പിന്നെ ഒരിക്കലും അവനെ വിട്ടുകളയല്ലേ മോളെ.. നിന്റെ ഭാഗ്യാ അവൻ.. " എല്ലാം കേട്ടപ്പോൾ മരിയ പറഞ്ഞു..

"ഞാനെങ്ങനാ അങ്ങനെ മോഹിക്ക... എന്നോട് സഹതാപം തോന്നീട്ടായിരിക്കും ഇങ്ങനൊക്കെ... അല്ലാണ്ട് എന്നോടൊക്കെ എങ്ങനാ പ്രേമം തോന്നുവാ... " രാധിക വിഷമത്തോടെ പറഞ്ഞു...

"ദേ പെണ്ണേ... ആവശ്യമില്ലാത്തതൊന്നും ചിന്തിക്കണ്ടാ... അവനു നിന്നെ ഇഷ്ടം തന്നാ... " രാധിക ഒന്നും പറഞ്ഞില്ല..

വീട്ടിലെത്തിയിട്ടും രാധികയുടെ മനസ് മുഴുവൻ ടോമിച്ചനായിരുന്നു... അവൾ എത്ര ശ്രമിച്ചിട്ടും അവനെ കുറിച്ചുള്ള ചിന്തകൾ മായ്ക്കാൻ കഴിയുന്നില്ല.. അവൾ റൂമിലെത്തി അവളുടെ കുഞ്ഞിക്കണ്ണന്റെ രൂപത്തിലേക്ക് നോക്കി..

"ദേ കണ്ണാ.. ഒന്നും നടക്കില്ലേ വെറുതെ ന്റെ മനസിനു ആശ തരല്ല് ട്ടോ.. ന്നാലും ന്നത്തെ ദിവസം നിക്കൊരിക്കലും മറക്കാൻ കഴിയില്യ ട്ടോ.. " അവൾ നാണത്തോടെ അതും പറഞ്ഞു അവളുടെ കൈ നോക്കി. ടോമിച്ചൻ പിടിച്ച ആ കൈ അവൾ അമർത്തി ചുംബിച്ചു...

"വന്നുകേറീട്ടു എന്നാ ചെയ്യുവാടീ അവിടെ... ഇവിടുത്തെ പണി ചത്ത നിന്റെ തള്ള വന്നു ചെയ്യുവോ... " ശാരദയുടെ ദേഷ്യത്തോടെയുള്ള വാക്കുകൾ അവളെ ഉണർത്തി... മരിച്ച തന്റെ അമ്മയെപ്പറഞ്ഞപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു... നിറകണ്ണുകളോടെ അവൾ കണ്ണന്റെ രൂപത്തിലേക്ക് ഒന്ന് നോക്കി തിരിഞ്ഞുനടന്നു...

....

പിറ്റേന്ന് നേരത്തെ കോളേജിൽ എത്തിയെങ്കിലും ടോമിച്ചന്റെ കണ്ണുകൾക്ക് രാധികയെ കണ്ടെത്താനായില്ല... താമസിച്ചു വരാറുള്ളതുകൊണ്ടു അവൻ അവൾ വരുമെന്ന വിചാരത്തിൽ കാത്തിരുന്നു.. അവന്റെ മനസിനെ അവനുതന്നെ മനസിലാക്കാൻ കഴിയുന്നുണ്ടായിരുന്നില്ല... അവൾ ക്ലാസിൽ ഇല്ലാത്തപ്പോ ഒരു മടുപ്പ് പോലെ.. മനസിന് ഭാരം കൂടുന്നതുപോലെ... മരിയ വന്നിട്ടുണ്ട്... അവളും രാധികയെ നോക്കി ഇരിക്കുവാണെന്നു അവളുടെ മുഖഭാവത്തിൽ നിന്നും വ്യക്തമാണ്.. സമയം

നീങ്ങുംതോറും അവന്റെ മനസ് കൈവിട്ടുപോയ്ക്കൊണ്ടിരുന്നു... ക്ലാസിൽ ശ്രദ്ധിക്കാൻ തോന്നുന്നില്ല.. ആകെ ഒരു തളർച്ച... ഇത് റിയാസ് ശ്രദ്ധിക്കുന്നുണ്ടായിരുന്നു..

"എന്നാടാ കോപ്പേ.. നീ ഇങ്ങനെ അണ്ടി പോയ അണ്ണാനെപോലെ ഇരിക്കുന്നെ... ഇടക്കിടക്ക് പുറകോട്ടു തിരിഞ്ഞുനോക്കുന്നുണ്ടല്ലോ... ആ പെണ്ണിനെ കാണാതോണ്ടാണോ... മോനെ... ആ ചാണാകേസൊക്കെ എടുത്തു തലയിൽ വെക്കണോ.. " അവന്റെ മൂടില്ലായ്മ കണ്ട റിയാസ് ചോതിച്ചു..

അതുകേട്ട് ടോമിച്ചന് കലിയാണ് വന്നത്... അവളെക്കുറിച്ചു മോശം പറയുന്നത് അവനു സഹിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല...

"ഡാ.. നീ അവളെക്കുറിച്ചു മാത്രം ഊമ്പിത്തരം പറയല്ലേ... "

"ഹ..ഹ... അപ്പൊ അങ്ങനെ വരട്ടെ... നിന്റെ മനസിലിരിപ്പു അറിയാനാ ഞാൻ അങ്ങനെ പറഞ്ഞെ.. അപ്പൊ മോൻ പ്രേമത്തിൽ കുടുങ്ങി അല്ലെ... ഞാനൊന്നും പറയുന്നില്ല... നിന്റെ ഇഷ്ടം അങ്ങാനാണേൽ ഇന്നുമുതൽ അവളെന്റെ ചങ്ക് പെങ്ങളാ... " റിയാസ് അവന്റെ തോളിൽ പിടിച്ചുകൊണ്ടു പറഞ്ഞു.. ടോമിച്ചൻ ഒന്ന് ചിരിക്കുക മാത്രം ചെയ്തു...

ഉച്ച ആയിട്ടും രാധികയെ കാണാത്തതിനാൽ അവൻ മരിയയുടെ അടുത്തേക്ക് ചെന്നു...

"അവളെന്ത്യേ.... ഇന്നെന്നാ വരാത്തെ.."

"എനിക്കറിയില്ലട... ഞാനും അതാ ആലോചിക്കുന്നെ... " അവൾ മറുപടി നൽകി..

"അവൾക്കു മൊബൈലോ വിളിച്ചാൽ കിട്ടുന്ന നമ്പറോ എന്നേലും ഉണ്ടോ.." അവൻ തിരക്കി..

"അവൾക്കെവിടുന്ന മൊബൈലോക്കെ മേടിക്കാൻ കാശ്... വിളിച്ചാൽ കിട്ടാൻ ലാൻഡ് ലൈനോ ഒന്നുമില്ല... " അവൾ വിഷമത്തോടെ പറഞ്ഞു..

"മ്..." അവൻ ഒന്ന് മൂളി തിരിഞ്ഞുനടന്നു..

"ഡാ... ഞാനിന്നു ഉച്ചകഴിഞ്ഞു ഇരിക്കുന്നില്ല... ഇറങ്ങുവാ... " അവൻ റിയാസിനോടു പറഞ്ഞു...

"നീ ഇരിക്കുന്നില്ലേൽ പിന്നെ ഞാനെന്നാ മാങ്ങാ കാണാനാ ഇവിടിരിക്കുന്നെ.. ഞാനും വരുവാ.. "

അവർ രണ്ടുപേരും ഇറങ്ങി നടന്നു..

"നീ ആ പെണ്ണിന്റെ വീട്ടിലേക്കായിരിക്കും അല്ലെ.. ഞാൻ വരണോ..." നടക്കുന്നതിനിടയിൽ റിയാസ് ചോതിച്ചു...

"നീ വീട്ടി പോയി രണ്ടു വാണം വിട്... ഞാൻ പൊക്കോളാം..."

"ഓ.. ആയിക്കോട്ടെ... ചിലപ്പോ ഇപ്പൊ അയലത്തെ സുബൈന താത്ത ഒറ്റക്കായിരിക്കും.. ഒരു കളി കിട്ടുവോന്നു നോക്കട്ടെ.." റിയാസ് ചിരിച്ചുകൊണ്ട് പറഞ്ഞു..

.....

ടോമിച്ചൻ രാധികയുടെ വീട്ടിൽ എത്തുമ്പോൾ വരാന്തയിൽ തൂണിനോട് ചാരിയിരുന്നു എന്തോ കൊറിച്ചോണ്ടിരിക്കുകയാണ് ശാരദ... ടോമിച്ചൻ കയറി വരുന്നതുകണ്ടപ്പോൾ അവളുടെ കണ്ണുകൾ വിടർന്നു.. വശ്യമായ ഒരു പുഞ്ചിരിയോടെ അവൾ അവനെ നോക്കി..

"മോന് നൂറായുസാ.. ഇപ്പൊ മോനെപ്പറ്റി ചിന്തിച്ചതെ ഉള്ളു... " അവൾ എഴുന്നേറ്റുകൊണ്ടു പറഞ്ഞു..

"എന്നെ പറ്റിയോ.. എന്നെപ്പറ്റി എന്താ ചിന്തിച്ചേ... " അവൻ ആകാംഷയോടെ ചോതിച്ചു..

"മോനെകാണുമ്പോ എന്നെപോലെയുള്ള പെണ്ണുങ്ങൾക്ക് ഒരു കാര്യേ ചിന്തിക്കാനുള്ളു..." അവൾ ചുണ്ട് കടിച്ചുകൊണ്ടാണ് അത് പറഞ്ഞത്..

"അതെന്തുകാര്യാ ചേച്ചി.. " അവൻ വീണ്ടും ചോതിച്ചു..

" അത് ഞാൻ പറയാം.. ഇപ്പൊ മോൻ വന്ന കാര്യം പറ..."

രാധികയെ കാണാനാണ് വന്നത് എന്ന് ഇവരോട് പറയണ്ട എന്നവന് തോന്നി..

"അത് നിങ്ങടെ കടത്തിന്റെ കാര്യം പറയാനാ.... ഞാൻ കുറച്ചു പണം സങ്കടിപ്പിച്ചു നിങ്ങൾ തന്നതാണെന്ന രീതിയിൽ വീട്ടിൽ കൊടുത്തിട്ടുണ്ട്.. അതുകൊണ്ടു ഇവിടുന്നു ഇറങ്ങേണ്ടി വരില്ല... പിന്നെ ആധാരം എന്റെ കൈവശമുണ്ട്... പണം എനിക്ക് തരുമ്പോ ഞാനതു തന്നോളാം... " അവൻ പറഞ്ഞു...

അതുകേട്ട് ശാരദയുടെ മുഖത്ത് വലിയ സന്തോഷമൊന്നും കാണാൻ അവനു കഴിഞ്ഞില്ല... ചിലപ്പോ ഇവർ അതാഗ്രഹിച്ചിരുന്നിരിക്കില്ല... എന്തായാലും രാധികയെ ഇവിടുന്നു തെരുവിലേക്ക് തള്ളിവിടാൻ തനിക്കാവില്ല ...

"പിന്നെ എനിക്കത്യാവശ്യമായി കുറച്ചു പണം വേണം.. മേടിച്ച ആൾക്ക് കുറച്ചു പണം അടുത്ത ആഴ്ച കൊടുക്കണം.. " അവൻ അത് പറഞ്ഞപ്പോഴേക്കും ശാരദ ഇടക്കുകയറി..

"അതിനു ഇവിടെവിടാ കുഞ്ഞേ പണം.. "

"ഒരു കാര്യം ചെയ്യാം... ഇവിടെ രണ്ടു പശുക്കളുണ്ടല്ലോ... ഞാനതിനെ വിക്കാൻ ഏർപ്പാട് ചെയ്യാം... കറവ ഇല്ലേലും അത്യാവശ്യം കാശ് കിട്ടാതിരിക്കില്ല... ചേച്ചി എന്ത് പറയുന്നു... " അവൻ ശാരദയുടെ മുഖത്തേക്ക് നോക്കി...

"ഈ വീടിപ്പോ കുഞ്ഞിന്റെയല്ലേ... കുഞ്ഞിന് തീരുമാനിക്കാം... " അവൾ അത്ര താത്പര്യമില്ലാത്ത രീതിയിൽ പറഞ്ഞു.. പശുക്കൾ പോയാൽ രാധികയുടെ പണി കുറയുമല്ലോ എന്ന സങ്കടമായിരുന്നു ശാരതക്കു..

രാധികയുടെ പണി കുറക്കുക എന്ന ഒറ്റ ഉദ്ദേശമേ ടോമിച്ചാണുണ്ടായിരുന്നോള്ളൂ..

"അല്ല... രാധിക എവിടെ.. ഇന്ന് കോളേജിലും കണ്ടില്ലല്ലോ.. " അവൻ സാധാരണ പോലെ ചോതിച്ചു..

"ഓ... അവൾ കട്ടിലിൽ മലർന്നു കിടപ്പുണ്ട്.. പനിയാ പോലും.. രാവിലെ പുല്ലും വെട്ടിവന്നു കിടന്നതാ പെണ്ണ്.. പിന്നെ ഒരു പണിയും ചെയ്തിട്ടില്ല. ഒന്നും ചെയ്യാതിരിക്കാനുള്ള അടവ്... അല്ലാണ്ടെന്താ... "

രാധികക്കു സുഖമില്ല എന്ന് കേട്ടപ്പോൾ ടോമിച്ചന്റെ ഉള്ളൊന്നു പിടച്ചു.. പാവം.. ഈ തള്ള അവൾക്കൊരു കാര്യവും ചെയ്തു കൊടുത്തിരിക്കില്ല..

"ഞാനൊന്ന് കാണട്ടെ.." അതും പറഞ്ഞു അവൻ എഴുനേറ്റു അകത്തേക്കു നടന്നു..

കട്ടിലിൽ കണ്ണുകളടച്ചു കിടക്കുവായിരുന്നു രാധിക.... മുഖത്ത് നല്ല ക്ഷീണമുണ്ട്.. ശരീരം ചെറുതായി വിറക്കുന്നുണ്ട്... താൻ വന്നത് അവൾ അറിഞ്ഞിട്ടില്ല എന്നവന് മനസിലായി.. അവൻ കട്ടിലിൽ അവളുടെ സൈഡിലായി ഇരുന്നു... അവന്റെ വലത്തുകരം അവളുടെ നെറ്റിയിൽ വച്ചു... അവൾക്കു നല്ല പനിയുണ്ടെന്നു അവനു മനസിലായി.. ശരീരം ചുട്ടുപൊള്ളുന്നുണ്ട്.. ആ ചൂട് തനിക്കു വരെ കിട്ടുന്നുണ്ട്... അവന്റെ കരത്തിന്റെ സ്പര്ശനത്തിൽ അവളുടെ കണ്ണുകൾ പതിയെ തുറന്നുവരുന്നത് അവൻ കണ്ടു.. കണ്ണുകൾ തുറന്ന രാധിക കണ്ടത് മുന്നിൽ ഒരു പുഞ്ചിരിയുമായി തന്റെ നെറ്റിയിൽ വാത്സല്യപൂർവം കൈ വച്ച് തഴുകുന്ന ടോമിച്ചൻ.. അവളുടെ ഹൃദയം തുടിക്കുന്നത് അവൾ അറിഞ്ഞു.. താൻ ഇപ്പോഴും കാണാൻ കൊതിക്കുന്ന ആ മുഖം.. കാണാത്തതുകൊണ്ടു തന്നെ തേടിവന്നതാണോ... അത്രയ്ക്ക് സ്നേഹം ഈ ആർക്കും വേണ്ടാത്ത തന്നോടുണ്ടോ.. അവനെ ഒന്ന് കെട്ടിപ്പിടിക്കാൻ അവളുടെ മനസ് വെമ്പി... അവന്റെ മാറിൽ തലച്ചായിച്ചു ആ കരങ്ങളുടെ ലാളനം ഏൽക്കാൻ അവൾ കൊതിച്ചു...

അവന്റെ സാമീപ്യം അവളുടെ ഉള്ളിലുണ്ടാക്കിയ സന്തോഷം ഒരു ചെറു പുഞ്ചിരിയുടെയും ഒപ്പം കണ്ണുകളിലെ നിറക്കണങ്ങളിലൂടെയും പുറത്തേക്കു വന്നു..

ടോമിച്ചൻ ശാരതയെ നോക്കി.. അവനു ശരിക്കും ദേഷ്യം വന്നിരുന്നു..

"ഇതാണോ ചേച്ചി അഭിനയം.. നല്ല പനിയുണ്ട് പാവത്തിന്.. "

ശാരദ ഒന്നും പറയാതെ ഇഷ്ടപ്പെടാത്തമാട്ടിൽ തിരിഞ്ഞുപോയി..

"എഴുന്നേൽക്കു... നമ്മുക്ക് ഹോസ്പിറ്റലിൽ പോവാം.. ഇങ്ങനിരുന്നാൽ ശരിയാവില്ല... " അവൻ അവളെ എഴുന്നേൽക്കാൻ സഹായിച്ചുകൊണ്ടു പറഞ്ഞു..

"വേണ്ട.. കുഴപ്പമില്ല... നിക്ക് ഹോസ്പിറ്റലിൽ പോവണ്ട..." അവൾ തളർച്ചയോടെയാണ് അത് പറഞ്ഞത്..

"ദേ പെണ്ണേ... ഒരു കീറിട്ടുതരും ഞാൻ.. നല്ല പനിയുണ്ട് നിനക്ക്... മര്യാദക്ക് ഒരുങ്ങു.. അല്ലേൽ ഞാനിപ്പോ എടുത്തോണ്ട് പോകും.. " അവന്റെ വാക്കുകൾ അവളിൽ എന്തെന്നില്ലാത്ത സന്തോഷമാണുണ്ടാക്കിയത്... അതിൽ തന്നോടുള്ള കരുതലും സ്നേഹവും അവൾക്കു ഉന്മേഷമേകി.. അവന്റെ വാക്കുകളെ ധിക്കരിക്കാൻ തനിക്കാവില്ല എന്ന് അവൾക്കറിയാം.. അവൾ പതിയെ എഴുന്നേറ്റു..

"മ്.. വേഗം റെഡി ആക്.. ഞാൻ പുറത്തുണ്ടു.." അവൻ അതും പറഞ്ഞു പുറത്തേക്കു നടന്നു..

കുറച്ചുകഴിഞ്ഞപ്പോൾ അവൾ ഒരുങ്ങി വന്നു... ഒരു പഴയ ബ്ലൗസും പാവാടയുമാണ് വേഷം.. മുടി നന്നായി ചീകി കെട്ടിയിരിക്കുന്നു. നെറ്റിയിൽ ഒരു ചുവന്ന പൊട്ടും.. ശരിക്കും അവൾ ഒത്തിരി സുന്ദരിയാണെന്നു അവനു തോന്നി.. അവൾ കയ്യിൽ ഒരു ബാഗും എടുത്തിരുന്നു...

"അത് വേണോ മോനെ.. നാട്ടുകാര് എന്നെലുമൊക്കെ പാറഞ്ഞുണ്ടാക്കും.. "പുറകെ വന്ന ശാരദ അവനോടായി പറഞ്ഞു..

"എന്നാൽ ചേച്ചി ഇവളെയും കൊണ്ട് പോയി വാ.." ശരധ പോവില്ല എന്നറിഞ്ഞുകൊണ്ടുതന്നെയാണ് ടോമിച്ചൻ അത് പറഞ്ഞത്..

"എനിക്ക് നടക്കാനൊന്നും തീരെ വയ്യ മോനെ.. " അവൾ ഒഴിഞ്ഞു..

"എന്നാ നാട്ടുകാര് പറയുന്നത് പറഞ്ഞോട്ടെ.. ഞാൻ പോയാൽ ഇവൾക്ക് പനിയെങ്ങാനും കൂടിയാൽ പിന്നാരാ ഒന്ന് ഹോസ്പിറ്റലിൽ കൊണ്ടുപോവുക.." അവൻ അതും പറഞ്ഞു രാധികയുടെ കയ്യിൽ പിടിച്ചു നടന്നു.. അവൾ അനുസരണയോടെ പുറകെയും..

അവൻ ബുള്ളറ്റിൽ കയറി സ്റ്റർട്ടാക്കി.. അവൾ പുറകിൽ കയറി ഒരു സൈഡിലേക്കു കാലു വച്ച് അവനെ പരമാവധി സ്പർശിക്കാതെ ആണിരുന്നത്..

"ഇതെന്നാ പെണ്ണേ.. ഞാനെന്നാ വല്ല ചാണ്ടാളനോ ശൂദ്രനോ മറ്റോ ആണോ... എനിക്ക് വല്ല അയിത്തവും ഉണ്ടോ ഇങ്ങനെ കഷ്ടപ്പെട്ട് എന്നെ തൊടാതെ ഇരിക്കാൻ.." അതും പറഞ്ഞു അവന്റെ കൈ പുറകൊട്ടിട്ടു അവളെ അവനോടു ചേർത്തിരുത്തി.. അവളുടെ ഒരു കൈ എടുത്തു അവന്റെ വയറിൽ പിടിപ്പിച്ചു.. അവൾ നാണത്താൽ തല കുമ്പിട്ടാണ് ഇരുന്നത്.. എന്നാലും അവളുടെ പുഞ്ചിരി തൂകുന്ന മുഖം അവന്റെ കണ്ണുകൾ മിററിലൂടെ കണ്ടു.. അവനും ഒന്ന് ചിരിച്ചു വണ്ടി മുന്നോട്ടെടുത്തു...

മുന്നോട്ടുപോയി കാവിലേക്കുള്ള വഴിയില്നിന്നും തിരിയാൻ തുടങ്ങിയപ്പോ അവൾ അവനെ തടഞ്ഞു..

"നിക്ക് ഈ വഴിയേ പോണം.. ഇതാ എളുപ്പവഴി.." അവൾ കാവിലേക്കുള്ള വഴി ചൂണ്ടി പറഞ്ഞു..

"ഈ വഴി ആരും പോവാറില്ല.. എന്തൊക്കെയോ പ്രശ്നങ്ങളുണ്ട് എന്നാണല്ലോ എല്ലാരും പറയണേ.. " അവൻ അവന്റെ സംശയം മറച്ചുവച്ചില്ല..

"ഞാൻ ഈ വഴിയാ പോവാറു... ന്ക്കീ വഴി പോയാ മതി.. "അവൾ ഷാട്യം പിടിക്കണപോലെ പറഞ്ഞു..

പിന്നെ ടോമിച്ചൻ ഒന്നും പറഞ്ഞില്ല.. അവൻ കാവിലേക്കുള്ള വഴിയേ വണ്ടിയെടുത്തു.. അവൻ ചുറ്റും ശ്രദ്ധിച്ചു... ഉച്ചസമായമാണെലും ഇരുൾ വീണപോലാണിവിടം.. ശരിക്കും വനം പോലെ.. എല്ലാവരും പോകാൻ മടിക്കുന്ന ഈ വഴിയേ എന്നും രാധികയെപോലെ ഒരു പെൺകുട്ടി ഒറ്റയ്ക്ക് വരുന്നതിന്റെ കാരണം അവനു മനസിലായില്ല..

കാവിനടുയത്തെത്തിയപ്പോൾ അവൾ അവനോടു നിർത്താൻ പറഞ്ഞു.. അവൻ നിർത്തിയപാടെ അവൾ വണ്ടിയില്നിന്നും ഇറങ്ങി.. അവളുടെ കണ്ണുകൾ ആരെയോ.. എന്തിനെയോ തിരയുകയാണെന്നു അവനു തോന്നി... അവൾ നോക്കുന്നത് അടുത്തുള്ള വലിയ മരത്തിനു ചുവട്ടിലേക്കാനു..

ചേട്ടാ... ഞാനാ... എവിടാ ഉള്ളേ.." അവൾ പതിയെ ചോതിച്ചു..

ടോമിച്ചൻ ഒന്നും മനസിലാകാതെ നോക്കി നിക്കുവാണ്.. പെട്ടെന്ന് ഒരു ഭ്രാന്തനെപോലെ തോന്നിക്കുന്ന മനുഷ്യൻ ആ വലിയ മരത്തിന്റെ പിന്നില്നിന്നും ഇറങ്ങി വന്നു.. അയാളുടെ മുഷിഞ്ഞ വസ്ത്രങ്ങളും നീണ്ടുവളർന്ന താടിയും മുടിയുമെല്ലാം കണ്ടപ്പോൾ ശരിക്കും ടോമിച്ചന് അതിശയം തോന്നി.. ഇയാളുമായി ഇവൾക്കെന്താണ് ബന്ധം.. അവൻ ചിന്തിച്ചു..

"നിക്കിന്നു വയ്യാരുന്നു.. അതുകൊണ്ടാ രാവിലെ വരാഞ്ഞെ... ഇതെന്റെ കൂട്ടുകാരനാ.." അവൾ ടോമിച്ചനെ അയാൾക്ക് കാണിച്ചുകൊടുത്തുകൊണ്ടു പറഞ്ഞു.. അവൾ ബാഗിൽ നിന്നും അവളുടെ ചോറ്റുപാത്രം എടുത്തു തുറന്നു.. മുഴുവൻ ഭക്ഷണവും അയാളുടെ കയ്യിലുള്ള ഇലയിലേക്കു പകർന്നു.. പുഞ്ചിരിച്ചുകൊണ്ട് അവൾ തിരിഞ്ഞു നടന്നു.. അയാൾ മരച്ചുവെട്ടിലിരുന്നു കഴിക്കുവാൻ തുടങ്ങി.. ഇതെല്ലാം അതിശയത്തോടെ നോക്കി നിൽക്കുകയാണ് ടോമിച്ചൻ.. നടന്നുവരുന്ന രാധികയെ കണ്ടപ്പോ ശരിക്കും ഒരു മാലാഖ ആയാണ് അവനു തോന്നിയത്.. അവളുടെ മനസിന്റെ നന്മയിൽ താൻ കണ്ടിട്ടുള്ളതിൽ വച്ച് ഏതൊരു പെണ്ണിനേയും കാൾ സുന്ദരിയാണ് അവളെന്നു അവനു തോന്നി.. ഇത് എന്നും അവൾ ചെയ്യുന്നതാണ് എന്നവന് മനസിലായി... തന്റെ ഒരുനേരത്തെ ഭക്ഷണം മറ്റൊരാളുടെ വിശപ്പുമാറ്റാൻ അവൾ ത്യജിക്കുമ്പോൾ ആ ത്യാഗം അവന്റെ മനസ്സിൽ അവളോട് ഒരു ബഹുമാനവും രൂപപ്പെടുത്തി...

അവർ അവിടുത്തെ ഒരു വലിയ സ്വകാര്യ ആസ്പത്രിയിലേക്കാണു പോയത്.. അതിനു മുന്നിലെത്തിയപ്പോൾ പേഡിയോടെയാണ് രാധിക ഇറങ്ങിയത്..

"ഇവിടൊക്കെ ഒരുപാട് കാശാവില്ലേ.. നമ്മുക്ക് വല്ല ഗവണ്മെന്റ് ഹോസ്പിറ്റലിലും പോവാം.. " അവൾ ഒരു പേടിയോടെ പറഞ്ഞു..

"അതിനു നിന്നോട് കാശ് കൊടുക്കാൻ പറഞ്ഞില്ലല്ലോ.. നീയിങ്ങോട്ടു നടന്നെ.." അതും പറഞ്ഞു അവൻ അവളുടെ കയ്യും പിടിച്ചു അകത്തേക്ക് നടന്നു..

...

വൈകിട്ട് നാലുമണിയോടെയാണ് അവർ തിരിച്ചെത്തിയത്.. അവൻ രാധികയെ കയ്യിൽ പിടിച്ചു റൂമിൽ കൊണ്ടുപോയി കട്ടിലിൽ കിടത്തി.. അവൻ അവൾക്കാരികിലായി ഇരുന്നു... അവൾ അവന്റെ കണ്ണുകളിലേക്ക് തന്നെ നോക്കി ഇരിക്കുകയാണ്.. അവൻ സ്നേഹപൂർവ്വം അവളുടെ മുടിയിഴകളിൽ തലോടി..

" ആരും എടുത്തുതന്നില്ലേലും മരുന്ന് മര്യാദക്ക് കഴിച്ചേക്കണം.. കേട്ടല്ലോ.. "

അവൾ പുഞ്ചിരിയോടെ തലയിലാക്കി.. അവൻ അവളെ നോക്കി നിന്നു... ശരിക്കും അവിടുന്ന് ഇങ്ങോട്ടും പോവാൻ തോന്നുന്നില്ലാത്ത പോലെ.. എപ്പോഴും അവളുടെ കൂടെ ഇരിക്കാൻ മനസ് ആഗ്രഹിക്കുന്നതുപോലെ... അവളുടെ മനസിലും അതെ ചിന്തയായിരുന്നു..

പെട്ടെന്ന് ടേബിലിന് പുറത്തുള്ള ഫയൽ അവന്റെ കണ്ണിൽ പെട്ടത്.. അവൻ അതേടുത്തുനോക്കി.. രാധികയുടെ സിർട്ടിഫിക്കറ്റുകളായിരുന്നു അതെല്ലാം .. അവൻ അതെല്ലാം നോക്കി..

"കൊള്ളാലോ.. എസ്.. എസ്. എൽ. സിക്ക് ഫുൾ മാർക്കണല്ലോ.. " അവൻ അത് നോക്കിക്കൊണ്ട് പറഞ്ഞു.. അവൻ അത് തിരികെ ടേബിളിൽ വച്ച് പോകാനായി എഴുന്നേറ്റു..

"ഞാൻ പോട്ടെ.. മറക്കാതെ മരുന്ന് കഴിക്കണം.. നാളെ വയ്യെങ്കിൽ വരണ്ട... റെസ്റ്റെടുക്കു... " അവൻ അതും പറഞ്ഞു അവളുടെ കണ്ണുകളിൽ നോക്കി.. അവൻ പോകുന്ന വിഷമത്തിൽ അത് നിറയുന്നുണ്ടായിരുന്നു... അവൻ കുനിഞ്ഞു അവളുടെ മുഖത്തിന് അഭിമുഖമായി നിന്ന്.. അവന്റെ കൈകൾ പതുക്കെ അവളുടെ കവിളിൽ തലോടി..

"ഒന്നുറങ്ങി എഴുന്നേൽക്കുമ്പോ എല്ലാം ശരിയാവും.. ഇപ്പൊ ഉറങ്ങിക്കോ.. " അവന്റെ തഴുകലിൽ അവൾ പതിയെ കണ്ണുകൾ അടച്ചു..

....

ദിവസങ്ങൾ കൊഴിഞ്ഞു.. കോളേജിൽ ടോമിച്ചൻ രാധികയോട് കൂടുതലായി ഇടപഴുകുന്നത് മറ്റു പെൺകുട്ടികൾക്ക് അവളോട് കുശുമ്പും അസൂയയും ഉണ്ടാക്കുന്നുണ്ടായിരുന്നു.. എങ്കിലും ചിലരെല്ലാം അവളോട് സ്നേഹത്തോടെ പെരുമാറാനും തുടങ്ങി.. ടോമിച്ചനോട് സംസാരിക്കുമ്പോ.. അവൻ അടുത്തുവരുമ്പോ രാധികക്കു ഇപ്പോഴും ഒരു നാണവും പേടിയും ഒക്കെ ആയിരുന്നു.. അവനെ കാണുമ്പോൾ അവളുടെ ഉള്ളിൽ അതറിയാതെ വന്നുപോകും..

ക്ലാസ് കഴിഞ്ഞു ബസ് കാത്തു നിക്കുകയായിരുന്നു രാധിക.. മരിയ അവളുടെ ബസ് വന്നു കയറി പോയി.. പെട്ടെന്ന് അവളുടെ മുന്നിലേക്ക് ടോമിച്ചന്റെ ബുള്ളറ്റ് വന്നു നിന്നു..

"ഇങ്ങു വാ.. ഒരു കാര്യം പറയാനുണ്ട്... " അവൻ അവളോടായി പറഞ്ഞു.. അവൾ ചുറ്റും നോക്കി.. ബസ് സ്റ്റോപ്പിൽ കുറച്ചു കോളേജ് കുമാരികൾ മാത്രേ ഉള്ളു.. അവരെല്ലാം ടോമിച്ചനെ നോക്കി വെള്ളമിറക്കുകയാണ്.. രാധികക്കു ശരിക്കും ദേഷ്യം തോന്നി.. അവൾ മുഖം കുനിച്ചു അവനടുത്തേക്കു നടന്നു..

"അതേ... ഇന്ന് രാത്രി പന്ത്രണ്ട് മണിക്ക് വീടിനുതാഴെയുള്ള ആ പഴയ കുളമില്ലേ... അവിടെ വരണം.. " അവൻ പതിയെ അവൾക്കു കേൾക്കാൻ പാകത്തിന് പറഞ്ഞു..

അവന്റെ വാക്കുകൾ കേട്ട് പെട്ടെന്ന് അവൾ ഞെട്ടി..

"ഇല്ല.. നിക്ക് വയ്യ രാത്രി ഇറങ്ങി വരാൻ.. " അവൾ പെട്ടെന്ന് സ്വബോധം വീണ്ടെടുത്ത് പറഞ്ഞു..

"എന്തായാലും ആ സമയത്തു ഞാനവിടെ ഉണ്ടാകും.. രാധികക്കു ഇഷ്ടമില്ലേൽ വരണ്ട.." അതും പറഞ്ഞു ടോമിച്ചൻ അവിടുന്ന് പോയി..

രാധിക ആകെ ചിന്താകുഴപ്പത്തിലായി... വിളിക്കുന്നത് തന്റെ എല്ലാമെല്ലാമായി കരുതുന്ന ടോമിച്ചനാണ്.. പക്ഷെ രാത്രില് എന്തിനാ വരാൻ പറഞ്ഞെ.. ആരേലും കണ്ടാ.. അമ്മ കണ്ടാ എന്നാ ഉണ്ടാവാ.. അവളുടെ ഉള്ളിൽ ശരിതെറ്റുകളെക്കുറിച്ചു വലിയ ഒരു യുദ്ധം തന്നെ നടന്നുകൊണ്ടിരുന്നു..

വീട്ടിലെത്തി ജോലികളിൽ ശ്രദ്ധിക്കാനോ പഠിക്കാനോ അവൾക്കു കഴിഞ്ഞില്ല.. അവളുടെ ഉള്ളു ഭയത്താൽ നിറഞ്ഞു.. പക്ഷെ ടോമിച്ചന്റെ സാമീപ്യം താനെപ്പോഴും ആഗ്രഹിച്ചിരുന്നതല്ലേ.. ഇപ്പൊ എന്താ ഇങ്ങനെ... അവളുടെ മനസ് ഉത്തരങ്ങൾ തേടി.. അവൾ ക്ലോക്കിലേക്കു നോക്കി.. സമയം 12 മണി.. അവൾ അമ്മയുടെ മുറിയിലേക്ക് നോക്കി.. കൂർക്കം വലിക്കുന്ന സൗണ്ട് കേക്കുന്നുണ്ട്.. അല്ലേലും അമ്മ ഉറങ്ങിയാ പിന്നെ പോത്തു കുത്തിയാലും അറിയില്ല.. പോണോ വേണ്ടയോ എന്നവൾ പലവട്ടം ആലോചിച്ചു.. ടോമിച്ചനെ വിഷമിപ്പിക്കാൻ മാത്രം തനിക്കാവില്ല എന്നവൾ മനസിലാക്കി.. അവളുടെ കാലുകൾ വീടിന്റെ വാതിൽ കടന്നു പുറത്തേക്കു ചലിച്ചു.. ചെറിയ നിലാവേ ഉള്ളു.. അവൾ ആ ഇരുട്ടിൽ പടികളിറങ്ങി കുളത്തിനടുത്തേക്കു നടന്നു.. കുളത്തിന്റെ പടികളിൽ ഇരിക്കുന്ന ടോമിച്ചനെ അവളുടെ കണ്ണുകൾ കണ്ടു..

അവളുടെ കൊലുസിന്റെ ചെറിയ ശബ്ദം ടോമിച്ചൻ തിരിച്ചറിഞ്ഞു.. അവൻ അവളുടെ അടുത്തേക്ക് നടന്നു... ചെറിയ നിലാവിലും അവളുടെ മുഖത്തെ ഭയം അവൻ കണ്ടു..

ടോമിച്ചൻ തന്റടുത്തേക്കു വരുന്നത് രാധിക കണ്ടു... അവൾ ഭയത്തോടെ ചുറ്റും നോക്കി..

"നീ പേടിക്കണ്ട.. ഇവിടിപ്പോ ആരും വരില്ല.. ഞാനും നീയും മാത്രം.. " അവൻ അല്പം ഗൗരവത്തിലാണ് അത് പറഞ്ഞത്..

അവന്റെ സൗണ്ടിലെ മാറ്റം അവൾ ശരിക്കും തിരിച്ചറിഞ്ഞു... അവളുടെ ഉള്ളിൽ ശരിക്കും പേടി തോന്നി.. അവന്റെ മുഖത്ത് ഒരു ക്രൂര ഭാവമാണ് വെട്ടിത്തിളങ്ങുന്നത് എന്നവൾ തിരിച്ചറിഞ്ഞു.. അവളുടെ കാലുകൾ പുറകോട്ടു ചലിച്ചു..

" കുറച്ചു ദിവസായി എനിക്ക് വല്ലാത്ത വീർപ്പുമുട്ടലും അടങ്ങാത്ത ഒരുതരം തരിപ്പും.. ആലോചിച്ചപ്പോ പെണ്ണുങ്ങൾക്കെ ഈ തരിപ്പ് മാറ്റിത്തരാൻ പറ്റൂന്നു മനസിലായി.. ആദ്യം നിന്നില്നിന്നും തുടങ്ങാം എന്ന് തോന്നി.. ഈ ശരീരം ഇന്നെനിക്കുള്ളതാ.." അവൻ അതും പറഞ്ഞു അവളോടടുത്തു...

"ന്താ ഇങ്ങനൊക്കെ പറയണേ.. നിക്ക് പേടിയാവണോണ്ട് ട്ടോ.." കണ്ണീരോടെ അത് പറയുമ്പോഴും ആ നിലാവിൽ അവന്റെ ഇന്ദ്രനീല കണ്ണുകൾ തിളങ്ങുന്നത് അവൾ കണ്ടു.. അവൾ കൈകൾകൊണ്ടു മുഖം പൊത്തി...

മനസിന്റെ വിചാരങ്ങളൊക്കെ മാറിയിരിക്കുന്നു.. ഉള്ളിൽ പേടി മാത്രം .. പെട്ടെന്ന് അവളുടെ കൈകൾ ബലമായി മുഖത്തുനിന്നും നീക്കപ്പെട്ടു.. കണ്ണുതുറന്ന രാധിക കണ്ടത് പുഞ്ചിരി തൂകി നിക്കുന്ന ടോമിച്ചനെ..

"പേടിച്ചുപോയോ എന്റെ രാധൂട്ടി.. എന്നെ അപ്പൊ രാധൂട്ടി അങ്ങാനൊക്കെയാ കണ്ടേക്കണെ ലെ.."

അവന്റെ വാക്കുകൾ അവളുടെ ഉള്ളിൽ ആശ്വാസവും അതേ സമയം വിഷമവും നിറച്ചു..

" എന്നാത്തിനാ ഇങ്ങനെ പേടിപ്പിക്കണേ.. നിക്ക് പേടി തോന്നിയതുകൊണ്ടല്ലേ.. " അവൾ വിഷമത്തോടെ പറഞ്ഞു..

" നീ ഇങ്ങനൊരു പാവായ്പോയല്ലോ എന്റെ രാധൂട്ടി.. " അവൻ അതും പറഞ്ഞു അവളുടെ കൈ പിടിച്ചു കുളത്തിനടുത്തേക്കു നടന്നു.. അവൻ അവിടെ പടിയിലായി ഇരുന്നു.. കൂടെ അവളും..

"ആണ്കുട്ട്യോള് ഇങ്ങനെ രാത്രി പെങ്കുട്ട്യോളെ വിളിക്കണതെന്തിനാന്നും വിളിക്കുമ്പോ പെങ്കുട്ട്യോള് ഇറങ്ങി ചെല്ലാൻ പാടില്ലാന്നൊക്കെ നിക്കറിയാം.. "

അവളുടെ വാക്കുകൾ കേട്ട ടോമിച്ചന് ചിരിയാണ് വന്നത്..

"എന്തിനാ ആണുങ്ങള് രാത്രി പെണ്ണുങ്ങളെ വിളിക്കണേ... ഒന്ന് പറഞ്ഞെ മോള്.. " അവൻ ചിരിച്ചുകൊണ്ടാണ് അത് ചോതിച്ചത്...

"കളിയാക്കണ്ടാ... ഞാനെന്തിനാ പറയണേ.. അറിയാലോ.. നിക്കത് പറയാൻ പറ്റില്ല്യ.. "

"എന്നിട്ടു ഈ പെൺകുട്ടി എന്തിനാ വന്നേ.." അവൻ വീണ്ടും ചോതിച്ചു..

"ന്തിനാ ന്നെ വിളിച്ചേ.. ഏട്ടൻ വിളിച്ചാ നിക്ക് വരാണ്ടിരിക്കാൻ പറ്റില്ല്യ.. " അവൾ തല കുനിച്ചാണ് അത് പറഞ്ഞത്..

"എന്താ വിളിച്ചേ.. ഏട്ടാന്നൊ.. എന്റെ പെണ്ണേ.. നമ്മള് ഒരേ ക്ലാസ്സിലാ.. പേര് വിളിക്ക്.. " അവൻ ചിരി അടക്കിയാണ് അത് പറഞ്ഞത്..

"നിക്ക് പേര് വിളിക്കാൻ കഴിയില്ല്യ.. " അവൾ മുഖം വീർപ്പിച്ചു പറഞ്ഞു..

"അതെന്നാ.."

"നിക്കറിയില്ല.."

ശരിക്കും അവളുടെ നിഷ്കളങ്കത അവനെ വല്ലാതെ സ്വാതീനിച്ചിരുന്നു.. അവളുടെ സംസാരവും പേടിയും ചിരിയും ശരിക്കും കുട്ടികളെപ്പോലെ...

"ന്നാ ഞാൻ പറയുന്നപോലെ വിളിക്കുവോ എന്നെ.."

അവൾ അവനെ നോക്കി..

"എന്നാ ഇനി എന്നെ രാധൂട്ടി ഇച്ചായാ എന്ന് വിളിച്ചാ മതി.. വിളിക്കുവോ.. "

അവൾ നാണത്തിൽ കൈവിരലുകൾ നിലത്തുകൂടി ഓടിക്കുകയാണ്.. അവൾ പതിയെ മൂളി..

"ഇനി എന്റെ രാധൂട്ടി ഒന്ന് കണ്ണടച്ചേ... " അവൻ പതിയെ പറഞ്ഞു..

"ന്തിനാ.."

"കണ്ണടക്കു.. പറയാം..ഞാൻ പറയാതെ തുറക്കല്.."

അവൾ പതിയെ കണ്ണുകൾ അടച്ചു.. കുറച്ചു കഴിഞ്ഞപ്പോൾ കണ്ണുകൾ തുറക്കാൻ അവൻ പറഞ്ഞതുകേട്ടു അവൾ പതിയെ കണ്ണുകൾ തുറന്നു.. അവൾ കണ്ടത് ചെറിയ ഒരു പ്രകാശ നാളമാണ്... ഒരു മെഴുകു തിരിയുടെ തീനാളം.. അത് ഒരു കേക്കിലായി കുത്തി നിർത്തിയിരിക്കുകയാണ്.. ഒരു ചെറിയ ക്രീം കേക്ക്.. അതിൽ എഴുതിയിരിക്കുന്ന വാചകം അവളുടെ കണ്ണുകളിൽ ജലകണങ്ങൾ രൂപപ്പെടുത്തി.. " ഹാപ്പി ബര്ത്ഡേ രാധൂട്ടി" എന്ന് മനോഹരമായി എഴുതിയിരിക്കുന്നു .

അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.. ഒരരുവി കണക്കെ... അതെ ഇന്ന് തന്റെ ജന്മദിനമാണ്.. അമ്മയുടെ മരണശേഷം താൻ ഓർത്തിട്ടുകൂടിയില്ലാത്ത ശാപ ദിവസം.. പക്ഷെ ഇന്നത് ഏറ്റവും വലിയ സന്തോഷത്തിന്റെ ദിവസമായിരിക്കുന്നു..

അവൾ കണ്ണുകൾ തുടച്ചു.. മുന്നിൽ പുഞ്ചിരിയോടെ തന്റെ ടോമിച്ചൻ.. അല്ല..ഇച്ഛായൻ.. അവളുടെ മനം എന്തിനൊക്കെയോ വേണ്ടി തുടിച്ചു.. അവനെ ഒന്ന് വാരിപ്പുനരാൻ അവൾ കൊതിച്ചു.. അവൾ അവന്റെ മാറിലേക്ക് വീണത് പെട്ടെന്നായിരുന്നു.. അവളുടെ കണ്ണുനീർ അവന്റെ മാറിലൂടെ ഒഴുകി ഇറങ്ങി.. അവന്റെ കരങ്ങൾ അവളുടെ മുടിയിഴകളിലൂടെ ഒഴുകിയിറങ്ങിയപ്പോൾ അവൾ അവനെ കൈകളാൽ കൂടുതൽ ഇറുക്കി പുണർന്നു..

"സന്തോഷത്തിന്റേതാണേലും ഈ കണ്ണീരു എന്റെ രാധൂട്ടിക്കു വേണ്ട.. സമയം പോണു.. മോള് കേക്ക് മുറിക്കു.. " അവൻ അവളെ അടർത്തിമാറ്റി..

അവൻ ഒരു ചെറിയ കത്തി അവൾക്കു നീട്ടി.. അവൾ അതുമേടിച്ചു കണ്ണീരിൽ കലർന്ന പുഞ്ചിരിയോടെ ആ കേക്ക് മുറിച്ചു.. കയ്യിൽ ഒരു കഷ്ണം എടുത്തു ടോമിച്ചന്റെ വായിൽ അവൾ വച്ചുകൊടുത്തു.. അവനും ഒരു പീസ് എടുത്തു അവൾക്കു നൽകി..

" എന്റെ പ്രിയ രാധൂട്ടിക്കു മനസുനിറഞ്ഞ ഒരായിരം ജന്മദിനാശംസകൾ.. " അവൻ അതും പറഞ്ഞു പുറകിൽ വച്ചിരുന്ന ഒരു കവർ അവൾക്കു നേരെ നീട്ടി.. നിറകണ്ണുകളോടെ അവൾ അത് മേടിച്ചു.. ഇത് സ്വപ്നമാണോ സത്യമാണോ എന്നുപോലും അവൾക്കു തിരിച്ചറിയാൻ കഴിയുന്നുണ്ടായിരുന്നില്ല.. മനസ്സിൽ സന്തോഷം നിറഞ്ഞു നിൽക്കുകയാണ്.. ഇതുവരെ അനുഭവിച്ച വിഷമങ്ങളൊക്കെ അവൾ മറന്നു..

അവൾ പതിയെ ആ കവർ അഴിച്ചു.. ആ സമ്മാനപ്പൊതിയിൽ അവൾ കണ്ടത് അവളുടെ മനസാണ്.. ഇത്രേം സ്നേഹം തന്റെ മനസിന് താങ്ങാൻ കഴിയുന്നില്ല എന്നവൾക്കു തോന്നി.. എത്ര പിടിച്ചു നിർത്തിയിട്ടും കണ്ണുനീർ ഒഴുകി ഇറങ്ങുകയാണ്.. ആ പൊതിയിൽ നിന്നും അവൾ ആ വലിയ ശ്രീകൃഷ്ണരൂപം എടുത്തു നെഞ്ചോട് ചേർത്ത് പിടിച്ചു..

ടോമിച്ചൻ അവളെ കൈകളിൽ പിടിച്ചു എഴുന്നേൽപ്പിച്ചു അവന്റെ മടിയിലേക്ക് ഇരുത്തി.. അവൾ അവന്റെ മാറിലേക്ക് തല ചായിച്ചിരുന്നു.. അപ്പോഴും ആ കൃഷ്ണരൂപം അവൾ നെഞ്ചോട് ചേർത്ത് പിടിച്ചിരുന്നു...

അവൻ കൈകളാൽ അവളെ ചുറ്റി തന്നോട് ചേർത്തുപിടിച്ചു.. ഇപ്പോൾ അവൾ എത്രത്തോളം സന്തോഷവതിയാണെന്നു അവനറിയാമായിരുന്നു.. അവൻ അവളുടെ നെറുകയിൽ അധരങ്ങൾ ചേർത്തു.. സ്നേഹത്തിന്റെ ആ ചുംബനം കണ്ണുകൾ അടച്ചു അവൾ സ്വീകരിച്ചു..

"രാധൂട്ടി... " അവൻ പ്രേമപൂർവ്വം വിളിച്ചു..

"മ്.."

"ഉറക്കം വരുന്നുണ്ടോ.."

"ഇല്ല.. എനിക്ക് ഇച്ചായന്റെ നെഞ്ചിൽ ഇങ്ങനെ കിടന്നാ മതി.. ഇനിയെനിക്കു ഇച്ചായനില്ലാതെ പറ്റില്ല.. മരിച്ചുപോവും ഞാൻ.. "

അവൻ അവളെ കൂടുതൽ ഇറുക്കി പിടിച്ചു..

"ഇചഛായാ.."

മ്"

"ഇച്ചായന്റെ അച്ഛനും അമ്മയ്ക്കും ഇഷ്ടാവോ ന്നെ.."

"മമ്മിക്കു എല്ലാം അറിയാം . നല്ല സപ്പോർട്ടും ഉണ്ട്.. പപ്പാ ഇച്ചിരി പ്രശ്നമാണ്.. അത് നമ്മുക്ക് ശരിയാക്കാം.. എന്റെ മോള് അതാലോചിച്ചു വിഷമിക്കണ്ടാ.. "

"ഇച്ചായാനെങ്ങനാ മനസിലായെ ഇന്ന് ന്റെ പിറന്നാളാന്നു.. "

"അത് അന്ന് നിന്റെ എസ്. എസ്.എൽ. സി. ബുക്ക് കണ്ടപ്പോ ഞാൻ നോക്കിയിരുന്നു. അപ്പൊ മനസിലായി.. അല്ല.. ഞാൻ സമ്മാനം തന്നു.. എനിക്കൊന്നൂല്ലേ"

അവൾ വിഷമത്തോടെ അവന്റെ കണ്ണുകളിലേക്ക് നോക്കി..

"ന്റെ കയ്യിൽ ഒന്നൂല്ല്യ ഇച്ചായാ.. എന്നെത്തന്നെയെ നിക്ക് തരാനോക്കു.. " അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

"അല്ലേലും ഈ പെണ്ണ് എന്റെ തന്നെയാ.. ഇപ്പൊ നല്ല ചൂടായി ഒരുമ്മ താ.."

പെട്ടെന്ന് വിഷമം മാറി അവളുടെ മുഖത്ത് നാണം തെളിഞ്ഞു..

"കണ്ണടക്കു.. അല്ലേൽ നിക്ക് നാണാവും.." അവൾ നാണത്തോടെ പറഞ്ഞു..

അവൻ ഒരു ചിരിയോടെ കണ്ണുകൾ അടച്ചു..

അവൾ തല ഉയർത്തി അവന്റെ കവിളിൽ അമർത്തി ചുംബിച്ചു..

"അയ്യേ.. ഇതല്ല.. ലിപ് ടു ലിപ്.." അവൻ ഇഷ്ടപ്പെടാത്ത മട്ടിൽ പറഞ്ഞു..

"നിക്ക് പറ്റില്ല്യ അതൊന്നും.. " അതും പറഞ്ഞു അവൾ അവന്റെ നെഞ്ചിലേക്ക് ചാരി..

"വേണ്ട.. ഇഷ്ടല്ലേൽ വേണ്ട " അവൻ വിഷമം നടിച്ചു പറഞ്ഞു..

"ന്നാ ഇച്ഛായൻ അങ്ങനെ ചെയ്.. നിക്കറിയില്ല അതൊന്നും.. " അതും പറഞ്ഞു അവൾ കണ്ണുകൾ അടച്ചു നിന്നു..

അവൻ അവളുടെ മുഖം അവന്റെ കൈകുമ്പിളിലാക്കി.... ചന്ദ്രൻ ഉദിച്ചു നിക്കുന്നത് അവളുടെ മുഖത്താണെന്നു അവനു തോന്നി.. ശരിക്കും എത്ര സുന്ദരിയാണിവൾ.. ചന്ദ്രൻ തൂകിനിക്കുന്ന നിലാവെളിച്ചത്തിൽ പോലും അവളുടെ മുഖം പ്രകാശിക്കുന്നതായി അവനു തോന്നി... അടഞ്ഞ മിഴികളിൽ കരിമഷി എഴുതിയ കണ്പീലികൾ.. വിറകൊള്ളുന്ന പവിഴാധരങ്ങൾ.. നിഷ്കളങ്കത തുളുമ്പുന്ന മുഖഭാവം.. അങ്ങനെ നോക്കിയിരിക്കാൻ തോന്നി അവനു...

അവൾ പതിയെ കണ്ണുകൾ തുറന്നു.. പുഞ്ചിരി തൂകി നിക്കുന്ന തന്റെ ഇച്ചായൻ.. ആ കണ്ണുകളിൽ അവൾ കണ്ടു പ്രണയത്തിന്റെ മഹാ സാഗരത്തെ..

"എന്നാ ഇച്ചായാ.." അവൾ പതിയെ ചോതിച്ചു..

" ഒന്നൂല്ലടാ.. എന്റെ രാധൂട്ടിയെ ഇങ്ങനെ നോക്കിയിരിക്കാൻ തോന്നുവാ.. "

"അപ്പൊ ഉമ്മ തരുന്നില്ലേ.." അവൾ പറഞ്ഞു തീർന്നതും അവന്റെ ചുണ്ടുകൾ അവളുടെ ചുണ്ടുകളിലേക്ക് അമർന്നിരുന്നു.. അവളുടെ നയങ്ങൾ കൂമ്പിയടഞ്ഞു. അവളുടെ കീഴ്ചുണ്ടും മേല്ചുണ്ടും മാറി മാറി അവൻ നുണഞ്ഞു.. ഉമിനീർ പരസ്പരം ലയിച്ചുചേർന്നു.. അവന്റെ നാവു അവളുടെ ചുണ്ടുകൾക്കിടയിലൂടെ നുഴഞ്ഞുകയറി.. അവൾ അറിയാതെ തന്നെ അതിനെ സ്വീകരിച്ചു.. നാവുകൾ തമ്മിൽ ഏറ്റുമുട്ടി.. സുഖത്തിന്റെ പുതിയ ഒരു പറുദീസ അവർക്കുമുന്നിൽ തുറക്കപ്പെടുകയായിരുന്നു..

കിതച്ചുകൊണ്ടു അധരങ്ങൾ പിൻവലിച്ചു അവർ പരസ്പരം കണ്ണുകളിൽനോക്കി.. പ്രണയത്തിന്റെ കടൽ ആർത്തിരമ്പുകയായിരുന്നു രണ്ടുപേരിലും... അവൾ പതിയെ വീണ്ടും അവന്റെ നെഞ്ചിലേക്ക് ചാരി..

"രാധൂട്ടി.." അവൻ പതിയെ വിളിച്ചു..

"മ്..."

"ഞാൻ നിനക്ക് ഒരു ഡ്രസ്സ് എടുത്തിട്ടുണ്ട്.. പിന്നെ കുറച്ചു ചില്ലറ ഐറ്റംസും.. നാളെ ആ ഡ്രസ്സ് ഇട്ടു അണിഞ്ഞൊരുങ്ങിവേണം വരാൻ.. ഒരു മാലാഖയെപോലെ.. "

"മ്... അത് നാളെയല്ലേ.. ഇപ്പൊ എനിക്ക് ഇച്ഛായന്റെ കൂടെ ഇങ്ങനെ ഇരിക്കണം.. "

അവൻ അവളെ കൂടുതൽ അവനോടു ചേർത്തു.. അവന്റെ മടിയിൽ അവന്റെ നെഞ്ചിൽ തല ചായ്ച്ചു അവൻ സമ്മാനിച്ച കൃഷ്ണരൂപവും നെഞ്ചോട് ചേർത്ത് ഈ രാത്രി അവസാനിക്കല്ലേ എന്ന പ്രാർത്ഥനയോടെ അവളും.. .

വെയിലിന്റെ കാഠിന്യം സ്വയം ഏറ്റുവാങ്ങി തങ്ങളുടെ കീഴിൽ ചേക്കേറുന്നവർക്കു തണലായി ചിറകുകൾപോലെ തങ്ങളുടെ ശിഖരങ്ങൾ വിരിച്ചു നിരനിരയായി നിൽക്കുന്ന തണൽമരങ്ങൾക്കു നടുവിലൂടെ അവൾ ഒരു ദേവതയെ പോലെ നടന്നു നീങ്ങി.. നാണമോ പേടിയോ കളിയാടുന്ന മുഖത്തോടെ തല കുമ്പിട്ടു കോളേജ് കവാടത്തിലേക്കു നടന്നുനീങ്ങുന്ന രാധികയുടെ മനസ് ഇതുവരെ അറിയാത്ത അനുഭൂതി നുകർന്ന് ഒഴുകി നടക്കുകയാണ്.. മനോഹരമായ് ഡിസൈൻ ചെയ്ത നീലനിറത്തിലുള്ള മിടിയും ടോപ്പും അണിഞ്ഞു നിതംബം വരെ നീളമുള്ള മുടി ചീകിയൊതുക്കി മാന്പേടമിഴികൾ കരിമഷിയാൽ എഴുതി നെറ്റിയിൽ നീല നിറത്തിലുള്ള മനോഹരമായ ഒരു പൊട്ടും ചാർത്തി നടന്നുനീങ്ങുന്ന രാധികയെ കണ്ടാൽ കവികൾ പാടിയ.. വർണ്ണിച്ച സ്ത്രീ സൗന്ദര്യസങ്കല്പങ്ങളുടെ കൂടിച്ചേരാലാണെന്നു തോന്നിപ്പോകും... അത്രയ്ക്ക് മനോഹരിയാണ് ഇന്നവൾ...

ഇതുവരെ താൻ പഠിച്ച ക്യാമ്പസിലേക്കു ചുവടുകൾ വക്കുമ്പോൾ എന്തൊക്കെയോ കാരണങ്ങൾകൊണ്ടു അവളുടെ മുഖം കുനിഞ്ഞു തന്നെ ഇരുന്നു.. പ്രധാന കവാടം കടന്നു നീങ്ങുമ്പോൾ അവൾക്കു അതൊരു കോളേജ് ക്യാമ്പസ് ആണെന്ന് തോന്നിയില്ല.. കാരണം

നിശ്ശബ്ദമായിരുന്നു ചുറ്റും.. ആരും സംസാരിക്കുന്ന ശബ്ദം പോലും കേൾക്കാൻ സാധിക്കുന്നില്ല... ഒന്ന് തലയുയർത്തി നോക്കാൻ ആഗ്രഹിച്ചെങ്കിലും മനസ് അവിടെ ഒരു കടിഞ്ഞാൺ ഇട്ടപോലെ.. തന്നെ എല്ലാവരും ഒരു പരിഹാസപാത്രമാക്കി നോക്കി ചിരിക്കുകയാണോ...

മനസിട്ട പേടിയുടെ കടിഞ്ഞാണെ ഭേദിച്ചുകൊണ്ടു അവൾ ഒന്ന് കണ്ണുകൾ ഉയർത്തി ചുറ്റുപാടും നോക്കി.. ഇല്ല... ചുറ്റുപാടും വിജനമല്ല... ചുറ്റിലും ഒരുപാട് വിദ്യാർത്ഥികൾ ഉണ്ട്.. പക്ഷെ എല്ലാവരുടെയും മിഴികൾ തന്റെ നേരെയാണ് എന്ന തിരിച്ചറിവ് അവളിൽ ഭയം സൃഷ്ടിക്കാതിരുന്നില്ല... എല്ലാ മിഴികളും അത്ഭുതമൂറുന്ന ഭാവത്തോടെയാണ് തന്നെ നോക്കുന്നത്... ഇതേതാ ഈ സുന്ദരി... കോളേജിൽ ഇതിനു മുമ്പ് കണ്ടിട്ടില്ലല്ലോ എന്നു ചില ആൺകുട്ടികൾ പരസ്പരം പറഞ്ഞു... ഇതുവരെ പരിഹാസത്തോടെ നോക്കിയിരുന്ന ചില മുഖങ്ങളിൽ അസൂയയും അത്ഭുതവും അവൾ കണ്ടു.. വാ പൊളിച്ചു രാധികയുടെ സൗന്ദര്യം ആസ്വത്തിച്ചുനിന്നുപോയ ചില ആൺകുട്ടികളുടെ പ്രണയജോഡികൾ ദേഷ്യത്തിൽ മുഖം തിരിച്ചു നടന്നകന്നു..

പെട്ടെന്ന് തന്റെ കയ്യിൽ അറിഞ്ഞ കരസ്പർശത്തിൽ അവൾ ഒന്ന് ഞെട്ടി... പക്ഷെ അത് തന്റെ പ്രിയ കൂട്ടുകാരി മരിയയുടേതാണെന്നു തിരിച്ചറിഞ്ഞപ്പോൾ അവൾ ഒത്തിരി ആശ്വസിച്ചു..
രാധിക കണ്ണുകൾ ഉയർത്തി മരിയയെ നോക്കി.. അവിടെയും ഭാവം അത്ഭുതം തന്നെ.. താൻ ഇത്രമാത്രം മാറിയോ എന്നവൾ ഓർത്തുപോയി..

" നീ ഒന്ന് വേഗം വാ.. ഈ രീതിയിൽ നീ ഇവിടെ നിന്നാൽ ശരിയാവില്ല... " അതും പറഞ്ഞു മരിയാ അവളുടെ കൈകളിൽ പിടിച്ചു വരാന്തയിലൂടെ ക്ലാസിലേക്ക് നടന്നു...

ക്ലസിലേക്കു കയറിയപ്പോഴും സ്ഥിതി മറിച്ചായിരുന്നില്ല... പഴകിയ ഡ്രെസ്സും ഇട്ടു ചാണാതിന്റെ മണവുമായി വന്നിരുന്ന രാധിക ഇന്നിവിടെ ഒരു ദേവിയുടെ ചൈതന്യത്തോടെ...ഇരുട്ടിൽ മനോഹരമായ് വിളങ്ങുന്ന ചന്ദ്രന്റെ ശോഭയോടെ തങ്ങളുടെ മുന്നിൽ.. ആൺകുട്ടികൾ കണ്ണടക്കാൻ പോലും ഒരു നിമിഷം മറന്നുപോയി.. പെണ്കുട്ടികളെല്ലാം അസൂയയോടെയും എന്നാൽ സ്നേഹത്തോടെയുമാണ് അവളെ നോക്കിയത്... ഇന്നവളുടെ ശരീരത്തിൽ നിന്നും വരുന്നത് ചാണാതിന്റെ മണമല്ല... വശ്യമായ പൂക്കളുടെ സുഗന്ധമാണ്...

കണ്ണുകൾ ഉയർത്തിയ രാധികയുടെ കണ്ണുകൾ ആദ്യം കണ്ടത് തന്നെ എന്നും കളിയാക്കാൻ മത്സരിച്ചിരുന്ന മാളവികയുടെ മുഖമാണ്... പറഞ്ഞറിയിക്കാൻ കഴിയാത്ത എന്തോ ഭാവമാണ് അവളുടെ മുഖത്ത്.. പക്ഷെ ആ ഭാവത്തിലെവിടെയും സ്നേഹത്തിന്റെയോ സൗഹൃതത്തിന്റെയോ കണികകൾ അവൾ കണ്ടില്ല... അതിൽ നിന്നെല്ലാം ഒഴിഞ്ഞുമാറി രാധിക മരിയയുടെ കൂടെ തന്റെ സ്ഥാനത്തു ഇരുന്നു...

"ഇനി പറ... എന്താ ഇത്... " മരിയയുടെ ആകാംഷനിറഞ്ഞ ചോദ്യം..

"എന്ത്..." രാധിക മനസിലാകാത്തപോലെ പതിയെ ചോതിച്ചു...

"ദേ പെണ്ണേ... ഒരു കുത്തുവെച്ചുതരും ഞാൻ.. ഈ വേഷത്തിന്റെയും ഈ ഒരുങ്ങലിന്റെയും കാരണ ഞാൻ ചോതിച്ചേ... എന്തായാലും ഇതൊന്നും നീ മേടിക്കാനോ നിന്റെ വീട്ടീന്ന് മേടിച്ചുതരാനോ സാധ്യതയില്ല... പിന്നാരാ... "

ആ ചോദ്യത്തിന് ഒന്നും പറയാതെ തല കുമ്പിട്ടിരിക്കുവാണ് രാധിക ചെയ്തത്..

"ഓ.... അപ്പൊ എന്നോടും പറയാൻ മേലായിരിക്കും.. ഇപ്പൊ എന്റെ സ്ഥാനോക്കെ അടീലായിരിക്കും ലെ.." പരിഭവത്തോടെയുള്ള മരിയയുടെ വാക്കുകൾ കണ്ണീരോടെയാണ് രാധിക സ്വീകരിച്ചത്... അവൾ മരിയയുടെ കൈകളിൽ പിടിച്ചു...

"അങ്ങനെ പറയല്ലേ മരിയെ.. നീ കഴിഞ്ഞേ ഉള്ളു നിക്കാരും... ഇത് ഇച്ഛായൻ തന്നതാ... " രാധിക വിഷമത്തോടെയാണ് അത് പറഞ്ഞത്..

"ഇഛായാനോ... ഏതു ഇച്ഛായൻ.. "അവൾ അത്ഭുതത്തോടെ ചോതിച്ചു.. ഒന്നാലോചിച്ചതിനു ശേഷം തുടർന്നു.. "ആര് ടോമിച്ചാനോ.. "

അവളുടെ ആകാംഷനിറഞ്ഞ ചോദ്യത്തിന് അതെ എന്ന രീതിയിൽ രാധിക തലയിലാക്കി..

"എടീ കള്ളി കാന്താരി... അപ്പൊ അങ്ങാനൊക്കെ ആയല്ലേ... ഇച്ഛായൻ വിളിവരെ എത്തി... എന്നാലും ഇതൊന്നും നീ എന്നോട് പറഞ്ഞില്ലല്ലോ... " മരിയ വിഷമം നടിച്ചു..

"പിണങ്ങല്ലേടീ.. ഇന്നലെ രാത്രിയാണ് ങ്ങനൊക്കെ ഇണ്ടായെ.. ഇന്നലെ ഇച്ഛായൻ വീട്ടിൽ വന്നായിരുന്നു... അപ്പൊ തന്നതാ.."

"രാത്രിയിലോ... എന്നാടി ഒരു വശപിശക്.. " മരിയയുടെ കണ്ണുകളിൽ കുസൃതി..

"ഇന്നലെ ഇച്ഛായൻ കോളേജ് കഴിഞ്ഞു ന്നെ കണ്ടിരുന്നു.. രാത്രിയാകുമ്പം ഇഛായൻ വീട്ടി വരൂന്നും ന്നോട് ഇറങ്ങി ചെല്ലണന്നും പറഞ്ഞു.. നിക്ക് പറ്റില്യാന്നു പറഞ്ഞതാ... " അവൾ പറഞ്ഞു നിർത്തി..

"എന്നിട്ടു.." മരിയ ആകാംഷപൂർവ്വം വീണ്ടും ചോതിച്ചു..

സംഭവിച്ചത് മുഴുവൻ രാധിക ഒറ്റ ശ്വാസത്തിൽ പറഞ്ഞുതീർത്തു... അത്ഭുതമൂറുന്ന മിഴികളോടെ കേട്ടിരുന്ന മരിയയുടെ കണ്ണുകൾ പോലും ഈറൻ ആകുന്നതു അവൾ കണ്ടു..

"എടീ പെണ്ണേ.. ഭാഗ്യവാതിയാ നീ.. വിഷമങ്ങൾ ഒത്തിരി ഉണ്ടായെങ്കിലും ഒക്കെ ഈ നല്ലതിനുവേണ്ടിയായിരുന്നു എന്ന് ചിന്തിച്ച മതി.. ഞാൻ പറഞ്ഞത് ഓർമ്മയുണ്ടല്ലോ.. മുറുക്കെ പിടിച്ചോണം.. കൈവിട്ടു കളയരുത് ഇതുപോലൊരു ചെക്കനെ... മനസ് നിറഞ്ഞു സ്നേഹിക്കാനാറിയുന്ന ഒരു പുരുഷനെ കിട്ടുന്നതിലും ഭാഗ്യം വേറെന്തുവേണടീ ഒരു പെണ്ണിന്... " സ്നേഹം തുളുമ്പുന്ന കണ്ണീരോടെയാണ് മരിയ അത് പറഞ്ഞത്..

അവളുടെ വാക്കുകൾക്കു ലജ്ജ നിറഞ്ഞ ഒരു പുഞ്ചിരി രാധിക നൽകി..

" പിന്നെയെ... ടോമിച്ചനും ഭാഗ്യവാനാ.. നിന്നെപ്പോലെ ഒരു പെണ്ണിനെ കിട്ടിയില്ലേ... "

"കളിയാക്കണ്ടാ ട്ടോ മരിയെ.."

"സത്യാ പറഞ്ഞെ... നിന്നെപ്പോലൊരു പച്ചപാവം പെണ്ണ് വേറെ ആരുണ്ടടീ ഈ നാട്ടിൽ.." അതും പറഞ്ഞു മരിയ രാധികയുടെ കവിളിൽ നുള്ളി..

"ന്നെ നി നീയും കളിയാക്കിക്കോ.." നാണത്തോടെയാണ് രാധിക അത് പറഞ്ഞത്..

"നീ പോടീ... എന്ത് പറഞ്ഞാലും കളിയാക്കലാ.. " അവൾ ഒന്ന് നിർത്തി വീണ്ടും തുടർന്നു.. "ന്നാലും ടോമിച്ചന് നല്ല ഡ്രസ്സ് സെൻസ് ഒക്കെ ഉണ്ട് കേട്ടോ... നീ ഇങ്ങനെ വന്നപ്പോ എനിക്കുപോലും ആദ്യം മനസിലായില്ല.. നോക്കുമ്പേന്നാ.. ചെക്കന്മാരൊക്കെ നിന്നെ നോക്കി കൊത്തിവലിക്കയല്ലായിരുന്നോ... ഇപ്പൊ ഈ കോളേജിലെ സകല ആമ്പിള്ളേരും മനസ്സിൽ നിന്നെ പ്രേമിച്ചു തുടങ്ങിയിട്ടുണ്ടാകും... ഒന്നൊരുങ്ങിയിറങ്ങിയപ്പോ പെണ്ണേ നീ ഈ കോളേജിലെ പകരം വെക്കാൻ കഴിയാത്ത ബ്യൂട്ടി ക്വീൻ അയി ട്ടോ.. മാളവിക തന്നെ കുശുമ്പോടെയാ നിന്നെ നോക്കിയത്.. ഇപ്പോഴും ഇടയ്ക്കു തിരിഞ്ഞുനോക്കുന്നുണ്ട്... "

മരിയ അതുപറഞ്ഞപ്പോൾ രാധിക മുഖമുയർത്തി എല്ലാവരെയും ഒന്ന് നോക്കി.. എല്ലാവരും തങ്ങളെത്തന്നെയാണ് നോക്കുന്നത്.. അവൾ എല്ലാവരോടും എന്നപോലെ ഒന്ന് പുഞ്ചിരിച്ചു.. അത് കണ്ടു ആൺകുട്ടികളിൽ പലരും ഹായ് എന്ന രീതിയിൽ അവളെ കൈ ഉയർത്തി കാണിച്ചു.. മാളവിക ഇതെല്ലം ദേഷ്യത്തോടെയാണ് കണ്ടുനിന്നത്..

ക്ലാസിലേക്ക് കടന്നുവരികയായിരുന്നു ടോമിച്ചൻ.. കൂടെ റിയാസും.. അവന്റെ കണ്ണുകൾ ആദ്യം പോയത് രാധിക ഇരിക്കുന്ന ഭാഗത്തേക്കാണ്... അവന്റെ കണ്ണുകൾ വികസിച്ചു.. ഇന്ദ്രനീല കൃഷ്ണമണികൾ തിളങ്ങി.. തന്റെ രാധിക ഇന്ന് അതി സുന്ദരിയായിരിക്കുന്നു. ഇത്രത്തോളം താൻ പ്രതീക്ഷിച്ചിരുന്നില്ല. ഈ ഡ്രെസ് അവൾക്കു ചേരുമെന്ന് തോന്നിയിരുന്നെങ്കിലും ഇത്രേം മനോഹരിയാക്കുമെന്നു കരുതിയില്ല... ഒരു നിമിഷം അവന്റെ കണ്ണുകൾ അവളുടേതുമായി ഉടക്കി.. പക്ഷെ പെട്ടെന്നുതന്നെ അവൾ നാണത്താൽ മുഖം കുനിച്ചു.. എങ്കിലും ആ ചുണ്ടുകളിൽ വിരിഞ്ഞ പുഞ്ചിരി അവൻ കണ്ടു... നാണം തുളുമ്പുന്ന അവളുടെ പുഞ്ചിരി...

"എന്താ അളിയാ ഇത്.. അത് നമ്മുടെ രാധിക തന്നാണോ... എന്തായാലും നീ അറിഞ്ഞും കണ്ടൊക്കെയാ ആളെ സെലക്ട ചെയ്തേ.. കൊള്ളാം.." അത്ഭുതത്തോടെയാണ് റിയാസ് അത് പറഞ്ഞത്...

റിയാസ് ഒന്ന് തിരിഞ്ഞു നോക്കി... പക്ഷെ അവന്റെ കണ്ണുകൾ ഉടക്കിയത് മരിയയുടെ മിഴികളുമായാണ്... ഒരു നിമിഷം അവർ പരസ്പരം നോക്കി.. അവൻ ഒന്ന് ചിരിച്ചു... അവളും...

"ഡാ... ഞാനും ഒന്ന് പുഷ്പിക്കാൻ തീരുമാനിച്ചു.." റിയാസ് ടോമിച്ചന്റെ തോളിൽ അടിച്ചുകൊണ്ടു പറഞ്ഞു..

"എന്താ..." ടോമിച്ചന് അതിന്റെ പൊരുൾ മനസിലായില്ല..

"എടാ... എന്റെ ചങ്ക് അല്ലെ നീ.. അപ്പൊ നീ പ്രേമിക്കുന്ന പെണ്ണിന്റെ ചങ്കിനെ ഞാനും പ്രേമിക്കുന്നു.. എന്താ.. നിനക്ക് എതിർപ്പൊന്നുമില്ലല്ലോ..."

" നീ പ്രേമിച്ചോ.... നമ്മുക്ക് തകർക്കാന്ന്... " ടോമിച്ചൻ അവനെ പ്രോത്സാഹിപ്പിച്ചു..

റിയാസ് ഒന്നുകൂടി മരിയയെ തിരിഞ്ഞു നോക്കി.. ഏതോ ഉൾവിളിയിൽ അവളും നോക്കിപോയി.. റിയാസ് നോക്കുന്നത് മനസിലായ അവൾ നാണത്താൽ മുഖം കുനിച്ചു.. ഒരു ചിരിയോടെ റിയാസ് തിരിഞ്ഞു..

പെട്ടെന്നാണ് ക്ലാസ്സിലേക്ക് വിദ്യാനന്ദൻ സാർ കടന്നുവന്നത്.. എല്ലാവരും എഴുന്നേറ്റു ഗുഡ് മോണിംഗ് പറഞ്ഞു.. പതിയെ ടോമിച്ചൻ എഴുന്നേറ്റു സാരിനടുത്തേക്കു ചെന്ന് വളരെ സ്വകാര്യമായി സംസാരിച്ചു... അദ്ദേഹം അതിനു ഒരു പുഞ്ചിരിയോടെ തലയിളക്കുകയാണ് ചെയ്തത്.. ടോമിച്ചൻ വന്നു വിദ്യാർഥികൾക്കെല്ലാം അഭിമുഖമായി നിന്നു...

"പ്രിയ സുഹൃത്തുക്കളെ... ഇന്ന് നമുക്കെല്ലാം സന്തോഷിക്കാൻ കഴിയുന്ന ഒരു പ്രേത്യേകതയുള്ള ദിവസമാണ്... നമ്മുടെ സഹപാഠിയായ... കൂട്ടുകാരിയായ രാധികയുടെ ജന്മദിനം... "

രാധിക നാണത്താൽ തല കുമ്പിട്ടിരിക്കുകയാണ്... എല്ലാവരും അവളെ നോക്കി...

" ആഹാ... അതുകൊള്ളാലോ... വെറുതെയല്ല രാധിക രാധിക ഇന്ന് നല്ല അടിപൊളിയായി വന്നിരിക്കുന്നത്.. " വിദ്യാനന്ദൻ സാറാണ് അത് പറഞ്ഞത്..

ടോമിച്ചൻ ഒന്ന് ചിരിച്ചുകൊണ്ട് തുടർന്നു...

" രാധിക ജന്മദിനം പ്രമാണിച്ചു ഒരു കേക്ക് സ്പോൺസർ ചെയ്തിട്ടുണ്ട്... അത് മുറിക്കാൻ രാധികയെ നമ്മുക്ക് ഒരുമിച്ചു സ്വാഗതം ചെയ്യാം... " അവൻ അതും പറഞ്ഞു രാധികയെ നോക്കി.. അവൾ ഒന്നും മനസിലാകാത്തപോലെ ടോമിച്ചനെ നോക്കുകയാണ്.. ആ കണ്ണുകളിൽ ചെറുതായി നനവ് പടരുന്നത് അവൻ കണ്ടു.. ടോമിച്ചൻ ബാഗിൽ നിന്നും കേക്ക് എടുത്തു ടേബിളിൽ വച്ച്... മനോഹരമായ ഒരു വലിയ ക്രീം കേക്ക്..

രാധിക നിറഞ്ഞ മിഴികളോടെ മരിയയെ നോക്കി.. പുഞ്ചിരിയോടെ അവൾ രാധികയുടെ കൈകളിൽ പിടിച്ചു.. മുന്നോട്ടു ചെല്ലാൻ കണ്ണുകൾ കോണ്ടു അവൾ കാണിച്ചു.. അവൾക്കറിയാമായിരുന്നു ഇതെല്ലം ടോമിച്ചൻ ചെയ്യുന്നതാണെന്നു... കുട്ടികളെല്ലാം എഴുന്നേറ്റു രാധികയെ നോക്കി.. അവൾ നോക്കിയത് ടോമിച്ചനെയാണ്.. പുഞ്ചിരിയോടെ ചെല്ലാൻ അവൻ അവളോട് ആംഗ്യത്തിൽ പറഞ്ഞു...

രാധിക എഴുന്നേറ്റു മുന്നോട്ടു നടന്നു.. അപ്പോഴും അവളുടെ മുഖം കുനിഞ്ഞു തന്നെയാണ് ഇരുന്നത്.. അത് പക്ഷെ നാണം കാരണമായിരുന്നില്ല... മറിച്ചു സന്തോഷത്താൽ നിറഞ്ഞ കണ്ണുകൾ സഹപാഠികൾ കാണാതിരിക്കാൻവേണ്ടിയായിരുന്നു.. എല്ലാവരും കൈകൾ അടിച്ചു അവൾക്കു മങ്ങളമേകി..

"ഹാപ്പി ബെർത്തഡേ ടു യു..... ഹാപ്പി ബെർത്തഡേ ടു യു... " എന്നു മനോഹരമായ് അവിടെ ഈണത്തിൽ മുഴങ്ങി..

ഒഴുകിയിറങ്ങിയ കണ്ണുനീർ എത്ര തുടച്ചിട്ടും നിൽക്കുന്നില്ല... ഇതുവരെ കിട്ടാത്ത സൗഹൃദത്തിലും സ്നേഹത്തിലും കണ്ണുകൾ സന്തോഷത്തിന്റെ മഴ വർഷിക്കുകയാണ്... ടോമിച്ചന്റെ കയ്യില്നിന്നും കത്തി മേടിക്കുമ്പോൾ അവളുടെ കൈ വിറക്കുന്നുണ്ടായിരുന്നു... അവൾ നിറകണ്ണുകളോടെ ആ കേക്ക് എല്ലാവരെയും സാക്ഷിയാക്കി മുറിച്ചു... എല്ലാവരും കയ്യടിച്ചു അവൾക്കു മംഗളങ്ങൾ നേർന്നു...

"എനിക്കൊരു കാര്യം പറയാനുണ്ട്... " ഇടയിൽ വീണത് വിദ്യാനന്ദൻ സാറിന്റെ ശബ്ദമാണ്..

എല്ലാവരും സാറിനെ നോക്കി.. ആകാംഷ നിറഞ്ഞ മുഖത്തോടെ രാധികയും ടോമിച്ചനും..

"രാധിക ആദ്യം ഈ കേക്ക് രാധികക്കു ഏറ്റവും പ്രിയപ്പെട്ട... ഏറ്റവും ഇഷ്ടപ്പെട്ട ആൾക്ക് കൊടുക്കണം.. അല്ലെ മക്കളെ... ഇതൊക്കെയല്ലേ ഒരു എന്ജോയ്മെന്റ ഈ ലൈഫിൽ... " സാറിന്റെ വാക്കുകൾ കയ്യടിയോടെ എല്ലാവരും സ്വാഗതം ചെയ്തു...

ആ വാക്കുകൾ രാധികയുടെ മനസ്സിൽ ഒരു കുന്തമുനപോലെയാണ് കയറിയിറങ്ങിയത്... ആരാണ് തനിക്കേറ്റവും പ്രിയപ്പെട്ടത്... അവൾ മനസ്സിൽ ഉത്തരം തേടി... അവൾ തല ഉയർത്തി ടോമിച്ചനെ നോക്കി.. നിറപുഞ്ചിരിയോടെ കൈകൾ അടിക്കുന്ന തന്റെ ഇച്ഛായൻ.. ഒരുപക്ഷെ തന്റെ ഇന്നത്തെ സന്തോഷത്തിനു മുഴുവൻ കാരണം... താൻ നെഞ്ചിൽ ചാഞ്ഞുറങ്ങാൻ ആഗ്രഹിക്കുന്ന പുരുഷൻ...

പിന്നെ അവളുടെ കണ്ണുകൾ തിരഞ്ഞത് മരിയയെ ആയിരുന്നു... അവളും പുഞ്ചിയോടെ കൈകൾ അടിച്ചു തന്റെ സന്തോഷത്തിൽ കൂട്ടായിനിക്കുന്നു... മരിയ... തനിക്കു ആരോരുമില്ലായിരുന്ന ഈ കോളേജിൽ ആകെ ഒരു തണലായി... കൂട്ടായി കൂടെനിന്നവൾ.. എന്റെ സന്തോഷത്തിൽ എന്നേക്കാൾ സന്തോഷിച്ചവൾ... ദുഃഖത്തിൽ പങ്കുചേർന്നവൾ.. ഇല്ലായ്മയിൽ നിന്ന് തന്നെ സഹായിച്ചവൾ... അവളുടെ മുന്നിൽ ഉത്തരം കിട്ടാത്ത ചോദ്യമായി അത് നിലനിന്നു.. എല്ലാവരും തന്നെയാണ് നോക്കുന്നത്...

അവൾ ഒരു പിസ് കേക്ക് കയ്യിലെടുത്തു.... ടോമിച്ചനെ ഒന്ന് നോക്കി... പുഞ്ചിരിയോടെ നിൽക്കുകയാണ് ... അവൾ ചുവടുകൾ വച്ചു... മരിയയുടെ അടുത്തേക്ക്... എല്ലാവരും അത് പ്രതീക്ഷിച്ചിരുന്നതിനാലാവണം... കൈകൾ അടിച്ചു അവരുടെ സന്തോഷം അറിയിച്ചു.. അവൾ ടോമിച്ചനെ നോക്കിയില്ല... ആ മുഖത്തെ ഭാവം എന്താണെന്നു അറിയണമെങ്കിലും.. അത് വിഷമമാണെങ്കിൽ കഴിയില്ല തനിക്കത് സഹിക്കാൻ...

രാധിക മരിയയുടെ നേർക്ക് ആ കേക്ക് നീട്ടി... മരിയ രാധികയെ നോക്കി.. നിറകണ്ണുകളോടെ തന്റെ നേർക്ക് കേക്ക് നീട്ടി നിൽക്കുന്നു... പെട്ടെന്ന് മരിയയുടെ വലതുകരം രാധികയുടെ കൈകളെ തടഞ്ഞു... അത് പ്രതീക്ഷിക്കാഞ്ഞതിനാൽ അവൾ കണ്ണുകൾ ഉയർത്തി മരിയയെ നോക്കി... അവളുടെ കണ്ണുകൾ നിറഞ്ഞിട്ടുണ്ട്... കവിൾതടങ്ങൾ വിരകൊള്ളുന്നുണ്ട്...

"ഇത് ഞാൻ സ്വീകരിച്ചാൽ ഞാൻ നിന്റെ കൂട്ടുകാരിയായിരിക്കുന്നതിൽ എന്തർത്ഥമാടീ ഉള്ളത്... നിന്റെയീ മനസുണ്ടല്ലോ.. അതുമതി എനിക്ക്... ഈ കേക്ക് നീ അതിനാര്ഹതപ്പെട്ടവർക്കു കൊടുത്താൽ മതി.. നിനക്കറിയാലോ അതാർക്കാന്ന്.." നിറകണ്ണുകളോടെ അത് പറഞ്ഞു മാറിയ രാധികയെ കെട്ടിപ്പിടിച്ചു... അവളെ അടർത്തിമാറ്റി ചെല്ലു എന്ന രീതിയിൽ ആംഗ്യം കാണിച്ചു...

രാധിക പതിയെ തിരിഞ്ഞു നടന്നു... എല്ലാവരും കൗതുകത്തോടെ നോക്കിനിൽക്കുകയാണ്... അവളുടെ ചുവടുകൾ നിന്നതു ടോമിച്ചന്റെ മുന്നിലാണ്... അവൾ കണ്ണുകൾ ഉയർത്തി അവനെ നോക്കി... ആ കണ്ണുകൾ ചെറുതായി നിറഞ്ഞിട്ടുണ്ട്... അത് താൻ നൽകിയ വിഷമത്തിൽ അടയാളമാണോ എന്ന ചിന്ത അവളുടെ മനസ്സിൽ മുറിവുണ്ടാക്കി.. പെട്ടെന്ന് അവന്റെ മുഖത്ത് വിരിഞ്ഞ പുഞ്ചിരിയാണ് അവളുടെ മനസിനെ ശാന്തമാക്കിയത്.. ചെറു നാണം നിറഞ്ഞ പുഞ്ചിരിയോടെ അവൾ കേക്ക് അവന്റെ നേരെ നീട്ടി.. അവൻ അത് കുറച്ചു വാ കൊണ്ട് കടിച്ചെടുത്തു ഒരു പീസ് അവൾക്കും നൽകി...

ഒരു നിമിഷം ക്ലാസിലെ എല്ലാവരും കയ്യടിക്കാൻ തന്നെ മറന്നുപോയി.. കോളേജിലെ ഗന്ധർവ്വകുമാരന്റെ മനസ്സിൽ ഇടം നേടിയിരിക്കുന്നത് രാധികയാണ്... പെണ്ണുങ്ങൾക്ക് അവളോട് അസൂയ തോന്നി... ആൺകുട്ടികളുടെ മുഖത്ത് എന്തോ നഷ്ടപെട്ടല്ലോ എന്ന വിഷമവും.. അപ്പോഴും നിറകണ്ണുകളോടെ കൈകൾ അടിച്ചുനിന്നത് മരിയ ആണ്.. കൂടാതെ റിയാസും.. അവരുടെ കണ്ണുകളും ഒരു നിമിഷം പരസ്പരം ഉടക്കി..

കോളേജ് മുഴുവൻ രാധികയുടെ പേര് മുഴങ്ങിക്കേൽക്കാൻ അതികം നേരം വേണ്ടിവന്നില്ല.. ഇന്റർവെല്ലിന്റെ സമയത്തും കോളേജിലെ പല ക്ലാസ്സുകളിൽ നിന്നും പെൺകുട്ടികൾ രാധികയെ കാണാൻവേണ്ടി മാത്രം അവളുടെ ക്ലാസിനു മുന്നിലൂടെ നടന്നു.. തങ്ങളുടെ മനസിലെ ഗന്ധർവ്വനു ഇഷ്ടം തോന്നിയ ആ കുമാരിയെ കാണാൻ വേണ്ടി മാത്രം...

...

ക്ലാസ് കഴിഞ്ഞു ബസ് കാത്തുനിക്കുകയായിരുന്നു രാധികയും മരിയയും... അടുത്തുള്ള ആൺകുട്ടികളും പെൺകുട്ടികളും എല്ലാവരും രാധികയെ ഇടയ്ക്കിടയ്ക്ക് നോക്കുന്നത് മരിയ കാണുന്നുണ്ട്.. ഇപ്പൊ കോളേജിലെ ഒരുകുട്ടിപോലും രാധികയെ അറിയാത്തവരായി ഉണ്ടാവില്ല എന്നവൾക്കു തോന്നി.. പെട്ടെന്നാണ് ഒരു ബുള്ളെറ്റിന്റെ ശബ്ദം അടുത്തുവരുന്നത് കേട്ടത്.. വിടർന്ന മുഖത്തോടെ മുഖത്ത് ഒരായിരം പ്രതീക്ഷയോടെ അങ്ങോട്ട് നോക്കുന്ന രാധികയെ കണ്ടപ്പോൾ മരിയ ഒന്ന് ചിരിച്ചു... പ്രണയം വല്ലാണ്ട് പൂത്തുലഞ്ഞു നിക്കുന്നു... ഇതിന്റെയൊക്കെ അവസാനം എന്താകുമെന്നു ഓർക്കുമ്പോൾ ചെറിയ ഭയം തോന്നാതിരുന്നില്ല മരിയക്കു.. കാരണം അവൾക്കറിയാം ബ്ലേഡ് തോമാച്ചനെ...

പ്രതീക്ഷിച്ചിരുന്നപോലെ അത് ടോമിച്ചന്റെ വരവ് തന്നെയായിരുന്നു... കൂടെ റിയാസും... അവർ ബസ്റ്റോപ്പിനു മുന്നിൽ വന്നു നിന്നു... രാധിക അപ്പോഴേക്കും നാണത്താൽ മുഖം കുനിച്ചിരുന്നു.. എല്ലാവരും തങ്ങളെയാണ് നോക്കുന്നത് എന്നവൾക്കറിയാം... ടോമിച്ചൻ

രാധിക ചെല്ലുന്നതും നോക്കി നിക്കുകയാണ്.. മരിയ മുഖം കുനിച്ചുനിക്കുന്ന രാധികയെ കണ്ടപ്പോൾ അവളുടെ കയ്യിൽ ഒരു നുള്ളു കൊടുത്തു..

" നാണിച്ചിരിക്കാതെ അങ്ങോട്ട് ചെല്ലടി.. അവൻ നിന്നെയാ നോക്കുന്നെ.. " മരിയ പതിയെ പറന്നു..

കൈയ്യിൽ നുള്ളിയ ഭാഗം തിരുമി നാണത്താൽ രാധിക മുന്നോട്ടു നടന്നു.. അപ്പോഴും മുഖം കുനിഞ്ഞുതന്നെ ഇരുന്നു... ടോമിച്ചന്റെ മുന്നിലെത്തിയപ്പോൾ അവൾ നിന്നു.. തല ഉയർത്തി നോക്കിയില്ല .. പകരം നാണത്താൽ അവളുടെ ഉടുപ്പിൽ എന്തൊക്കെയോ ചെയ്യാൻ ശ്രമിച്ചുകൊണ്ടിരുന്നു...

"ദേ പെണ്ണേ... ഇനിയും നാണിച്ചിരുന്നാ ഒരു കുത്തുവെച്ചു തരും ഞാൻ.." അവന്റെ വാക്കുകൾ കേട്ട് അവൾ തലയുയർത്തി..

"നിക്ക് നാണോന്നൂല്യ.." അവൾ അല്പം പരിഭവത്തോടെ പറഞ്ഞു...

ടോമിച്ചൻ അതിനു മറുപടിയായി ഒന്ന് ചിരിച്ചു...

"ബസ് വന്നില്ലേ... " അവൻ തിരക്കി..

ഇല്ല എന്നവൾ തോളുകൾ ചലിപ്പിച്ചു കാണിച്ചു..

"ഞാൻ കൊണ്ടുവിടാം.. "

"എടാ നാറി... അത് നീ ഇണ്ടായിറക്ട ആയി എന്നോട് ഇറങ്ങി പോകാൻ പറഞ്ഞതല്ലേ.. " പുറകിലിരുന്ന റിയാസ് ടോമിച്ചന്റെ തോളിൽ ഇടിച്ചുകൊണ്ടാണ് അത് പറഞ്ഞത്..

ടോമിച്ചൻ അവനെ നോക്കി ഒന്ന് ചിരിച്ചു... പെട്ടെന്നാണ് രാധികയുടെ പുറകിൽ എല്ലാം കണ്ടുകൊണ്ടു പുഞ്ചിരിയോടെ നിൽക്കുന്ന മരിയയെ റിയാസ് കണ്ടത്.. അവന്റെ മുഖം പെട്ടെന്ന് വിടർന്നു.. റിയാസ് തന്നെ കണ്ടു എന്ന് മനസിലായപ്പോൾ മരിയയുടെ മുഖത്ത് ഒരു ചെറു നാണം കളിയാടി..

" മ്... സാരില്ല... നിങ്ങളുടെ സ്വർഗ്ഗത്തിലെ കട്ടുറുമ്പു ഞാൻ ആവുന്നില്ല... ഒഴിഞ്ഞു തന്നേക്കാം.. " റിയാസ് ഒരു നെടുവീർപ്പോടെ പറഞ്ഞു വണ്ടിയില്നിന്നും ഇറങ്ങി... ടോമിച്ചൻ നാണത്തോടെനിൽക്കുന്ന മരിയയെ കണ്ടപ്പോൾ മനസിലായി എന്നയർത്ഥത്തിൽ അവനെ കണ്ണുകൾക്കൊണ്ടു കാണിച്ചു..

ടോമിച്ചന് പുറകിൽ കയറുന്നതിനു മുമ്പു രാധിക തിരിഞ്ഞു അനുവാദത്തിനെന്നോണം മരിയയെ നോക്കി.. അവൾ കണ്ണുകൾക്കൊണ്ടു ചെല്ലു എന്ന് അവളോട് കാണിച്ചു...

"കൂട്ടുകാരിയെ ഓർത്തു പേടിക്കണ്ട.. കൂട്ടുകാരിക്ക് ഞാൻ കമ്പനി കൊടുത്തോളം.. " റിയാസാണ് അത് പറഞ്ഞത്..

രാധിക ടോമിച്ചന്റെ പിന്നിൽ കയറി കണ്ണിൽ നിന്ന് മറയുന്നതുവരെ മരിയ നോക്കി നിന്നു.. പെട്ടെന്നാണ് തന്റെ അടുത്തുനിക്കുന്ന റിയാസിന്റെ അവൾ കാണുന്നത്.. ചെറിയ ഒരു നാണം വന്നെങ്കിലും ധൈര്യം സംഭരിച്ചു എന്താ എന്നവൾ ചോതിച്ചു...

" ചുമ്മാ... എന്റെ പെങ്ങൾക്കുവേണ്ടി അവളുടെ കൂട്ടുകാരിക്ക് ഒരു കമ്പനി കൊടുക്കാൻ വന്നതാ.." അവൻ ഒരു ചിരിയോടെ പറഞ്ഞു..

"അയ്യോടാ... പെങ്ങൾക്കുവേണ്ടി അത്രവലിയ കഷ്ടപാടൊക്കെ സാഹിക്കുമോ.."

"പിന്നെന്താ... വേണേ എന്റെ ജീവിതം തന്നെ അവളുടെ ഈ കൂട്ടുകാരിക്ക് ഞാൻ തരും.." അവൻ അതും പറഞ്ഞു ഒളികണ്ണിട്ടു മരിയയെ ഒന്ന് നോക്കി.. അവളുടെ മുഖത്ത് ഒരു ചെറിയ പുഞ്ചിരി വിടർന്നപോലെ..

പെട്ടെന്ന് മരിയാക്കു പോകുവാനുള്ള ബസ് വന്നു... അവൾ വേഗം മുന്നിലേക്ക് നടന്നു.. ഒരു യാത്രപോലും പറയാതെ അവൾ നടന്നപ്പോൾ റിയാസിനുള്ളിൽ ചെറിയ വിഷമം തോന്നി.. അത് അവന്റെ മുഖത്ത് പ്രതിഫലിക്കുകയും ചെയ്തു.. അവൾ ബസിൽ കയറുന്നത് അവൻ നോക്കി നിന്നു.. മുന്നിൽ തന്നെ സീറ്റിനോട് ചേർന്ന് അവൾ നിന്നു.. എല്ലാവരും കയറി ബസ് മുന്നോട്ടു നീങ്ങാൻ തുടങ്ങി.. റിയാസ് മിഴിയും നട്ട് അവളെത്തന്നെ ഇമചിമ്മാതെ നോക്കുകയാണ്.. പെട്ടെന്ന് അവന്റെ മുഖം വിടർന്നു.. സന്തോഷത്തിരയിലാക്കാം അവന്റെ കണ്ണുകളിൽ കളിയാടി.. അതെ.. അവനെ പുഞ്ചിരിയോടെ നോക്കുകയാണ് മരിയ... അവൾ ചിരിയോടെ അവനെ കൈ വീശി കാണിച്ചു.. തിരിച്ചു തുടിക്കുന്ന ഹൃദയത്തോടെ അവനും..

.....

എല്ലാം മറന്നു ടോമിച്ചനോട് ചേർന്നിരിക്കുകയാനിരുന്നു രാധിക... മനസ്സിൽ മഴവില്ലു വിരിഞ്ഞിരിക്കുകയാണ്.. ഇതുവരെ അനുഭവിച്ച എല്ലാ ദുഃഖങ്ങൾക്കും പകരമായി കണ്ണൻ തന്ന വലിയ സന്തോഷമാണ് തന്നോട് ഇപ്പൊ ചേർന്നിരിക്കുന്നത് എന്നവൾക്കു തോന്നി.. അത് അവനെ ചുറ്റിയിരുന്ന കൈക്ക് ഒന്നുകൂടി ബലം വെപ്പിച്ചു... അവളുടെ അധരങ്ങൾ അവന്റെ പുറത്തമർന്നു..

പെട്ടെന്ന് വണ്ടി നിന്നതറിഞ്ഞാണ് അവൾ ബോധത്തിലേക്കു തിരികെ എത്തിയത്.. അതെ തന്റെ വീടിനുമുന്നിലുള്ള വളവിലാണ് ഇപ്പൊ.. അവൾക്കു ഇറങ്ങാൻ തോന്നിയില്ല.. തന്റെ ഇഛായനൊപ്പം ഇങ്ങനെ ചേർന്നിരുന്നു ഈ ഭൂമിയുടെ അറ്റംവരെ പോകാൻ അവൾ ആശിച്ചു..

ഇറങ്ങുന്നില്ലേ" ചോദ്യത്തോടൊപ്പം അവൻ അവളെ നോക്കി പുഞ്ചിരിച്ചു.. " ഞാൻ വരുന്നില്ല.. നിന്റമ്മ എപ്പോഴും ഞാനിങ്ങനെ വരുന്നത് കാണണ്ട.. "

അവൾ ഒന്നും പറയാതെ നടന്നു.. പെട്ടെന്ന് അവൾ പിന്നോട്ട് തിരിഞ്ഞു... മുഖത്ത് ഒരു വിഷമ ഭാവമാണ്.. അവൾ തിരിഞ്ഞു ചുവടുകൾ വെച്ച് വീണ്ടും അവനടുത്തു വന്നു..

" ഇച്ചായാ... ഇച്ചായന് വിഷമമായോ ഞാൻ അങ്ങനെ ചെയ്തപ്പോ.." അവളുടെ വാക്കുകൾ ഇടറിയിരുന്നു അത് ചോദിക്കുമ്പോ..

" നീ എന്ത് ചെയ്തപ്പോ.. " അവൻ മനസിലാകാത്തപോലെ ചോതിച്ചു..

"കേക്ക് ഞാൻ ആദ്യം മരിയാക്കു കൊടുക്കാൻ പോയപ്പോ.."

നിറഞ്ഞ അവളുടെ കണ്ണുകളിലേക്ക്നോക്കിയപ്പോ അവനു താങ്ങാൻ കഴിഞ്ഞില്ല.. അവൻ അവളെ വലിച്ചു അവന്റെ നെഞ്ചോട് ചേർത്ത് കൈകളാൽ ചുറ്റി... അവളുടെ കവിളിലും പിന്നെ മുടിയിഴകളിലും അവന്റെ വിരലുകൾ ചലിച്ചു.. അവളും കൈകളാൽ അവനെ ചുറ്റി അവന്റെ മാറിൽ മുഖം ചേർത്തുനിന്നു..

"വിഷമം തോന്നിയില്ല എന്ന് ഞാൻ പറയില്ല.. ആദ്യം കുറച്ചു വിഷമം തോന്നിയിരുന്നു.. പിന്നെ ആലോചിച്ചപ്പോ ശരിക്കും നിന്നോട് വല്ലാത്തൊരു ഇഷ്ടവും ബഹുമാനവുമൊക്കെയാ തോന്നിയെ.. നീ ചെയ്തതിൽ വലിയ ഒരു ശരിയുണ്ട്... എന്റെ രാധൂട്ടിയെ ഞാൻ മനസിലാക്കും എന്ന വിശ്വാസമുള്ളതുകൊണ്ടല്ലേ നീ അങ്ങനെ ചെയ്തേ.. അത് ഞാൻ മനസിലാക്കിയില്ലേൽ ഈ ടോമിച്ചൻ എന്റെ രാധൂട്ടിയെ സ്നേഹിക്കുന്നതിൽ എന്തർത്ഥവാ ഉള്ളേ... " അവൻ അവളുടെ മുഖം അവന്റെ കൈയ്യിൽ കോരി എടുത്തു.. അവളുടെ കണ്ണുകൾ നിറഞ്ഞിട്ടുണ്ട്.. കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണുനീർ അവൻ വിരലുകളാൽ തുടച്ചു...

" നിന്റെയീ മുഖത്തേക്കാൾ ചന്തം നിന്റെ മനസിനാ... മഞ്ഞുപോലെ വെണ്മയെറിയ... പട്ടുപോലെ മൃദുലമായ വലിയ ഈ മനസ്.. അത് നിന്റെ കണ്ണുകളിൽ എനിക്ക് കാണാം... കടലുപോലെ വറ്റാത്ത സ്നേഹമുള്ള ഒരു മനസ്.. " അതും പറഞ്ഞു അവൻ അവളുടെ കണ്ണിൽ അധരങ്ങൾ ചേർത്ത്.. അവൾ കണ്ണുകൾ അടച്ചു അതേറ്റുവാങ്ങി..

"രാധൂട്ടി.. നീ പോലുമറിയാതെ നീ എനിക്ക് ഒത്തിരി സന്തോഷം തരുന്നുണ്ട്.. നിന്നോടിങ്ങനെ ചേർന്നിരിക്കുമ്പോ... നിന്നോട് സംസാരിക്കുമ്പോ... നിന്നെ കാണുമ്പോ... എന്തിനു.. നിന്റെ സാന്നിധ്യം മനസറിയുമ്പോൾ പോലും ഞാൻ എത്രമാത്രം സന്തോഷിക്കുന്നുണ്ടെന്നു പറഞ്ഞറിയിക്കാൻ വയ്യ.. അത്രക്കിഷ്ടാ ഈ ഇച്ചായന് എന്റെ രാധൂട്ടിയെ..." അവന്റെ ആ വാക്കുകൾ രാധികയുടെ ഹൃദയത്തിന്റെ അടിത്തട്ടിലേക്കാണ് ഇറങ്ങി ചെന്നത്.. അവന്റെ സ്നേഹത്തിന്റെ ആഴം മനസിലാക്കാൻ അവൾക്കു വേറൊന്നും വേണ്ടിയിരുന്നില്ല.. മനസ് സന്തോഷത്തിൽ ആറാടിയപ്പോൾ കണ്ണുകൾ ആനന്ദമഴ വർഷിച്ചു... പിന്നെ ഒരു നിമിഷം പോലും അവൾ വൈകിയില്ല... അവന്റെ മുഖം കൈകുമ്പിളിലാക്കി അവളുടെ മൃദുലമായ അധരങ്ങൾ അവന്റെ മുഖത്തുകൂടി ഒഴുകിനടന്നു.. അവൾക്കു സ്വയം നിയന്ത്രിക്കാൻ സാധുക്കുന്നുണ്ടായിരുന്നില്ല... ചുറ്റുപാടും ശ്രദ്ധിക്കാൻ കഴിഞ്ഞില്ല... എവിടെയാണെന്നുള്ള ബോധം പോലും അവൾക്കിലായിരുന്നു... ഉള്ളിൽ പതഞ്ഞുപൊങ്ങിയ സ്നേഹത്തിരയിളക്കം മാത്രം.. ഒടുവിൽ എല്ലാം മറന്നു അവന്റെ മാറിൽ മുഖം ചേർത്ത് അവളിരുന്നു... ഒരു കുഞ്ഞിനെപോലെ കരങ്ങളാൽ ചുറ്റിവരിഞ്ഞു..

പെട്ടെന്ന് അവൻ അവളെ അടർത്തിമാറ്റി അവന്റെ ബാഗ് തുറന്നു..

"ഒരു കാര്യം മറന്നു.. " അതും പറഞ്ഞു അവൻ ബാഗിൽനിന്നും ഒരു പൊതി എടുത്തു അവളുടെ കയ്യിൽ കൊടുത്തു.. അവൾ ഒന്നും മനസിലാകാതെ അവനെ നോക്കി...

"ഇത് രാദുട്ടിയുടെ വീടിന്റെ ആധാരമാണ്.. അമ്മയോട് ഞാൻ കയ്യിൽ വെച്ചോളാം എന്നാ പറഞ്ഞെ.. അല്ലേൽ ചിലപ്പോ അവർ ഇനിയും ഇത് പണയം വെക്കുവോ മറ്റോ ചെയ്യും.. ഇതിനി ഈ പെണ്ണ് സൂക്ഷിച്ചാൽ മതി.. അമ്മയോടൊന്നും പറയണ്ട.. " അവൻ ആ കവർ അവളെ ഏല്പിച്ചുകൊണ്ടു പറഞ്ഞു..

"നിക്കെന്തിനാ ഇച്ചായാ ഇത്.. ഇത് ഇച്ചായൻ തന്നെ വെച്ചാ മതി.. നിക്കിതൊന്നും വേണ്ട... " അവൾ അത് നിരസിച്ചു..

"പെണ്ണേ... അടികൊള്ളും നീ.. മര്യാദക്ക് ഇതുകൊണ്ടുപോയി സൂക്ഷിച്ചുവെക്കു.." അതും പറഞ്ഞു അവൻ ബലമായി അത് അവളെ ഏൽപ്പിച്ചു...

"പിന്നെ നാളെ ക്ലാസ് ഇല്ലല്ലോ... ഞാൻ നാളെ വരുന്നുണ്ട്.. നിന്റെ അമ്മയോട് പറഞ്ഞിരുന്നു.. കുറച്ചു ക്യാഷ് വേണമെന്നും അതിനായി ആ പശുക്കളെ വിക്കാമെന്നും.. എനിക്കറിയാവുന്ന ഒരാൾ നാളെ വരും.. നോക്കിയിട്ട് നമ്മുക്കതുങ്ങളെ കൊടുക്കാം.."

അവന്റെ വാക്കുകൾ അവളിൽ ചെറിയ സങ്കടമുണ്ടാക്കി..

"അതുവേണോ ഇച്ചായാ... നിക്കാകെ മിണ്ടാനും പറയാനും ഒക്കെ ഒരു കൂട്ട് അതുങ്ങളെ ഉള്ളു.. "

"നിനക്ക് മിണ്ടാനും പറയാനും ഞാനുണ്ട്.. ഇവിടെ അതിനെ നോക്കി നീ കഷ്ടപ്പെടുന്നത് എനിക്കിനിയും കാണാൻ വയ്യ.. പിന്നെ വളർത്താനല്ലേ കൊടുക്കുന്നത്... " അതും പറഞ്ഞു അവൻ കീശയിൽ നിന്നും ഒരു മൊബൈൽ എടുത്തു അവൾക്കു കൊടുത്തു..

"ഇതെന്റെ പഴയ മൊബൈലാ.. ഇതിൽ ഞാൻ പുതിയ ഒരു കണക്ഷൻ എടുത്തിട്ടുണ്ട്... എന്റെ നമ്പറും ഇതിൽ ഫീഡ് ചെയ്തിട്ടുണ്ട്.. ഞാൻ വിളിക്കാം.. പിന്നെ ഇത് നിന്റെ അമ്മ കാണാതെ നോക്കണം... ഫ്രീയാവുമ്പോൾ എനിക്ക് മിസ്സ് അടിച്ചാൽ മതി.. ഞാൻ വിളിച്ചോളാം.. "

അത് മേടിക്കുമ്പോൾ അവളുടെ മുഖത്ത് സന്തോഷം കളിയാടി നിന്നു.. ഇനി തനിക്കെപ്പോഴും ഇച്ചായാനോട് സംസാരിക്കാം എന്ന ചിന്ത അവളെ ഒത്തിരി സന്തോഷവതിയാക്കി..

"നിക്ക് ഇത് ഉപയോഗിക്കാനൊന്നും അറിയില്ല്യ.." അവൾ പെട്ടെന്ന് പറഞ്ഞു..

അവൻ ഒരു പുഞ്ചിരിയോടെ അതിന്റെ ബേസിക് കാര്യങ്ങളെല്ലാം അവൾക്കു പറഞ്ഞു കൊടുത്തു.. അത് അവൾ ഭദ്രമായി ബാഗിൽ വച്ചു..

"എന്നാ ഞാൻ പോട്ടെ.. " അവൻ പോകാൻ ഒരുങ്ങി..

"ഇച്ചായാ.." പെട്ടെന്നുള്ള അവളുടെ വിളിയിൽ അവൻ തിരിഞ്ഞു എന്താ എന്നയർത്ഥത്തിൽ അവളെ നോക്കി.. അവൾ അവനടുത്തേക്കു ചേർന്നുനിന്ന് അവന്റെ ഷർട്ടിന്റെ ബട്ടെനിൽ കിള്ളി... നാണത്തോടെ അവന്റെ മാറിലൂടെ വിരലോടിച്ചു..

"ഒരു കാര്യം ചോദിച്ചാ ഇച്ചായൻ ന്നെ കളിയാക്കുവോ.." അവൾ അവന്റെ കണ്ണുകളിലേക്ക് നോക്കി..

അവൻ ഇല്ല എന്നയർത്ഥത്തിൽ പുഞ്ചിരിയോടെ തലയിളക്കി..

അവൾ പിന്നെയും അവനോടു ചർന്നു... അധരങ്ങൾ വിറകൊള്ളുന്നുണ്ടായിരുന്നു... എന്തോ വലിയ കാര്യം ആവശ്യപ്പെടാണെന്നപോലെ അവളുടെ പരുമാറ്റം അവനിൽ കൗതുകാമുണർത്തി...

"അതേ..... നിക്കൊരുമ്മ തരുവോ അന്ന് രാത്രി കുളക്കടവീന്നു തന്നപ്പോലെ.. " വളരെ പതിയെ ആണ് അതവൾ പറഞ്ഞത്. അത് പറയുമ്പോൾ നാണത്താൽ അവളുടെ മുഖം ചുവന്നിരുന്നു... അവൾ ശിരസ് കുനിച്ചു.... അവന്റെ മാറിലൂടെയുള്ള വിരലുകളുടെ ചലനത്തിനു ശക്തി കൂടി.. അവൾ പതിയെ കണ്ണുകൾ ഉയർത്തി.. ഒരു കുസൃതിച്ചിരിയോടെ ടോമിച്ചൻ നോക്കിനിക്കുകയാണ് അവളെ...

അവളുടെ മുഖത്ത് പെട്ടെന്ന് പരിഭവം കലർന്നു...

"പോവാ ഞാൻ.. ന്നെ കളിയാക്കല്ലെന്നു പറഞ്ഞതല്ലേ..." അതും പറഞ്ഞു അവൾ പരിഭാവത്തോടെ തിരിഞ്ഞുനടക്കാൻ തുടങ്ങി.. പെട്ടെന്നാണ് അവന്റെ കരങ്ങൾ അവളെ പിടിച്ചു അവനിലേക്ക് ചേർത്തതു... ഒന്നും പറയുന്നതിനുമുമ്പേ അവളുടെ ചുണ്ടുകൾ അവന്റെ ഉമിനീരിൽ കുതിർന്നിരുന്നു.. അവളുടെ ചെചുണ്ടുകൾ അവൻ അവന്റെ അധരങ്ങളാലും നാവിനാലും ഉഴിഞ്ഞു... വാ അറിയാതെ തുറന്നപ്പോൾ അവന്റെ നാവു അവളുടെ മുല്ലപ്പൂപ്പല്ലുകളിൽകൂടി പോലും ഒഴുകിനടന്നു.. അവൾ കൈകളാൽ അവനെ വരിഞ്ഞുമുറുക്കി... സ്വർഗീയാനുഭൂതിയിൽ അവൾ എല്ലാം മറന്നു..

രണ്ടുപേരും അടർന്നുമാറിയപ്പോഴേക്കും നന്നായി കിതച്ചിരുന്നു.. അവൾ പെട്ടെന്ന് വന്നു അവന്റെ കവിളിൽ ഒരുമ്മയും നൽകി തിരിഞ്ഞോടി... നാണത്തോടെ ഒരുവട്ടംകൂടി തിരിഞ്ഞുനോക്കി അവൾ നടന്നകന്നു...

......

പിറ്റേന്ന് ടോമിച്ചൻ ടൗണിൽ എത്തിയപ്പോഴേക്കും ചാണ്ടിച്ചൻ അവിടെ നോക്കി നിൽപ്പുണ്ടായിരുന്നു... പുള്ളി അവിടുത്തെ പേരുകേട്ട ഒരു ബ്രോക്കർ ആയിരുന്നു... ഒരു 50 വയസു തോന്നിക്കുന്ന മധ്യവയസ്കൻ.. എപ്പോഴും ഒരു കൈലിമുണ്ടും വെളുത്ത ഷർട്ടുമായിരിക്കും വേഷം.. കക്ഷത്തിൽ വെക്കാൻ ഒരു കുടയും.. അത് മഴക്കൊന്നും ഒരു സാധ്യതയില്ലേലും പുള്ളീന്റെ കയ്യിൽ കാണും.. ശീലമായിപോയി.. കൂടുതലും കന്നുകാലികൾ ആണ് പുള്ളി കൈകാര്യം ചെയ്തിരുന്നത്... ആർക്കെവിടെ പശുവിനെയോ ആടിനെയോ ഒക്കെ വേണമെങ്കിലോ വിക്കണമെങ്കിലോ പുള്ളിയെ വിളിച്ചാ മതി...

പെട്ടെന്ന് കാര്യം നടക്കും.. ടോമിച്ചൻ പല കാര്യത്തിലും പുള്ളിയെ സഹായിച്ചിട്ടുണ്ട്.. അതിനാൽ അവനെ അയാൾക്ക് ഒത്തിരി ഇഷ്ടമായിരുന്നു..

"ചാണ്ടിച്ചാ..." ടോമിച്ചൻ അയാളെ കൈകാട്ടി വിളിച്ചു.. മുറുക്കാൻ ചവച്ചു ചുവന്നിരിക്കുന്ന പല്ലുകൾകാട്ടി ചിരിച്ചുകൊണ്ട് അയാൾ അവന്റെ അടുത്തേക്ക് വന്നു...

"എല്ലാം ഓക്കേ അല്ലെ.." അവൻ ചോതിച്ചു..

"ആടാ.. ഞാനേറ്റ പിന്നത് നോക്കാനുണ്ടോ... പാർട്ടി കൂടെ വന്നിട്ടുണ്ട്... അവർക്കിഷ്ടപ്പെട്ടാ ഇന്നുതന്നെ കാശും തന്നു പശുക്കളെകൊണ്ടൊക്കോളും.. ചെനയുള്ളതാണന്നല്ലേ പറഞ്ഞെ.. " അയാൾ തിരക്കി..

"മ്.. അതെ.. ഒന്ന് 5 മാസം.. ഒന്ന് 6.. നമ്മുക്ക് എത്രേയിൽ പിടിക്കാം.."

"ഇപ്പഴത്തെ ഒരു മാർക്കറ്റ് വച്ച് നീ ആദ്യം ഒരു 80 രൂപ പറ... 70 ൽ കിട്ടിയാൽ നമ്മുക്ക് മുറിക്കാം.. "
അയാൾ അത് പറഞ്ഞു ഫോണെടുത്തു വിളിച്ചു.. കുറച്ചുനേരം സംസാരിച്ചു ഫോൺ വെച്ചു... കുറച്ചുകഴിഞ്ഞപ്പോൾ രണ്ടുപേർ കാറിൽ അങ്ങോട്ട് വന്നു.. ചാണ്ടി അവരുമായി സംസാരിച്ചു...

"ഡാ.. അപ്പൊ പോവല്ലേ.. നീ മുന്നേ വിട്ടോ.. ഞങ്ങൾ കാറിൽ പുറകെ വന്നേക്കാം.. " അതും പറഞ്ഞു അയാൾ കാറിൽ കയറി..

രാധികയുടെ വീട്ടിൽ എത്തിയപ്പോൾ ഉമ്മറത്ത് തൂണിൽ ചാരിയിരുന്നു എന്തോ ആലോചിക്കുകയായിരുന്നു ശാരദ.. പെട്ടെന്ന് ടോമിച്ചനും കൂടെ അപരിചിതരായ ആൾക്കാരും കയറി വന്നപ്പോൾ അവൾ ചിരിച്ചെന്നുവര്ത്തി എഴുന്നേറ്റു..

"ചേച്ചി.. ഇവര് പശൂനെ നോക്കാൻ വന്നതാ.. കണ്ടിട്ട് ബാക്കി തീരുമാനിക്കാം അല്ലെ.. " അവൻ ശാരതയോടായി പറഞ്ഞു..

"ഓ.. അതെന്താന്നുവെച്ചാ മോന്തന്നെ ചെയ്.. കാശ് മോനുള്ളതുതന്നെയല്ലേ.. " അവൾ വലിയ താത്പര്യമില്ലാത്തമട്ടിൽ പറഞ്ഞു.. അപ്പോഴേക്കും ടോമിച്ചന്റെ സാന്നിധ്യം മനസിലാക്കിയെന്നവണ്ണം രാധികയും വന്നു.. അവനെ കണ്ടപ്പോൾ അവളുടെ മുഖം വിടർന്നു.. കണ്ണുകൾ തിളങ്ങി.. അവനും അവളെ നോക്കി ഒരു പുഞ്ചിരി സമ്മാനിച്ചു തൊഴുതിന്റെ ഭാഗത്തേക്ക് നടന്നു..

പരിശോധിക്കലും വെലയുറപ്പിക്കലും എല്ലാം പെട്ടെന്ന് കഴിഞ്ഞു.. 70000 രൂപയ്ക്കു രണ്ടു പശുക്കളും കച്ചവടമായി... കുറച്ചുകഴിഞ്ഞപ്പോൾ തന്നെ വണ്ടി വന്നു അതുങ്ങളെ കയറ്റി കൊണ്ടുപോയി.. നിറകണ്ണുകളോടെ നിന്ന രാധികയുടെ മുഖം കണ്ടിട്ടാവണം.. തൊഴുതിൽനിന്നിറങ്ങാന്പോലും ആ മിണ്ടാപ്രാണികൾ മടികാണിച്ചത്.. അതുങ്ങളെ വണ്ടിയിൽ കയറ്റികൊണ്ടുപോകുമ്പോൾ അവൾ അത് കാണാനാവാതെ അകത്തെക്കുപോയി.. ഇതുവരെ തന്റെ സങ്കടങ്ങൾ പങ്കുവെചതു അവരോടായിരുന്നു...

തന്റെ പണി കുറഞ്ഞല്ലോ എന്ന സന്തോഷത്തേക്കാൾ ആ മിണ്ടാപ്രാണികളെ വിട്ടുപിരിഞ്ഞ ദുഃഖമാണ് അവളെ അലട്ടിയത്..

....

ദിവസങ്ങൾ കൊഴിഞ്ഞു... ഇതിനിടയിൽ ടോമിച്ചൻ രാതികയെയും കൂട്ടി ബാങ്കിൽ പോയി അവളുടെ പേരിൽ ഒരു അക്കൗണ്ടും എടുത്തു പശുവിനെ വിറ്റുകിട്ടിയ രൂപ അവളുടെ പേരിൽ നിക്ഷേപിച്ചു.. അതിന്റെ ഡെബിറ്റ് കാർഡ് അവളുടെ കയ്യിൽ വെച്ചുകൊടുക്കുമ്പോൾ അവൾ ഒരുപാട് മുടക്കം പറഞ്ഞെങ്കിലും അവൻ സമ്മതിച്ചില്ല.. ഒടുവിൽ അവന്റെ നിർബന്ധത്തിനു വഴങ്ങി അവൾക്കു അത് സ്വീകരിക്കേണ്ടി വന്നു...

അന്നൊരു തിങ്കളാഴ്ചയായിരുന്നു... പുഞ്ചിരിക്കുന്ന മുഖത്തോടെ വിദ്യാനന്ദൻ സാർ ക്ലാസിലേക്ക് കടന്നുവന്നപ്പോൾ എല്ലാവരും എഴുന്നേറ്റു..

"മക്കളെ... ഒരു പ്രധാന കാര്യവുമായാണ് എന്റെ വരവ്.. വരുന്ന കോളേജഡേ ആഘോഷത്തിൽ ഡിപാർട്മെന്റ് വൈസിലാണ് പ്രോഗ്രാമസ് അവതരിപ്പിക്കുന്നത്.. ഈ ഡിപാർട്മെന്റ് എച്. ഓ. ഡി ആയ എന്റെ മാനം നിങ്ങൾ കളയല്ലു.. മാക്സിമം പ്രോഗ്രാമസ് നിങ്ങൾ ചെയ്യണം.. " സാർ അത് പറഞ്ഞു ടോമിച്ചനെ നോക്കി തുടർന്നു.." ടോമിച്ചാ.. കഴിഞ്ഞ പ്രാവശ്യം പോലെതന്നെ ഒരടിപൊളി പാട്ടു വേണം കെട്ടല്ലോ.. പിന്നെ ഇപ്രാവശ്യം ഒരു ഫീമെയിൽ വോയിസ് കണ്ടുപിടിച്ചു ഒരു കിടിലൻ ഡ്യൂറ്റ് അടിക്കു... "

"അതിനു ഈ ഗാനഗന്ധർവ്വനോട് കിടപിടിക്കാൻ പറ്റിയ ഒരു ഒരു ഗാനഗന്ധർവ്വി കൂടി വേണ്ടേ സാർ.." പറഞ്ഞത് റിയാസാണ്...

"രാധിക നന്നായി പാടും സാർ... " വാക്കുകൾ ഉരിഞ്ഞുവീണത് മരിയയുടെ നാവില്നിന്നുമാണ്.. എല്ലാവരും അത്ഭുതത്തോടെ അവളെ നോക്കി.. ടോമിച്ചനും അത്ഭുതഭാവത്തിലായിരുന്നു.. ഇങ്ങനൊരു കാര്യം തനിക്കറിയില്ലായിരുന്നു.. രാധിക പാട്ടുപാടുമോ.. എന്തായാലും മരിയ ചുമ്മാ പറയില്ല..

എല്ലാവരും തന്നെ നോക്കുന്നതുകണ്ട രാധിക മരിയയുടെ കയ്യിൽ നുള്ളി.. വേണ്ടായിരുന്നു എന്നവൾ പതിയെ പറഞ്ഞു...

"ആഹാ.. അത് പുതിയൊരാറിവാണല്ലോ.. അങ്ങനൊരു കഴിവുണ്ടെൽ അത് മറച്ചുവെച്ചത് ശരിയല്ല.. കഴിവുകളൊക്കെ പുറത്തെടുക്കാൻ ഒരു വേദി കൂടിയാണിത്.. അതുകൊണ്ടു ഇനിയാദ്യം രാധികയുടെ ആ കഴിവ് നമ്മുക്കൊന്നറിയാം.. രാധിക ഇപ്പൊ നമുക്കുവേണ്ടി ഒരു കിടിലൻ പാട്ടു പാടുന്നതായിരിക്കും.. " സാറിന്റെ വാക്കുകൾ എല്ലാവരും കൈകൾ അടിച്ചു സ്വീകരിച്ചു..

രാധിക നിന്ന് വിറക്കാൻ തുടങ്ങി.. ഇതുവരെ നാലുപേരുടെ മുന്നിൽ നീക്കാനുള്ള ധൈര്യം വന്നിട്ടില്ല.. പിന്നെങ്ങനെ പാട്ടുപാടും.. തൊണ്ട ഇപ്പോഴേ ഇടറാൻ തുടങ്ങി.. അവൾ ദേഷ്യത്തിൽ മരിയയെ നോക്കി.. പക്ഷെ മരിയ അത് കണക്കിലെടുക്കാതെ അവളെ തള്ളി മുന്നോട്ട് വിട്ടു.. വിറയാർന്ന ചുവടുകൾ വച്ച് രാധിക വിദ്യാർഥികൾക്കഭിമുഖമായി നിന്ന്.. അവൾ ടോമിച്ചനെ ഒന്ന് നോക്കി.. അവൻ കണ്ണുകൾക്കൊണ്ടു അവൾക്കു ധൈര്യം

നൽകി.. അവൾ ഒരുനിമിഷം കണ്ണുകൾ അടച്ചു അവളുടെ കുഞ്ഞിക്കണ്ണനെ മനസ്സിൽ കൊണ്ടുവന്നു.. എല്ലാം ശാന്തമായതുപോലെ... മനസ്സിൽ പേടി എങ്ങോ ഒളിച്ചപോലെ.. തന്റെ മുന്നിൽ കുഞ്ഞിക്കണ്ണന്റെ രൂപം മാത്രം.. അവൾ പാടിതുടങ്ങി.. ഏറ്റവും ഇഷ്ടപ്പെട്ട പാട്ടു.. പ്രണയവർണങ്ങൾ എന്ന സിനിമയിൽ മഞ്ജുവാരിയർ സ്റ്റേജിൽ പാടിയ ആ പാട്ടു..

"...വരമഞ്ഞളാടിയ രാവിന്റെ മാറിൽ ഒരുമഞ്ഞു തുള്ളി ഉറങ്ങി........"

കോളേജിൽ പുതിയ ഒരു സ്വരമാധുര്യം അവിടെ പിറവി എടുക്കുകയായിരുന്നു... എല്ലാവരും അതാസ്വാതിച്ചിരുന്നു... ആകാംക്ഷയിൽ നിന്നും ടോമിച്ചൻ ആ സംഗീതത്തിൽ ലയിച്ചുചേർന്നിരുന്നു... ഒരു കുളിർകാറ്റു ശരീരത്തെ തഴുകുന്ന സുഖം.. കാതിൽ കുളിരണിയിക്കുന്ന സ്വരം... അത്ര മനോഹരമായിരുന്നു അവളുടെ ആ സ്വരം... രാധിക കണ്ണുകൾ തുറന്നപ്പോൾ നിർത്താതെയുള്ള കയ്യടി ആയിരുന്നു ക്ലാസ് മുഴുവൻ.. ഇതുവരെ അറിയാതിരുന്ന ഗായികയ്ക്കുള്ള സമ്മാനം.. അവളുടെ കണ്ണുകൾ അറിയാതെന്നോണം നിറഞ്ഞുപോയി.. അവൾ ആദ്യം നോക്കിയത് ടോമിച്ചന്റെ മുഖത്തേക്കാണ് നോക്കിയത്.. കൈകൾ അടിക്കുന്നുണ്ടെങ്കിലും മുഖത്ത് സന്തോഷം കാണുന്നില്ല..

"അപ്പൊ ആ പ്രശ്നം അങ്ങ് തീർന്നു.. ഈ ഒളിഞ്ഞിരുന്ന പാട്ടുകാരിക്കു ആദ്യം ഒന്ന് തരുവാ വേണ്ടത്... എന്തായാലും ടോമിച്ചനും രാധികയും ചേർന്ന് ഒരു കിടിലൻ പാട്ടു നമുക്കുവേണ്ടി ഒരുക്കണം.. ബാക്കി പ്രോഗ്രാമസ് നിങ്ങൾ ഫിക്സ് ചെയ്തു എന്നെ അറിയിക്കു..." സാർ പറഞ്ഞു നിർത്തി..

ക്ലാസിന്റെ പലസമയത്തും രാധിക ടോമിച്ചനെ നോക്കിയെങ്കിലും അവൻ തിരിഞ്ഞുനോക്കിയില്ല... അവൾ ആകെ തളർന്നപോലെയായി.. ഒന്ന് നോക്കി ചിരിക്കുകയെങ്കിലും ചെയ്തിരുന്നെങ്കിൽ എന്നവൾ ആശിച്ചു.. അവന്റെ തിരസ്കാരം അവൾക്കു താങ്ങാൻകഴിയുന്നതിലും അപ്പുറമായിരുന്നു.. അവളുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നതുകണ്ടു മരിയ അവളെ തട്ടിവിളിച്ചു..

"എന്നാടി..."

ഒന്നുമില്ല എന്നയർത്ഥത്തിൽ അവൾ തലയിളക്കി.. പക്ഷെ അവളുടെ വിഷമം അവളുടെ മുഖഭാവത്തില്നിന്നും വ്യക്തമായിരുന്നു..

....

തണല്മരത്തിനുചുവട്ടിൽ തന്റെ ബുള്ളറ്റിൽ ചാരിനിക്കുകയായിരുന്നു ടോമിച്ചൻ.. കൂടെ റിയാസും.. തങ്ങളുടെ അടുത്തേക്കുവരുന്ന രാതികയെയും മരിയയെയും അവർ കണ്ടു.. രാധിക മുഖം കുനിച്ചു സങ്കടഭാവത്തിലാണ് വരുന്നത്...

"രാധികയെന്താ ഇങ്ങനെ വിഷമിച്ചിരിക്കുന്നെ... " അവളുടെ മുഖഭാവം കണ്ട റിയാസാണ് അത് ചോതിച്ചത്..

"ആ.. കുറച്ചുമുമ്ബ് തുടങ്ങിയതാ... ചോദിച്ചിട്ടാണെ എന്നേലും പറയണ്ടേ പെണ്ണ്.. " മരിയായാണ് ഉത്തരം പറഞ്ഞത്..

റിയാസ് എന്താ എണ്ണയർത്ഥത്തിൽ ടോമിച്ചനെ നോക്കി.. അവൻ ചുമ്മാ എന്ന രീതിയിൽ കണ്ണിറുക്കികാണിച്ചു...

"ഓ.. ഈ പ്രശ്നം നമ്മളിവിടിരുന്നാ തീരില്ല... വാ മരിയെ.. നമ്മുക്ക് കുറച്ചു മാറിനിന്നു പ്രേമിക്കാം.." റിയാസ് മരിയയെ നോക്കി പറഞ്ഞു..

"പിന്നല്ല.. വാ ഇക്കാ.. നമ്മുക്ക് പോകാം.. "

അതും പറഞ്ഞു അവർ നടന്നു.. ഇപ്പോൾ അവിടെ ടോമിച്ചനും രാധികയും മാത്രം.. രാധിക നിലത്തുനോക്കി നിക്കുകയാണ്.. തലയുയർത്തുന്നില്ല.. പെട്ടെന്ന് അവളുടെ കണ്ണുകളിൽ ഊറിയ കണ്ണുനീർ അവൻ കണ്ടു.. അത് മതിയായിരുന്നു ആ മനസ് ഉരുകാൻ.. അവൻ അവളെ കയ്യിൽ പിടിച്ചു ഒരു തണല്മരത്തിനു ചുവട്ടിലേക്കു മാറി.. അങ്ങനെ ആരും നോക്കിയാൽ കാണത്തവിധമാണ് അവർ നിന്നതു..

" അയ്യേ.. എന്തിനാ എന്റെ പോന്നൂട്ടി കരയുന്നെ... ഇത്രേം അടുത്തിട്ടും ഇങ്ങനൊരു പാട്ടുകാരിയാണ് എന്ന് ഞാനിപ്പഴാ അറിയണെ... അതിങ്ങനെ അറിയേണ്ടി വന്നതുകൊണ്ട് ചുമ്മാ ഒരു പിണക്കം കാണിച്ചതല്ലേ.. "അവൻ അവളുടെ കണ്ണുനീർ തുടച്ചു..

"നിക്ക് പറ്റില്ല്യ ഇച്ഛായനങ്ങനെ പിണക്കം കാണിച്ചാ... ഞാനെത്ര വിഷമിച്ചൂന്നറിയോ.." അവൾ സങ്കടത്തോടെ പറഞ്ഞു..

"സോറി.... ഇനി എന്റെ രാധൂട്ടിയെ ഞാൻ ഒരിക്കലും വിഷമിപ്പിക്കില്ല.. സത്യം.. " അവൻ ഒന്ന് നിർത്തി അവളുടെ താടിയിൽ പിടിച്ചു ശിരസുയർത്തി... വീണ്ടും തുടർന്നു.. " പിന്നെയെ... നല്ല പോളപ്പൻ പാട്ടായിരുന്നു... ഇതുപോലെ നമുക്കൊരുമിച്ചു പാടണം..." അതും പറഞ്ഞു അവന്റെ മുഖം അവളുടെ മുഖത്തോടടുത്തു.. അവന്റെ ചുടുനിശ്വാസം അവളുടെ മുഖത്ത് അവളറിഞ്ഞു. ഒരു നിമിഷം മായാലോകത്തു അകപ്പെട്ടെങ്കിലും പെട്ടെന്നുതന്നെ അവൾ പരിസരം മനസിലാക്കി അവൾ അകന്നുമാറി..

"ദേ ഇഛായാ... ഇങ്ങനൊന്നും കാണിക്കല്ലുട്ടോ.. ആരേലും കണ്ടാ എന്താ പറയാ.. വഷളൻ.." അവൾ അതും പറഞ്ഞു അവനെ കൊഞ്ഞനം കുത്തികാണിച്ചു..

"ഓഹ്....തീർന്നോ പിണക്കം.." പെട്ടെന്ന് അങ്ങോട്ടുവന്ന മരിയ ആണ് അതുപറഞ്ഞത്..

"നിക്ക് ആരോടും പിണക്കൊന്നൂല്യ.."

"എന്നിട്ടാണല്ലോ കുറച്ചുമുമ്പു മുഖം കടന്നല് കുത്തിയപോലിരുന്നത്... "

രാധിക അതിനു മറുപടിയൊന്നും പറഞ്ഞില്ല..

"ഇനിയിപ്പോ റിഹേഴ്സലിന്റെ പേരും പറഞ്ഞു പ്രേമിച്ചു നടക്കാലോ ലെ...." റിയാസാണ് അത് പറഞ്ഞത്...

"അതിപ്പോ റിഹേഴ്സല് ഉണ്ടേലും ഇല്ലേലും ഞങ്ങളിങ്ങനെ പ്രേമിച്ചുതന്നെ നടക്കും അല്ലെ രാധൂട്ടീ.. " രാധികയെ കൈകളാൽ ചേർത്തുനിർത്തി ടോമിച്ചൻ അത് പറഞ്ഞപ്പോൾ അവൾ നാണത്താൽ മുഖം കുനിച്ചു.. പെട്ടെന്ന് എന്തോ ഓർത്തപോലെ അവന്റെ കൈ വിടുവിച്ചു അകന്നുമാറി...

"ന്നാ ഇഛായാ ഇത്.. ആരേലും കാണില്ലേ്യ..." രാധിക നാണത്തോടെ അത് പറഞ്ഞപ്പോ മരിയയും റിയാസും മുഖത്തോടുമുഖം നോക്കി ചിരിച്ചു..

"ഓ... ഒരു ഇഛായാനും ഇച്ഛായതിയും... ഒരു പരിസരബോധവുമില്ലാതെയാ പ്രേമം.." മരിയ അല്പം പുച്ഛത്തിലാണ് അത് പറഞ്ഞത്..

"ആ.. മതി.. ക്ലാസിൽ കയറാം.. നിത്യ മിസ്സിന്റെ ക്ലാസാ. മിസ്സ് ചെയ്യാൻ പറ്റില്ല.. " റിയാസ് അതും പറഞ്ഞു നടക്കാൻ തുടങ്ങി..

"അതെ മോനെ.. ഇതൊക്കെപറഞ്ഞു മിസ്സിന്റെ വേണ്ടാതിടത്തോട്ടു നോക്കിനിക്കാനാണെങ്കിൽ എന്റെ തനിസ്വഭാവം കാണും.. " മരിയ അത് പറഞ്ഞപ്പോൾ റിയാസ് ചിരിച്ചുകൊണ്ട് അടുത്തേക്ക് വന്നു..

" അയ്യേ.. ഞാനങ്ങനെ ചെയ്യുവോ.. ഈ പെണ്ണുള്ളപ്പോ എനിക്ക് വേറെ ആരെയും നോക്കണ്ട... " അതും പറഞ്ഞു അവൻ അവളുടെ കവിളിൽ നുള്ളി..

"അയ്യടാ.. കൊഞ്ചല്ലേ... നടക്കു.."

അവർ നാലുപേരും ചേർന്ന് ക്ലാസ്സിലേക്ക് നടന്നു മനഃസറിഞ്ഞ കൂട്ടുകാരെപോലെ..

......

ദിവസങ്ങൾ കോഴിഞ്ഞുവീണു... പശുവിനെ വിറ്റതോടെ രാധികയുടെ പണികൾ കുറെ കുറഞ്ഞിരുന്നു... ഇതിനിടയിൽ കോളേജിൽ അവരുടെ പാട്ടു റിഹേഴ്സലും പ്രണയവും തകൃതിയായി നടന്നു... ടോമിച്ചനും രാധികയും കൂടാതെ റിയാസും മരിയയും... അവർ ഒരു ഗ്യാങ് പോലെയായിരുന്നു കോളേജിൽ... അങ്ങനെ കോളേജ് ഡേ വന്നെത്തി... രാത്രിയാണ് ആഘോഷം... വർണാഭമായ ലൈറ്റുകളാൽ മിന്നിനിന്ന കോളേജിൽ ശരിക്കും ഉത്സവ പ്രതീതിയായിരുന്നു.. എല്ലാവരും മതിമറന്നു ആഘോഷിക്കുന്ന ദിവസം.. പുതിയ പ്രണയങ്ങൾ വിരിയുന്ന ... പഴയ പ്രണയങ്ങൾ ഊട്ടിയുറപ്പിക്കുന്ന നിമിഷങ്ങൾ.... ചിലരുടെയെല്ലാം സംഗമവേദികൾ.. ആഘോഷപരിപാടികളിൽ പലരുടെയും മാതാപിതാക്കളും വന്നിട്ടുണ്ട്... കൂട്ടത്തിൽ ടോമിച്ചന്റെ അമ്മയും അപ്പനും.. രാധികയുടെ വീട്ടിൽനിന്നും ശാരദ എത്തിയിരുന്നില്ല...

പരിപാടികളിൽ ഏറ്റവും മികച്ചത് ടോമിച്ചന്റെയും രാധികയുടെയും ഡ്യൂറ്റ് തന്നെയായിരുന്നു... എല്ലാവരും മനസ്സറിഞ്ഞു ലയിച്ചുപോയി ആ സംഗീതത്തിൽ.. അത്ര മനോഹരമായിരുന്നു അവരുടെ ആലാപനം.. ആരാണ് മികച്ചത് എന്ന് പറയാൻ കഴിയാത്ത അവസ്ഥ.. പരിപാടിക്കുശേഷം രാധികയെ ടോമിച്ചൻ മോളമ്മക്കു പരിചയപ്പെടുത്തി.... മോളമ്മ വളരെ സ്നേഹത്തോടെത്തന്നെ രാധികയോട് പെരുമാറി..

എന്തുകൊണ്ടോ... അപ്പന്റെ മുന്നിലേക്ക് രാധികയെ കൊണ്ടുചെല്ലുവാൻ ടോമിച്ചൻ ശ്രമിച്ചില്ല... ചിലപ്പോ അത് എല്ലാത്തിന്റെയും അവസാനമായേക്കാം.. എല്ലാത്തിനും ശേഷം രാധികയെ ടോമിച്ചൻ തന്നെയാണ് വീട്ടിൽകൊണ്ടുപോയി ആക്കിയത്... ആഘോഷത്തിന്റെയും സന്തോഷത്തിന്റെയും ആ ദിവസം അങ്ങനെ വിടവാങ്ങി..

....

തന്റെ ഓഫീസിൽ ആരെയോ പ്രതീക്ഷിച്ചെന്നവണ്ണം ഇരിക്കുകയാണ് തോമാച്ചൻ... ഗൗരവഭാവമാണ് മുഖത്ത്... പെട്ടെന്ന് അങ്ങോട്ട് രണ്ടുപേർ കടന്നുവന്നു... രണ്ടുപേരും കറത്തുതടിച്ച ശരീരപ്രകൃതിയുള്ളവർ... പിരിച്ച മീശയും ചോരച്ചുവപ്പുള്ള.. ക്രൂരത വിളിച്ചോതുന്ന കണ്ണുകളുമുള്ള അവരെ കണ്ടാൽത്തന്നെ പേടി തോന്നും.. ശരിക്കും ബോൺ ക്രിമിനൽസ് എന്ന് ഒറ്റനോട്ടത്തിൽ പറയാൻ കഴിയുന്ന രണ്ടു അഞ്ജാനഭാഹുക്കൽ...

കൊലകൊല്ലി ഷാജി... മുള്ളാണി ബിജു... അതായിരുന്നു അവരുടെ പേര്.... രണ്ടും അറിയപ്പെടുന്ന ഗുണ്ടകൾ... ബ്ലേഡ് തോമാച്ചന്റെ പലിശപിരിവ് അവരുടെ ചുമതല ആയിരുന്നു... അവരെ കണ്ടപ്പോൾ തോമാച്ചന്റെ മുഖം വിടർന്നു..

"ആ.. നിങ്ങള് വന്നോ.. എന്നായി ഞാൻ ഏൽപ്പിച്ച കാര്യം.. ഊഹം ശരിയാണോ.. " തോമാച്ചൻ അവരോടായി ചോദിച്ചു..

"അതെ മുതലാളി.... ആ പെണ്ണ് ടോമിച്ചന്റെ കാമുകി ആണ് എന്നാണു അറിയാൻ കഴിഞ്ഞത്.. അവർ പലപ്പോഴും ഒരുമിച്ചാണ് യാത്ര... അവളെ മിക്കപ്പോഴും കൊണ്ടുവിടുന്നതും ടോമിച്ചൻ തന്നാ.. അതുകൊണ്ടു സംഗതി പ്രേമം തന്നാ... ഞങ്ങളെന്നാ ചെയ്യണ്ടെന്നു മുതലാളി പറഞ്ഞാ ചെയ്തേക്കാം..." ബിജുവാണ് അത് പറഞ്ഞത്...

" അങ്ങനെ എടുത്തുചാടി എന്നേലും ചെയ്താ അത് വലിയ അബദ്ധമാകും.. ബുദ്ധിപൂർവ്വം വേണം കാര്യങ്ങൾ ചെയ്യാൻ.. സംഭവം പ്രേമാ.. അതിനുമുന്നിൽ മറ്റു ബന്ധങ്ങൾക്കൊന്നും ഒരു വിലയും കിട്ടില്ല... ടോമിച്ചൻ ഒന്നും അറിയാതെവേണം കാര്യങ്ങൾ നീക്കാൻ... " അതും പറഞ്ഞു അയാൾ അല്പസമയം ആലോചനയോടെ ഇരുന്നു..

" നിങ്ങൾ ഒരു കാര്യം ചെയ്.. നേരെ അവളുടെ വീട്ടിൽ ചെല്ലു... എന്തായാലും പ്രഭാകരൻ ചതിട്ടില്ലല്ലോ... ടോമിച്ചനില്നിന്നും ഒഴിഞ്ഞുമാറിയില്ലേൽ അപ്പനെ തട്ടും എന്നങ് പറ... പിന്നെ ചെറുതായി പേടിപ്പിച്ചോ.. ഒന്നും അവൻ അറിയാനും പാടില്ല... നിങ്ങൾ നോക്കി ചെയ്താ മതി... " അയാൾ പറഞ്ഞു നിർത്തി..

"ശരി മുതലാളി..." അതും പറഞ്ഞു അവർ അവിടെനിന്നും ഇറങ്ങി...

......

വൈകിട്ട് അച്ഛനെ ശുസ്രൂഷിക്കുന്ന തിരക്കിലായിരുന്നു രാധിക... ദേഹമെല്ലാം തുടച്ചു അവൾ മുറി ക്ലീൻ ചെയ്തു...

"ആരുല്ലെടീ ഇവിടെ... ഇറങ്ങി വാടീ " അലർച്ചയോടെയുള്ള ആ ശബ്ദം രാധികയെ ശരിക്കും ഞെട്ടിച്ചു... അവൾ പെട്ടെന്ന് വെളിയിലേക്ക് ചെന്നു.. അപ്പോഴേക്കും ശബ്ദം കേട്ട് ശാരദയും പേടിച്ചു അങ്ങോട്ട് വന്നു...

അക്ഷരാർത്ഥത്തിൽ ആദ്യ കാഴ്ചയിൽ തന്നെ മുന്നിൽനിക്കുന്നവരുടെ രൂപം രാതികയെയും ശാരതയെയും ശരിക്കും ഞെട്ടിച്ചു... കറുത്ത് തടിച്ച ആ രണ്ടുപേർ തോമാച്ചൻ അയച്ചവർ ആയിരുന്നു.. അവർ ക്രൂര മുഖഭാവത്തോടെ അകത്തേക്ക് കടന്നു രാധികയുടെ മുടിയിൽ കുത്തിപ്പിടിച്ചു... രാധിക പേടിച്ചു നിലവിളിച്ചു... പക്ഷെ അടുത്തൊന്നും വീടുകൾ ഇല്ലാത്തതിനാൽ അങ്ങോട്ട് ആരും വരില്ല എന്നവൾ അറിഞ്ഞിരുന്നു... അവൾ പേടിയോടെ വാവിട്ടു കരഞ്ഞു.. ശാരദയും പേടിച്ചു സൈഡിലേക്കു മാറിനിന്നു... രാധികയെ രക്ഷിക്കാൻ അവൾക്കു തോന്നിയില്ല..

" എന്നാടി പുണ്ടച്ചിമോളെ.. വല്യവീട്ടിലെ ചെക്കനെ തന്നെ പ്രേമിക്കണം നിനക്ക് അല്ലെ... " ഷാജിയാണ് അത് പറഞ്ഞത്..

പെട്ടെന്ന് അവൾ വിശ്വാസം വരാതെ അയാളെ നോക്കി.. ക്രൂരമായൊരു ചിരിയാണ് അയാളുടെ മുഖത്ത്...

"എന്തായാലും നീ കൊള്ളാം... ഇനിയും നീ അവനോടു കൂടെ കറങ്ങിയാൽ നിന്റപ്പനെ അങ്ങ് തട്ടിക്കളയാനാ വിചാരിച്ചേ... ഇനിയിപ്പോ നീ ഇങ്ങനൊരു ചരക്കായതുകൊണ്ടു നിന്റപ്പനെയും കൊന്നു നിന്റെയീ കിളുന്തു ശരീരം ഞങ്ങളങ് ആസ്വദിക്കും... നിന്റെയീ തള്ളയെയും വെറുതെ വിടില്ല... കേട്ടോടി..... പിന്നെ ഈ കാര്യമൊന്നും നീ ടോമിച്ചനോടെങ്ങാനും വിളമ്പിയാ ഞങ്ങൾ ഒന്നുകൂടി വരും... അതൊരു ഒന്നൊന്നര വരവായിരിക്കും... നീയായി ഒഴിഞ്ഞു പൊക്കോണം... കേട്ടോടി.." അതും പറഞ്ഞു അയാൾ അവളെ പിടിച്ചു തള്ളി..

രാധിക കരഞ്ഞു കൊണ്ട് വേച്ചു നിലത്തേക്ക് വീണു... അവർ ക്രൂരമായ ചിരിയോടെ ചവിട്ടിക്കുലുക്കി ഇറങ്ങിപ്പോകുന്നതു അവൾ നിറകണ്ണുകളോടെ നോക്കിനിന്നു... അവർ പോയപ്പോൾ ശാരദ ദേഷ്യത്തിൽ അവളുടെ അടുത്ത് വന്നു അവളെ അടിക്കാൻ തുടങ്ങി...

"എടീ നശിച്ചവളെ... നീ എല്ലാവരെയും കുരുതികൊടുക്കും... അവള് പ്രേമിക്കാൻ നടക്കുന്നു... മുടിഞ്ഞവള്.." അതും പറഞ്ഞു ശാരദ ദേഷ്യത്തിൽ അകത്തേക്ക് കയറിപ്പോയി...

രാധികയുടെ കണ്ണുനീർ ഒഴുകിയിറങ്ങി... അവൾ തേങ്ങി തേങ്ങി കരഞ്ഞു... എത്രപെട്ടെന്നാണ് സന്തോഷങ്ങൾ മാഞ്ഞു പോയത്... ഇതുവരെ അനുഭവിച്ചതിലും വലിയ ദുഃഖമാണ് വരുന്നത്... "ന്തിനാ കണ്ണാ ന്നോടിങ്ങനെ......" അവൾ കരഞ്ഞുകൊണ്ട് ആരോടെന്നില്ലാതെ പറഞ്ഞു... ആപ്പോഴേക്കും അവൾ തളർന്നു കണ്ണുകൾ അടയാൻ തുടങ്ങിയിരുന്നു...

......

ടോമിച്ചൻ ആകെ അസ്വസ്ഥതയിലായിരുന്നു... ഇത്രസമയമായിട്ടും രാധിക ഒന്ന് വിളിച്ചുകൂടിയില്ല... അല്ലേൽ നേരത്തെ വിളിക്കേണ്ടതായിരുന്നു... അങ്ങോട്ട് വിളിച്ചിട്ടാണേൽ എടുക്കുന്നുമില്ല... അവനു എന്തെന്നില്ലാത്ത ആശങ്ക തോന്നി.. ഇതുവരെ ഇങ്ങനെ ഉണ്ടായിട്ടില്ല.. ഫോൺ കൊടുത്തേപ്പിന്നെ രാത്രിയിൽ രണ്ടുവട്ടമെങ്കിലും അവൾ മിസ് അടിക്കും... കൊഞ്ചലോടെ സംസാരിക്കും... അവളുടെ ഇച്ചായാ എന്ന വിളി കേക്കാതെ അവന്റെ മനസ് ആകെ അസ്വസ്ഥമായി... നാളെ ക്ലാസ്സുമില്ല... എന്തായാലും ഇനിയും വിളിച്ചില്ലേൽ നാളെ അതുവരെ ഒന്നുപോകാൻ അവൻ തീരുമാനിച്ചു...

....

രാവിലെ പത്തുമണിയോടുകൂടി അവൻ രാധികയുടെ വീട്ടിലെത്തി... അവൻ മുറ്റത്തേക്ക് കയറിച്ചെന്നു... വല്ലാത്തൊരു നിശബ്ദത... തിണ്ണയിലൊന്നും ആരുമില്ല.. അവൻ അകത്തേക്ക് നോക്കി.. ആരെയും കാണുന്നില്ല...

"രാധികാ....." അവൻ വിളിച്ചു...

പെട്ടെന്ന് വാതിൽ കടന്നു അവൾ ഇറങ്ങിവരുന്നതു അവൻ കണ്ടു.. ശരിക്കും മനസ് മരവിപ്പിക്കുന്ന കാഴ്ച.. മുടിയെല്ലാം ആകെ പടർത്തിയിട്ടു കരഞ്ഞുകലങ്ങിയ കണ്ണുകളുമായി രാധിക... വല്ലാതെ ക്ഷീണിച്ചിരിക്കുന്നു... ഒരു ദിവസംകൊണ്ട് ഇങ്ങനെയും മാറ്റം വരുമോ.. അവൾക്കെന്തോ സംഭവിച്ചിട്ടുണ്ട്... ആ ചിന്ത അവന്റെയുള്ളിൽ പേടിയും സങ്കടവും ഉണർത്തി...

"എന്നാടാ പറ്റിയെ.. നീയെന്നാ വല്ലാതിരിക്കുന്നെ.." അവൻ അതും ചോതിച്ചുകൊണ്ടു അവളുടെ അടുത്തേക്ക് ചെല്ലാൻ ശ്രമിച്ചപ്പോൾ അവളുടെ കൈ ഉയർന്നു... നില്ക്കു എന്ന ഒരാജ്ഞ പോലെ..

"വേണ്ട... ടോമിച്ചൻ എന്റെയടുത്തേക്കു വരണ്ട..." അവളുടെ കടുപ്പമുള്ള സ്വരം അവന്റെ ഹൃദയത്തിൽ നീറ്റലുണ്ടാക്കി.. ആദ്യമായാണ് തന്നെ ടോമിച്ചാ എന്നുപോലും വിളിക്കുന്നത്.. ഇങ്ങനെ കാടുപ്പതുൽ സംസാരിക്കുന്നത്... അവൻ അവളെ സൂക്ഷിച്ചുനോക്കി.. മുഖത്തെ ഭാവം തിരിച്ചറിയാൻ കഴിയുന്നില്ല.. ദേഷ്യമാണോ സങ്കടമാണോ.. ഇത്രനാളും ഇച്ചായാ എന്നിവിളിച്ചു തന്നോട് ചേർന്നുനിന്ന് എപ്പോഴും തന്റെ നെഞ്ചിൽ തല ചായിക്കുവാൻ കൊതിച്ചവൾ.... ഇന്ന് തന്നെ തിരസ്കരിക്കുന്നു...

"എന്നാ രാധൂട്ടി... ഇത് നിന്റെ ഇച്ചായനാ... എന്നാ പറ്റിയെ നിനക്ക്.." അവൻ വീണ്ടും സൗമ്യമായി ചോതിച്ചു..

പെട്ടെന്ന് അവളുടെ മുഖം ദേഷ്യം കൊണ്ട് ചുവക്കുന്നത് അവൻ കണ്ടു..

"ഇപ്പൊ നിങ്ങളെന്റെ ആരുവല്ല... നിക്ക് ടോമിച്ചനെ സ്നേഹിക്കാനും കഴിയില്ല്യ.. ന്നെ ഒന്ന് ജീവിക്കാൻ അനുവതിക്കുവോ.. ശല്യപ്പെടുത്താൻ വരല്ലേ.. പ്ളീസ്.." അവൾ കൈകൂപ്പി ആണ് അതുപറഞ്ഞത്...

ആ വാക്കുകൾ അവന്റെ കണ്ണുകളിൽ പ്രതിഫലിച്ചു... ഉള്ളിൽ ഉറഞ്ഞുകൂടിയ ദുഖത്തിന്റെ കണങ്ങൾ തുള്ളികളായി പുറത്തേക്കുവന്നു... താനൊരു ശല്യമാണെന്നു അവൾ പറഞ്ഞിരിക്കുന്നു... മനസ് നീറിപ്പുകയുകയാണ്... ജീവിതത്തിൽ ഇത്രത്തോളം ദുഃഖം ഇതിനുമുമ്പ് അനുഭവിച്ചിട്ടില്ല...

"ഞാൻ നിനക്ക് ഒരു ശല്യമാണോ രാധൂട്ടി.. " അവന്റെ വാക്കുകൾ അവളിൽ തെല്ലും മാറ്റമുണ്ടാക്കിയില്ല...

"അതെ.. നിങ്ങളിപ്പോ എനിക്കൊരു ശല്യം തന്നെയാണ്... " അതും പറഞ്ഞു അവൾ അകത്തേക്കുപോയി..

ടോമിച്ചൻ തളർന്ന മനസുമായി ആ പടിയിൽ ഇരുന്നു... കാലുകൾക്ക് ബലം നഷ്ടപെട്ടപോലെ... കണ്ണുകൾ നിറഞ്ഞൊഴുകുകയാണ്... ഈ മാറ്റത്തിന് കാരണം അവൻ എത്ര ആലോചിച്ചിട്ടും മനസിലായില്ല.. അപ്പോഴേക്കും അകത്തേക്കുപോയ രാധിക തിരിച്ചെത്തി... കയ്യിൽ എന്തൊക്കെയോ കരുതിയിട്ടുണ്ട്..

"ഇന്നാ... ഇതെല്ലം കൊണ്ടുപോക്കോളൂ.. എനിക്കുവേണ്ട ഇതൊന്നും... ഇത് ടോമിച്ചനായി എടുത്തുതന്ന ഈ വീടിന്റെ ആധാരം... ഇത് നിക്കുതന്ന മൊബൈൽ... എന്റെ എ ടി എം കാർഡ്.. എല്ലാം കൊണ്ടുപോക്കോളൂ... നിക്കൊന്നും ഇനി വേണ്ട.. ആ കണ്ണന്റെ രൂപം മാത്രം... അതിനേത്രയായീന്നുവെച്ചാ ഞാൻ തന്നേക്കാം... " ഉറച്ച സ്വരത്തിൽ അതുപറയുമ്പോഴും അവളുടെ കണ്ണുകൾ നിറയുന്നത് അവൻ കണ്ടു..

"നി ന്നെ കാണാനെന്നും പറഞ്ഞു ടോമിച്ചൻ ഇങ്ങോട്ടു വരണ്ട.. നിക്ക് കാണണ്ട. കോളേജിൽ നിക്ക് വരണം.. പഠിക്കണം.. പക്ഷെ ന്നെ അവിടെ ശല്യം ചെയ്യല്... ഇനി ഈ വീട് ടോമിച്ചന്റെയാ എന്നാണേൽ പറഞ്ഞാ ഞാൻ എങ്ങോട്ടെങ്കിലും ഇറങ്ങിത്തരാം.. അല്ലേൽ എങ്ങനെലും ഞാനാ കാശ് തന്നോളാം... ഉപദ്രവിക്കാതിരുന്നാ മതി... നി നിക്കൊന്നും പറയാനില്ല്യ..." അവൾ പറഞ്ഞു നിർത്തി...

"രാധൂട്ടി... ഞാ...." അത് പറയാൻ അവൾ അനുവതിച്ചില്ല....

"ടോമിച്ചൻ പോ... നിക്ക് നിങ്ങളെ കാണണതുപോലും വെറുപ്പാ ഇപ്പോ..." അവൾ അതും പറഞ്ഞു അകത്തേക്ക് പോയി...

തകർന്ന മനസുമായി അവൻ പടിയിറങ്ങിയപ്പോൾ ആ മൊബൈൽ മാത്രം കയ്യിൽ എടുത്തു... അവന്റെ കാലുകൾ വേച്ചുപോകുന്നുണ്ടായിരുന്നു... ശരീരവും മനസ്സും ഒരുപോലെ തളർന്നിരിക്കുന്നു... മനസുകൊണ്ട് പ്രണനായി കരുതിയിരുന്നവൾ പ്രണനെടുക്കുന്ന വേദന തന്നിരിക്കുന്നു... ഇതുവരെ മനസ്സറിഞ്ഞു ആരോടും ദോഷമായി ഒന്നും ചെയ്തിട്ടില്ല.. പിന്നെന്തേ ഇങ്ങനെ... മനസ് മുഴുവൻ ഇരുട്ടാണ്.... അവൾ തന്ന സ്നേഹത്തിന്റെ പ്രകാശം അണഞ്ഞിരിക്കുന്നു... പ്രകൃതിപോലും കണ്ണീർ പൊഴിക്കുകയാണോ... ചെറുതായി മഴ ചാറുന്നതുപോലെ.. അതോന്നുമാറിയാതെ അവൻ വണ്ടിക്കടുത്തേക്കു നടന്നു വിറയ്ക്കുന്ന ചുവടുകളുമായി..

.....

അതെ സമയം എല്ലാം ഒളിഞ്ഞിരുന്നു കാണുകയായിരുന്ന ശാരദ പുറത്തേക്കു വന്നു.. ആ മുഖത്ത് എന്തുകൊണ്ടോ ഒരു പുഞ്ചിരി കളിയാടിയിരുന്നു.... അവളുടെ കണ്ണുകൾ ആ ആധാരത്തിലേക്കായിരുന്നു... ചുറ്റും ഒന്ന് കണ്ണോടിച്ചു ആരും കാണുന്നില്ല എന്നുറപ്പുവരുത്തി അവൾ അതെടുത്തു സാരിക്കിടയിലേക്കു മറച്ചു... കൂടെ ആ എ ടി എം കാർഡും...

........

രാധിക നേരെ വന്നു തന്റെ കണ്ണന്റെ മുന്നിൽ വീഴുകയായിരുന്നു.... പിടിച്ചുവെച്ച കണ്ണുനീർ ധാരാധാരയായി ഒഴുകിയിറങ്ങി... അവളുടെ തേങ്ങലിന്റെ സ്വരം അവിടെയെങ്ങും അലയടിച്ചു... കണ്ണന്റെ രൂപത്തിനുമുന്നിൽ മുഖം ചേർത്ത് അവൾ വിങ്ങി കരഞ്ഞു.. അവിടെമാകെ ആ കണ്ണുനീർ ഒഴുകിനടന്നു..

"പറഞ്ഞതല്ലേ ഞാൻ..... ഒരായിരംവട്ടം... ഈ പൊട്ടിപ്പെണ്ണിനെ കളിപ്പിക്കല്ലുന്നു.... തിരിച്ചെടുക്കാനായിരുന്നേൽ ന്തിനാ നിക്ക് ആശ തന്നെ... ന്തിനാ ന്നെ മോഹിപ്പിച്ചേ... ന്റെ ഇഛായൻ കാരഞ്ഞോണ്ട് ഇറങ്ങിപോണതു കണ്ടില്യേ നീ... ന്തിനാ ന്നോടിങ്ങനെ കാണിക്കണേ... ന്തിനാ ന്നെക്കൊണ്ടു ഇങ്ങനൊക്കെ ചെയ്യിപ്പിച്ചേ.. " അവൾ ആ രൂപത്തിന്റെ കാൽക്കൽ മുഖം ചേർത്തു... അപ്പോഴും അവളുടെ തേങ്ങലിന്റെ സ്വരം അവിടെ മാറ്റൊലി കൊണ്ടിരുന്നു...

വലിയ ഒരു ക്ഷമാപണത്തോടുകൂടിയാണ് ഞാൻ ഈ പാർട് തുടങ്ങുന്നത്.. വളരെയേറെ താമസിച്ചു.. സോറി... കാരണങ്ങൾ പലതാണ്... സമയമില്ലാത്തതും എങ്ങനെ മുന്നോട്ടു കൊണ്ടുപോകണം എന്ന സംശയവും മനസ്സിൽ സന്ദര്ഭങ്ങള് തെളിയാത്തതും എല്ലാമാണ് ആ കാരണങ്ങൾ... എങ്ങനോ എഴുതിയതാണ്... ഇഷ്ടപ്പെടുമോ എന്നറിയില്ല.. വിമർശനങ്ങൾ തീർച്ചയായും പറയുക.... വീണ്ടും മാപ്പ്...

വിശാലമായ ആകാശവിതാനത്തിൽ ചന്ദ്രൻ തന്റെ പൂര്ണരൂപത്തിൽ സുന്ദരിയായ ഭൂമിയിലേക്ക് കണ്ണുംനട്ടിരിക്കുകയാണ്... കൂടെ കണ്ണുകൾ ചിമ്മിക്കാണിച്ചു ഒരുപാട് താരകങ്ങളും.... ആ നിലാപ്രഭയിൽ മോളമ്മയുടെ മടിത്തട്ടിൽ തലച്ചായിച്ചു സാന്ത്വനം തേടുകയാണ് ടോമിച്ചൻ.. പലയിനം ചെടികളും അതിൽ വിരിഞ്ഞു നിക്കുന്ന പൂക്കളും അവ പരത്തുന്ന സുഗന്ധവും ഒക്കെ ആ അന്തരീക്ഷത്തെ സുന്ദരമാക്കുന്നുണ്ടെങ്കിലും അവന്റെ മനസിലെ അശാന്തി മാറ്റാനായില്ല... ആ ഗാർഡനിൽ... അവന്റെ മോളമ്മയുടെ മടിയിൽ തലച്ചായിച്ചിരിക്കുമ്പോൾ എല്ലാം മറക്കുന്നതാണ്.... ദുഃഖങ്ങൾ ഓടിയൊളിക്കുന്നതാണ്... പക്ഷെ ഇന്ന്... അവയ്ക്കൊന്നും മനസിന്റെ നീറ്റൽ മായിക്കാനാവുന്നില്ല...

മോളമ്മ അവന്റെ മുടിയിഴകളിൽ പതിയെ തലോടിക്കൊണ്ടിരുന്നു... അവനെൽക്കുന്ന ചെറിയ ചെറിയ മാറ്റങ്ങൾ പോലും ആ അമ്മയുടെ ഉള്ളിന് തിരിച്ചറിയാമായിരുന്നു.... ഉരുകിയൊഴുകുന്ന അവന്റെ മനസ് ആ അമ്മക്ക് കാണാമായിരുന്നു...

"മുത്തെ... " അവർ സ്നേഹത്തോടെ വിളിച്ചു..

"മ്.."അവൻ അതിനു പതിയെ ഒന്ന് മൂളുക മാത്രം ചെയ്തു...

"ഇതുവരെ നീ എന്നോട് ഒന്നും മറച്ചുവെച്ചിട്ടില്ല... പക്ഷെ ഇന്ന് നീ എന്നോട് ഒന്നും പറയുന്നില്ല... നീ ഇന്ന് വന്നു കേറിയപ്പം മുതൽ ഞാൻ ശ്രദ്ധിക്കുന്നതാ ഈ മാറ്റം... ഒന്നും കഴിച്ചിട്ടുപോലുമില്ല... എന്നാ പറ്റിയെടാ... അമ്മയോട് പറ... " അവൾ അവന്റെ നെറ്റിയിൽ കയ്യോടിച്ചു. അത് പതിയെ അവന്റെ കവിളിൽ തലോടി.. ആ കൈകൾ അവന്റെ കണ്ണുകളിൽനിന്നും ഊർന്നിറങ്ങിയ നനവ് തിരിച്ചറിഞ്ഞു ...

"ടോമിച്ചാ... നിന്നെ ഇങ്ങനല്ല ഞാൻ വളർത്തിയെ... നല്ല ചുണയുള്ള ആണ്കുട്ടിയായിട്ടാ... എത്രവലിയ വിഷമത്തിലും ആൺകുട്ടികൾ കരയാൻ പാടില്ല... വിഷമങ്ങൾ ഉണ്ടാകും മോനെ.. അത് നേരിടുക തന്നെ വേണം.. നീ ആദ്യം എന്നാ കാര്യം എന്ന് അമ്മയോട് പറ... " അവൾ അവനെ വീണ്ടും നിർബന്ധിച്ചു...

"എന്റെ പ്രശ്നം രാധികയാ മോളമ്മേ.. " അവൻ പതിയെ പറഞ്ഞു..

"എന്ത് പ്രശ്നം.." അവൾ മനസിലാകാത്തപോലെ പറഞ്ഞു..

അവൻ അന്ന് സംഭവിച്ച എല്ലാ കാര്യങ്ങളും തുറന്നു പറഞ്ഞു... മോളമ്മ എല്ലാം ശ്രദ്ധയോടെതന്നെ കേട്ടിരുന്നു...

"എനിക്കറിയില്ല മോളമ്മേ അവളെന്താ അങ്ങനെ പറഞ്ഞതെന്ന്... പക്ഷെ എന്റെ രാധിക ... അവൾക്കെന്തോ വലിയ പ്രശ്നം ഉണ്ട്... ഇന്നലെവരെ എന്റെകൂടെ സന്തോഷിച്ചിരുന്നവളാ... അവൾക്കു ഇങ്ങനൊരു മാറ്റം സംഭവിക്കണമെങ്കിൽ എന്നേലും കാര്യമായ പ്രശ്നമുണ്ടാകും... " അവൻ ആലോചനയോടെ പറഞ്ഞു..

"പോട്ടെടാ... അവൾ അങ്ങാനൊക്കെ പറഞ്ഞെങ്കിൽ നീ അത് വിട്.... എന്നിട്ടു എന്നുംപോലെ ഹാപ്പി ആയിരിക്കു.. എന്തൊക്കെ പ്രശ്നങ്ങൾ ഉണ്ടേലും നിങ്ങളുടെ സ്നേഹം സത്യമാണെങ്കിൽ ദൈവം നിങ്ങളെ ഒരുമിപ്പിച്ചിരിക്കും... നിങ്ങൾ പരസ്പരം എത്രതന്നെ മുഖം തിരിച്ചാലും ജീവിതത്തിലെ ഓരോ മാർഗവും നിങ്ങളെ പരസ്പരം അടുപ്പിച്ചുകൊണ്ടിരിക്കും... അതുകൊണ്ടു അമ്മയുടെ മുത്ത് ഇനി വിഷമിച്ചിരിക്കല്ലു.. " മോളമ്മ അവന്റെ കവിളിൽ സ്നേഹത്തോടെ തലോടി..

അവൻ മോളമ്മയെ അത്ഭുതത്തോടെ നോക്കി... കാരണം അവന്റെ മനസിന് ആ വാക്കുകൾ ഓതിരിയേറെ സാന്ത്വനം നൽകിയിരുന്നു.... വരണ്ടുണങ്ങിയ മനസിന്റെ തടങ്ങളിലേക്കു കുളിര്മഴ പെയ്തിറങ്ങിയപോലെ.... അതിൽ പുകഞ്ഞുകൊണ്ടിരുന്ന സങ്കടക്കനലുകൾ കേട്ടടങ്ങിയപോലെ... അവൻ ആ മടിയിൽ തല ഒന്നുകൂടി അമർത്തി കിടന്നു.. മോളമ്മയുടെ വിരലുകൾ അവന്റെ മുടിയിഴകളിൽ പര്തിക്കൊണ്ടിരുന്നു...

.....

ക്യാംപസിലെ ഓരോ പുൽക്കോടിക്കുപോലും സുപരിചിതയായി കഴിഞ്ഞിരുന്നു രാധിക... അവളെ അറിയാത്തവരായി ആരുമില്ല ഇന്നവിടെ.. കോളേജിലെ ഗന്ധർവ്വകുമാരന്റെ കാമുകി ആയിട്ടും അതേസമയം മനസിനെ കുളിരാണിയിക്കുന്ന സ്വരമാധുര്യമുള്ള വാനമ്പാടി ആയും... ഇപ്പൊ മറ്റൊരു സ്ഥാനം കൂടി ഉണ്ട്... കോളേജ് ബ്യൂട്ടി ക്വീൻ... ഇതെല്ലാം കൊണ്ടും അവൾ എല്ലാവരുടെയും മനസ്സിൽ ഇപ്പോൾ സ്ഥാനം നേടിയിട്ടുണ്ട്...

ക്ലാസ്സിൽ സങ്കടം തളംകെട്ടിയ മുഖവുമായി മറ്റേതോ ലോകത്തെങ്ങാപോലെ ഇരിക്കുകയായിരുന്നു രാധിക... അവളുടെ കണ്ണുകൾ തോരാതെ പെയ്യുകയായിരുന്നു എന്ന് അവളുടെ ആ കണ്ണുകൾ കണ്ടാൽ അറിയാം.. മൊത്തത്തിൽ ഒരാവശത ആയകരുന്നു അവളെ കണ്ടാൽ.. മരിയ ക്ലാസിൽ വന്നുകയറിയപ്പോൾ രാധികയുടെ ആ ഇരിപ്പ് അവളിൽ വേദനയും അത്ഭുതവും സൃഷ്ടിച്ചു.. കാരണം കുറച്ചു ദിവസങ്ങളായി അവൾ കാണുന്ന ഏറ്റവും സന്തോഷവതി രാധിക ആയിരുന്നു... അവൾ വളരെ ഉത്സാഹവാതിയായിരുന്നു... ടോമിച്ചനോടുള്ള പ്രണയവും അവൻ നൽകുന്ന കരുതലും അവളെ വല്ലാണ്ട് മാറ്റി മറിച്ചിരുന്നു... എന്നാൽ ഇപ്പൊ അവളുടെ ഈ മുഖം മരിയയുടെ മനസിന് തിരിച്ചറിയാനായില്ല..

"എന്നാടാ പറ്റിയെ.. നീയെന്നാ ഇങ്ങനെ വാല്ലാണ്ടിരിക്കുന്നെ..." മരിയ ഓടി വന്നു അവളുടെ താടിയിൽപിടിച്ചു ഉയർത്തിക്കൊണ്ടു ചോതിച്ചു...

രാധിക അതിനു മറുപടി ഒന്നും പറഞ്ഞില്ല... അവളെ തല ഉയർത്തി ഒന്ന് നോക്കി വീണ്ടും പഴയപടി തന്നെ ഇരുന്നു...

"നീ കാര്യം പറ പെണ്ണേ... ടോമിച്ചനായി എന്നേലും പ്രശ്നം ഉണ്ടായോ... അങ്ങാനാണേൽ ഞാൻ സംസാരിക്കാം... " മരിയ വീണ്ടും പറഞ്ഞു...

"വേണ്ട... എനിക്കാരുമായും പ്രശ്നമില്ല... " അല്പം ഗൗരവത്തിലാണ് അവൾ അത് പറഞ്ഞത്..

"പിന്നെന്താ നീ ഇങ്ങനെ വിഷമിച്ചിരിക്കുന്നെ... നീ കാര്യം പറയുന്നുണ്ടോ... അല്ലെ വാ.. ടോമിച്ചൻ ഇപ്പൊ വരും.. നമ്മുക്ക് പുറത്തു പോയി നിക്കാം.."

"ടോമിച്ചൻ വരുന്നെന് നിക്കെന്നാ... നി അവന്റെ കാര്യം എന്നോട് പറയണ്ടാ..." അല്പം ദേഷ്യഭാവത്തിലാണ് രാധിക അത് പറഞ്ഞത്..

അവളുടെ വാക്കുകൾ ശരിക്കും മരിയയിൽ അത്ഭുതം സൃഷ്ടിച്ചു.. ഇന്നലെവരെ ഇച്ചായൻ എന്ന് മാത്രം വിളിച്ചവൾ... ടോമിച്ചനെക്കുറിച്ചു പറയുമ്പോൾ നാണത്തോടെയും സന്തോഷത്തോടെയും പൂത്തുലഞ്ഞവൾ... ഓരോ ദിവസവും അവനായി കാത്തിരുന്നവൾ... അവളിൽ വന്നിരിക്കുന്ന ഈ മാറ്റം.. പെട്ടെന്ന് സ്നേഹം മാറി വെറുപ്പ് ഉടലെടുത്തോ... എന്താണ് ഇതിനൊക്കെ കാരണം.. ടോമിച്ചനെയും രാതികയെയും തനിക്കറിയാം.. രണ്ടുപേരും സ്നേഹിക്കാൻ മാത്രം അറിയാവുന്നവർ.. അവർക്കിടയിൽ

കാര്യമായി എന്തോ സംഭവിച്ചിട്ടുണ്ട്... പക്ഷെ ആരുടെ ഭാകതായിരിക്കും വീഴ്ച സംഭവിച്ചിരിക്കുന്നത്.. മരിയയുടെ മനസിലൂടെ പല ചോദ്യങ്ങളും കടന്നുപോയി....

"ദേ രാധികേ.. എനിക്ക് ദേഷ്യം വരുന്നുണ്ട് ട്ടോ.. എന്തോ പ്രശ്നം ഉണ്ടെന്നു എനിക്ക് മനസിലായി.. എന്നാണ് എന്ന് എന്നോട് പറ.. ടോമിച്ചനായി എന്തേലും പ്രശ്നമുണ്ടേൽ നമ്മുക്ക് സംസാരിക്കാം..." മരിയ വീണ്ടും പറഞ്ഞുനോക്കി..

"വേണ്ടന്നല്ലേ പറഞ്ഞെ.. നിക്ക് ആരോടും പ്രശ്നോന്നൂല്യ.. ഇഷ്ടോല്യ.. ടോമിച്ചനെ കാണാനല്ല ഞാൻ ക്ലാസിൽ വരണേ... നിക്ക് പഠിക്കണം.. ഇനി നിനക്ക് ന്നോട് സ്നേഹോണ്ടേൽ അവന്റെ കാര്യം പറയരുത്... നിക്കത് ഇഷ്ട്ടല്ല്യ.." രാധിക അതും പറഞ്ഞു തല കുമ്പിട്ടിരുന്നു...

ഒരു നിമിഷം മരിയ അവിടെ നിശ്ചലയായി നിന്നു... എന്തൊക്കെയാണ് സംഭവിക്കുന്നത് എന്ന് അവൾക്കു ഒരു രൂപവും കിട്ടിയില്ല... ഈ അവസരത്തിൽ രാധികയോട് ഒന്നും ചോദിച്ചിട്ട് കാര്യമില്ല.. ടോമിച്ചൻ വരുമ്പോ അവനോടു തന്നെ നേരിട്ട് ചോതിക്കാം എന്നവൾ തീരുമാനിച്ചു... അവൾ തല കുമ്പിട്ടു കിടക്കുന്ന രാധികയെ ഒന്നുകൂടി നോക്കി പുറത്തേക്കു നടന്നു...
....

ബൈക്ക് ഒതുക്കി പതിയെ നടന്നുവരികയായിരുന്നു ടോമിച്ചനും റിയാസും.. ടോമിച്ചന്റെ മുഖവും പ്രസന്നമായിരുന്നില്ല... ഉള്ളിൽ ഉറവെടുത്ത വിഷമങ്ങൾ മുഖത്ത് ചെറുതായെങ്കിലും പ്രതിഫലിച്ചിരുന്നു... അതുകൊണ്ടായിരിക്കാം.. മരിയ തങ്ങളുടെ നേർക്ക് നടന്നുവരുന്നത് കണ്ടെങ്കിലും അവനൊന്നു മുഖത്തുനോക്കി ചിരിക്കാൻ പോലും കഴിഞ്ഞില്ല..

"എന്നാ ടോമിച്ചാ ഇത്.. എന്നാ നിങ്ങള് തമ്മിൽ പ്രശ്നം.." അല്പം ഗൗരവത്തിലാണ് മരിയ അത് ചോതിച്ചത്.. അവളുടെ ചോദ്യം കേട്ട് റിയാസ് ടോമിച്ചന്റെ മുഖത്ത് നോക്കി..

"അപ്പൊ അതാണല്ലേ... ഞാനും ഓർത്തു.. ഇന്ന് കണ്ടപ്പോ മുതൽ ഒരു പുല്ലും ഈ മൈരൻ മിണ്ടിയിട്ടില്ല... ഒരുമാതിരി അണ്ടി പോയ അണ്ണാനെപോലെ... എന്താ നിങ്ങടെ പ്രശ്നം.." റിയാസ് ടോമിച്ചന്റെ മുഖത്തേക്ക് നോക്കി.

"അപ്പൊ നിന്നോട് അവളൊന്നും പറഞ്ഞില്ലേ.." അല്പം അത്ഭുതത്തോടെ ടോമിച്ചൻ മരിയയെ നോക്കി ചോതിച്ചു..

"ഞാൻ വന്നപ്പോമുതൽ ചോദിക്കുന്നതാ.. അവൾ എന്തേലും പറഞ്ഞിട്ടുവേണ്ടേ... അവൾക്കു ഇനി നിന്നെ സ്നേഹിക്കാൻ കഴിയില്ല എന്ന് മാത്രം പറയുന്നു.. അതിനെന്നാ കാരണം എന്ന് ചോതിച്ച പറയില്ല.. അപ്പൊ നിന്നോട് ചോദിക്കാം എന്ന് കരുതിയാ ഓടി വന്നേ... പറ..എന്നാ പ്രശ്നം.. "

ടോമിച്ചൻ ആലോചനയോടെ തല കുമ്പിട്ടു നിന്നു.. മരിയയും റിയാസും പരസ്പരം നോക്കി.. അവർക്കു ഒന്നും മനസിലാകുന്നുണ്ടായിരുന്നില്ല..

"സത്യത്തിൽ എന്താ പ്രശ്നമെന്ന് എനിക്കും അറിയില്ല... എന്തോ കാര്യമായി സംഭവിച്ചിട്ടുണ്ട്.." അതും പറഞ്ഞു ടോമിച്ചൻ അവരെ നോക്കി.. അതിനു ശേഷം രാധികയുടെ വീട്ടിൽ പോയതും അവിടെ വച്ചുണ്ടായ കാര്യങ്ങളും അവൻ അവരോടു പറഞ്ഞു..

റിയാസും മരിയയും എല്ലാം അത്ഭുതത്തോടെ കേട്ടിരുന്നു. അവർക്കും ഒന്നിനും ഉത്തരമുണ്ടായിരുന്നില്ല.. എല്ലാം ഒരു ദുരൂഹത പോലെ..

"ഇനിയിപ്പോ എന്നാ ചെയ്ക..ഞാനെന്നേലും ചെയ്യണോ.. " മരിയ വിഷമത്തോടെ ടോമിച്ചനെ നോക്കി..

"വേണ്ട... ഇനി എന്നെക്കുറിച്ചു പറയുവോ അവളെ കൂടുതൽ വിഷമിപ്പിക്കുവോ വേണ്ട.. മരിയ അവളുടെ കൂടെത്തന്നെ വേണം.. എന്ത് പ്രശ്നമുണ്ടേലും ഞങ്ങളെ അറിയിക്കണം... ഇനി എന്തായാലും ഞാനായി അവളെ വിഷമിപ്പിക്കുന്നത് ശരിയല്ല.. മരിയ എന്നായാലും അവളുടെ അടുത്തേക്ക് ചെല്ലു.. ഞങ്ങൾ വന്നോളാം.." ടോമിച്ചൻ മരിയയോടായി പറഞ്ഞു..

മരിയ അവരെ ഒന്നുകൂടി നോക്കി തിരിഞ്ഞു നടന്നു...

ക്ലാസിൽ ആരെയും ശ്രദ്ധിക്കാതെ തലയും കുമ്പിട്ടു കിടക്കുവായിരുന്നു രാധിക.. ഉള്ളിൽ നുരഞ്ഞുപൊന്തുന്ന സങ്കട തിരയിളക്കം അവളെ വല്ലാതെ തളർത്തുന്നുണ്ടായിരുന്നു.. എന്നാലും ആരോടും ഒന്നും പറയാൻ കഴിയാത്ത അവസ്ഥ.. മരിയയോടെങ്കിലും എല്ലാം ഒന്ന് തുറന്നു പറയാൻ അവൾ ആഗ്രഹിച്ചു.. പക്ഷെ ചിലപ്പോ അവൾ എല്ലാം ടോമിച്ചനോടോ റിയാസിനോടോ പറഞ്ഞേക്കും.. അത് പാടില്ല.. ഈ വിഷമം ഞാൻ സ്വയം അനുഭവിക്കണം.. ഇനിയുമിനിയും തന്റെ ഇച്ഛായനെ വിഷമിപ്പിക്കേണ്ടി വരുമല്ലോ എന്നോർത്തപ്പോൾ അവളുടെ ഉള്ളം തകർന്നു..

പെട്ടെന്ന് തന്റെ തോളിൽ ഒരു കരതലം അമർന്നതറിഞ്ഞു അവൾ തല ഉയർത്തി നോക്കി.. സാന്ത്വനം തുളുമ്പുന്ന നോട്ടവുമായി തന്റെ പ്രിയ മരിയ.. മരിയ അവളുടെ അടുത്തിരുന്നു...

"എന്താടീ നിനക്ക് പറ്റിയെ.. എന്ത് വിഷമാണേലും ഞങ്ങൾ കൂടെ നിക്കില്ലേ... പിന്നെന്താ.."

മരിയയുടെ വാക്കുകൾ പ്രതിഫലിച്ചത് രാധികയുടെ കണ്ണുകളിലാണ്.. ആ കണ്ണുകൾ നിറഞ്ഞൊഴുകി.. രാധിക മരിയയുടെ തോളിലേക്ക് ചാഞ്ഞു.. അവളുടെ വിഷമം അണപൊട്ടി ഒഴുകുന്നത് അവൾ അറിഞ്ഞു.... അവളുടെ ഈ അവസ്ഥ മരിയാക്കു സഹിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല.. എന്തോ കാര്യമായി സംഭവിച്ചിട്ടുണ്ട്.. തത്കാലം ഇനി അത് ചോതിച്ചു അവളെ കൂടുതൽ വിഷമിപ്പിക്കാൻ പാടില്ല എന്നവൾ തീരുമാനിച്ചു.. ടോമിച്ചൻ പറഞ്ഞപോലെ അവൾക്കൊരു താങ്ങായി കൂടെ നിക്കുക.. മരിയ രാധികയെ അവളുടെ തോളില്നിന്നും അടർത്തിമാറ്റി.. എന്നിട്ടു അവളുടെ കണ്ണുകളിൽ ഉരുവായ കണ്ണുനീർ തുടച്ചു.. പുഞ്ചിരി തൂകുന്ന മുഖത്തോടെ മരിയ രാധികയെ നോക്കി..

"പോട്ടെ. സാരില്ല.. നിന്റെകൂടെ അതെന്തിനാണേലും ഞാനുണ്ടാകും.. ഇനി എന്താ പ്രശ്നമെന്ന് എന്നോട് പറയാൻ തോന്നുമ്പോ പറഞ്ഞാ മതി. ഇപ്പൊ നീ ഈ കരച്ചിൽ ഒക്കെ മാറ്റി ഒന്ന് ഉഷാറായി ഇരിക്ക്...".. മരിയ അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു..

രാധിക സ്വയം കണ്ണുകൾ തുടച്ചു നേരെ ഇരുന്നു.. അവളുടെ കണ്ണുകൾ അറിയാതെന്നോണം വാതിൽക്കലേക്ക് പോയി.. കണ്ടു അവൾ ആ ഇന്ദ്രനീലക്കണ്ണുകളെ.. അവളുടെ ഇച്ചായനെ.. ഒരു നിമിഷം എല്ലാം മറന്നു ഓടിചെന്ന് ആ മാറിൽ മുഖം പൂഴ്ത്താൻ അവൾ കൊതിച്ചു... ആ മടിയിൽ ഇരുന്നു ആ കൈകളുടെ ലാളനം ഏൽക്കാൻ അവളുടെ മനസ് വെമ്പി.. പക്ഷെ.. പാടില്ല എന്ന് മനസ് പറയുന്നപോലെ... ഉള്ളിൽ ഉടലെടുത്ത പ്രണയപ്പൂക്കളെ അവൾ നിഷ്കരുണം ഞെരിച്ചുടച്ചു.. അതിൽ അവളുടെ രക്തം പൊടിയുന്നതുപോലാണ് അവൾക്കു തോന്നിയത്..

പെട്ടെന്ന് അവൾ മുഖം തിരിച്ചു താഴോട്ടുനോക്കി നിന്നു.. ആ കണ്ണുകളിലേക്ക് നോക്കാൻ തനിക്കു ത്രാണിയില്ല എന്നവൾ അറിഞ്ഞിരുന്നു.. കാരണം താൻ അതിൽ മുങ്ങിപോകും... അത് മുഴുവൻ ഒരു മഹാസമുദ്രം പോലെയാണ് അവൾക്കു തോന്നിയത്.. അളവില്ലാത്ത സ്നേഹത്തിന്റെ സാഗരം..

അവളിൽ പെട്ടെന്ന് വന്ന ഭാവമാറ്റങ്ങൾ ടോമിച്ചൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു... തന്നെ കണ്ടപ്പോൾ ആ കണ്ണുകൾ തിളങ്ങിയപോലെ.. മുഖത്ത് ഒരു പ്രകാശം ഉദിച്ചപോലെ.. പക്ഷെ അവൻ പെട്ടെന്നുതന്നെ അവളില്നിന്നും നോട്ടം മാറ്റി.. പാടില്ല.. അവളെ ഒരു നോട്ടംകൊണ്ടുപോലും വേദനിപ്പിക്കാനോ ശല്യപ്പെടുത്താണോ പാടില്ല എന്നവൻ തീരുമാനിച്ചിരുന്നു..

ആ ദിവസം മുഴുവൻ അങ്ങനെ കടന്നുപോയി.. രാധികയും ടോമിച്ചനും പരസ്പരം നോക്കാൻ ശ്രമിക്കാതെ.. മിണ്ടാതെ..രണ്ടപരിചിതരെപോലെ...

....

വൈകിട്ട് വീട്ടിലെത്തി രാധിക വിശ്രമമില്ലാതെ പണിയെടുക്കാൻ ശ്രമിച്ചു.. ടോമിച്ചനെക്കുറിച്ചു ഓർക്കാതിരിക്കാൻ അവൾക്കു മറ്റൊന്നും തോന്നിയില്ല.. എങ്ങനെയും ആ ഓർമ്മകളെ തരണം ചെയ്യാൻ അവൾ ശ്രമിച്ചു.. അച്ഛന്റെ റൂം വൃത്തിയാക്കി മരുന്ന് കൊടുക്കാൻ തുടങ്ങിയപ്പോഴാണ് അവൾ അത് ശ്രദ്ധിച്ചത്.. മരുന്നെല്ലാം തീരാറായിരിക്കുന്നു... ഇനി കഷ്ടിച്ച് രണ്ടു ദിവസത്തേക്ക് കൂടി കാണും.. അവൾ മരുന്ന് കൊടുത്തു അടുക്കളയിലേക്കു നടന്നു.. രാത്രിയിലേക്കു ചോറിടാൻ അരിപാത്രം നോക്കിയപ്പോ അതും കഴിയാറായിരിക്കുന്നു... ഇനി അമ്മയോട് പറയണം.. അതിനു കുറെ കേക്കേണ്ടി വരുമെന്ന് അവൾക്കറിയാം.. സാരില്യാ.. പറഞ്ഞില്ലേൽ അച്ഛന് പിന്നെ എന്നാ കൊടുക്കുവാ... അവൾ രാത്രിയിലേക്കുവേണ്ട അരിയും ഇട്ടു ശാരദയുടെ മുറിയിലേക്ക് നടന്നു..

കട്ടിലിൽ പഴയ ഒരു വാരികയും വായിച്ചുകൊണ്ടിരിക്കുകയായിരുന്ന ശാരദ..

"അമ്മെ".. രാധികയുടെ വിളികേട്ട് ഇഷ്ടപ്പെടാത്തമട്ടിൽ ശാരദ വാതിൽക്കലേക്ക് നോക്കി..

"എന്നാടി... നിന്റച്ഛൻ ചത്തോ.." ശാരദയുടെ വാക്കുകൾ കേട്ട് ആ മുഖത്തൊരാടി വെച്ചുകൊടുക്കാനാണ് രാധികക്കു തോന്നിയത്.. പക്ഷെ അവൾ അത് നന്നെപാടുപെട്ടു നിയന്ത്രിച്ചു.. പക്ഷെ പലപ്പോഴും ഇങ്ങനെയെല്ലാം തോന്നിയിട്ടുണ്ടെങ്കിലും ഒന്നും ചെയ്യാൻ അവൾക്കു കഴിയില്ല എന്നതാണ് സത്യം.. അവൾക്കു അത്രയ്ക്ക് പേടിയായിരുന്നു ശാരതയെ...

"അച്ഛന്റെ മരുന്നും പിന്നെ അരിയും തീർന്നു.. നാളെ മേടിക്കേണ്ടി വരും. " രാധിക വളരെ പതിയെ പേടിയോടെ പറഞ്ഞു..

"ആഹാ... തീർന്നോ... നന്നായി.. മോൾക്ക് ഒത്തിരി സന്തോഷം നൽകുന്ന ഒരുകാര്യം പറയാൻ ഇരിക്കുകയായിരുന്നു ഞാൻ.. " ശരത പുച്ഛത്തോടെയാണ് അത് പറഞ്ഞത്..

രാധിക കണ്ണുകൾ ഉയർത്തി പേടിയോടെ ശാരതയെ നോക്കി..

"ഇനി അച്ഛനേം മോളേം ശല്യപ്പെടുത്തണ്ടാ എന്നങ് തീരുമാനിച്ചു ഞാൻ.. നാളെ ഞാൻ എന്റെ വീട്ടിലേക്കു പോവാണ്.. നീയും നിന്റെയാ തളർവാതം പിടിച്ച തന്തയും എങ്ങനെലും ജീവിച്ചോ.. നീ ഓരോ തോന്യവാസങ്ങളൊക്കെ കാണിച്ചുകൂട്ടുമ്പോ അതിന്റെ ബാക്കി അനുഭവിക്കേണ്ടിവരുന്നത് ഞാനും കൂടെയാ.. എനിക്കിപ്പോ അതിനു സമയമില്ല.. അതുകൊണ്ടു ഞാനങ്ങു പോകും.. നീ പഠിക്കുവോ അച്ഛനെ ചികിത്സിക്കുവോ അരിമേടിക്കുവോ എന്നാന്നുവെച്ചാ ചെയ്തോ.. എനിക്കെനായാലും ഇനി അതിനൊന്നും പറ്റില്ല.. എന്റടുത്തു ഇനി അതിനൊന്നും കാശുമില്ല.. " അതും പറഞ്ഞു ശാരദ വീണ്ടും വാരികയിലേക്കു ശ്രദ്ധ തിരിച്ചു..

രാധിക ഒന്നും മിണ്ടാതെ തിരിഞ്ഞു നടന്നു.. അമ്മയെ ഇഷ്ടമല്ലെങ്കിലും അവർ പറഞ്ഞ വാക്കുകൾ അവളുടെ നെഞ്ചു തകർക്കാൻ പൊന്നവയായിരുന്നു.. അമ്മ പോയാൽ... പറമ്പിൽ നിന്നും ഇനി അടുത്തൊന്നും വല്ല ആധായവും കിട്ടുമെന്ന് വിചാരിക്കേണ്ട... എല്ലാം അമ്മ കൊടുത്തു കാശ് മേടിച്ചതാണ്.. അത് ഇനി കിട്ടാനും പോണില്ല.. അച്ഛന്റെ മരുന്ന് തീർന്നു.. അരിയില്ല... ഏറ്റവും കൂടുതൽ അവളെ വിഷമിപ്പിച്ചത് ഇനി മുതൽ തനിക്കു കോളേജിൽ പോകാൻ കഴിയില്ല എന്ന വസ്തുതയാണ്... ഇതുവരെ എന്തൊക്കെപറഞ്ഞാലും അമ്മ ഇവിടുണ്ട് എന്നെങ്കിലും പറയാർന്നു.. ഇനി.. താനല്ലാതെ മറ്റാരുമില്ല അച്ഛന്റെ കൂടെ നിക്കാൻ..

മനസ്സിൽ മുളച്ച ചിന്തകൾ അവളുടെ ഉള്ളു കീറിമുറിച്ചു.. തന്റെ ജീവിതത്തിലെ സന്തോഷനിമിഷങ്ങൾ എന്നന്നേക്കുമായി തീർന്നോ... ഏതാപത്തിലും കൂടെയുണ്ടാവുമെന്നു കരുതിയ തന്റെ കണ്ണൻ ഓടിയൊളിച്ചോ... ഇനി ഈ ജീവിതം മുന്നോട്ടെങ്ങനെ കൊണ്ടുപോകും.. അവളുടെ മനസ് ചോദ്യങ്ങളുടെ കൈലാസം കയറി.. പക്ഷെ അവിടെങ്ങും അതിനുള്ള ഉത്തരങ്ങൾ അവൾക്കു ലഭിച്ചില്ല..

......

കോളേജിൽ തണല്മരങ്ങൾക്കു ചുവട്ടിൽ ആലോചനയോടെ ഇരിക്കുകയാണ് ടോമിച്ചനും റിയാസും മരിയയും... രാധിക ഇപ്പൊ കോളേജിൽ വന്നിട്ട് മൂന്നു ദിവസമായി.. ഒരു വിവരവും ഇല്ല.. ചിലപ്പോ എന്നേലും ചെറിയ കാരണങ്ങൾ കൊണ്ടാകാം എന്ന് ആദ്യം

വിചാരിച്ചെങ്കിലും ഇതിപ്പോ മൂന്നു ദിവസം.. ടോമിച്ചന് ആകെ ഇരിക്കപ്പൊറുതി ഇല്ലാത്ത അവസ്ഥയായിരുന്നു.. എന്താണേലും ഒന്നും മിണ്ടിയില്ലേലും രാധിക കോളേജിൽ വരുമ്പോ ഒന്ന് കാണുകയെങ്കിലും ചെയ്യാമായിരുന്നു.. ഇതിപ്പോ.. ഒന്ന് വിളിച്ചുനോക്കാൻ ഫോണോ ഇല്ല അവളുടെ കയ്യിൽ.. ഇനിയിപ്പോ നേരിട്ടുപോയി അന്വേഷിക്കുകയെ വഴിയുള്ളൂ എന്നവനറിയാമായിരുന്നു..

" എന്നാടാ ചെയ്യാ.. ഇപ്പൊ മൂന്നു ദിവസായി.. അവളെന്താ വരാത്തെ.." ടോമിച്ചൻ സംശയത്തോടെ റിയാസിനെയും മരിയയെയും നോക്കി.. അവർക്കു അതിനുത്തരമില്ലായിരുന്നു..

"ഡാ അളിയാ.. ഇനിയിപ്പോ ഒന്നും നോക്കണ്ടാ... നീ ഒന്ന് പോയി നോക്ക്.. അതാ നല്ലതു.. അവളുടെ അവസ്ഥ എന്താന്നറിയാലോ.." റിയാസാണ് അത് പറഞ്ഞത്...

" ശരിയാ ടോമിച്ചാ.. ഒരു കാര്യം ചെയ്യാം.. ഞാനും വരാം... ടോമിച്ചൻ വീട്ടിലേക്കു വരണ്ടാ.. ഞാൻ പോയി കാര്യം തിരക്കി വരാം.. " മരിയ അവളുടെ അഭിപ്രായം പറഞ്ഞു..

"ഞാനും അതായിരുന്നു ആലോചിക്കുന്നത്... എന്നെ കണ്ടാൽ ചിലപ്പോ അവൾക്കു കൂടുതൽ വിഷമം ആവത്തെ ഉള്ളു.. ഇന്ന് ക്ലാസ്സിൽ കയറണ്ടാ.. എന്തായാലും ഇത്രേം ആയില്ലേ. മരിയ വാ.." അതും പറഞ്ഞു ടോമിച്ചൻ എഴുന്നേറ്റു..

"നിങ്ങൾ ഇവിടില്ലേൽ ഞാനിവിടെ ഇരുന്നിട്ടെന്നാ കാര്യം... ഞാൻ വീട്ടിലേക്കു പോയെക്കുവാ.. ചെന്നിട്ടു കാര്യം അറിഞ്ഞു വിളിക്ക്.. " റിയാസ് അതും പറഞ്ഞു നടന്നു.. ടോമിച്ചൻ ബുള്ളറ്റ് എടുത്തു.. മരിയ അവനു പുറകിൽ ഇരുന്നു.. അത് അതിവേഗം പാഞ്ഞുപോകുന്നത് നോക്കി റിയാസും നടന്നു..

.....

മരിയ രാധികയുടെ വീട്ടിലേക്കു കയറുമ്പോ വല്ലാത്ത ഒരു നിശബ്ദത അവിടെ തളംകെട്ടി നിന്നിരുന്നു.. ആ ശാന്തമായ അന്തരീക്ഷം പോലും സന്തോഷമല്ല സമ്മാനിക്കുന്നത്.. എന്തോ മനസ് മന്തിപ്പിക്കുന്ന വല്ലാത്ത ഒരു ദുഃഖപൂരിതമായ അവസ്ഥ അവിടെ നിറഞ്ഞുനിക്കുന്നതുപോലെയാണ് മരിയക്കു തോന്നിയത്.. ചിലപ്പോ രാധികയുടെ സങ്കടങ്ങൾ അറിയാവുന്നതുകൊണ്ടു തോന്നുന്നതാവും എന്നവൾ ചിന്തിച്ചു.. അവൾ വീട്ടിലേക്കു കയറി... ആരെയും കാണുന്നില്ല... മരിയക്കു രാധികയെ വിളിക്കാൻ തോന്നിയില്ല.. അവൾ അകത്തേക്ക് കയറി.. ചുറ്റും കണ്ണുകൾ പായിച്ചപ്പോൾ ഇരുട്ടിൽ മേശമേൽ തല ചായ്ച്ചു കിടക്കുന്ന ഒരു സ്ത്രീരൂപം അവളുടെ കണ്ണുകളിൽ ഉടക്കി.. മരിയ പതിയെ അങ്ങോട്ട് നടന്നു.. ജനാലകൾക്കുള്ളിൽകൂടി വരുന്ന ചെറിയ വെട്ടമേ ഹാളിൽ ഉള്ളു.. മരിയ പതിയെ ആ രൂപത്തിന്റെ തോളിൽ കൈവച്ചു... പെട്ടെന്ന് ഒരു വിറയലോടെ ഞെട്ടി എഴുന്നേറ്റ ആ രൂപം ഒരു പകപ്പോടെ മരിയയെ നോക്കി.. അതെ അത് രാധിക തന്നെയായിരുന്നു... ആകെ മാറിയ രൂപം.. മുഖത്തെ തളിച്ചം മങ്ങിയിരിക്കുന്നു.. ചെറുതായി കണ്ണുകൾ കുഴിഞ്ഞിട്ടുണ്ട്.. ശരീരം നന്നായി മെലിഞ്ഞു.. കണ്ടാൽ മനസ് തകരുന്ന കാഴ്ച.. അവളെ ഉള്ളുകൊണ്ട സ്നേഹിക്കുന്ന ആരുടേയും ഹൃദയം തകർക്കുന്ന

കാഴ്ച.. മരിയയുടെ കണ്ണുകൾ അറിയാതെ നിറഞ്ഞു.. ടോമിച്ചൻ ഇങ്ങോട്ടു കയറി വരാത്തത് നന്നായി എന്നവൾക്കു തോന്നി.. അവനീ കാഴ്ച കണ്ടാൽ തളർന്നുപോകും..

അത്ഭുതത്തോടെ നോക്കിനിക്കുന്ന രാധികയെ മരിയ കൈകളാൽ ചുറ്റി കെട്ടിപ്പിടിച്ചു.. മരിയയുടെ കണ്ണുകൾ നിറഞ്ഞു കണ്ണീർക്കണങ്ങൾ രാധികയുടെ കഴുത്തിലേക്കു ഇറ്റുവീഴുന്നത് അവൾ അറിയുന്നുണ്ടായിരുന്നു..

"എന്നാടീ പറ്റിയെ.... ദിവസം എത്രയായി നീ കോളേജിൽ വന്നിട്ട്... ഇതെന്നാ കോലവാ നിന്റെ.. എന്നാ പറ്റിയെ ഇങ്ങനൊക്കെ വരാൻ.. "

മരിയയുടെ ചോദ്യവർഷങ്ങൾ രാധിക കേട്ടെങ്കിലും ഒന്നും മിണ്ടിയില്ല.. അവൾ മരിയയെ ചിട്ടിപ്പിടിച്ചു കരഞ്ഞു... തന്റെ പ്രിയ കൂട്ടുകാരി തന്നെ തേടി വന്നിരിക്കുന്നു.. ആ സന്തോഷത്തിലായിരുന്നു അവളുടെ കണ്ണ് നിറഞ്ഞത്....

മരിയ അവളെ അടർത്തിമാറ്റി അവളുടെ മുഖം കൈകുമ്പിളിലാക്കി.. ചെറുതായി ഒട്ടിയ കവിളിണയിലൂടെ കണ്ണുനീർ ധാരയായി ഒഴുകിയിറങ്ങുന്നു... അവൾ ആ കണ്ണുനീർ തുടച്ചു രാധികയുടെ തോളിൽ പിടിച്ചു വീണ്ടും ആ കസേരയിൽ ഇരുത്തി....

"ഇനി പറ.. എന്നാ കോളേജിൽ വരാത്തെ.." മരിയ വളരെ മൃദുവായി ചോതിച്ചു...

"നി ഞാൻ കോളേജിൽ വരുന്നില്ല മരിയെ.." രാധിക നിറഞ്ഞ മിഴികളോടെ മരിയയെ നോക്കി പറഞ്ഞു..

മരിയ വിശ്വാസം വരാതെ അത്ഭുതഭാവത്തോടെ അവളെ നോക്കി... എന്താ കാരണം എന്ന് അവളുടെ കണ്ണുകൾ ചോദിക്കുന്നുണ്ടായിരുന്നു..

"അമ്മ ഞങ്ങളെ വിട്ടുപോയി... അമ്മയുടെ വീട്ടിലേക്കു.. നി ഞാൻ കോളേജിൽ വന്നാ അച്ഛനെ നോക്കാൻ വേറാരൂല്യ മരിയെ.. അച്ഛന്റെ മരുന്നെല്ലാം തീർന്നിരിക്യ.. അടുപ്പുകൂട്ടാനും ഒന്നൂല്യ... രണ്ടു ദിവസം മുമ്പ് പള്ളീൽ ഗീവർഗീസച്ചന്റെ കയ്യീന്ന് കുറച്ചു കാശ് മേടിച്ചിട്ടാ ഇതുവരെ പോയത്... എപ്പഴും അങ്ങോട്ടേങ്ങാനെയാ ചെല്ലുവാ.. നിക്കറിയില്ല മരിയെ നീ ന്താ ചെയ്യണ്ടെന്നു.." രാധികയുടെ വാക്കുകൾ മരിയയുടെ കണ്ണുകൾ നിറച്ചു.. ഇത്രേം മോശപ്പെട്ട അവസ്ഥയിലാണ് ഇവൾ എന്ന് അറിയിലായിരുന്നു.. ഇപ്പൊ ഇവൾക്ക് അല്പമെങ്കിലും ആശ്വാസമേകാൻ ടോമിച്ചനെ കഴിയൂ എന്ന് മരിയക്കറിയാം.. അവൾ ഒഴുകിയിറങ്ങിയ കണ്ണുകൾ തുടച്ചു...

"നീ അച്ഛന്റെ മരുന്നിന്റെ ചീട്ടിങ്ങെടുക്കു.... " മരിയ പെട്ടെന്ന് പറഞ്ഞു..

രാധിക മനസിലാകാത്തപോലെ അവളെ നോക്കി..

"നോക്കി നിക്കാതെ എടുക്കു പെണ്ണേ..." അവൾ പിന്നേം പറഞ്ഞു..

രാധിക അറിയാതെ തന്നെ അലമാരയിൽ ഇരുന്ന മരുന്നുചീട്ടു അവൾക്കെടുത്തുകൊടുത്തു...

"നീ ഇവിടിരുന്നോ... ഞാനിപ്പോ വരാം.." അതും പറഞ്ഞു മരിയ പെട്ടെന്ന് തന്നെ പുറത്തേക്കിറങ്ങി.. രാധികക്കു ഒന്നും പറയുവാനോ ചോദിക്കുവാണോ കഴിഞ്ഞില്ല... അവൾ ഒരു ശിലകണക്കെ മരിയ പോകുന്നതും നോക്കിനിന്നു..

.....

കുറച്ചു മാറിയായിരുന്നു ടോമിച്ചൻ നിന്നിരുന്നത്... മരിയ വരുന്നത് അകലേന്നെ അവൻ കണ്ടു.. അവളുടെ അടുത്തേക്ക് ഓടിച്ചെന്നു തന്റെ രാധികയെക്കുറിച്ചറിയുവാൻ അവന്റെ മനസ് വെമ്പി... അവൻ മുന്നോട്ടു നടന്നു..

"എന്നാ മരിയെ.. എന്റെ രാധികക്കു എന്നാ പറ്റിയെ... " അത് ചോദിക്കുമ്പോൾ അവന്റെ കണ്ണുകളിലും സ്വരത്തിലും ആകാംഷ നിറഞ്ഞുനിന്നിരുന്നു...

മരിയ രാധികയെ കണ്ട അവസ്ഥ അവനെ പറഞ്ഞു കേപ്പിച്ചു..

"ടോമിച്ചാ... ആ പാവം വല്ലാത്ത കഷ്ടത്തിലാ... നിനക്ക് മാത്രേ എന്തേലും ചെയ്യാനാവൂ.. ഞാൻ അവളുടെ അച്ഛന്റെ മരുന്നിന്റെ ചീട്ടു എടുത്തിട്ടുണ്ട്..." അവൾ പറഞ്ഞു തീർന്നപ്പോഴേക്കും ടോമിച്ചൻ വണ്ടിയിൽ കയറിയിരുന്നു.. എന്നിട്ടു മരിയയെ നോക്കി.. കയറു എന്ന് മൗനമായി പറയുന്നതുപോലെ.... മരിയ അവനുപുറകിൽ കയറി..

പെട്ടെന്ന് ടോമിച്ചൻ വണ്ടി നിർത്തി മരിയയെ നോക്കി.. അവന്റെ മുഖത്ത് എന്തോ ഒരു ചോദ്യം നിഴലിച്ചിരുന്നു..

"മരിയെ.. ബാഗിൽ ഉച്ചക്കത്തെക്കുവേണ്ട ഫുഡ് ഉണ്ടോ.. "

അവൾ ഉണ്ട് എന്ന അർത്ഥത്തിൽ തലയിളക്കി.. എന്നിട്ടു എന്താ എന്ന ഭാവത്തിൽ അവനെ നോക്കി.. ടോമിച്ചൻ ഒന്നും മിണ്ടാതെ വണ്ടി മുന്നോട്ടെടുത്തു.. അവൻ വന്നവഴിയല്ലാണ്ട് വേറെ വഴിക്ക് തിരിഞ്ഞത് കണ്ട മരിയാക്കു വീണ്ടും സംശയമായി..

"ഇതെങ്ങോട്ടാ പോകുന്നെ ടോമിച്ചാ.. നമ്മൾ ഈ വഴിയല്ലല്ലോ വന്നേ.." അവളുടെ സംശയം അവൾ മറച്ചുവച്ചില്ല...

എന്നാൽ ടോമിച്ചൻ ഒന്നും മിണ്ടാതെ വണ്ടി മുന്നോട്ടെടുത്തു... കാവിനടുത്തെ ആ വലിയ മരത്തിനടുത്തെത്തിയപ്പോൾ അവൻ ബൈക് നിർത്തി... അവിടം വിജനമായിരുന്നു.. അവൻ ചുറ്റും നോക്കിയെങ്കിലും ആരെയും കാണാൻ കഴിഞ്ഞില്ല.. സംശയഭാവത്തിൽ അവനെ നോക്കുന്ന മരിയയെ നോക്കി അവൻ ഇറങ്ങാൻ ആംഗ്യം കാണിച്ചു... അവളും ടോമിച്ചനും ഇറങ്ങി..

"ഹലോ.. ചേട്ടാ.. " ടോമിച്ചൻ ഉറക്കെ വിളിച്ചു.. ആരും ആ വിളി കേട്ടതായി തോന്നിയില്ല.. അവൻ പിന്നേം പിന്നേം വിളിച്ചു.. മരിയ ഒന്നും മനസിലാകാതെ നോക്കിന്നിക്കുകയാണ്.. പെട്ടെന്ന് മരങ്ങൾക്കിടയിലൂടെ ഒരു ആൾരൂപം നടന്നുവരുന്നത് മരിയ കണ്ടു.. വളരെ ഭയംതോന്നിക്കുന്ന രൂപം.. കറുത്തുമെലിഞ്ഞു താടിയും മുടിയും നരച്ചു നീണ്ടു മുഷിഞ്ഞ

വേഷധാരിയായ ഒരു മനുഷ്യൻ.. അവൾ പേടിയോടെ അങ്ങോട്ട് കൈ ചൂണ്ടി.. ടോമിച്ചൻ അങ്ങോട്ട് നോക്കിയപ്പോൾ കണ്ടു.. പ്രതീക്ഷിച്ചയാൽ നടന്നുവരുന്നത്.. അവന്റെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു.. അയാൾ പമ്മിപ്പമി ആണ് അങ്ങോട്ട് വന്നത്..

" നിന്റെ ഫുഡ് ഇങ്ങു താ.." ടോമിച്ചൻ മരിയാക്കുനേരെ കൈ നീട്ടിക്കൊണ്ടു പറഞ്ഞു.. അവൾ ബാഗ് തുറന്നു പാത്രം എടുത്തു അവനു കൊടുത്തു. അവളുടെ പകപ്പു അപ്പോളും മാറിയിരുന്നില്ല.. അവൻ അടുത്തുകണ്ട ഒരു ചെറുവാഴയിൽ നിന്നും ഇല പറിച്ചെടുത്തു അയാൾക്ക് നീട്ടി.. വിറകൊള്ളുന്ന കൈകളോടെ അയാൾ അതുവാങ്ങി.. ടോമിച്ചൻ പാത്രം തുറന്നു അതിലെ ചോറ് മുഴുവൻ ആ ഇലയിലേക്കു പകർന്നു.. അയാൾ അതുമായി ആ മരച്ചുവട്ടിലേക്കിരുന്നു കഴിക്കാൻ തുടങ്ങി.. അവൻ അയാളെ ഒന്ന് ശ്രദ്ധിച്ചു.. ശരീരം വല്ലാതെ മെലിഞ്ഞിരിക്കുന്നു.. കുറച്ചുദിവസമായി രാധിക വന്നിട്ടില്ലല്ലോ... അവൻ അയാളെ നോക്കി ഒന്ന് പുഞ്ചിരിച്ചു...

"രാവിലെ ഇവിടെ നിന്നാൽ മതി.. ഞാൻ ഭക്ഷണം കൊണ്ടുവന്നോളാം.. രാധികക്കു സുഖമില്ല..അതാ അവൾ വരാത്തെ" അത് പറഞ്ഞപ്പോൾ അയാൾ അവനെ നോക്കി.. ആ മുഖത്തു സങ്കടം നിഴലിക്കുന്നത് അവൻ കണ്ടു.. അവൻ ഒരു പുഞ്ചിരിയും സമ്മാനിച്ചു തിരിഞ്ഞു നടന്നു..

മരിയ ആകെ അമ്പരപ്പിലായിരുന്നു.. അവൾക്കു ഒന്നുംതന്നെ മനസിലാകുന്നുണ്ടായിരുന്നില്ല..

"ആരാ ടോമിച്ചാ അത്.." വണ്ടി മുന്നോട്ടു നീങ്ങിയപ്പോൾ അവൾ ചോതിച്ചു..

"അത് രാധികയുടെ കാരുണ്യത്തിൽ ജീവിച്ചിരുന്ന ഒരു യാചകൻ എന്ന് പറയാം.. അവൾ കോളേജിൽ വരുമ്പോ ഈ വഴി വന്നു അയാൾക്ക് ഫുഡ് കൊടുക്കുമായിരുന്നു... കുറച്ചുദിവസമായി അവൾ വന്നിട്ടില്ലല്ലോ.. അയാൾ എന്നും അവളേം പ്രതീക്ഷിച്ചിരുന്നിരിക്കും... അവൾക്കുവേണ്ടി ഞാനിതു ചെയ്യണം.." അവൻ പറഞ്ഞു.

അത് മരിയയുടെ കണ്ണ് നിറക്കുവാണ് ചെയ്തത്..

"എത്ര നല്ലവളാണ് എന്റെ മരിയ... അവൾക്കു എന്തിനാ ഇങ്ങനെ ശിക്ഷ കൊടുക്കുന്നത്.. ടോമിച്ചാ.. എന്തൊക്കെ സംഭവിച്ചാലും കൈവിട്ടേക്കല്ലേ അവളെ.. എന്തൊക്കെ പറഞ്ഞാലും അവളുടെ ഉള്ളുമുഴുവൻ നീയാ.." മരിയ അത് പറയുമ്പോൾ അവളുടെ സ്വരം ഇടറിയിരുന്നു..

ടോമിച്ചൻ ഒന്നും മിണ്ടിയില്ല.. ബൈക് മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു..

ടൗണിൽ അവനു പരിചയമുള്ള ഒരു പലചരക്കു കടയിലേക്കാനു അവർ പോയത്.. അവിടുന്ന് അരിയും ആവശ്യമായ എല്ലാവിത സാധനങ്ങളും അവർ എടുത്തു... ടോമിച്ചൻ മെഡിക്കൽ ഷോപ്പില്നിന്നും ആവശ്യമായ മരുന്നും മേടിച്ചു... അതിനുശേഷം അവൻ പോയത് തൊട്ടടുത്തുള്ള ഓട്ടോ സ്റ്റാന്റിലേക്കാണ്.. പ്രതീക്ഷിച്ചപോലെ രാജീവേട്ടൻ അവിടുണ്ട്.... 55 വയസു തോന്നിക്കുന്ന ഒരു മധ്യവയസ്കൻ.. പത്തിൽ ഒരുമിച്ചു പഠിച്ച രാഹുലിന്റെ അച്ഛൻ.. അന്ന് വളരെ ബുദ്ധിമുട്ടിലായിരുന്ന അവർക്കു പലപ്പോഴും തന്നാൽ

കഴിയുന്ന സഹായം ടോമിച്ചൻ ചെയ്തിട്ടുണ്ട്... അതിനാൽ സ്വന്തം മോനെ പോലെത്തന്നെയായിരുന്നു അവനെ ആ വീട്ടിൽ കണക്കാക്കിയിരുന്നത്... പഠിക്കാൻ മോശമായിരുന്നു രാഹുൽ.. പത്തിൽ തോറ്റു.. പിന്നെ ചെറിയ പണികൾക്കൊക്കെ പോകുന്നു..

ടോമിച്ചൻ നേരെ രാജീവേട്ടന്റെ അടുത്തേക്ക് ചെന്നു.. അവനെ കണ്ടപ്പള്ള അയാൾ ചിരിയോടെ അടുത്തേക്കുവന്നു..

"ഡാ മോനെ.. കുറച്ചായി നിന്നെ കണ്ടിട്ട്.. ഇപ്പൊ വീട്ടിലേക്കും വരാറില്ലല്ലോ.. " അയാൾ പറഞ്ഞു..

"അതുപിന്നെ രാജിവെട്ടാ.... കോളേജില്ലേ.. അതുകൊണ്ടാ... രാജീവേട്ടൻ വന്നേ.. ഒരു ഓട്ടമുണ്ട്.." അവൻ അതും പറഞ്ഞു ഓട്ടോയിൽ കയറി.. അയാൾ അത് സ്റ്റാർട്ട് ചെയ്തു അവൻ കാണിച്ചിടത്തെക്കു വിട്ടു.. കടയില്നിന്നും അരിയും എല്ലാ സാധനങ്ങളും ഓട്ടോയിൽ കയറ്റി... മരിയയും കയറി... ടോമിച്ചൻ പേഴ്സിൽ നിന്നും അഞ്ഞൂറിന്റെ രണ്ടു നോട്ടെടുത്തു മരിയാക്കു കൊടുത്തു..

"ഇത് കൊടുത്തേക്കു.. നീ എന്തേലും പറഞ്ഞാ മതി.." അവന്റെ വാക്കുകൾ മരിയ തലകുലുക്കി സമ്മതിച്ചു.. എന്നിട്ടു അവൻ രാജീവേട്ടനെ നോക്കി പോകേണ്ട സ്ഥലവും എല്ലാം പറഞ്ഞുകൊടുത്തു.. പുള്ളീടെ കയ്യിലും അവൻ അഞ്ഞൂറിന്റെ ഓട് നോട്ട് ഏൽപ്പിച്ചു...

"രാജിവെട്ടാ... പിന്നെ ഇത് ആ വീട്ടിൽ ഒന്ന് എടുത്തുകൊടുക്കണം.. പിന്നെ ഇവളെ ഇവളുടെ വീട്ടിൽ കൊടുപോയി വിടുകയും വേണം.. "

"അതൊക്കെ ഞാൻ നോക്കിക്കൊള്ളാടാ.. " അയാൾ അതും പറഞ്ഞു ഓട്ടോ സ്റ്റാർട്ട് ചെയ്തു.. ടോമിച്ചൻ മരിയയെ നോക്കി പൊയ്ക്കൊള്ളാൻ ആംഗ്യം കാണിച്ചു..

"എന്തേലും ഉണ്ടേൽ വിളിച്ചാ മതി മരിയെ.. " ഓട്ടോ പോകാൻ തുടങ്ങിയപ്പോൾ അവൻ പെട്ടെന്ന് പറഞ്ഞു.. അവൻ തിരികെ വന്നു ബുള്ളറ്റിൽ കയറി നേരെ ഒരു എ ടി എം ലക്ഷ്യമാക്കി നീങ്ങി..

.....

രാധിക ഒന്നും മനസിലാകാതെ നോക്കി നിക്കുകയാണ്.. അവൾ ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല ഇത്.. ഓട്ടോക്കാരൻ അരിയും മറ്റു ഭക്ഷണസാമഗ്രഹികളെല്ലാം അകത്തേക്ക് വെക്കുകയാണ്... മരിയ അയാൾക്കു എല്ലാം പറഞ്ഞുകൊടുക്കുന്നു.. ഒരുപാട് നാളത്തെക്കുവേണ്ട സാധനങ്ങൾ എല്ലാം ഉണ്ട്..

"ചേട്ടൻ വണ്ടിയിൽ നിന്നോളൂ.. ഞാനിപ്പോ വരാം.." മരിയ രാജീവേട്ടനെ നോക്കി പറഞ്ഞു..

"ശരി മോളെ.." അതും പറഞ്ഞു അയാൾ മുറ്റത്തേക്കിറങ്ങി..

മരിയ ബാഗ് തുറന്നു മരുന്നിന്റെ കവർ രാധികയെ ഏൽപ്പിച്ചു..

"ഡീ ഇതെല്ലാം.. എവിടുന്നാ നിനക്ക് പൈസ..." രാധിക നിറകണ്ണുകളോടെയാണ് അത് ചോതിച്ചത്..

" അപ്പച്ചൻ എനിക്ക് ഡ്രസ്സ് മേടിക്കാൻ കുറച്ചു പണം തന്നിരുന്നു.. പിന്നെ എന്റടുത്തു ഒരു പഴയ മോതിരം ഉണ്ടായിരുന്നു.. അത് പണയം വച്ചു... ഇപ്പൊ നിന്റെ ആവശ്യങ്ങളാ വലുത്... ഇത് വച്ചോ... എന്നേലും ആവശ്യം വന്നാൽ.. " അതും പറഞ്ഞു മരിയ ടോമിച്ചൻ നൽകിയ ആയിരം രൂപ അവളെ ഏൽപ്പിച്ചു..

" വേണ്ട മരിയെ.. ഇപ്പൊ തന്നെ നീ ഒരുപാട് ചിലവാക്കിയിരിക്യ നിക്കുവേണ്ടി.. " രാധിക ഒഴുകിയിറങ്ങിയ കണ്ണുനീർ തുടച്ചുകൊണ്ടു പറഞ്ഞു..

"വെറുതെ കാരയാണ്ട് ഇത് പിടി നീ.." അതും പറഞ്ഞു മരിയ നിർബന്ധപൂർവ്വം ആ പൈസ അവളെ ഏൽപ്പിച്ചു..

രാധിക കണ്ണുനീരോടെ മരിയയെ കെട്ടിപ്പിടിച്ചു..

"നിക്കറിയില്യ മരിയെ.. ങ്ങനെയാ നിന്നോട് തിനൊക്കെ നന്ദി പറയാന്നു.." രാധികയുടെ ഇടറിയ സ്വരം..

"നീ ഒന്ന് ചുമ്മാതിരി പെണ്ണേ.. മര്യാദക്ക് വല്ലോം വെച്ചുണ്ടാക്കി നന്നായി കഴിക്കു.. ഇനി ഞാൻ വരുമ്പോ നിന്റെയാ പഴയ കോലം എനിക്ക് കാണണം..." മരിയ രാധികയെ തോളില്നിന്നും അടർത്തിമാറ്റിക്കൊണ്ടു പറഞ്ഞു..

"ഞാനിറങ്ങുവാടാ... ഓട്ടോക്കാരൻ നോക്കിനിക്കുവാ.. നീ വിഷമിക്കണ്ടാ... നിനക്ക് പഠിക്കാൻ എന്നേലും ഒരു മാർഗം തെളിയും.. ഈ സമായമൊക്കെ മാറും.. ഞാനിടക്കുന്നു വരാം.. " അതും പറഞ്ഞു മരിയ പുറത്തേക്കു നടന്നു.. പോകുന്നപോക്കിൽ അവൾ ഒന്നുകൂടി തിരിഞ്ഞുനോക്കി രാധികയെ പുഞ്ചിരിയോടെ കയ്യുയർത്തി കാണിച്ചു..

.....

ടോമിച്ചൻ നേരെ പോയത് ഗീവർഗീസച്ചന്റെ അടുത്തേക്കായിരുന്നു... മരിയ പറഞ്ഞതുവെച്ചു അദ്ദേഹമാണ് രാധികയെ എല്ലാ കാര്യങ്ങളിലും സഹായിക്കുന്നതും മറ്റും.. അവൻ വലിയ ആ പള്ളിയുടെ മുന്നിൽ ബുള്ളറ്റ് ഒതുക്കി.. വളരെ മനോഹരമായ ദേവാലയമാണ്... മുറ്റത്തു ചെറിയ പൂന്തോട്ടവും എല്ലായിടവും മനോഹരമായി പുല്ലും പിടിപ്പിച്ചിരിക്കുന്നു... അവൻ മുന്നിലേക്ക് ചെന്ന് ചുറ്റും നോക്കി.. അമ്പതു വയസു പ്രായം തോന്നിക്കുന്ന ഒരാൾ പള്ളിയുടെ സൈടെല്ലാം തൂക്കുന്നു.. ടോമിച്ചൻ അയാളുടെ അടുത്തേക്ക് നടന്നു..

"ചേട്ടാ.... എനിക്ക് ഗീവര്ഗീസ്അച്ഛനെ ഒന്ന് കാണണം.."

ടോമിച്ചന്റെ സ്വരം കേട്ട് അയാൾ തിരിഞ്ഞുനോക്കി...

"അച്ഛൻ പള്ളിറൂമിലുണ്ട്.. മുന്നിൽച്ചെന്നു ബെല്ലടിച്ചാ മതി.." ഒരു പുഞ്ചിരിയോടെ അയാൾ പറഞ്ഞു.. ടോമിച്ചൻ നന്ദിയും പറഞ്ഞു അയാൾ കാണിച്ച ഭാഗത്തേക്ക് നടന്നു.. അവിടെ ചെറിയ ഒരു വീടുപോലെ... കാണാൻ മനോഹരമാണ്.. അവൻ ബെല്ലിൽ വിരലമർത്തി... പക്ഷി ചിലക്കുന്നപോലെ ഒരു ശബ്ദം....

"ഒരു മിനിറ്റ്... ധാ വരുന്നു.. " വളരെ ഗാമ്പീര്യമുള്ള ഒരു സ്വരം പുറത്തേക്കുവന്നു..

അല്പസമയത്തിനു ശേഷം ലോഹധരിച്ചു ഒരു വൈദീകൻ പുറത്തേക്കുവന്നു... നല്ല ഐശ്വര്യമുള്ള മുഖം... ഒരു അറുപതു വയസു തോന്നിക്കും... മുടിയും താടിയും മീശയും എല്ലാം നന്നായി നരച്ചിട്ടുണ്ട്... അല്പം വയറു ചാടിയിരിക്കുന്നു.. മൊത്തത്തിൽ നല്ല ഒരു തേജസ്... അദ്ദേഹം ടോമിച്ചനെ കണ്ടപ്പോൾ മനോഹരമായി ഒന്ന് പുഞ്ചിരിച്ചു... അവൻ തിരിചും..

"ഈശോ മിശിഹായിക്കു സ്തുതിയായിരിക്കട്ടെ.." അവൻ സ്തുതി ചൊല്ലി..

"ഇപ്പോഴുമെപ്പോഴും സ്തുതിയായിരിക്കട്ടെ.." അദ്ദേഹം ഒന്ന് നിർത്തി.. അല്പം ആലോചിച്ചു വീണ്ടും തുടർന്നു.."എനിക്കങ്ങോട്ടു മനസിലായില്ല... ആരാ.." അച്ഛൻ ചോതിച്ചു.. "

"അച്ചോ.. ഞാൻ ടോം തോമസ്.. പൂപ്പറമ്പിലെയാ.." അവൻ വിനയപൂർവ്വം മറുപടി പറഞ്ഞു..

" ആ... പൂപ്പറമ്പിൽ തോമാച്ചന്റെ മോനാ... ടോമിച്ചൻ അല്ലെ... " അദ്ദേഹം പുഞ്ചിരിയോടെ പറഞ്ഞു.. " അകത്തേക്ക് വാ.. ഇരുന്നു സംസാരിക്കാം.. "

അച്ഛൻ അകത്തേക്ക് കയറിയപ്പോൾ അവനും പുറകെ കയറി...

"അച്ഛന് എന്നെ അറിയാമോ.." റൂമിൽ കയറി അദ്ദേഹം ചൂണ്ടിക്കാണിച്ച കസേരയിൽ ഇരുന്നുകൊണ്ട് അത്ഭുതത്തോടെ അവൻ ചോതിച്ചു..

"ഹ..ഹ.." അദ്ദേഹം ഒന്ന് ചിരിച്ചു.. " വെളിച്ചപ്പാടിനെ എല്ലാര്ക്കും അറിയാം.. വെളിച്ചപ്പാട് എല്ലാരേയും അറിഞ്ഞില്ലേലും.. പലരും മോനെപ്പറ്റി പറഞ്ഞിട്ടുണ്ട്.. പിന്നെ ഇവിടെ ഇടവകയിലെ ചില പെൺകുട്ടികളും... മോന്റെ കോളേജിൽ തന്നെ പഠിക്കുന്ന കുട്ടികൾ.. " അദ്ദേഹം വീണ്ടും ഒന്ന് ചിരിച്ചു... അവനും..

"പ്രായമായേലും ഇവിടെ ഇടവകയിലെ യുവാക്കൾക്കും യുവാതികൾക്കും ഞാൻ നല്ല സുഹൃത്തിനെപോലെയാ... അവരൊക്കെ പറഞ്ഞിട്ടുണ്ട് മോനെപ്പറ്റി.. കോളേജിലെ ഗന്ധർവ്വനാന്നൊക്കെ.. ഇപ്പോ മനസിലായി.. കുട്ടികൾ പറഞ്ഞതിൽ കാര്യമുണ്ട്.. "

പുഞ്ചിരിയോടെയുള്ള അച്ഛന്റെ വാക്കുകൾക്കു അവനും ഒരു പുഞ്ചിരി മാത്രം സമ്മാനിച്ചു..

"അച്ചോ.. ഞാൻ വന്നത് രാധികയുടെ കാര്യം പറയാനാ.. അച്ഛനറിയാലോ അവളെ നന്നായി.. എന്റെ കളാസ്സിലാണ് രാധിക പഠിക്കുന്നത്.. ഇപ്പൊ അവളുടെ അവസ്ഥ വളരെ കഷ്ടത്തിലാണെന്നു അച്ഛനറിയാമല്ലോ... എന്റെ കയ്യിൽ കുറച്ചു പണമുണ്ട്... അത് അച്ഛൻ അവളെ ഏൽപ്പിക്കണം.. അച്ഛൻ കൊടുക്കുന്നപോലെ കൊടുത്താൽ മതി.. ഞാൻ തന്നതാണെന്ന പറയണ്ട.. "

അച്ഛൻ അവന്റെ നേരെ നോക്കി..

"എന്നാ മോനെ.. അതിൽ ഒരു വശപിശക്പോലെ.. രാധിക മോന്റെ ആരാ.." അദ്ദേഹം സംശയഭാവത്തിൽ ചോതിച്ചു..

"അച്ഛനോട് ഞാനൊന്നും മറക്കുന്നില്ല.. എനിക്കവളെ ഇഷ്ടമാണ്.. അവൾക്കു എന്നെയും.. പക്ഷെ കുറച്ചു ദിവസമായി അവൾ വല്ലാത്ത അകൽച്ച കാണിക്കുന്നു... എന്തായാലും അവൾ വിഷമിക്കുന്നത് കാണാൻ എനിക്ക് വയ്യ.. ഇപ്പൊ അവൾ കോളേജിലും വരുന്നില്ല... അവളുടെ ഈ വിഷമങ്ങൾ അറിഞ്ഞു ഞാനെങ്ങനെയാ ചുമ്മാതിരിക്കുക... ഞാനായി കൊടുത്താൽ അവൾ മേടിക്കില്ല.. അതുകൊണ്ടു അച്ഛൻ കൊടുത്താൽ മതി." അതും പറഞ്ഞു പേഴ്സിൽ നിന്നും അയ്യായിരം രൂപ എടുത്തു അവൻ അച്ഛന് കൊടുത്തു..

അദ്ദേഹം അത് പുഞ്ചിരിയോടെ മേടിച്ചു.. "

ഞാൻ മോനെ കുറ്റം പറയില്ല... ജാതിയും മതവും ഒക്കെ വേറെ ആണേലും ഈ കാര്യത്തിൽ ഞാൻ നിന്നെ സപ്പോട്ട ചെയ്യും.. കാരണം അത്രയ്ക്ക് നല്ല കുട്ടിയാ രാധിക.. എന്നാൽ കഴിയുന്ന രീതിയിൽ ഞാൻ സഹായിക്കുന്നുണ്ട്... പിന്നെ എല്ലാം എന്റെ കയ്യീന്ന് എടുത്തിട്ടാ.. പള്ളീന്നെടുക്കാൻ എല്ലാവരുടെയും സമ്മതമൊക്കെ വേണം.. പിന്നെ വേറെ മതമായതുകൊണ്ടു പ്രമാണിമാരൊക്കെ എതിരുനിക്കും... എനിക്ക് കിട്ടുന്ന വരുമാനത്തിൽ അല്പം കൊടുത്താ ഞാൻ രാധികയെ സഹായിക്കുന്നത്.. എന്തായാലും ദൈവം നിങ്ങടെകൂടെ ഉണ്ടാവും.. "

അദ്ദേഹത്തിന്റെ വാക്കുകൾ അവനു ഒത്തിരി ആശ്വാസമായി തോന്നി..

"മോനിരിക്കു.. ഫ്രിഡ്ജിൽ ജ്യൂസ് ഇരിപ്പൊണ്ടു.. ഞാൻ എടുത്തു വരാം.. ഈ ചൂടത്തു നല്ലതാ.." അച്ഛൻ അതും പറഞ്ഞു എഴുന്നേറ്റു..

"അയ്യോ വേണ്ട അച്ചാ.. " അവൻ നിരസിക്കാൻ ശ്രമിച്ചു.

" ഹാ.. നീ അവിടെ ഇരിയെടാ ചെക്കാ.. " അതും പറഞ്ഞു അച്ഛൻ അകത്തേക്ക് കടന്നു.. കുറച്ചുകഴിഞ്ഞപ്പോൾ രണ്ടു ഗ്ലാസിൽ നല്ല ഓറഞ്ച ജ്യൂസ് അദ്ദേഹം കൊണ്ടുവന്നു.. പുഞ്ചിരിയോടെ അവൻ ഒരു ഗ്ലാസ്സെടുത്തു കുടിച്ചു.. വേണ്ടാ എന്ന് പറഞ്ഞെങ്കിലും ആ ഉച്ചസമയത്തു അത് അവനു വളരേ ആശ്വാസമായി തോന്നി..

കുറച്ചു നേരം കൂടി സംസാരിച്ചു അച്ഛനോട് യാത്രയും പറഞ്ഞു ടോമിച്ചൻ ഇറങ്ങി...

....

കോളേജിൽ ആകെ മടുപ്പായിരുന്നു ടോമിച്ചന്.. ക്ലാസിൽ ശ്രദ്ധിക്കാനോ... ഇരിക്കാനോ പോലും തോന്നുന്നില്ല.. രാധിക അവന്റെ ഓരോ ശ്വാസത്തിലും നിറഞ്ഞുനിക്കുന്നതായി തോന്നി അവനു.. അവളുടെ കൊഞ്ചലും ഇച്ചായാ എന്നുള്ള വിളിയും ചെറിയ പരിഭവങ്ങളും ഇല്ലാതെ അവന്റെ മനസ് തളരുന്നതുപോലെ...

പതിവുപോലെ തനാല്മരത്തിനു ചുവട്ടിലിരിക്കുകയായിരുന്നു ടോമിച്ചനും റിയാസും മരിയയും..

"എന്നാലും എത്ര ആലോചിച്ചിട്ടും രാധികയുടെ മാറ്റത്തിന് ഒരു കാരണം കിട്ടുന്നില്ലല്ലോ അളിയാ..."റിയാസാണ് അത് പറഞ്ഞത്..

"അത് വിടു.. അതല്ല പ്രധാനം.. രാധികക്കു സ്വന്തമായി ഒരു വരുമാനം നേടാൻ സാധിക്കണം.. എന്നാലേ അവളുടെ പ്രശ്നങ്ങൾ ഒരുവിധം തീരു.. അതിനൊരു മാർഗമാണ് ഞാൻ ആലോചിക്കുന്നത്..."

"അതിനിപ്പോ എന്നാ ചെയ്ക... എന്നേലും ജോലി റെഡി ആക്കി കൊടുത്താൽ അച്ഛനെ നോക്കാൻ ആര് നിക്കും.. പിന്നെ അവളുടെ പഠിത്തം മുടങ്ങും.." മരിയ സംശയത്തോടെ പറഞ്ഞു ടോമിച്ചനെ നോക്കി..

ടോമിച്ചൻ നീണ്ട ആലോചനായിലായിരുന്നു..

"വാ.. നോക്കാം..." അതും പറഞ്ഞു അവൻ എഴുന്നേറ്റു.. കൂടെ റിയാസും മരിയയും..

....

ഇപ്പൊ അച്ഛനെ ശുസ്രൂഷിക്കൽ മാത്രമാണ് രാധികയുടെ പണി.. കുറെ നാളത്തേക്കുവേണ്ട അരിയും സാമാനങ്ങളും കിട്ടിയതുകൊണ്ടു ആ കാര്യത്തിൽ വിഷമിക്കണ്ടാ.. അത് കഴിഞ്ഞാൽ..

അവളുടെ ഇച്ചായൻ കൊടുത്ത കണ്ണന്റെ മുന്നിലായിരുന്നു അവൾ.. നിറകണ്ണുകളോടെ അവൾ കണ്ണനെ നോക്കി..

"ന്റെ ഇച്ചായൻ ന്നെ മറന്നോ കണ്ണാ... പറ്റണില്ല്യല്ലോ കണ്ണാ നിക്ക് മറക്കാൻ.. കണ്ണടച്ചാ ചിരിക്കണ ആ മുഖാ... ഇപ്പൊ ഇച്ചായൻ ന്നെപറ്റി ചിന്തിക്കുന്നുണ്ടാവോ.." അവൾ അവളുടെ കണ്ണനോട് സംസാരിച്ചുകൊണ്ടിരുന്നു..

പെട്ടെന്ന് കുറച്ചു കാലടി ശബ്ദങ്ങൾ കേട്ടതായി അവൾക്കു തോന്നി.. മുറ്റത്തു ആരോ നിക്കുന്നപോലെ... മനസ് അകാരണമായി മിടിക്കുന്ന.. ഇനിയാ ഗുണ്ടകൾ.. അവളുടെ മനസ് ഭയത്തെ പുണർന്നിരിക്കുന്നു..

"ഹലോ.. ആരുല്ലേ ഇവിടെ..."

പുറത്തുനിന്നുള്ള ശബ്ദം അവളുടെ കാതുകളിൽ പതിച്ചു.. ആരാണത്... പരിചയമില്ലാത്ത സ്വരമാണ്... എന്തായാലും ആ ഗുണ്ടകളല്ല.. സൗമ്യമായ സ്വരമാണ്.. അവൾ പതിയെ പുറത്തേക്കു നടന്നു..

ഒരു നിമിഷം മുറ്റത്തുനിക്കുന്ന ആളെകണ്ടു ഞെട്ടിപ്പോയി രാധിക.. അവൾക്കു തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിയുന്നില്ല... താനീ കാണുന്നത് സത്യമാണോ.. ടി വിയിലും മാസികകളിലും മാത്രം കണ്ടു മനസ്സിൽ പതിഞ്ഞ മുഖം.. ഇനി അദ്ദേഹം തന്നെയാണോ.. ഒരു നിമിഷം സംശയം തോന്നിയെങ്കിലും അത് താൻ ആരാധിക്കുന്ന രാഘവൻ മാസ്റ്റർ തന്നെ.. ശുദ്ധമായ സംഗീതം മലയാളിക്ക് സമ്മാനിക്കുന്ന... സംഗീതത്തെ സ്നേഹിക്കുന്ന ഓരോ മനസിലും കുടികൊള്ളുന്ന ആ മഹാ പ്രതിഭ... തനിക്കു ഏറ്റവും പ്രിയപ്പെട്ട പാട്ടുകളെല്ലാം തന്നെ അദ്ദേഹത്തിന്റേതാണ്... അദ്ദേഹം ഇവിടെ.. തന്റെ വീട്ടിൽ... അവൾക്കു ഒന്നും മനസിലാകുന്നുണ്ടായിരുന്നില്ല...

രാധിക പരിസരം തന്നെ മറന്നിരുന്നു.. നാക്ക് ചലിക്കുന്നില്ല.. അത്ഭുതം കൂറിയ കണ്ണുകൾ അദ്ദേഹത്തിൽ തന്നെയാണ്...

ഒരു 50 ഓ 55 ഓ വയസു പ്രായം തോന്നിക്കും രാഘവൻ മാസ്റ്റർക്ക്.. മുടിയെല്ലാം ചെറുതായി നരച്ചിട്ടുണ്ട്...കുറ്റിയായ താടിയും അല്പം കൂടി കട്ടിയുള്ള മീശയും.. മുഖത്ത് ഒരു പ്രസരിപ്പുണ്ട്. നിറഞ്ഞുനിക്കുന്ന പുഞ്ചിരി മുഖത്തിന് ഐശ്വര്യം കൂട്ടുന്നു. ഒരു ജീൻസ് പാന്റ്സും ജുബ്ബയുമാണ് വേഷം.. കൂടെ മറ്റൊരാൾ കൂടിയുണ്ട്.. 35 വയസു തോന്നിക്കും..

"രാധിക അത്ഭുതപ്പെടേണ്ട... മനസ്സിൽ വിചാരിക്കുന്ന ആൾ തന്നെയാണ് ഞാൻ.. അകത്തേക്ക് കയാറാലോ ലെ.." അദ്ദേഹം അവളുടെ മുഖത്തെ പകപ്പും ആശ്ചര്യവും കണ്ടു ചിരിച്ചുകൊണ്ട് പറഞ്ഞു..

അവൾ പെട്ടെന്ന് പരിസരം അറിഞ്ഞു പുഞ്ചിരിച്ചു..

എന്നാലും ഇദ്ദേഹത്തിന് എന്നെ എങ്ങനെ മനസിലായി.. പേര് വിളിച്ചിരിക്കുന്നു.. തന്നെ കാണാൻ വന്നത് എന്തിനാവും.. അവളുടെ മനസ്സിൽ പലവിധ ചോദ്യങ്ങളും ഉയർന്നു..

അവൾ പെട്ടെന്ന് ചിന്തകളിൽ നിന്നും ഉണർന്നു.

"കയറി വരൂ സാർ.. നിക്കെന്താ പരായണ്ടെന്നറിയില്യ.. മനസിൽപോലും നിനച്ചിട്ടില്യ ഇങ്ങനൊരു അവസരം.. അതും സാർ ഇങ്ങോട്ടു വര്യ വിശ്വസിക്കാൻ പറ്റണില്ല്യ നിക്ക്.. " വിറച്ചുകൊണ്ടാണ് രാധിക അത് പറഞ്ഞത്..

രാഘവൻ മാസ്റ്റർ ഒരു പുഞ്ചിരിയോടെ അകത്തേക്ക് കയറി.. കൂടെയുള്ള ആളും..

"ഇതെന്റെ ഡ്രൈവർ ആണ്.. രമേശൻ.." കൂടെയുള്ള ആളെ പരിജയപ്പെടുത്തിക്കൊണ്ടു അദ്ദേഹം പറഞ്ഞു...

അവൾ അയാളെ നോക്കി പുഞ്ചിരിച്ചു.. എന്നിട്ടു എന്തോ ഓർത്തെന്നപോലെ അകത്തേക്ക് പോകാനൊരുങ്ങി...

"ഞാൻ ചായ ഇടാം സാർ.. പാലില്ല.. സാർ കുടിക്കുമല്ലോ ലെ.."

"വേണ്ട മോളെ... വരുന്ന വഴിക്ക് ഒന്ന് കുടിച്ചതാ.. പിന്നെ അങ്ങനെ ശീലവുമില്ല.. വന്ന കാര്യം പറഞ്ഞിട്ട് വേഗം ഇറങ്ങണം.. " അദ്ദേഹം അതും പറഞ്ഞു അവളെ നോക്കി.. എന്നിട്ടു വീണ്ടും തുടർന്നു.. "ഞാൻ രാധികയുടെ പാട്ടു കേട്ടിരുന്നു.. കോളേജിൽ പാടിയത്.. എന്റെ ഒരു സുഹൃത്തിന്റെ കയ്യില്നിന്നാണ് അത് കാണാൻ ഇടയായത്.. നല്ല താളമുള്ള സ്വരമാണ് കുട്ടീടെ.. ഞാൻ പുതുതായി കമ്പോസ് ചെയ്യുന്ന പാട്ടിനു മോൾടെ സ്വരം നന്നായി മാച്ചാവും.. അതുകൊണ്ടു മോളെക്കൊണ്ടു അത് പാടിപ്പിക്കണം എന്നാണു ഞാൻ വിചാരിക്കുന്നത്.. മോൾക്ക് എതിർപ്പൊന്നുമില്ലല്ലോ ലെ.. "

ഇത് സ്വപ്നമാണോ... ഈ വാക്കുകൾ എന്നെങ്കിലും പ്രതീക്ഷിച്ചിരുന്നതാണോ.. ഒരിക്കലുമില്ല.. ഇങ്ങനൊന്നും ആഗ്രഹിക്കുക കൂടി ചെയ്തിട്ടില്ല... ഒരിക്കലും സംഭവ്യമല്ലാത്തതു കൊണ്ടുതന്നെ.. പക്ഷെ ഇപ്പൊ... സംഭവ്യമല്ലാത്തതു സംഭവിച്ചിരിക്കുന്നു.. സംഗീതത്തെ അറിയുന്ന എതൊരാളുടെയും സ്വപ്നമായിരിക്കും ഇത്.. എല്ലാം മറന്നു ഒന്ന് തുള്ളിച്ചാടണമെന്നു തോന്നി രാധികക്കു.. മനസ്സിൽ നിറഞ്ഞുപൊന്തുന്ന സന്തോഷം അവളുടെ കണ്ണുകളിൽ അറിഞ്ഞു.. ആനന്ദതുള്ളികളായി അത് പുറത്തേക്കു വന്നു.. അവൾ കണ്ണുകൾ തുടച്ചു പുഞ്ചിരിക്കാൻ ശ്രമിച്ചു..

"ഈ കണ്ണുനീർ സന്തോഷത്തിന്റേതാണെന്നു മനസിലായി.. അപ്പൊ തയ്യാറായിക്കോളു... അടുത്ത ആഴ്ച ആണ് റെക്കോഡിങ്.. എന്നുപറഞ്ഞാൽ അടുത്ത ചൊവാഴ്ച.. തിങ്കളാഴ്ച രാവിലെ രമേശൻ വരും വണ്ടിയുമായി.. കൂടെ വന്നാൽ മതി.. അന്ന് റിഹേഴ്സൽ നോക്കി ചൊവാഴ്ച വെളുപ്പിന് നാലുമണിക്ക് റെക്കോഡിങ്.. ഇവിടടുത്തുള്ള സ്റ്റുഡിയോയിൽ തന്നെയാണ്... തിങ്കൾ അവിടെ ഹോട്ടലിൽ തങ്ങാം.. റെക്കോർഡിങ്ങിന് മുമ്പു യാത്ര വേണ്ട.. പിന്നെ ഇനിയൊന്നും രാവിലെ എഴുന്നേറ്റ് സാധകം ചെയ്യണം.. " അദ്ദേഹം പറഞ്ഞു നിർത്തി..

എന്നിട്ടു ജുബ്ബയുടെ പോക്കറ്റിൽ നിന്നും ഒരു ചെക്ക് എടുത്തു അവളുടെ കയ്യിൽ വച്ചുകൊടുത്തു.. ഇത് ആദ്യത്തെ പ്രതിഫലമല്ലേ.. സന്തോഷത്തോടെ സ്വീകരിച്ചുകൊള്ളു..

അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു... ചെക്കിലേക്കു നോക്കാൻ അവൾക്കു തോന്നിയില്ല... മനസ് മുഴുവൻ വികാരത്തിറയിലാക്കത്താൽ നിറഞ്ഞിരിക്കുകയാണ്...

രാഘവൻ മാസ്റ്റർ പുഞ്ചിരിയോടെ എഴുന്നേറ്റു.. വാത്സല്യപൂർവം അവളുടെ ശിരസിൽ തലോടി തിരിഞ്ഞു നടന്നു.. അദ്ദേഹം കണ്ണിൽ നിന്നും മറഞ്ഞപ്പോഴും അവൾ വരാന്തയിൽ തന്നെ നിൽക്കുകയായിരുന്നു... എത്ര വലിയ അവസരമാണ് വന്നിരിക്കുന്നത്.. തലമുറകളുടെ സുകൃതം വേണം ഇങ്ങനെ ഒരു അവസരം കിട്ടാൻ.. അവൾ അദ്ദേഹം നൽകിയ ചെക്കിലേക്കു നോക്കി.. ഒന്നും മനസിലാകുന്നില്ല.. നിറഞ്ഞ കണ്ണുകൾ തുടച്ചുകൊണ്ടു അവൾ വീണ്ടും നോക്കി... 50000.. രൂപ.. അവൾ അത് നെഞ്ചോടു ചേർത്ത് വച്ചു...

പെട്ടെന്നാണ് അവളുടെ മനസിലൂടെ കട്ടിലിൽ തളർന്നുകിടക്കുന്ന അച്ഛന്റെ മുഖം മിന്നിവന്നത്..
അച്ഛൻ.. അവളുടെ ചുണ്ടുകൾ അറിയാതെ മന്ത്രിച്ചു.. ഒരു നിമിഷം പോലും ഇവിടുന്നു മാറിനിക്കാൻ കഴിയോ തനിക്കു.. അച്ഛനെ നോക്കണ്ടേ.. മനസിലെ സന്തോഷം എവിടെയോ പോയൊളിച്ചു..

അൽപ നേരം അച്ഛനെയും എല്ലാ പ്രശ്നങ്ങളും മറന്നു.. ഇനിയിപ്പോ എന്ത് ചെയ്യും.. പണവും മേടിച്ചു. ആ സന്തോഷത്തിൽ ഒന്നും ഓർത്തില്ല.. എന്തായാലും അച്ഛനെ തനിച്ചാക്കി തനിക്കു പോകാൻ സാധിക്കില്ല... തന്നെ ഡ്രൈവർ കൂട്ടാൻ വരുമ്പോ ചെക്ക് തിരിച്ചേല്പിച്ചു കാര്യം പറയാം... അല്ലാതെ മറ്റൊന്നും ചെയ്യാനില്ല... എന്നാലും ഇങ്ങനെ ഒരവസരം തന്നിട്ട് അത് നഷ്ടപ്പെടുത്തേണ്ടി വരുവാണല്ലോ കണ്ണാ നിക്ക്.." അവളുടെ ഉള്ളം തേങ്ങി... അവളുടെ ശരീരം ഭിത്തിയിലേക്കു ചാരി കണ്ണുകളടച്ചു അവൾ നിന്നു ഒഴുകിയിറങ്ങിയ കണ്ണുകൾ തുടക്കാതെ..

......

അന്ന് ശനിയാഴ്ച ആയിരുന്നു... അച്ഛന് ഭക്ഷണം വാരിക്കൊടുത്തു നിലം തുടക്കുകയായിരുന്നു രാധിക...

"രാവിലെ തുടങ്ങിയോടീ നിന്റെ പണി... " പുറകില്നിന്നുള്ള സ്വരം കേട്ട് രാധിക തിരിഞ്ഞു നോക്കി.. പുറകിൽ പുഞ്ചിരിയോടെ മരിയ.. രാധിക എഴുന്നേറ്റു മരിയയെ കെട്ടിപ്പിടിച്ചു... അവളെ കാണുന്നതെ സന്തോഷമാണ് രാധികക്കു... എപ്പോഴും തന്റെ കൂടെ നിന്നുക്ക തന്റെ പ്രിയ സഖീ..

മരിയ രാധികയുടെ മുഖം കൈകളിൽ കോരിയെടുത്തു...

"മ്.. ഇപ്പൊ പഴയ ആ ചുന്ദരികുട്ടിയായിട്ടുണ്ട്... ഇനി മര്യാദക്ക് വല്ലോം കഴിച്ചോണം.. "
രാധിക ഒന്ന് പുഞ്ചിരിക്കാൻ ശ്രമിച്ചു... മനസിലെ സങ്കടങ്ങൾ തകുട്ടിനുക്കുന്നതിനാൽ ഒരു വിളറിയ ചിരിയാണ് അവളുടെ മുഖത്ത് വന്നത്...

"എന്താ ഒരു വിഷമം... എന്തോ പ്രശ്നമുണ്ടല്ലോ.. എന്താണേലും തുറന്നുപറ.. ഉള്ളിൽ വച്ചോണ്ടിരുന്നാൽ ഞാൻ സമ്മതിക്കില്ല..." മരിയ അവളുടെ മുഖത്തുനോക്കി ചോതിച്ചു..

രാധിക നടന്നതെല്ലാം പറഞ്ഞു.. രാഘവൻ മാസ്റ്റർ വന്നതും പാട്ടുപാടാൻ അവസരം തന്നതും ചെക്ക് തന്നതും എല്ലാം.. മരിയ എല്ലാം ശ്രദ്ധയോടെ കേട്ടിരുന്നു..

"ഇതുങ്ങാനും മിസ്സ് ചെയ്താൽ പൊന്നു മോളെ.. പിന്നെ നിന്നോട് ഞാൻ മിണ്ടില്ല... മര്യാദക്ക് പോയി പാടിക്കോണം.. അച്ഛനെ ഓർത്തു വിഷമിച്ചിരിക്കാൻ ഞാൻ സമ്മതിക്കില്ല... ഇത്രേം നല്ല അവസരം ഇത്ര നിസാര കാര്യത്തിനുവേണ്ടി കളയാൻ ഞാൻ വിടില്ല.. രണ്ടു ദിവസത്തെ കാര്യം അല്ലെ.. നിന്റച്ഛനു ഒരു കുറവും വരാതെ ഞാൻ നോക്കിക്കൊള്ളാം.. ഞാൻ നിന്നോളാം ഇവിടെ.. "

മരിയയുടെ വാക്കുകൾ അത്ഭുതമൂറുന്ന മിഴികളോടെയാണ് രാധിക കേട്ടിരുന്നത്.. തനിക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറാണ് അവൾ... എന്നിരുന്നാലും....

രാധികയുടെ കണ്ണുകൾ നിറഞ്ഞു..

"നീ കരയാതെ മോളെ.. ഇനി ഇതുപോലൊരു അവസരം ചിലപ്പോ കിട്ടില്ല... പാട്ടൊക്കെ പാടി ഇനിയും പണമൊക്കെ കിട്ടും.. നിന്റച്ഛനെ ചികിത്സിക്കണ്ടേ നിനക്ക്.. പഠിക്കണ്ടേ നിനക്ക്... എല്ലാത്തിനും ഉള്ള വഴിയാ ഇത്.. ഇപ്പൊ കയ്യിൽ അത്യാവശ്യം കാശ് ഉണ്ടല്ലോ.. നമ്മുക്ക് അതുകഴിഞ്ഞു നല്ലൊരു ഹോംനേഴ്സിനെ വെക്കാം അച്ഛനെ നോക്കാം.. പിന്നെ നിനക്ക് അവസരം കിട്ടുമ്പോഴൊക്കെ പാടാൻ പോവാലോ.. ഇനി മറ്റൊന്നും ആലോചിക്കേണ്ട... ഞാൻ പറയുന്നത് അങ്ങോട്ട് കേട്ടാ മതി.."

മരിയ പറഞ്ഞത് ശരിയാണെന്ന് രാധികക്കു തോന്നി... പോണം.. പാടണം.. എന്നവൾ ഉറച്ച തീരുമാനമെടുത്തു...

....

തിങ്കളാഴ്ച രാവിലെ തന്നെ മരിയ രാധികയുടെ വീട്ടിലെത്തിയിരുന്നു.. മരിയാക്കു ആവശ്യമായ കാര്യങ്ങളൊക്കെ രാധിക പറഞ്ഞുകൊടുത്തു.. മരുന്നും കൊടുക്കേണ്ട സമയവും എല്ലാം.. തന്റെ കണ്ണന്റെ രൂപത്തിനുമുന്നിൽ പ്രാർത്ഥിച്ചു മരിയയെ കെട്ടിപ്പിടിച്ചു യാത്രയും ചോതിച്ചു രാധിക ഇറങ്ങി... പുതിയ ഒരു ജീവിതത്തിന്റെ തുടക്കത്തിലേക്കുള്ള കാലെടുപ്പായാണ് അവൾക്കു തോന്നിയത്... സ്വപ്നങ്ങൾ നിറച്ച മനസിന്റെ വലിയ ഭാരവുമായി വന്ന രാതികയെയും വഹിച്ചു ആ വാഹനം പാഞ്ഞുപോയി..

......

ആഴ്ചകൾ കഴിഞ്ഞു...

തനാല്മരങ്ങൾക്കിടയിലൂടെ സൂര്യൻ എത്തിനോക്കുന്നു... ആ സ്വർണപ്രഭ ഇലകൾക്കിടയിലൂടെ ടോമിച്ചന്റെ മുഖത്ത് വരണം ചാർത്തുന്നു.. തനാല്മരങ്ങൾക്കു ചുവട്ടിൽ എന്തോ ആലോചനയോടെ ഇരിക്കുകയാണ് ടോമിച്ചൻ.. കൂടെ റിയാസും മരിയയും..

പെട്ടെന്നാണ് ടോമിച്ചന്റെ ഫോൺ വൈബ്രേറ്റ ചെയ്തത്.. അവൻ എടുത്തുനോക്കി.. ഡിസ്പ്ലെയിൽ രാഘവേട്ടൻ എന്ന പേര് തെളിഞ്ഞു.. അവൻ ഫോൺ സന്തോഷത്തോടെ അറ്റൻഡ് ചെയ്തു..

"ടോമിച്ചാ... അതികം പറയാൻ സമയമില്ല.. രാധിക പാടിയ പാട്ടു ഇന്ന് വന്നിട്ടുണ്ട്... കേട്ടുനോക്കു.. പിന്നെ കൊള്ളാം കേട്ടോ നീ തന്ന കുട്ടി.. പാട്ടിനു നല്ല റെസ്പോൺസ് കിട്ടുന്നുണ്ട്.. ഇനി അവള് കത്തിക്കേറിക്കൊള്ളും... ഒന്നും പേടിക്കണ്ടാ.. "

അദ്ദേഹത്തിന്റെ വാക്കുകൾ അവന്റെ ഉള്ളിൽ എന്തെന്നില്ലാത്ത സന്തോഷം നിറച്ചു..

"രാഘവേട്ടാ.. എങ്ങനാ നന്ദി പറയുകാ എന്നറിയില്ല... ശരിക്കും ഒരു പെൺകുട്ടിയുടെ ജീവിതാ രാഘവേട്ടൻ ഉയർത്തിക്കൊണ്ടുവന്നത്.. " ടോമിച്ചൻ വളരെ സന്തോഷത്തോടെ പറഞ്ഞു..

"എടാ മോനെ.. നിന്നോട് ഞാൻ എത്രകാലമായി പറയുന്നതാ ഈ കാര്യം.. നിന്റത്രേം ശുദ്ധമായ ഒരു സ്വരം ഞാൻ വേറെ കേട്ടിട്ടില്ല.. ദൈവം തന്ന ആ കഴിവ് വെറുതെ കളയരുത്.. "

"വേണ്ട രാഘവേട്ടാ.. സിനിമയിൽ പാടാനൊന്നും ഞാനില്ല.. "

"ഇനിയും നിന്നോട് ഞാൻ പറയുന്നില്ല.. ഞാൻ വെച്ചേക്കുവാ... അതിന്റെ ഐ ഡി നിന്റെ വഹാട്സാപ്പിൽ അയച്ചിട്ടുണ്ട്"

അതും പറഞ്ഞു മരുതലക്കൽ ഫോൺ കട്ട് ആയി.. റിയാസും മരിയയും എന്താ എന്നയർത്ഥത്തിൽ ടോമിച്ചനെ നോക്കി..

"രാധികയുടെ പാട്ടു ഇന്ന് റിലീസ് ആയിട്ടുണ്ട്.. രാഘവേട്ടൻ അതുപറയാനാ വിളിച്ചേ.. " അതും പറഞ്ഞു ടോമിച്ചൻ നെറ്റ് ഓൺ ചെയ്തു.. വഹാട്സാപ്പിൽ അയച്ച ഐഡിയിൽ പാട്ടു പ്ലെയ് ചെയ്തു..

കണ്ണ് നനയിക്കുന്ന സംഗീതമായിരുന്നു അവർ കേട്ടത്. രാധികയുടെ സ്വരമാധുര്യം ശരിക്കും അവർണനീയമായിരുന്നു.. മനോഹരമായ ആ സംഗീതം കഴിഞ്ഞപ്പോൾ ടോമിച്ചൻ സന്തോഷത്തോടെ റിയാസിനെ നോക്കി.. എന്നാൽ അവന്റെ മുഖത്ത് ആ സന്തോഷം പ്രകടമായില്ല..

"എന്താടാ.. " ടോമിച്ചൻ ചോദ്യരൂപത്തിൽ റിയാസിനെ നോക്കി..

"അളിയാ.. പറയുന്ന കേക്ക്... എല്ലാം രാധിക അറിയണം... നീ ചെയ്ത കാര്യങ്ങളൊന്നും മറ്റൊരാളും ചെയ്യില്ല... അവളുടെ ഓരോ ബുദ്ധിമുട്ടിലും അവളെ സഹായിച്ചതും പാടാൻ അവസരം ഉണ്ടാക്കിക്കൊടുത്തതും ഒന്നും അവൾ അറിയാതെ പോവല്ലു.. അവള് പാടാൻ പോയ ദിവസം അവളുടെ അച്ഛനെ പൊന്നുപോലെ നോക്കിയത് ഇവളല്ല.. നീയാണ് എന്നവളറിയണം.. " റിയാസിന്റെ കണ്ണുകൾ നിറയുന്നത് അവൻ കണ്ടു..

"ഇക്ക പറയുന്നത് ശരിയാ ടോമിച്ചാ.. ആ രണ്ടു ദിവസവും ഞാനാ അവളുടെ അച്ഛനെ നോക്കിയത് എന്നാ അവള് ചിന്തിക്കുന്നെ... അവൾ സത്യം അറിയണം.."

മരിയയുടെ വാക്കുകൾ അവനെ അന്നത്തെ സംഭവത്തിലേക്കു കൊണ്ടുപോയി..

അച്ഛനെ നോക്കാൻ ഉള്ളതുകൊണ്ട് അവൾ പോകില്ല എന്നറിയാവുന്നതുകൊണ്ടാണ് മരിയയെ അന്ന് രാധികയുടെ അടുത്തേക്കയച്ചത്.. മരിയ നിക്കാമെന്നു പറഞ്ഞു രാധികയെ പോകാൻ തയാറാക്കി.. പക്ഷെ വിവരങ്ങൾ പറഞ്ഞപ്പോൾ മറ്റൊരു വീട്ടിൽ അങ്ങനെ വിടാൻ മരിയയെ വീട്ടുകാർ അനുവതിച്ചില്ല... എന്തെങ്കിലും കള്ളം പറഞ്ഞു വരാമെന്നു മരിയ പറഞ്ഞതാ... താനാണ് പറഞ്ഞത് വേണ്ടായെന്നു.. ഒടുവിൽ എന്റെ

രാധികാക്കുവേണ്ടി ഞാൻ തന്നെ നീക്കാൻ തീരുമാനിച്ചു... രാവിലെ മരിയ രാധികയെ യാത്രയാക്കി കുറച്ചു കഴിഞ്ഞപ്പോളാണ് താൻ പോയത്.. പിറ്റേ ദിവസം രാധിക എത്തുന്നതിനു മുമ്പു മരിയ തിരിച്ചുവന്നു... മോളമ്മേക്കു പോലും അറിയില്ല ഈ കാര്യം.. കൂട്ടുകാരന്റെ വീട്ടിൽ പോകുവാന്നുള്ള പേരിൽ ചാടിയതാണ്.. "

"നീ എന്താ ആലോചിക്കുന്നെ.." എന്ന റിയാസിന്റെ ചോദ്യമാണ് ടോമിച്ചനെ ചിന്തയിൽ നിന്നും ഉണർത്തിയത്..

"വേണ്ട അളിയാ... രാധിക ഒന്നും അറിയല്ലു... എന്നെ വെറുക്കാനുള്ള കാരണം ആണ് ആദ്യം അറിയേണ്ടത്.. ചിലപ്പോ ഇതൊക്കെ അറിഞ്ഞാൽ അവൾക്കു എന്തേലും കുറച്ചിൽ ഫീൽ ചെയ്യും .. അത് വേണ്ട.. പിന്നെ നമ്മൾ സ്നേഹിക്കുന്നവരുടെ സന്തോഷം കാണുമ്പോൾ ഉള്ള നമ്മുടെ സന്തോഷമല്ലേ വലുത്.. "

അവന്റെ വാക്കുകൾ കേട്ട് റിയാസ് ഒന്നും പിന്നെ പറഞ്ഞില്ല.. പറഞ്ഞിട്ട് കാര്യമില്ല എന്നവനറിയാം..
അവർ മൂവരും എഴുന്നേറ്റു ക്ലാസ്സിലേക്ക് നടന്നു..

......

ദിവസങ്ങൾ കടന്നുപോയ്‌ക്കൊണ്ടിരുന്നു... കോളേജ് വസന്തകാലം അവരില്നിന്നും കടന്നുപോയിരിക്കുന്നു... ഇതിനിടയിൽ കാലാനുസൃതമായി പലതിനും മാറ്റങ്ങൾ സംഭവിച്ചു.. ഇന്ന് രാധിക പ്രഭാകരൻ എന്ന പേര് കേരളം മുഴുവനും പ്രശസ്തമാണ്.. ഓരോ മലയാളിയുടെയും ഹരമായി മാറിയ സ്വരമാധുര്യം.. അതുകൊണ്ടുതന്നെ തിരക്കുപിടിച്ച ഒരു ജീവിത ചുറ്റുപാടിലേക്കു കടന്നിരിക്കുകയാണ് രാധിക... പുതിയ വീടും വണ്ടികളും എല്ലാമായി യാത്രകളും റെക്കോർഡിങ്ങുകളും ഒക്കെയായി തിരക്കിട്ട സാഹചര്യങ്ങൾ... അച്ഛനെ ചികിത്സിക്കുന്നെണ്ടെങ്കിലും വലിയ മാറ്റമൊന്നുമില്ല... വീട്ടിൽ ശാരദയുടെ ഭരണമായിരുന്നു ശരിക്കും.. രാധിക ഉയർന്ന പാട്ടുകാരിയും അതോടൊപ്പം ആവശ്യത്തിനു പണവുമൊക്കെയായപ്പോൾ അമ്മ എന്ന പദവി സ്വയം തലയിലേറ്റി തിരിച്ചുവന്ന ശാരദയാണ് രാധികയുടെ എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത്...

രാധിക ഇതിനിടയിൽ കോളേജിൽ വരുമായിരുന്നെങ്കിലും അതിൽപിന്നെ ടോമിച്ചനോട് മിണ്ടിയിട്ടില്ല... മരിയ ആയിരുന്നു അവൾക്കു അപ്പോഴും കൂട്ട്.. പക്ഷെ കുട്ടികളെല്ലാം രാധികയുടെ സൗഹൃദത്തിനായി മത്സരിച്ചിരുന്നു... അറിയപ്പെടുന്ന ആ ഗായികയുടെ കൂട്ടുകാരിയാണെന്നു പറയാൻ എല്ലാവര്ക്കും അഭിമാനം.. രാധികയെ കാണുമ്പോൾ മനസ് പതറുമെങ്കിലും ടോമിച്ചൻ അവളെ ശല്യപ്പെടുത്താൻ ശ്രമിച്ചില്ല... എന്നാൽ ടോമിച്ചനെ മറക്കാൻ രാധികക്കും കഴിയുന്നുണ്ടായിരുന്നില്ല... പരസ്പരം പറയേണ്ടിയിരുന്ന സത്യങ്ങൾ പറയാനാവാതെ അവർ ജീവിച്ചു... തൊട്ടടുത്തുണ്ടായിട്ടും പരസ്പരം കാണാതെ... ചെവി കൊടുക്കാതെ...

പ്രിയ ചങ്കുകൾക്കു നമസ്കാരം... ഈ ഒരു ചെറിയ കഥയെ ഒത്തിരി ഇഷ്ടപ്പെട്ടു മനസറിഞ്ഞു പ്രോത്സാഹനം തന്ന എല്ലാവര്ക്കും ഒരായിരംവട്ടം നന്ദി.. അത് തുടർന്നും പ്രതീക്ഷിച്ചുകൊണ്ട് ഈ പാർട്ടും നിങ്ങള്ക്ക് സമർപ്പിക്കുന്നു.. ഒരുപാട് നന്ദി...

എന്ന് സ്വന്തം കൊച്ചൂഞ്ഞു..

" എന്റെ മോളമ്മേ... ഒന്ന് വേഗം എടുക്കു.. വിശന്നിട്ടു വയറു മോളമ്മക്കു വിളിക്കുന്നു.." ഉള്ളിൽ നിന്നുള്ള ടോമിച്ചന്റെ ശബ്ദം മോളമ്മ അടുക്കളയിൽ കേട്ടു..

"വരുവാടാ ചെക്കാ... പിടക്കാതെ... " മോളമ്മ മറുപടിയും പറഞ്ഞു രാവിലെ തയ്യാറാക്കിയ നല്ല ചൂട് ഇഡ്ഡലിയും ചമ്മന്തിയും ആയി ഹാളിലേക്ക് നടന്നു...

" ഒള്ള ജിമ്മിലും പോയി മസിലും പെരുപ്പിച്ചു നടക്കുവല്ലേ... പിന്നെ വിശക്കാതിരിക്കുവോ.. സാധാരണ കഷ്ടപ്പെട്ട് അധ്വാനിച്ചു കാശ് മേടിക്കുവാ ചെയ്യുന്നേ.. നിന്നെപ്പോലെ കുറെ മന്ദബുദ്ധികള് മേലനങ്ങാൻ അങ്ങോട്ട് കാശും കൊടുത്തു പോകുന്നു.. എന്റെ കർത്താവേ... എന്തെല്ലാം കാണണം ഇനി.." മോളമ്മ ടോമിച്ചനെ കളിയാക്കുന്ന രീതിയിൽ പറഞ്ഞു..

"എന്റെ മോളമ്മേ... രാവിലെ എന്നക്കിട്ടു ഊതുവാണോ.. " ടോമിച്ചൻ ഇഡ്ഡലി പ്ലേറ്റിലേക്കു വെച്ചുകൊണ്ട് ചോതിച്ചു.. മോളമ്മ ചിരിച്ചുകൊണ്ട് അവന്റെ അടുത്ത് മറ്റൊരു കസേരയിൽ ഇരുന്നു..

"ഇനി മോന്റെ പ്ലാനെന്നാ... തുടർന്ന് പഠിക്കാൻ പോന്നുണ്ടോ.. അതോ അപ്പനെ സഹായിക്കാൻ ഇറങ്ങുന്നോ... " മോളമ്മയും പ്ലേറ്റിലേക്കു ഇഡ്ഡലി എടുത്തുകൊണ്ട് ചോതിച്ചു..

"മ്.. ഞാൻ അത് ആലോചിക്കുവായിരുന്നു മോളമ്മേ.. അപ്പനോട് മര്യാദക്ക് സംസാരിക്കാൻപോലും ഇപ്പൊ കിട്ടുന്നില്ല... ആകെ ഒരു പന്തികേട് പോലെ.. എന്നേലും പ്രശ്നമുണ്ടോ മോളമ്മേ..?

മോളമ്മ അവനെ നോക്കി... " എന്തോ ഉണ്ടടാ.. കുറച്ചു ദിവസായി ഞാൻ ശ്രദ്ധിക്കുന്നു... എപ്പോഴും വല്ലാത്ത പരവേശവും ടെൻഷനും ഒക്കെ.. ചോദിച്ച എന്നേലും പറയണ്ടേ... കടിച്ചു കീറാൻ വരും.. എന്തോ കാര്യമായി പറ്റിയിട്ടുണ്ട്... അതെങ്ങിനെയാ.... മറ്റുള്ളവരുടെ കണ്ണീരോടെയുള്ള കാശല്ലേ മേടിച്ചുകൂട്ടുന്നത്.." മോളമ്മ ഒരു നെടുവീർപ്പോടെ പറഞ്ഞു...

"പപ്പ എന്ത്യേ.. കഴിക്കാൻ വന്നില്ലല്ലോ.. "

"ആ... രാവിലെ അത്യാവശ്യമായി ആരെയോ കാണാനുണ്ടെന്നും പറഞ്ഞു പോയതാ... ചോദിച്ചപ്പോ അതിനും വെളിച്ചപ്പാട് തുള്ളിയെച്ചാ പോയത്... കുറച്ചു ദിവസം മുമ്പ് ഫോണിൽ ആരോടോ കാശിന്റെ കാര്യോക്കെ പറേണ കേട്ടു... കോടികളുടെ കണക്കൊക്കെയാ... സത്യം പറഞ്ഞാ ഇപ്പോഴുള്ള അങ്ങേരുടെ പെരുമാറ്റത്തിലൊക്കെ ആകെ പേടി തോന്നുന്നുണ്ട് എനിക്ക്..." മോളമ്മ അല്പം ഭയത്തോടെ ആണ് അത് പറഞ്ഞത്..

"അതുകൊണ്ടു തരംകിട്ടുമ്പോ മുത്ത് പപ്പയോട് ഒന്ന് സംസാരിക്കു.. മുരടൻ സ്വഭാവമാണെലും നിന്നെ പാപ്പാക്കു ജീവനാ.. നീ ചോദിച്ച ചിലപ്പോ പറയും.. എന്നാണേലും നീ ഇപ്പൊ ഒരു സഹായമായി കൂടെ നിക്ക്.. പഠനം നമ്മുക്ക് ആവാലോ.."

"മ്.." മോളമ്മയുടെ വാക്കുകൾക്കു ടോമിച്ചൻ ഒന്ന് മൂളുക മാത്രം ചെയ്തു..

" ഇന്ന് ആ പെങ്കൊച്ചിന്റെ ബർത്ഡേ ആണെന്നാ പറഞ്ഞെ... ഇന്നലെ ടി വി യിൽ പരസ്യം കാണിക്കുന്നുണ്ടായിരുന്നു... രാവിലെ ഏഷ്യാനെറ് ന്യൂസിൽ അവളുടെ ലൈവ് ഇന്റർവ്യൂ ഉണ്ട്.." അതും പറഞ്ഞു മോളമ്മ ഹാളിലെ ടി വി ഓണാക്കാൻ എഴുന്നേറ്റു..

ടോമിച്ചന് ഒന്നും മനസ്സിലായില്ല..

"ആരുടെ.." അവൻ മനസ്സിലാവാതെ ചോതിച്ചു..

" പാട്ടുകാരി രാധികയുടെ..."

മോളമ്മയുടെ വാക്കുകൾ കേട്ട് ഒരുനിമിഷം ടോമിച്ചൻ പകച്ചിരുന്നുപോയി.. കയ്യിലെ ഇഡ്ഡലി പ്ലേറ്റിലേക്കു വീണു.. തെളിഞ്ഞ ആകാശത്തിൽ കാർമേഘങ്ങൾ വന്നടിഞ്ഞപോലെ അവന്റെ മുഖം ഇരുണ്ടു.. കണ്ണുകളിൽ ചെറുതായി നനവ് പടരുന്നുണ്ടോ..

അതെ... ഇന്നാണ് ആ ദിവസം.. തങ്ങൾക്കിടയിൽ പ്രണയം മോട്ടിട്ട ദിവസം... തന്റെ മടിയിൽ ഇരുന്നു തന്റെ നെഞ്ചിൽ തച്ചായിച്ചു തന്നെ സ്നേഹംകൊണ്ട് വീർപ്പുമുട്ടിച്ച ദിവസം.. ആദ്യമായി രാധികയുടെ അധരങ്ങളിൽ ചുടു ചുംബനം ചാർത്തിയ ദിവസം.. ആ നിലാവിൽ അവളെ നെഞ്ചോട് ചേർത്തതും കേക്ക് മുറിച്ചതും അവളോടൊത്തുണ്ടായിരുന്ന ഓരോ നിമിഷവും അവന്റെ കണ്ണുകളിൽ മിന്നിമറഞ്ഞു.. അതിന്റെ പ്രതിഫലനം അവന്റെ കണ്ണുകൾ അറിഞ്ഞു..

"എന്റെ അഞ്ചു ലക്ഷം രൂപ പോയത് മിച്ചം... അതീതുവരെ കിട്ടിയിട്ടില്ല ട്ടോ..." ടി വി യും ഓണാക്കി തിരിഞ്ഞു കൊണ്ടാണ് മോളമ്മ അത് പറഞ്ഞത്.. പക്ഷെ ടോമിച്ചന്റെ കണ്ണുകളിൽ കണ്ട നനവ് മോളമ്മയെ അത് മുഴുവിപ്പിക്കാൻ അനുവതിച്ചില്ല.. അവർ വേഗം ടോമിച്ചന്റെ അടുത്തേക്ക് വന്നു അവന്റെ കവിളിൽ തലോടി..

"ഡാ... അമ്മ ചുമ്മാ പറഞ്ഞതാ... അത് പോട്ടെ.. അന്നത്തിന്റെ മുന്നിലിരുന്നു കണ്ണീരൊഴുക്കരുത്.. ദോഷാ... " മോളമ്മ അവനെ സമാധാനിപ്പിക്കാൻ ശ്രമിച്ചു..

" ഏയ്.. മോളമ്മ പറഞ്ഞതുകൊണ്ടൊന്നുവല്ല.. ഞാൻ എന്തോ ഓർത്തപ്പോ... " അതും പറഞ്ഞു അവൻ കണ്ണുകൾ തുടച്ചു..

" എല്ലാവര്ക്കും ഏഷ്യാനെറ് ന്യൂസിന്റെ എന്റെ സുദിനം പരിപാടിയിലേക്ക് സ്വാഗതം... ഇന്ന് ഈ പരിപാടിക്ക് എന്റെ സുദിനം എന്നതിന് പകരം നമ്മുടെ സുദിനം എന്ന പേരാണ് ചേരുക.. കാരണം ഇന്ന് ഓരോ മലയാളിക്കും സുദിനം തന്നെയാണ്... കാരണം ഇന്നാണ് നമ്മുക്ക് ആ സുന്ദരികുട്ടിയെ കിട്ടിയതു... സംഗീതന്റെ മായാജാലം ഇന്ന് ഓരോ സംഗീതപ്രേമിയുടെയും മനസ്സിൽ തീർക്കുന്ന.... സ്വരമാധുര്യത്താൽ നമ്മുടെ മനസ്

കീഴടക്കിയ സുന്ദരി കുട്ടി.. രാധികാ പ്രഭാകരൻ.." ടി വി യിൽ അവതാരികയുടെ സ്വരം ടോമിച്ചന്റെ കാതുകളിൽ പതിച്ചു.. അറിയാതെ അവന്റെ കണ്ണുകൾ അവളെ തേടി..

മനോഹരമായ ഒരു പച്ച സാരിയുടുത്തു നെറ്റിയിൽ പച്ച നിറത്തിലുള്ള പൊട്ടു ചാർത്തി മുഖത്ത് മനം മയക്കുന്ന പുഞ്ചിരി നിറച്ചു അവൾ സ്ക്രീനിൽ തെളിയുന്നത്.... രാധികക്കു ഒരുപാട് മാറ്റം വന്നിരുന്നു.. നേരത്തേക്കാളും ഒരുപാട് വെളുത്തു.. മുഖത്ത് മാംസളത നിറഞ്ഞു... ശരീരം മുഴുവൻ വികസിച്ചപോലെ .. തുടുത്ത കവിളിണകളും ചോരച്ചുവപ്പായ ചുണ്ടുകളും കരിമഴിയെഴുതിയ കണ്ണിണകളും ആയി രാധിക ശരിക്കും സ്ത്രീ സൗന്ദര്യത്തിന്റെ പര്യായമായിരിക്കുന്നു...

"ഓഹ്... ശരിക്കും അമ്പലത്തില്നിന്നും ദേവി ഇറങ്ങി വരുന്നതുപോലുണ്ട് ട്ടോ.. " അവതാരകയുടെ വാക്കുകൾ.. രാധിക മനോഹരമായൊരു പുഞ്ചിരിയോടെ കടന്നുവന്നു..

"ആദ്യം തന്നെ എന്റെയും ഓരോ പ്രേഷകന്റെയും വകയായി ഒരായിരം ജന്മദിനാശംസകൾ നേരുന്നു.. ഇനിയും ഒരു നൂറുവർഷം ഈ പ്രെസരിപ്പോടെ ജീവിക്കട്ടെ.. " രാധികക്കു ഹസ്തദാനം നൽകിക്കൊണ്ട് അവതാരകയുടെ വാക്കുകൾ..

രാധിക തിരിച്ചു നന്ദി പറഞ്ഞു മനോഹരമായ ഒരു പുഞ്ചിരിയുടെ അകമ്പടിയോടെ..

അവതാരിക പല ചോദ്യങ്ങളും ചോദിക്കുന്നു.. രാധിക അതിനു മറുപടിയും പറയുന്നു.. ടോമിച്ചൻ അങ്ങോട്ട് ശ്രദ്ധിക്കുന്നുണ്ടെങ്കിലും ശ്രദ്ധിക്കുന്നില്ലാത്തപോലെ കഴിച്ചുകൊണ്ടിരുന്നു..

"പ്രണയമുണ്ടോ മാഡത്തിനു... ജീവിതത്തിൽ ആരെയെങ്കിലും പ്രണയിക്കുന്നുണ്ടോ.. " അവതാരകയുടെ ചോദ്യം ടോമിച്ചന്റെ കാതുകളിൽ പതിച്ചപ്പോൾ അവൻ തല ഉയർത്തി നോക്കി.. എന്തായിരിക്കും രാധിക പറയുക.. തന്നെപ്പറ്റി പറയും എന്ന് അവന്റെയുള്ളിൽ എവിടെയോ ഒരു തോന്നൽ.. രാധിക അല്പം വിഷമത്തോടെയാണോ ഇപ്പൊ കാണപ്പെടുന്നത്... ആ കണ്ണുകൾ അവന്റെ നെഞ്ചിൽ തറച്ചു.. അതിൽ വിഷമകണങ്ങൾ നിറയുന്നില്ലേ... അവനതെല്ലാം തിരിച്ചറിയാമായിരുന്നു... ഒരു നിമിഷം അവൻ ആശിച്ചുപോയി അവൾ തന്നെക്കുറിച്ചു പറഞ്ഞിരുന്നെങ്കിൽ എന്ന്..

മോളമ്മ ടോമിച്ചനെ നോക്കി.. ടി വി യിലേക്ക് കണ്ണും നട്ടിരിക്കുന്ന അവനേകണ്ടപ്പോൾ ആ അമ്മഹൃദയം വേദനിച്ചു..

"എനിക്കങ്ങനെ പ്രണയമൊന്നും ജീവിതത്തിൽ ആരോടും തോന്നിയിട്ടില്ല.. ഇപ്പൊ അതിനെക്കുറിച്ചൊന്നും ചിന്തിക്കുന്നുമില്ല.." രാധിക അത് പറയുമ്പോൾ അവളുടെ സ്വരം ഇടറിയിരുന്നൊ..

ടോമിച്ചന്റെ കണ്ണുകൾ അറിയാതെ അടഞ്ഞുപോയി.. അതിൽനിന്നും രണ്ടുതുള്ളിക്കണ്ണുനീർ ആ പ്ലേറ്റിലേക്കു ഇറ്റുവീണു.. ഹൃദയത്തിൽ മുറിവേറ്റിരിക്കുന്നു... എത്ര അകന്നാലും ആ മനസ്സിൽ താനുണ്ടാവുമെന്ന പ്രതീക്ഷയുണ്ടായിരുന്നു.. പക്ഷെ താനാരുമല്ലാണ്ടായിരിക്കുന്നു... തന്റെ രാധൂട്ടി തന്നെയാണോ അത് എന്നവന് സംശയം തോന്നി.. മനസ്സിൽ ഇരുട്ടുകയറുന്നതുപോലെ... അവൻ ഒന്നും മിണ്ടാതെ എഴുന്നേറ്റു..

അവന്റെ തകർന്ന ഹൃദയം മോളമ്മ കാണുന്നുണ്ടായിരുന്നു.. ആ അമ്മ അവനെ തടഞ്ഞില്ല.. അവൻ പടികൾ കയറിപ്പോകുന്നത് വേദനയോടെ നോക്കി നിക്കുക മാത്രം ചെയ്തു...

......

ഇന്റർവ്യൂ കഴിഞ്ഞു തിരിച്ചു കാറിൽ കയറുകയായിരുന്നു രാധിക... ആ കണ്ണുകൾ കലങ്ങിമറിഞ്ഞിട്ടുണ്ട്... ഹൃദയത്തിൽ അവൾ അനുഭവിക്കുന്ന വേദന അവളുടെ മുഖത്ത് സ്പഷ്ടമാണ്... രാധിക കാറിൽ കയറിയപ്പോൾ തൊട്ടപ്പുറത്തെ സീറ്റിൽ പുച്ഛത്തോടെയുള്ള ചിരിയുമായി അവളെ വരവേൽക്കുന്ന ശാരദ...

"ശങ്കരാ.... വണ്ടിയടുത്തോ.... " അവളുടെ ആജ്ഞ ഡ്രൈവർ ശങ്കരന്റെ കാതുകളിൽ പതിയേണ്ട താമസം... വണ്ടി ഒരു മൂളക്കത്തോടെ പാഞ്ഞുപോയി..

"മിടുക്കി... ഞാൻ പറഞ്ഞുതന്നതുപോലെ തന്നെ പറഞ്ഞു... ചോദ്യങ്ങൾ നേരത്തെ അവർ പറഞ്ഞു തന്നിരുന്നതുകൊണ്ടു ഇപ്പോൾ ഇത് നടന്നു.. ഇനി ഇങ്ങനൊരു അവസരത്തിലല്ലേലും ഇതെങ്ങാനും മാറ്റിപ്പറഞ്ഞു ആ മട്ടവന്റെ പേരെങ്ങാനും പറഞ്ഞാ.. അറിയാലോ.. തളർവാതം പിടിച്ചുകിടക്കണ നിന്റെ തന്തയെ പിന്നെ നീ കാണില്ല..." ശാരദയുടെ താക്കീതോടെയുള്ള വാക്കുകൾ രാധിക ശ്രദ്ധിച്ചില്ല... അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു... ഇത് തന്റെ ഇച്ചായൻ കണ്ടിട്ടുണ്ടെങ്കിൽ ആ മനസ് എത്രമാത്രം തകർന്നിട്ടുണ്ടാകും എന്നവൾ ഓർത്തു... ഈ ദിവസമാണ് താൻ കൊതിച്ച ഇച്ചായന്റെ പ്രണയം എനിക്ക് തന്നത്... ആ രാത്രിയിലെ സംഭവങ്ങൾ അവളുടെ മനസിലൂടെ കടന്നുപോയ്ക്കൊണ്ടിരുന്നു... തന്റെ ഇച്ചായന്റെ മടിയിലിരുന്നു ആ നെഞ്ചിൽ തല ചായ്ച്ചു ചാഞ്ഞുറങ്ങിയത്.. ആ ചുണ്ടുകൾ തന്റെ ചുണ്ടോട് ചേർന്നപ്പോൾ ഇതുവരെ അനുഭവിക്കാത്ത അനുഭൂതികൾ നുകർന്ന് ഇച്ചായനെ അള്ളിപ്പിടിച്ചത്... കേക്ക് മുറിച്ചത്.. പരസ്പരം വായിൽ വെച്ചുകൊടുത്തത്... ഉള്ളിൽ എരിഞ്ഞുപോങ്ങുന്ന സങ്കടകനലിനെ കെടുത്താൻ തന്റെ കണ്ണീർമഴക്കു കഴിയുന്നില്ല എന്നവൾ തിരിച്ചറിഞ്ഞു... അവളുടെ ഓർമ്മയിലെ ഓരോ നിമിഷങ്ങളും അവളെ കാർന്നുതിന്നുകൊണ്ടിരുന്നു...

ശാരദ എന്ന വിഷമാണ് ഇതിനെല്ലാം കാരണം... അന്ന് വീട്ടിൽ വന്നുകേറിയപ്പോൾ പറഞ്ഞ വാക്കുകൾ അവൾ ഓർത്തു..

"നിന്റച്ഛൻ എന്നെ കെട്ടിക്കൊണ്ടു വന്നതാ... അപ്പൊ ഞാൻ നിന്റെ അമ്മ... ഞാൻ പറയുന്നത് മാത്രം നീ ഇനി അനുസരിച്ചാൽ മതി... അല്ലേൽ നിന്റച്ഛനു വല്ല വിഷവും കൊടുത്തു ഞാനങ്ങു കൊല്ലും... ഒരു തെളിവും ഇല്ലാതെ അയാളെ തീർക്കാൻ എനിക്കറിയാം.. അതുകൊണ്ടു ഞാൻ പറയുന്നതും അനുസരിച്ചു ജീവീക്കുക.. "

പിന്നങ്ങോട്ടു തിരക്ക് പിടിച്ച ഓട്ടമായിരുന്നു.. ആദ്യ ഗാനം ഹിറ്റായപ്പോൾ പിന്നെ അവസരങ്ങളുടെ ഒരു ഘോഷയാത്രയായിരുന്നു.. അമ്മ എല്ലാം ഏൽക്കും.. സ്റ്റേജ് ഷോകൾ പോലും.. എല്ലാം ഓടിനടന്നു ചെയ്യണം.. പണം ഒരുപാടുണ്ടായി അങ്ങനെ... പക്ഷെ ഇപ്പൊ നേരത്തെ അനുഭവിച്ചതിനേക്കാളും പ്രയാസങ്ങൾ... മരിയയെ പോലും ഒന്ന് കാണാൻ അനുവദിക്കുന്നില്ല...

രാധികയുടെ ചിന്തകൾ കാടുകയറിയപ്പോൾ വീട്ടിലെത്തിച്ചേർന്നത് അറിഞ്ഞില്ല... ടൗണിന്റെ മെയിൻ ഏരിയയിലുള്ള ആ പുതിയ വലിയ വീട്ടിൽ ആ കാർ വന്നു നിന്നു.... രാധിക ചാടിയിറങ്ങി മുഖം പൊത്തി ഓടുകയായിരുന്നു.. അവൾ റൂമിൽ കയറി കതകടച്ചു കട്ടിലിലേക്ക് മറിഞ്ഞു..

കണ്ണീർമഴയായിരുന്നു പിന്നവിടെ... ആ കിടക്ക മുഴുവൻ അവളുടെ മിഴിനീർ കണങ്ങളാൽ നിറഞ്ഞു.. പെട്ടെന്ന് അവളുടെ മിഴികൾ പതിച്ചത് ടേബിളിൽ വച്ചിരുന്ന ആ മനോഹരമായ കൃഷ്ണവിഗ്രഹത്തിലേക്കായിരുന്നു... ഇതേ ദിവസം തന്റെ ഇച്ചായൻ തനിക്കു നൽകിയ സമ്മാനം.. ചാടിഎഴുന്നേറ്റു അവൾ അത് കൈകളിൽ എടുത്തു നെഞ്ചോട് ചേർത്തു.. കണ്ണുനീർ ധാരാധാരയായി ആ രൂപത്തിലേക്കൊഴുകിയിറങ്ങി..

"ന്തിനാ കണ്ണാ ന്നോടിങ്ങാനൊക്കെ ചെയ്യണേ... അത്രമാത്രം അപരാധങ്ങൾ ചെയ്തിട്ടുണ്ടോ ഞാൻ.. ന്റെ ഇച്ഛായനെ ന്നെക്കൊണ്ടേന്തിനാ തള്ളിപ്പറയിച്ചേ... നിക്ക് പറയണം കണ്ണാ... ഈ ലോകത്തോട് ഈ രാധൂട്ടിയുടെ ജീവനാ ന്റെ ഇച്ഛായൻ എന്നെനിക്കു വിളിച്ചുപറയണം കണ്ണാ... " അവൾ വീണ്ടും വീണ്ടും തേങ്ങിക്കരഞ്ഞു..

......

" അളിയാ... നീ വന്നപ്പോ മുതൽ ഈ ഇരിപ്പിരിക്കുന്നയാ... നീ അത് വിടു... വെറുതെ ആ കാര്യങ്ങളൊക്കെ ആലോചിച്ചു മനസ് വിഷമിപ്പിക്കാതെ..." റിയാസിന്റെ വാക്കുകൾ ടോമിച്ചന് ഒരിളക്കവും കൊടുത്തില്ല.. റിയാസിന്റെ ആ ചെറിയ വീട്ടിൽ അവന്റെ ഉമ്മ നൽകിയ ചായക്കുമുന്നിൽ വെറുതെ നോക്കിയിരിക്കുകയാണ് ടോമിച്ചൻ.. അവന്റെ അവസ്ഥ റിയാസിനെ ഒരുപാട് വിഷമിപ്പിക്കുന്നുണ്ട്.. പക്ഷെ ഒന്നിനും ഈ അവസ്ഥയിൽ സാന്ത്വനമേകാൻ കഴിയില്ല എന്നവനറിയാം..

"മരിയ വിളിക്കുമ്പോ പറയും... രാധിക ഇപ്പൊ അവളെ ചെന്നുകണ്ടിട്ടും കുറെ ആയി.. അവളോടൊന്നു സംസാരിക്കാൻ അതുകൊണ്ടു കഴിയുന്നില്ല... "

ടോമിച്ചൻ തലയുയർത്തി റിയാസിനെ ഒന്ന് നോക്കി.. മുഖത്ത് അലസമായ ഒരു ചിരിയും ഉണ്ടായിരുന്നു..

"നീ പറഞ്ഞതാ ശരി.. ഇനി ഒന്നും വേണ്ട... എല്ലാം മറക്കണം.. എന്തായാലും അവളിപ്പോ ഒരു നല്ല നിലയിലെത്തിയല്ലോ.. അതുമതി.. " വിഷമത്തോടെ ടോമിച്ചൻ അതും പറഞ്ഞു എഴുന്നേറ്റു...

"ഡാ... നീ വിടുവാണോ.. " റിയാസ് അവനെ അനുഗമിച്ചു ചോതിച്ചു..

"മ്... എല്ലാം മറക്കണം.. പപ്പയുടെ ബിസിനസ് ഒക്കെ ഇപ്പൊ കുറച്ചു ഡള്ളാ... ഒക്കെ ഒന്ന് പഠിക്കാൻ തുടങ്ങണം.. എല്ലാം മറക്കാൻ ഇനി അതൊക്കെയുള്ളു ഒരു മാർഗം.. " ടോമിച്ചൻ അത്രേം പറഞ്ഞു യാത്രയായി.. അവൻ പോകുന്നത് ഒരു നെടുവീർപ്പോടെ റിയാസ് നോക്കിനിന്നു..

.....

"മോളമ്മേ..."

സൗമ്യവും സ്നേഹത്തോടെയുമുള്ള തന്റെ ഭർത്താവിന്റെ വിളികേട്ട് അത്ഭുതത്തോടെ മോളമ്മ തല തിരിച്ചുനോക്കി.. ആ ബെഡ്റൂമിൽ ആ ബെഡ്ലാംബിന്റെ വെളിച്ചത്തിൽ സങ്കടതിരയടിക്കുന്ന തന്റെ പാതിയുടെ മുഖം മോളമ്മ കണ്ടു... കുറെ ദിവസങ്ങളായി സ്നേഹത്തോടെ ഒന്ന് മിണ്ടിയിട്ടു... എന്തോ പ്രശ്നമുണ്ട് എന്ന് അവളുടെ മനസ് പറഞ്ഞു..

"നിങ്ങൾക്കെന്നാ പറ്റിയത്... കുറച്ചു ദിവസായി ഞാൻ ചോദിക്കുവല്ലേ... എന്നാണേലും തുറന്നു പറ.. ബിസിനസ് വല്ലോം നഷ്ടത്തിലായെന്റെയാണോ... " മോളമ്മ വളരെ സൗമ്യമായാണ് അത് ചോതിച്ചത്..

"നഷ്ടമല്ല മോളമ്മ... അധഃപതനം.. എല്ലാം അടിതെറ്റി വീഴുകയാണ്... ഇനി എന്താവും എന്നറിയില്ല... നിന്നേം മോനേം നോക്കാനുള്ളതുപോലും ഇപ്പൊ നഷ്ടപ്പെടും... എല്ലാം നഷ്ടപ്പെടാൻ പോവാ മോളമ്മേ.. ഈ വീടും കാറും സ്ഥാപനങ്ങളും എല്ലാം.. " അയാളുടെ വാക്കുകൾ ഒരു തരിപ്പോടെയാണ് മോളമ്മ കേട്ടിരുന്നത്.. സങ്കടം നിഴലിച്ചിരുന്നു ആ വാക്കുകളിൽ...

"അതിനുമാത്രം എന്താ ഉണ്ടായേ... "

"ബ്ലേഡ് തോമാചന് അടിതെറ്റി മോളമ്മേ... ചതി പറ്റി... പുതിയ ഒരു ബിസിനസ് സംരംഭത്തിന് നമ്മുടെ സ്ഥാപനങ്ങളുടെയും വീടിന്റെയും ഒക്കെ സെക്യൂരിറ്റിയിൽ ഞാൻ ഒരു വൻ തുക ലോൺ എടുത്തിരുന്നു... അത് മുഴുവൻ പോയി.... കുറച്ചു പണം ഒപ്പിക്കാനുള്ള ഓട്ടത്തിലായിരുന്നു.. എല്ലാ വാതിലുകളും അടഞ്ഞിരിക്കയാ..എല്ലാം വിധിയാ... ചെയ്ത തെറ്റുകൾ ഇവിടെത്തന്നെ അനുഭവിച്ചു തീർക്കണമായിരിക്കും... ഞാൻ ചെയ്ത തെറ്റുകൾക്ക് നിന്നെയും മോനെയും ശിക്ഷിക്കരുതെ എന്ന പ്രാര്ഥനയെ ഉള്ളു ഇപ്പൊ...."

അയാളുടെ സ്വരം ഇടരുന്നത് മോളമ്മ അറിയുന്നുണ്ടായിരുന്നു.. എല്ലാവരുടെയും മുന്നിൽ കല്ലുപോലെ ഉറച്ചുനിക്കുന്ന മനുഷ്യനാ ഇപ്പൊ ഇങ്ങനെ.. അവളുടെ ഹൃദയം തേങ്ങി..

"നിങ്ങൾ ഒന്ന് വിഷമിക്കാതിരിക്കു.. കർത്താവ് എന്നേലും ഒരു വഴി കാണിച്ചുതരും.. " മോളമ്മ അത് പറഞ്ഞുവെങ്കിലും അവൾ ഉള്ളിൽ കരയുകയായിരുന്നു...

സമയം ഇഴഞ്ഞിഴഞ്ഞു നീങ്ങി.. നിദ്ര കണ്പോളകളെ തഴുകുന്നില്ല... തോമാച്ചൻ ആകെ അസ്വസ്ഥതയോടെ തിരിഞ്ഞും മറിഞ്ഞും കിടന്നു.. മനസ് എന്തൊക്കെക്കൊണ്ടോ പിടയുന്നപോലെ.. ഒരുപാട് തെറ്റുകൾ ചയ്തിട്ടുണ്ട്.. ഒരുപാട് പേരുടെ കണ്ണീരും ശാപവും മേടിച്ചിട്ടുണ്ട്... ഇപ്പൊ തന്റെ മോന്റെ കണ്ണീരിനും താന്തന്നെയാണ് കാരണം.. അയാൾ പതുക്കെ എഴുന്നേറ്റു.. മോളമ്മയെ നോക്കിയപ്പോൾ നല്ല ഉറക്കമാണ്.. അവളുടെ കവിളിണകളിൽ മിഴിനീർക്കണങ്ങൾ ഒലിച്ചിറങ്ങിയ പാട് തെളിഞ്ഞുകിടക്കുന്നു... പാവം.. നന്നായി കരഞ്ഞിട്ടുണ്ട്... എല്ലാം തന്നെ കാരണമാണെന്നുള്ള ബോധം അയാളുടെ ഹൃദയം തകർത്തു.. തോമാച്ചൻ പതിയെ എഴുന്നേറ്റു നടന്നു.. കാലുകൾ നീണ്ടത് ടോമിച്ചന്റെ മുറിയിലേക്കാനു.. അയാൾ കതക് തല്ലിനോക്കി.. അത് തുറന്നുവന്നു.. പൂട്ടിയിട്ടില്ല.. പതിയെ

ചുവടുകൾ വച്ച് അകത്തുകടന്നപ്പോൾ കട്ടിലിൽ തന്റെ പൊന്നോമനപുത്രൻ നിദ്രാദേവിയെ പുല്കികിടക്കുന്നത് അയാൾ കണ്ടു.. അറിയാതെന്നോണം അയാളുടെ കണ്ണുകൾ നിറഞ്ഞു..
അയാൾ ചുവടുകൾ വെച്ച് ടോമിച്ചനടുത്തേക്കു നീങ്ങി.. അവനോടു മാപ്പു ചോദിക്കണം എന്ന് അയാളുടെ മനസ് മന്ത്രിക്കുന്നുണ്ടായിരുന്നു... ആ കാലുകളിൽ ഒന്ന് പിടിക്കാൻ ടോമാച്ചന്റെ കൈകൾ നീണ്ടു..

പെട്ടെന്ന് ശരീരത്തിന് ഭാരം കൂടിയപ്പോലെ... കൈകാലുകൾ വിരകൊള്ളാൻ തുടങ്ങിയപ്പോൾ.. ചങ്കുപറിയുന്ന വേദന അനുഭവപ്പെട്ടപ്പോൾ അയാൾ ഒരു കൈ നെഞ്ചിൽ അമർത്തിപിടിച്ചു.. കുനിഞ്ഞു നിന്നിരുന്നതിനാൽ മറുകൈ ടോമിച്ചന്റെ കാലുകളിൽ ആണ് പിടിച്ചത്.. നെഞ്ചിൽ അനുഭവപ്പെട്ട വേദനയിൽ കൈകൾക്ക് ബലം കൂടി.. അത് ടോമിച്ചന്റെ കാലുകളിൽ അമർന്നു.. തോമാച്ചന് കണ്ണിൽ ഇരുട്ട് കയാരുന്നതുപോലെ തോന്നി.. ശ്വാസം കിട്ടാത്തപോലെ...

കാലുകളിലെ ബലത്തിലുള്ള പിടുത്തം ടോമിച്ചന്റെ കണ്ണുകളെ തുറപ്പിച്ചു.. അവൻ കണ്ടത് നെഞ്ചിൽ കൈചേർത്തു വിവര്ണമായ മുഖത്തോടെ ബെഡിലേക്കു വീഴാൻ തുടങ്ങുന്ന പപ്പയെ ആണ്.. അപ്പോഴേക്കും തോമാച്ചൻ തളർന്നു വീണിരുന്നു..

"പപ്പാ.." ഒരു അലർച്ചയോടെ ടോമിച്ചൻ തോമാച്ചനെ കൈകളിൽ എടുത്തു മടിയിൽ തല വെച്ച് ഇരുത്തി..

"എന്നാ പപ്പാ പറ്റിയെ... വാ നമ്മുക്ക് ഹോസ്പിറ്റലിൽ പോകാം.. " പേടിയോടെയും സങ്കടത്തോടെയും ആണ് ടോമിച്ചൻ അത് പറഞ്ഞത്..

"ഒന്നുവില്ലടാ... എനിക്ക് നിന്നോട് കുറച്ചു പറയാനുണ്ട്.. ഇപ്പൊ പറഞ്ഞില്ലേൽ പിന്നെ അതിനു പറ്റില്ല... നിന്നോട്... ചെയ്യുന്ന വലിയ തെറ്റുമാകും... അത്..." അയാളുടെ വാക്കുകൾ മുറിഞ്ഞു മുറിഞ്ഞാണ് പുറത്തേക്കു വന്നത്.. ഇടയ്ക്കു കൈ നെഞ്ചിൽ അമർത്തുന്നുമുണ്ട്..

"അതൊക്കെ പിന്നെ... ആദ്യം നമ്മുക്ക് ഹോസ്പിറ്റലിൽ പോവാം.. " അവന്റെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു...

"അതല്ലേടാ.. നിന്റെയും ആ രാധിക എന്ന കൊച്ചിന്റെയും ബന്ധം ... എനിക്കറിയാമായിരുന്നു... ഞാനാ അവളെ ഭീഷണിപ്പെടുത്തി നിന്നോട് ഇനിമേൽ സംസാരിക്കരുതെന്നു പറഞ്ഞത്.. അവളുടെ അച്ഛനെ കൊലപ്പെടുത്തും എന്ന് പറഞ്ഞതുകൊണ്ടാ അവൾ പിന്മാറിയത്.. നിന്റെ സ്നേഹം എനിക്ക് മനസിലാകാതെ പോയി... ഇപ്പൊ നിനക്ക് തരാൻ എന്റെ കയ്യിൽ ഒന്നുമില്ല മോനെ..." വേദന സഹിച്ചു തോമാച്ചൻ പറഞ്ഞു..

"മോനെ... എനിക്കെന്നേലും പറ്റിയാലും... മോളമ്മയെ നീ പൊന്നുപോലെ നോക്കിക്കോണം.. അവള് പാവാടാ... " വിക്കിവിക്കി പറഞ്ഞ വാക്കുകൾ നിന്നു... ശക്തമായ വേദനയാൽ തോമാച്ചൻ പല്ലു കടിച്ചു.. നെഞ്ചിലെ പിടുത്തതിനു ശക്തി കൂടി..

കണ്ണുകളിൽനിന്നും കണ്ണുനീർ ഒലിച്ചിറങ്ങി... പ്രാണൻ പുറത്തെക്കുകടക്കാൻ ശരീരത്തിലൂടെ പാഞ്ഞുനടക്കുന്ന പോലെ..

"പപ്പാ... " കണ്ണുനീരോടെയുള്ള ടോമിച്ചന്റെ വിളിയിൽ തോമാച്ചൻ ഒന്നുകൂടി അവനെ നോക്കി.. പിന്നെ ആ കണ്ണുകൾ ചലിച്ചില്ല... പ്രാണൻ കൂടുവിട്ടു പുറത്തുപോയിരിക്കുന്നു...

അപ്പോഴേക്കും ടോമിച്ചന്റെ നിലവിളിശബ്ദം കേട്ട് മോളമ്മ അങ്ങോട്ടേക്കോടി എത്തിയിരുന്നു.. ടോമിച്ചൻ തന്റെ പാതിയെ ചേർത്തുപിടിച്ചു കരയുകയാണ്.. മോളമ്മ വേഗത്തിൽ മിടിക്കുന്ന ഹൃദയത്തോടെ അങ്ങോട്ട് ഓടി...

"പപ്പാ..." ടോമിച്ചന്റെ നിലവിളി ആ വീടുമുഴുവൻ മാറ്റൊലി കൊണ്ടു...

.......

ബ്ലേഡ് തോമാച്ചന്റെ മരണവാർത്ത കാട്ടുതീപോലെ അവിടെങ്ങും ആളിപ്പടർന്നു... ഒരുവിധം ജനങ്ങളെല്ലാം സന്തോഷിക്കുകയാണ് ചെയ്തത്.. കാരണം തോമാച്ചൻ പലർക്കും ശത്രുവും കണ്ണിൽ ചോരയില്ലാത്തവുനും ഒക്കെ ആയിരുന്നല്ലോ.. സംസ്കാരചടങ്ങിന് ആ വലിയ വീടുമുഴുവൻ ജനങ്ങളെ കൊണ്ട് നിറഞ്ഞിരുന്നു.. പല രാഷ്ട്രീയ നേതാക്കളും ജനപ്രമാണികളും അവിടെ വന്നിരുന്നു... കൂടാതെ രാഘവൻ മാസ്റ്ററെ പോലുള്ള പ്രഗത്ഭരും എത്തിച്ചേർന്നു... ടോമിച്ചനെ സ്നേഹിക്കുന്ന ഒരുപാടുപേർ എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ടായിരുന്നു... തോമാച്ചനോട് എതിർപ്പുണ്ടെങ്കിലും ടോമിച്ചനോടുള്ള സ്നേഹത്തെപ്രതി എല്ലാവരും ഓടിനടന്നു കാര്യങ്ങൾ ചെയ്തു.. ഒപ്പം എല്ലാകാര്യത്തിനും മരിയയും റിയാസും കൂടെ ഉണ്ടായിരുന്നു.. അതുകൊണ്ടു തന്നെ ടോമിച്ചന് ഒന്നും അറിയേണ്ടി വന്നില്ല... മോളമ്മ ടോമിച്ചനെ മുറുകെപ്പിടിച്ചു കരച്ചിൽ തന്നെ... ടോമിച്ചൻ നിർവികാരതയോടെ മോളമ്മയെ ചേർത്തുപിടിച്ചിരിക്കുകയാണ്...

അതേസമയം രാധികയുടെ കാതിലും ആ മരണവാർത്ത എത്തിയിരുന്നു... തന്നെ തന്റെ ഇഛായാണില്നിന്നും അകറ്റാൻ കാരണക്കാരനായ വ്യക്തിയാണേലും ടോമിച്ചൻ ഇപ്പോൾ എത്രമാത്രം സങ്കടപ്പെടുന്നുണ്ടാകും എന്നവൾക്കറിയാം... തനിക്ക് സങ്കടം വന്നപ്പോൾ താങ്ങായി കൂടെനിന്നയാൾക്കു ഒരല്പം ആശ്വാസമേകാൻ അവൾ കൊതിച്ചു...

"അമ്മെ... ഒറ്റത്തവണ ഞാനൊന്നു പോയി കണ്ടോട്ടെ... നമ്മുക്ക് ഒത്തിരി സഹായം ചെയ്തതല്ലേ ടോമിച്ചൻ.. അപ്പൊ ഒന്നുപോയി കാണണ്ടേ... " രാധിക ശാരതയോട് കേഴുകയായിരുന്നു...

"മിണ്ടാതെ അകത്തെങ്ങാനും പോയിരുന്നോണം... അവന്റെ കാര്യം മിണ്ടിപ്പോകരുത്... നീ എവിടെയൊക്കെ പോകണം... പോകണ്ടാ എന്ന് തീരുമാനിക്കുന്നത് ഞാനാ..പോടീ അകത്തു.." ദേഷ്യത്തോടെ ശാരദ അതും പറഞ്ഞു രാധികയെ റൂമിലേക്ക് തള്ളി... അവൾ ബെഡിലേക്കു മറിഞ്ഞപ്പോൾ ശാരദ കതക് കൊട്ടിയടച്ചു..

......

ദിവസങ്ങൾ കൊഴിഞ്ഞു... തോമാച്ചന്റെ ഫിനാൻസ് കമ്പനിയും ബിസിനസും എല്ലാം തകർന്നു കടംകയറി അറ്റാക്കുവന്നാണ് തോമാച്ചൻ മരിച്ചത് എന്ന വാർത്ത ജനങ്ങൾക്കിടയിൽ പടർന്നു... ഇതിനിടയിൽ ടോമിച്ചൻ ബാങ്കിലും മറ്റും ബന്ധപ്പെട്ടു കാര്യങ്ങളുടെ കിടപ്പ് മനസിലാക്കിയിരുന്നു... പണം ഈടാക്കാൻ എല്ലാ സ്വത്തുവകകളും ജപ്തി ചെയ്യുകയെ വഴിയുള്ളൂ എന്ന അറിവാണ് അവനു ലഭിച്ചത്... അല്ലെങ്കിൽ പണം തിരികെ അടക്കണം.. അതിനെന്തായാലും തനിക്കു കഴിയില്ല എന്നവൻ മനസിലാക്കി... അതിനാൽ മോളമ്മയെ കൂട്ടി പടിയിറങ്ങുക... ഇനി ആകെ ഉള്ളത് മോളമ്മയുടെ പേരിൽ ബാങ്കിൽ കിടക്കുന്ന കുറച്ചു രൂപയാണ്.. ഒരു പതുലക്ഷത്തോളം... ടോമിച്ചൻ അതുകൊണ്ടു ഒരു ചെറിയ പെരയും അഞ്ചു സെന്റ് സ്ഥലവും മേടിച്ചു.. കുറച്ചു ഉള്ളിലായാണ്... ബുള്ളറ്റ് അവന്റെ പേരിലായതിനാൽ അത് നഷ്ടപെട്ടില്ല...

ഒടുവിൽ മോളമ്മയെ ചേർത്തുപിടിച്ചു അവൻ ആ വലിയ വീടിന്റെ പടിയിറങ്ങി.. എല്ലാവിധ സഹായത്തിനും റിയാസും മരിയയും ടോമിച്ചന്റെ മറ്റുചില സുഹൃത്തുക്കളും കൂടെ ഉണ്ടായിരുന്നു.. അവരെല്ലാം ചേർന്ന് ആവശ്യത്തിനുള്ള സാധനങ്ങളെല്ലാം ഷിഫ്റ്റ് ചെയ്തു... ഭർത്താവിന്റെ വേർപാടിൽ മോളമ്മ ആകെ തകർച്ചയിലായിരുന്നു... ഒന്നും മിണ്ടാതെ ആകെ ശോകപൂർവ്വമായ അവസ്ഥ... കുറച്ചു ദിവസങ്ങൾക്കൊണ്ടു ടോമിച്ചൻ മോളമ്മയെ സാധാരനിലയിലേക്ക് കൊണ്ടുവന്നു... സമ്പന്നതയുടെ മടിത്തട്ടില്നിന്നും താഴ്ന്നനിലയിലേക്കു കൂപ്പുകുത്തിയെങ്കിലും സമാധാനപൂര്ണമായ ജീവിതമായിരുന്നു ടോമിച്ചന് ആ കൊച്ചുവീട്ടിൽ...

.....

"ഡാ..... ഇനിഎന്താ പരിപാടി... " റിയാസിന്റെ വക ചോദ്യം.. ടോമിച്ചന്റെ പുതിയവീട്ടിൽ ഒരു മേശക്കുചുറ്റും ഇരിക്കുകയായിരുന്നു അവർ.. കൂടെ മരിയയും... മോളമ്മ അടുക്കളയിലായിരുന്നു..

"എന്ത് പരിപാടി.. ഇനി വേഗം എങ്ങനെലും ഒരു ജോലി കണ്ടുപിടിക്കണം.. എന്നിട്ടു മോളമ്മയെ നോക്കണം... അത്രയേ ഇപ്പൊ ഞാൻ ചിന്തിക്കുന്നുള്ളു... " ടോമിച്ചൻ മറുപടി പറഞ്ഞു..

"എന്നാലും രാധിക ഒന്ന് വന്നുപോലുമില്ലല്ലോ.. " മരിയായാണ് അത് പറഞ്ഞത്..

"ഇനി മിണ്ടരുത് അവളുടെ കാര്യം.. ഒരു രാധിക... ഇപ്പൊ മനസിലായില്ലേ നിന്റെ അടുത്ത കൂട്ടുകാരിയെ.." ദേഷ്യത്തോടെയാണ് റിയാസ് അത് പറഞ്ഞത്...

"ദേ ഇക്കാ... അവളെക്കുറിച്ചു അങ്ങനെയൊന്നും പറയണ്ടാ.. എനിക്കറിയാം അവളെ... അതൊരു പഞ്ചപാവാ... എന്തേലും പ്രശ്നമില്ലേൽ അവൾ അങ്ങാനൊന്നും ചെയ്യില്ല..."

അവരുടെ വാക്കുകൾ കേട്ട് ടോമിച്ചൻ തലയുയർത്തി അവരെ നോക്കി..

"രാധിക വേണന്നുവെച്ചു ചെയ്തതല്ല റിയാസേ ഇതൊന്നും.. പപ്പാ അവളെ ആളെയയച്ചു ഭീഷണിപ്പെടുത്തിയിരുന്നു... എന്നോട് അടുപ്പം കാണിച്ചാൽ അവളുടെ അച്ഛനെയും ആ കുടുംബവും നശിപ്പിച്ചുകളയുമെന്നു പേടിപ്പിച്ചാ അങ്ങനെ അവളെക്കൊണ്ടു ചെയ്യിച്ചേ..

ഞാൻ ഇതൊന്നും അറിയാനും പാടില്ല എന്ന് അവളെ ഭീഷിണിപ്പെടുത്തിയിരുന്നു.. പപ്പാ മരിക്കുന്നതിന് മുമ്പ് എന്നോട് എല്ലാം പറഞ്ഞിരുന്നു.. " ടോമിച്ചന്റെ വാക്കുകൾ ഒരു തരിപ്പോടെയാണ് അവർ കേട്ടിരുന്നത്..

"അപ്പൊ അതായിരുന്നു കാരണം.. ഞാൻ പറഞ്ഞില്ലേ അവൾക്കു എന്നേലും കാര്യമായ പ്രശ്നം സംഭവിച്ചിട്ടുണ്ടാകും... ഇപ്പൊ അവളുടെ രണ്ടാനമ്മയാ എല്ലാം നോക്കുന്നത്.. അവര് ഒരു നല്ല സ്ത്രീ അല്ല... " മരിയ അതും പറഞ്ഞു ടോമിച്ചനെ നോക്കി..

"ഡാ അളിയാ.... അങ്ങാനാണേൽ നമ്മുക്ക് അവളെ ഒന്ന് കാണണ്ടേ... എന്നിട്ടു എല്ലാം പരസ്പരം പറഞ്ഞാൽ എല്ലാം കലങ്ങിതെളിയില്ലേ.."

റിയാസിന്റെ വാക്കുകൾകെട്ടു ടോമിച്ചൻ ഒന്ന് പുഞ്ചിരിച്ചു..

"വേണ്ടടാ.... ഇപ്പൊ ഞങ്ങൾ തമ്മിൽ ഒത്തിരി അന്തരമുണ്ട്... അവലിപ്പോ കേരളം മുഴുവൻ അറിയപ്പെടുന്ന പാട്ടുകാരിയാ... ഇന്നത്തെ ദി മോസ്റ്റ് പോപ്പുലർ പ്ലേബാക്ക് സിങ്ങർ ഇൻ കേരള... ഞൻ ഏറ്റവും താഴ്ന്നനിലയിലും... അപ്പൊ അവളുടെ എല്ലാ കാര്യങ്ങളും കല്യാണവും പ്രണയവും എല്ലാം സമൂഹം ഉറ്റുനോക്കും.. അവൾക്കു സമൂഹത്തിന്റെ കണ്ണുകൾ ശ്രദ്ധിക്കണം... അതിനാനുസരിച്ചു തീരുമാനങ്ങൾ എടുക്കണം... അപ്പൊ ഞാൻ അതിനിടയിൽ ഒരു ശല്യമായി കയറിച്ചെല്ലുന്നത് ശരിയല്ല..." അത്ഭുതത്തോടെയാണ് റിയാസും മരിയയും അവന്റെ വാക്കുകൾ കേട്ടത്..

"ഡാ.. പക്ഷെ അവൾക്കു ഈ സന്തോഷങ്ങളെല്ലാം ഉണ്ടായത് നീ കാരണമല്ലേ.." റിയാസ് വീണ്ടും ചോതിച്ചു.. .

ടോമിച്ചൻ ഒന്ന് ചിരിച്ചു.." അവളുടെ കഴിവാണ് അവളെ ഇവിടെ എത്തിച്ചത്... അതിനു നമ്മൾ ഒരു മാർഗം തുറന്നുകൊടുത്തു എന്നെ ഉള്ളു.. ഇപ്പൊ എന്തായാലും എനിക്കങ്ങണത്തെ ചിന്തയൊന്നുമില്ല... ഒരു ജോലി നേടുക.. മോളമ്മയെ നോക്കുക..." ടോമിച്ചൻ പറഞ്ഞു നിർത്തിയപ്പോഴേക്കും വീടിനുമുന്നിൽ ഒരു വൈറ്റ് കളർ ബെൻസ് വന്നുനിന്നു.... അവരെല്ലാം അതിശയത്തോടെ പുറത്തേക്കു നോക്കി.. ആരായിരിക്കും ബെൻസിലൊക്കെ ഇവിടെ... മരിയയുടെ മനസ്സിൽ പെട്ടെന്ന് രാധികയുടെ മുഖം തെളിഞ്ഞു.. ഇനി രാധിക... അവളുടെ ഇച്ഛായനെ കാണാൻ ഓടിവന്നതാണോ...

മൂവരും മിഴിയുംനാട്ടു നോക്കിയിരിക്കുകയാണ്... പെട്ടെന്ന് ഡോർ തുറന്നു ഒരു സ്ത്രീരൂപം ഇറങ്ങുന്നത് അവർ കണ്ടു.. ഒരു നീലക്കളർ സാരിയാണ് വേഷം.. ബോബ് ചെയ്ത മുടിയും നല്ല വെളുത്ത നിറവും ആകൃതിയൊത്ത ശരീരവും.. അവൾ തിരിഞ്ഞപ്പോൾ അവർ ആ മുഖം കണ്ടു.. തുടുത്ത കവിളിനകളും ചെറിയകണ്ണുകളും മനോഹരമായ ചുണ്ടുകളും.. മനോഹരിയാണ് കാഴ്ചയിൽ.. മുഖത്ത് മനോഹരമായ പുഞ്ചിരിയുണ്ട്..

"മാളവിക ഫ്രാൻസിസ്..." മരിയയുടെ ആധാരങ്ങളില്നിന്നും ആ ശബ്ദം പുറത്തേക്കുവന്നു... അപ്പോഴാണ് ടോമിച്ചനും റിയാസിനും ആളെ മനസിലായത്.. അതെ.. അവൾ തന്നെ.. മാളവിക... ക്ലാസ്സിൽ അഹങ്കാരത്തിന്റെ പ്രതീകമായിരുന്ന പെണ്ണ്... രാധികയെ എന്നും

കളിയാക്കിയിരുന്നവൾ... ഇപ്പൊ ഒരുപാട് മാറിയിരിക്കുന്നു... സാരിയിൽ അവൾ അതിമനോഹരി തന്നെയാണ്.. ഒരുകാലത്തു കോളേജിലെ ബ്യൂട്ടി ക്വീൻ ആയി അറിയപ്പെട്ടിരുന്നതല്ലേ.. മരിയയുടെ മുഖത്ത് അവളോടുള്ള ദേഷ്യം പടർന്നിട്ടുണ്ട്.. ടോമിച്ചന് അവളോട് ദേഷ്യം തോന്നിയിട്ടുണ്ടെങ്കിലും ഇപ്പൊ തന്റെ വീട്ടിൽ പുഞ്ചിരിയോടെ കയറിവരുന്ന അവളോട് ദേഷ്യം കാണിക്കുന്നത് ശരിയല്ല എന്ന തോന്നൽ അവനെ പുഞ്ചിരിപ്പിക്കാൻ പ്രേരിപ്പിച്ചു.. അവന്റെ മുഖത്ത് മനോഹരമായ ഒരു പുഞ്ചിരി വിടർന്നു..

"ഞാൻ ടോമിച്ചനെ ഒന്ന് കാണാൻ വന്നതാ... പപ്പാ മരിച്ചപ്പോൾ ഞാൻ വന്നിരുന്നു.. പക്ഷെ എന്തുകൊണ്ടോ ടോമിച്ചന്റെ മുന്നിൽ വരാൻ തോന്നിയില്ല.. നിങ്ങൾക്കെല്ലാവർക്കും എന്നോട് ഉള്ളിൽ ദേഷ്യമാണെന്നു അറിയാം.. അതിൽ തെറ്റുമില്ല... കാരണം ഞാൻ അങ്ങനെ ആയിരുന്നല്ലോ... നിങ്ങളാരും അത് മനസ്സിൽ വെക്കരുത്.. "വിഷമത്തോടെ അത് പറയുമ്പോൾ മാളവികയുടെ കണ്ണ് നിറയാൻ തുടങ്ങിയിരുന്നു.. സത്യത്തിൽ അവർക്കു അത് അവളോടുള്ള സമീപനത്തിൽ മാറ്റം വരുത്തി.. ടോമിച്ചൻ എഴുന്നേറ്റു അവളുടെ അടുത്തേക്ക് ചെന്നു..

"എയ്.. അതൊക്കെ വിടു മാളവിക... ഇപ്പൊ ഇവിടെ വന്നിരിക്കു... " ടോമിച്ചൻ അവളെ ആശ്വസിപ്പിച്ചു..

മാളവിക വന്നു അവർക്കടുത്തു കസേരയിൽ ഇരുന്നു..

"മോളമ്മ.. ഒരു ചായ കൂടി.. " ടോമിച്ചൻ അകത്തേക്ക് വിളിച്ചുപറഞ്ഞു.. മോളമ്മ അപ്പോഴേക്കും പുറത്തേക്കു വന്നു.. സംശയത്തോടെ മാളവികയെ നോക്കുന്ന മോളമ്മയെ നോക്കി ടോമിച്ചൻ ചിരിച്ചു..

"മോളമ്മേ.. ഇത് മാളവിക.. ഞങ്ങളുടെ ക്ലാസിൽ ഉണ്ടായിരുന്ന... ഞാൻ പറഞ്ഞിട്ടില്ലേ.." ടോമിച്ചൻ അത് പറയുമ്പോൾ മോളമ്മ മനസിലായി എന്ന അർത്ഥത്തിൽ തലകുലുക്കി.. ഉടനെ മാളവിക എഴുന്നേറ്റു മോളമ്മയുടെ അടുത്തേക്ക് ചെന്നു.. അവൾ കുനിഞ്ഞു മോളമ്മയുടെ കാലിൽ സ്പർശിക്കാൻ തുടങ്ങിയപ്പോൾ മോളമ്മ അവളെ തോളിൽപിടിച്ചു ഉയർത്തി..

"എന്താ മോളെ ഇത്.. മോളെന്തിനാ എന്റെ കാലു പിടിക്കുന്നെ..."

"എയ്.. ഒന്നുമില്ല മമ്മി... മമ്മിയെ കണ്ടപ്പോ ഞാൻ.. എന്റെ മമ്മിയെ കണ്ട ഓർമ്മ എനിക്കില്ല..."പെട്ടെന്ന് എന്തോ ഓർത്തപോലെ മാളവിക മോളമ്മയെ നോക്കി...

"ക്ഷമിക്കണം.. ഞാൻ മമ്മി എന്ന് വിളിച്ചോട്ടെ ടോമിച്ചന്റെ അമ്മയെ.." അവൾ അല്പം പരിഭ്രമിച്ചു ചോദിച്ചു..

"അതിനെന്താ മോളെ.. മോളങ്ങനെ വിളിച്ചോ... പിന്നെ ഇവിടിരിക്കു.. ഞാൻ ചായ എടുത്തുവരാം.." മോളമ്മ ചായ എടുക്കാൻ അകത്തേക്ക് പോയി..

ശരിക്കും എല്ലാവരും അതിശയിച്ചു ഇരിക്കുവായിരുന്നു.. മാളവിക ആകെ മാറിയിരിക്കുന്നു.. അഹങ്കാരം ഇപ്പൊ ലവലേശമില്ല.. മാളവിക വന്നു മരിയയുടെ അടുത്താണ് ഇരുന്നത്.. അവൾ മരിയയുടെ വലത്തുകരം അവളുടെ കയ്യിൽ പിടിച്ചു മരിയയുടെ മുഖത്തേക്ക് നോക്കി.. മാളവികയുടെ മുഖത്ത് യാചനാ ഭാവമായിരുന്നു...

"മരിയെ.. നിനക്കെന്നോട് ദേഷ്യമുണ്ടോ... ഞാൻ ഒത്തിരി നിങ്ങളെയൊക്കെ നോവിച്ചിട്ടുണ്ട്.. എന്നോട് ക്ഷമിക്കണം.." മാളവികയുടെ വാക്കുകൾ കേട്ട് മരിയ അവളുടെ തോളിൽ പിടിച്ചു...

"അതൊന്നും സാരമില്ല... എല്ലാം കഴിഞ്ഞില്ലേ... ഇനി അത് ചിന്തിക്കണ്ടാ... " മരിയ അവളെ ആശ്വസിപ്പിച്ചു.. മാളവിക അവളെനോക്കി ഒന്ന് പുഞ്ചിരിച്ചു..

"എനിക്ക് രാധികയെ ആണ് കാണണ്ടേ.. അവളോട് വേണം മാപ്പു ചോദിക്കാൻ.. ഒത്തിരി കളിയാക്കിയില്ലേ ഞാൻ അവളെ.. " രാധിക അതും പറഞ്ഞു ടോമിച്ചനെ നോക്കി.. അവൻ ഒന്ന് ചിരിച്ചുകാണിക്കുക മാത്രം ചെയ്തു..

"ഡാ റിയാസേ.. നിങ്ങളിപ്പോഴും കട്ട പ്രണയത്തിലാണല്ലേ..." മാളവിക റിയാസിനെ നോക്കി.. അവൻ ഒന്ന് കണ്ണിറുക്കികാണിച്ചു.. അപ്പോഴേക്കും മോളമ്മ ചായയുമായി എത്തി... മോളമ്മ പുഞ്ചിരിയോടെ ചായ മാളവികയുടെ നേരെ നീട്ടി.. അവൾ അത് ഒരു പുഞ്ചിരി തിരിച്ചുസമ്മാനിച്ചു സ്വീകരിച്ചു..

"മമ്മി... ടോമിച്ചൻ എന്താ എന്നെപ്പറ്റി പറഞ്ഞത്.. എന്തായാലും നല്ലതായിരിക്കില്ല അല്ലെ... "

മോളമ്മ അവളുടെ വാക്കുകൾക്കു ഒന്ന് പുഞ്ചിരിച്ചു.. "സത്യം പറഞ്ഞാ മോള് പറഞ്ഞത് ശരിയാ.. പക്ഷെ അവൻ പറഞ്ഞതൊക്കെ തെറ്റാണെന്ന് ഇപ്പൊ മനസിലായി.. "

"അല്ല മമ്മി.. ടോമിച്ചൻ പറഞ്ഞത് ശരി തന്നെയാ... അമ്മയില്ലാതെ വളർന്നതുകൊണ്ടാകും.. പറഞ്ഞു തരാനും തെറ്റുചൂണ്ടിക്കാണിക്കാനും ആരും ഉണ്ടായിരുന്നില്ല എന്ന് മാത്രമല്ല... അമ്മയില്ലാത്ത കുട്ടിയായതുകൊണ്ടു പപ്പാ ഒരുപാട് ലാളിക്കുകയും ചെയ്തു.. അതിന്റെയൊരു കുഴപ്പം.. ഇനിയെനിക്കു മമ്മിയുണ്ടല്ലോ.. " അതും പറഞ്ഞു മാളവിക മോളമ്മയെ നോക്കി പുഞ്ചിരിച്ചു.. മോളമ്മ തിരിച്ചും..

"പിന്നെ ടോമിച്ചാ.. ഞാൻ വന്നത് ടോമിച്ചനോട് ഒരു കാര്യം പറയാനാ.. ഇത് പറയുമ്പോൾ ദുരഭിമാനമൊന്നും തോന്നിയേക്കല്.. എനിക്ക് ടോമിച്ചന്റെ അവസ്ഥ അറിയാം.. അതുകൊണ്ടു ഞാൻ പപ്പയോട് ടോമിച്ചന്റെ കാര്യം സംസാരിച്ചിരുന്നു.. ഞങ്ങടെ കമ്പനിയിൽ ഒരു അസി. മാനേജരുടെ പോസ്റ്റ് ഇപ്പൊ ഒഴിവുണ്ട്.. അതിലേക്കു ടോമിച്ചൻ ജോയിൻ ചെയ്യണം.. പറ്റില്ല എന്ന് പറയണ്ട.. അതിനുള്ള ക്വാളിഫിക്കേഷൻ ഉണ്ടായിട്ടുതന്നെയാ നിയമിക്കുന്നതും..." മാളവിക പറഞ്ഞുനിർത്തി..

റിയാസിനും മരിയാക്കും അത്ഭുതവും സന്തോഷവും ഒരുമിച്ചായിരുന്നു മുഖത്ത്... മാളവിക ടോമിച്ചന്റെ മുഖത്തേക്ക് നോക്കി.. പക്ഷെ ആ മുഖത്തെ ഭാവം അവൾക്കു മനസിലായില്ല... അതുകണ്ടു റിയാസും ടോമിച്ചനെ നോക്കി..

"എന്താടാ നിന്റെ മുഖത്തൊരു തെളിച്ചമില്ലാതെ..." റിയാസ് ടോമിച്ചനെ നോക്കി ചോതിച്ചു..

"അത് വേണ്ട മാളവിക... ഞാൻ വരില്ല.." മാളവികയെ നോക്കിയാണ് ടോമിച്ചൻ അത് പറഞ്ഞത്..

"ദേ ടോമിച്ചാ... ടോമിച്ചൻ എങ്ങനെ കണക്കാക്കിയാലും ഇപ്പൊ എന്റെ ബെസ്റ് ഫ്രണ്ട് ആണ് ടോമിച്ചൻ.. എന്റടുത്തു ടോമിച്ചന്റെ ദുരഭിമാനം വേണ്ട.. ഇനി അതല്ല... എന്നെ പഴയപോലെയാണ് കാണുന്നതെങ്കിൽ... എന്നോട് വെറുപ്പാണെങ്കിൽ ഞാൻ ഒന്നും പറയുന്നില്ല.. പൊക്കോളാം.." മാളവിക അത് വിഷമത്തോടെ പറഞ്ഞു..

"അങ്ങാനല്ലാ മാളവിക.. ഞാൻ ഉദ്ദേശിച്ചത്..." ടോമിച്ചനെ അത് മുഴുമിപ്പിക്കാൻ റിയാസ് അനുവതിച്ചില്ല.. അവൻ ഇടക്കുകയറി.

"നീ ഇനി അങ്ങനെ ഒന്നും ഉദ്ദേശിക്കണ്ടാ.. നീ അവിടെ പോകും.. ഇപ്പൊ നിനക്കൊരു ജോലി ആവശ്യമാ... " റിയാസ് അത് പറഞ്ഞു മാലവികക്കു നേരെ തിരിഞ്ഞു.. " നീ ധൈര്യമായിരുന്നോ... ഇവൻ വരും.." റിയാസ് അത് പറഞ്ഞപ്പോൾ മാളവിക ഒന്ന് പുഞ്ചിരിച്ചു..

"എന്നാ ഞാൻ ഇറങ്ങിയെക്കുവാ... നാളെ തന്നെ വന്നേക്കണം.. അല്ലേൽ വേണ്ട.. ടോമിച്ചൻ ഇവിടെ ഒന്ന് ഒരുങ്ങി നിന്നാ മതി.. ഞാൻതന്നെ വന്നു കൊണ്ടൊക്കോളാം.." മാളവിക അതും പറഞ്ഞു എഴുന്നേറ്റു..

"അതുവേണ്ട.. ഞാൻ വന്നോളാം.." ടോമിച്ചൻ പെട്ടെന്ന് പറഞ്ഞു..

മാളവിക ഒന്ന് പുഞ്ചിരിച്ചു.. അവൾ നേരെ ചെന്നത് മോളമ്മയുടെ അടുത്തേക്കാണ്.. എന്നിട്ടു മോളമ്മയുടെ മുഖം അവളുടെ കൈകുമ്പിളിലാക്കി..

"ഞാൻ പോട്ടെ മമ്മി.. ഇടയ്ക്കു വരാം.. ഉമ്മ..." അതും പറഞ്ഞു മാളവിക മോളമ്മയുടെ കവിളിൽ ചുണ്ടുകൾ അമർത്തി.. അവൾ ഒന്ന് പുഞ്ചിരിച്ച ശേഷം തിരിഞ്ഞു നടന്നു.. വാതിൽക്കലെത്തി അവൾ ഒന്നുകൂടി തിരിഞ്ഞു ടോമിച്ചനെ നോക്കി.. എന്നിട്ടു മനോഹരമായ ഒരു പുഞ്ചിരി സമ്മാനിച്ചു തിരികെ നടന്നു..

"എന്റെ അള്ളോ.. ഇങ്ങനെയും മാറുമോ പെണ്ണുങ്ങള്... ഇതൊരു വല്ലാത്ത മാറ്റമായിപോയി.."
റിയാസിന്റെ വകയായിരുന്നു കമന്റ്..

"സത്യം.." മരിയയും പറഞ്ഞുപോയി..

ടോമിച്ചൻ ഒന്ന് ചിരിക്കുക മാത്രം ചെയ്തു..

.....

പിറ്റേന്ന് മാളവിക പറഞ്ഞ സമയത്തുതന്നെ ടോമിച്ചൻ ഓഫീസിനു' മുമ്പിൽ എത്തി.. മനോഹരമായ ഒരു ഇരുനിലകെട്ടിടം... ടൗണിന്റെ ഒത്താനടുക്കായാണ് ആ സ്ഥാപനം സ്ഥിതി ചെയ്യുന്നത്... മുന്നിലെ വലിയ വാക്കുകളിൽ എഴുതിയിരിക്കുന്നത് അവൻ വായിച്ചു.. "മാളവിക എന്റർപ്രൈസ്സ്.." ഫോര്മല് ഡ്രെസ്സിലാണ് ടോമിച്ചൻ വന്നത്.. ഒരു ഇളം നീല ഷർട്ടും ചാര കളർ പാന്റ്സും പോളിഷ് ചെയ്തു മനോഹരമാക്കിയ ബ്ലാക്ക് ഷൂസും.. മൊത്തത്തിൽ ആ ഡ്രെസ്സിൽ ടോമിച്ചൻ ഒരു ദേവകുമാരനായിരുന്നു.. അവൻ അകത്തേക്ക് ചുവടുകൾ വെക്കാൻ തുടങ്ങിയപ്പോൾ മാളവിക ഇറങ്ങിവരുന്നത് അവൻ കണ്ടു.. മുഖത്ത് വിളങ്ങുന്ന പുഞ്ചിരിയും.. അവൾ ഓടി വന്നു അവന്റെ കയ്യിൽ ചുറ്റിപ്പിടിച്ചു...

"ഞാൻ നോക്കി നിക്കുവായിരുന്നു... ചിലപ്പോ വരില്ല എന്നൊരു പേടിയുണ്ടായിരുന്നു... വന്നല്ലോ.. വാ.. അകത്തേക്ക് പോകാം.. " അതും പറഞ്ഞു അവന്റെ കയ്യിൽ അവകുടെ കൈ ചുറ്റിക്കൊണ്ടുതന്നെ അവൾ ടോമിച്ചനെയുംകൊണ്ടു അകത്തേക്ക് നടന്നു..

"മാളവിക... നീ കൈവിട്ടെ .. ആരേലും കാണും.." ടോമിച്ചൻ അവളുടെ കൈ വിടുവിക്കാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു...

"അതെ.. ആരേലും കണ്ടാലും അവര് ചോദിച്ചാലും ഞാൻ പറഞ്ഞോളാം ഇതെന്റെ ബെസ്റ്... ചങ്ക് ഫ്രണ്ട് ആണ് എന്ന്... ഈ സുന്ദരകുട്ടപ്പന്റെ കൈപിടിച്ച് ഇവിടൊള്ളവരുടെമുന്നിൽ നമ്മളിത്തിരി ഗമ കാണിച്ചോട്ടെടാ ഉവ്വെ... അതിനൊള്ള അവസരം പോലും തരില്ലേ എനിക്ക്.." അവൾ അവന്റെ മുഖത്തുനോക്കി ചിരിച്ചുകൊണ്ട് പറഞ്ഞു.. ടോമിച്ചനും അവളെ നോക്കി ചിരിച്ചു... അവർ അകത്തുകടന്നപ്പോൾ അവരെ തന്നെനോക്കി നിക്കുന്ന മറ്റുള്ള ജോലിക്കാരെ ആണ് കണ്ടത്.. അഞ്ചോ ആറോ പേര് കാണും.. മിക്കതും സ്ത്രീകൾതന്നെ... എല്ലാവരും ചെറുപ്പം.. ടോമിച്ചൻ എല്ലാവരെയും നോക്കി ഒന്ന് പുഞ്ചിരിച്ചു... സ്ത്രീകൾ എല്ലാവരും തന്നെ വിടർന്ന കണ്ണുകളുമായി എതോ അത്ഭുതജീവിയെ നോക്കുന്നത് പോലെയാണ് ടോമിച്ചനെ നോക്കിയത്... മാളവിക അതുകണ്ടപ്പോൾ അവനോടു കുറച്ചുകൂടി ചേർന്നുനിന്നു...

"ദേ ആ റൂമിലേക്ക് വിട്ടോ... പപ്പാ അതിനുള്ളിൽ ഉണ്ട്.. ഞാൻ പറഞ്ഞിട്ടുണ്ട്... നേരെ ചെന്നാൽ മതി.." മാളവിക നേരെ കൈ ചൂണ്ടി അവനെ റൂം കാണിച്ചുകൊണ്ട് പറഞ്ഞു.. ടോമിച്ചൻ അങ്ങോട്ട് നോക്കി.. മുകളിൽ MD എന്ന് ബോര്ഡില് എഴുതിയിരിക്കുന്നു... അവൻ പതിയെ അങ്ങോട്ട് ചുവടുകൾ വച്ചു..

മാളവിക രണ്ടു കയ്യും വീശി മുഖത്തൊരു ഗമപുഞ്ചിരിയുമായി സ്ത്രീ ജനങ്ങളുടെ അടുത്തേക്ക് നീങ്ങി..

"ആരാ മാളവിക അത്.. " അതിൽ ഒരുവൾ ആകാംഷാപൂർവ്വം ചോതിച്ചു..

"അതാണ് ടോം തോമസ്.. ടോമിച്ചൻ.. എന്റെ ബെസ്റ്റു ഫ്രണ്ട് ആണ്. ഞങ്ങൾ ഒരുമിച്ചു പഠിച്ചതാ.. ഇവിടുത്തെ പുതിയ അസി. മാനേജർ ആയി ജോയിൻ ചെയ്യാൻ വന്നതാ.. " അവൾ പറഞ്ഞു..

"ഇവിടെയോ... സത്യം..?.." മറ്റൊരുവൾ വിശ്വാസം വരാത്തപോലെ ചോതിച്ചു.. അവളുടെ കണ്ണിലെ തിളക്കം മാളവിക ശ്രദ്ധിച്ചിരുന്നു...

" അതെ.. ഇവിടെത്തന്നെ... എന്നുകരുതി അവന്റെയടുത്തു പ്രേമപ്പനിയുമായെങ്ങാനും ചെന്നാൽ ആ കണ്ണ് ഞാൻ കുത്തിപൊട്ടിക്കും.. " മാളവിക കപട ദേഷ്യത്തോടെ പറഞ്ഞു..

"അയ്യോ... നമുക്കൊന്നും വേണ്ടായേ... ഇവരെപോലെയൊന്നിനെയെങ്ങാനും കെട്ടിയാൽ പിന്നെ കൂട്ടുകാരുടെയും അയാൽകാര് പെണ്ണുങ്ങളുടെയും ഒക്കെ കുശുമ്പും അസൂയയും ഒക്കെ കണ്ടു വേറെവല്ല അവളുമാരുമായുമെങ്ങാനും ബന്ധമുണ്ടോ എന്നൊക്കെ സംശയിച്ചു ജീവിതം കുട്ടിച്ചോറാവും... അതുകൊണ്ടു നമ്മുക്ക് ഇത്രേം സുന്ദരന്മാരെയൊന്നും വേണ്ട..." ആദ്യത്തവൾ അല്പം പുച്ഛഭാവത്തിൽ പറഞ്ഞു...

"അയ്യോടി... കിട്ടിയാ നീയൊക്കെ ആ നിമിഷം കഴുത്തുനീട്ടി കൊടുക്കുവല്ലോ" മാളവികയുടെ വാക്കുകൾ കേട്ട് മറ്റുള്ളവർ ചിരിച്ചു...

"അല്ല... മോൾക്കെന്നാ ആ സുന്ദരന്റെ കാര്യത്തിൽ ഇത്ര ശങ്ക .. സംഭവം പ്രേമാണല്ലേ... " മറ്റൊരുവൾ മാളവികയെ നോക്കി പറഞ്ഞു..

"പോടീ ... അങ്ങനെയൊന്നുമില്ല.. അവനെന്റെ ബെസ്റ്റ് ഫ്രണ്ട് ആണ്.. അപ്പൊ അവനെ നിന്നെപോലുള്ളവരുടെ ഒക്കെ കണ്ണുകളിൽ നിന്നും രക്ഷിക്കേണ്ട ചുമതല എനിക്കൊണ്ടു.." അത് പറയുമ്പോൾ മാളവികയുടെ മുഖം നാണത്താൽ താന്നിരുന്നു..

"മ്മ്... അത് മനസിലാവുന്നുണ്ട്... " ഉടനെ എത്തി ആദ്യത്തവളുടെ കമന്റ്..

....

ടോമിച്ചൻ ഡോർ കുറച്ചു തുറന്നു അകത്തേക്ക് നോക്കി.. കസേരയിൽ 55 ഓളം വയസു തോന്നിക്കുന്ന ഒരാൾ..

"മെയ് ഐ കം ഇൻ സർ...?"

അദ്ദേഹം അതുകേട്ടു തല ഉയർത്തി നോക്കി.. അവനേകണ്ടപ്പോൾ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു..

"വല്യ ഫോർമാലിറ്റീസ് ഒന്നും വേണ്ടടോ.. കയറി വാ.." അദ്ദേഹം പുഞ്ചിരിയോടെ അത് പറഞ്ഞപ്പോൾ അവനും മുഖത്ത് ഒരു പുഞ്ചിരി വരുത്തി അകത്തേക്ക് കടന്നു..

ടോമിച്ചൻ അദ്ദേഹത്തെ ഒന്ന് ശ്രദ്ധിച്ചു. നല്ല വെളുത്ത നിറമാണ്.. താടിയില്ല.. ചെറുതായി നരച്ച മീശ.. അല്പം കഷണ്ടി ഉണ്ട്.. ഷർട്ടും പാന്റ്സും ആണ് വേഷം... കാണുമ്പോൾ ഒരു ചൈതന്യമൊക്കെ ഉണ്ട് മുഖത്ത്...

"സർ.. ഞാൻ ടോം തോമസ്.." അവൻ വിനയപൂർവ്വം പറഞ്ഞു..

"അറിയാടോ.. ടോമിച്ചൻ.. അതാ നല്ലതു.. വിളിക്കാനും സുഖം.. താനിരിക്കു" അദ്ദേഹം വളരെ സൗഹൃതപൂർവ്വമാണ് സംസാരിച്ചത്.. അവനതല്പം ആശ്വാസമേകി.. ടോമിച്ചൻ മുന്നിലെ ചെയറിൽ ഇരുന്നു..

"സത്യം പറഞ്ഞാ ഒരിന്ററെർവ്യൂ പോലും നടത്താണ്ട് തന്നെ ഞാനിവിടെ അപ്പോയിന്റ ചെയ്യുന്നത് എന്റെ മകൾ പറഞ്ഞതുകൊണ്ട് മാത്രമല്ല... ഞാനെല്ലാം മുഖത്തുനോക്കി തുറന്നുപറയും.. ടോമിച്ചൻ ഒന്നും വിചാരിക്കല്ലു... തോമാച്ചന്റെ മോനാന്നറിഞ്ഞപ്പോൾ ഞാനല്പം സംശയിച്ചതാ... പിന്നെ നിന്നെപ്പറ്റി വിശദമായി അന്വേഷിച്ചു.. പിന്നെ ഒന്നും ആലോചിച്ചില്ല.. ടോമിച്ചനെ ഞാൻ മനസുകൊണ്ട് അപ്പൊ തന്നെ അപ്പോയിന്റ ചെയ്തിരുന്നു... എല്ലാവര്ക്കും നിന്നെക്കുറിച്ചു നല്ലതുമാത്രേ പറയാനുള്ളു.."

അദ്ദേഹത്തിന്റെ വാക്കുകൾ അവൻ ഒരു പുഞ്ചിരിയോടെ സ്വീകരിച്ചു.. കൂടെ ഒരു നന്ദിയും പറഞ്ഞു.. എന്നിട്ടു കയ്യിലുള്ള സിര്ടിഫിക്കേറ്റസ് അദ്ദേഹത്തിന് നേരെ നീട്ടി.. അദ്ദേഹം അതുമേടിച്ചു പരിശോധിച്ചു..

"ഇവിടെ അങ്ങനെ അതികം ജോലിയൊന്നുമില്ല... നമ്മുടെ കമ്പനി പ്രോഡക്റ്റിന്റെ സെയിൽസ് ഡീറ്റെയ്ൽസ് എല്ലാവരെക്കൊണ്ടും കൃത്യമായി ചെയ്യിക്കുക.. അത് ക്രോഡീകരിച്ചു വീക്കിലി റിപ്പോർട്ട് തയാറാക്കി എന്നെ ഏൽപ്പിക്കുക... അതിന്റെ ബില് കാര്യങ്ങളെല്ലാം കൃത്യമായി കളക്ട ചെയ്യണം.. എല്ലാം പഠിച്ചോളും താൻ.. 25000 രൂപ സാലറിയായും 5000 രൂപ മറ്റലാവന്സുകളായും ടോട്ടൽ 30000 രൂപ ആയിരിക്കും തനിക്കു മാസം പ്രതിഫലം"

"ശരി സാർ.. " ടോമിച്ചൻ പുഞ്ചിരിപൂർവം മറുപടി നൽകി..

അദ്ദേഹം പുഞ്ചിരിയോടെ മേശ തുറന്നു ഒരു പേപ്പർ എടുത്തു അവനു നേരെ നീട്ടി.. ഓഫർ ലെറ്റർ ആണ്.. വായിച്ചു സൈൻ ചെയ്തു തന്നോളൂ... അവൻ അതുവാങ്ങി വായിച്ചു... സൈൻ ചെയ്യാൻ നേരത്തു കണ്ണുകൾ അടച്ചു ഒരു നിമിഷം മോളമ്മയെ ഓർത്തു.. ഇവിടെ തന്റെ ജീവിതത്തിലെ പുതിയ ഒരു അദ്ധ്യായം തുടങ്ങുകയാണെന്നു അവൻ ചിന്തിച്ചു... കൂടുതൽ ഉത്തരവാദിത്വങ്ങളും ചുമലതകളും ആയി പുതിയ ഒരു ജീവിതം..

.....

ദിവസങ്ങൾ കൊഴിഞ്ഞു വീണു.. ഓഫീസിൽ എല്ലാവര്ക്കും പ്രിയപ്പെട്ടവനായി കഴിഞ്ഞിരുന്നു ടോമിച്ചൻ.. ടോമിച്ചൻ വന്നെപ്പിന്നെ മാളവിക മിക്കധിവസവും ഓഫീസിൽ ചെല്ലും.. ഇടയ്ക്കു മോളമ്മയെ കാണാനും .. അതെല്ലാം കൊണ്ടും മോളമ്മയും ടോമിച്ചനും ഒക്കെയായി അവൾ ഒത്തിരി അടുത്തിരുന്നു... പുതിയ ജോലി ആയതിൽപിന്നെ ടോമിച്ചന്റെ ജീവിതവും പതിയെ മെച്ചപ്പെട്ടുവന്നു....

രാവിലെ ടേബിളിൽ ഇരുന്നു മോളമ്മ ഉണ്ടാക്കിയ ചൂട് ദോശയും ചമ്മന്തിയും കഴിക്കുകയായിരുന്നു ടോമിച്ചൻ... മോളമ്മ അവനടുത്തിരുന്നു എല്ലാം വിളമ്പികൊടുത്തു.. പെട്ടെന്നാണ് അവൻ മോളമ്മയെ ശ്രദ്ധിച്ചത്.. മുഖത്ത് ഒരു തെളിച്ചമില്ല.. ഒരു ഭാവവ്യത്യാസം.. എന്തോ വേദന കടിച്ചമർത്തി പിടിച്ചിരിക്കുന്നപോലെ..

"എന്നാ പറ്റി മോളമ്മേ... " അവൻ കഴിച്ചുകൊണ്ട് ചോതിച്ചു..

"ഏയ് ഒന്നുവില്ലടാ... രാവിലെ മുതൽ ചെറിയ ഒരു വയറുവേദന.. ചിലപ്പോ ഇങ്ങനെ വരാറുണ്ട്.. എന്നേലും വയററിയാണ്ടു കഴിച്ചേന്റെ ആയിരിക്കും.."

"എന്നാ മോളമ്മ പോയി ഒരു വായിഗുളികയും കഴിച്ചു കുറച്ചുനേരം കിടന്നോ.. പാത്രങ്ങൾ ഞാൻ എടുത്തുവെച്ചോളാം.. "

മോളമ്മ റൂമിലേക്ക് മറുത്തൊന്നും പറയാതെ നടന്നു... വയറിൽ കൈകൊണ്ടു തിരുമ്മുന്നുണ്ട്.. ടോമിച്ചൻ കഴിച്ചുകഴിഞ്ഞു പ്ലേറ്റുകൾ അകത്തേക്ക് വച്ചു.. ഓഫീസിൽ പോകാൻ മോളമ്മയോട് യാത്ര പറയാൻ റൂമിലേക്ക് ചെന്നപ്പോൾ മോളമ്മ കട്ടിലിൽ കിടന്നു വയറു അമർത്തി തിരുമ്മുന്നതാണ് കണ്ടത്.. മുഖത്ത് വേദന തെളിഞ്ഞു കാണുന്നുണ്ട്.. പല്ലുകൾ കടിച്ചുപിടിച്ചിരിക്കുന്നു.. കണ്ണുകൾ ഇറുക്കിയടച്ചിരിക്കുകയാണ്... ശരിക്കും വേദനകൊണ്ട് പുളയുകയാണെന്നു ആ കാഴ്ച കണ്ടാലേ അറിയാം.. ടോമിച്ചൻ ഓടിയാണ് മോളമ്മയുടെ അടുത്തെത്തിയത്...

"എന്നാ പറ്റിയെ മോളമ്മേ.. വേദന കൂടുതലാണോ.." ടോമിച്ചൻ പേടിയുടെ സ്വരത്തിൽ മോളമ്മയുടെ ശിരസിൽ തലോടിക്കൊണ്ടു ചോതിച്ചു...

"സാരില്ലടാ... ഇത് മാറിക്കൊള്ളും.. നീ പൊക്കോ.. " മോളമ്മ വേദന കടിച്ചുപിടിച്ചാണ് അത് പറഞ്ഞത്..

"എങ്ങോട്ടും പോണില്ല.. മോളമ്മ റെഡി ആവ്.. നമ്മുക്ക് ഹോസ്പിറ്റലിൽ പോകാം.. വേഗം.." അതും പറഞ്ഞു ടോമിച്ചൻ മോളമ്മയെ എഴുനേല്പിക്കാൻ ശ്രമിച്ചു..

"വേണ്ടടാ.. ഇത് മാറിക്കൊള്ളും.. "

"ദേ മോളമ്മേ.. എന്നെ ദേഷ്യം പിടിപ്പിക്കരുത്.. ഇങ്ങനെ വേദന സഹിച്ചു ഇരിക്കാനോ.. എഴുന്നേൽക്കു വേഗം... " അവൻ മോളമ്മയെ എഴുന്നേൽപ്പിച്ചു...

പെട്ടെന്നുതന്നെ റിയാസിനെ വിളിച്ചു ഒരു കാറും വിളിച്ചു വരാൻ പറഞ്ഞു.... റിയാസ് പെട്ടെന്ന് തന്നെ വണ്ടിയുമായി വന്നു.. ടോമിച്ചൻ മോളമ്മയെ വണ്ടിയിലേക്ക് കയറ്റുമ്പോഴും മോളമ്മ വേദനകൊണ്ട് പുളയുകയായിരുന്നു...

കാർ ചെന്നുനിന്നത് അവിടുത്തെ വലിയ ഒരു സ്വകാര്യ ആശുപത്രിയിലാണ്.. മോളമ്മയെ പെട്ടെന്നുതന്നെ പരിശോധനക്കായി കയറ്റി.. ടോമിച്ചനും റിയാസും വെളിയില്തന്നെ നിന്നു..

സമയം ഇഴഞ്ഞിഴഞ്ഞു മുന്നോട്ടു നീങ്ങി... പുറത്തു ചെയറിൽ ഇരിക്കുകയായിരുന്നു ടോമിച്ചൻ.. മുഖത്ത് വല്ലാത്ത പേടിയും ആശങ്കയും തെളിഞ്ഞു കാണാം.. തൊട്ടപ്പുറത്തുതന്നെ റിയാസും.. പെട്ടെന്ന് തന്നെ അവരുടെ അടുത്തേക്ക് മരിയ ഓടി വരുന്നത് റിയാസ് കണ്ടു... അവൾ റിയാസിന്റെ അടുത്തേക്ക് ചെന്നു..

"എന്താ ഇക്ക.. എന്നാ പറ്റിയെ.. ഡോക്ടർ എന്നാ പറഞ്ഞെ.. ഇക്കാ വിളിച്ചപ്പോ ഞാൻ ആകെ പേടിച്ചുപോയി.. " മരിയ അല്പം പേടിയോടെയാണ് അത് ചോതിച്ചത്..

"ഇതുവരെ ഒന്നും പറഞ്ഞിട്ടില്ല... " റിയാസ് അത് പറഞ്ഞപ്പോഴേക്കും ഒരു നേഴ്സ് അവർക്കരികിലേക്കു വരുന്നത് കണ്ടു ടോമിച്ചൻ എഴുന്നേറ്റു...

"ഡോക്ടറുടെ റൂമിലേക്ക് ചെന്നോളൂ.." അവർ അതുമാത്രം അവരെനോക്കി പറഞ്ഞു.. അത് കേക്കേണ്ട താമസം.. ടോമിച്ചൻ വേഗത്തിൽ നടന്നു..

"നീ ഇവിടെ നിക്ക്.." റിയാസ് മരിയയെ നോക്കി അതും പറഞ്ഞു ടോമിച്ചന് പുറകെ നടന്നു..

അവർ ഉള്ളിലേക്ക് കടന്നു.. 45 വയസു തോന്നിക്കുന്ന മധ്യവയസ്കനായ ഡോക്ടർ ആണ്.. അയാൾ അവരോടു ഇരിക്കാൻ ആംഗ്യം കാട്ടി.. ടോമിച്ചനും റിയാസും മുന്നിലെ കസേരയിൽ ഇരുന്നു..

" ഡോക്ടർ... അമ്മക്ക്.." ടോമിച്ചന്റെ അല്പം ഭയം കലർന്ന സ്വരം പുറത്തേക്കുവന്നു..

"എയ്.. ദേർ ഈസ് നത്തിങ് റ്റു വറി... അമ്മക്ക് അങ്ങനെ പേടിക്കാൻ പാകത്തിൽ ഒന്നുമില്ല.. ഇതിനുമുമ്പ് ഇങ്ങനെ വേദന തോന്നിയിരുന്നോ.. " ഡോക്ടർ ചോതിച്ചു..

"ഇല്ല.. ഇതിനു മുമ്പ് ഇങ്ങനെ ഉണ്ടായിട്ടില്ല.." അവൻ മറുപടി പറഞ്ഞു.

"അങ്ങനെ ആയിരിക്കില്ല.. ചിലപ്പോ വേദന സഹിച്ചു നിങ്ങളെ അറിയിക്കാത്തതോ പറയാത്തതോ ആയിരിക്കും.. എന്തായാലും ഇപ്പോഴെങ്കിലും എത്തിച്ചത് നന്നായി.. അമ്മക്ക് ഗർഭപാത്രത്തിൽ ഒരു മൂന്നു മുഴ കാണുന്നുണ്ട്... അല്പം വലുതുമാണ്.. സൊ ഇറ്റ് ഹാസ് ട്ടു ബി റിമൂവ്ഡ് ഇമ്മെഡിറ്റിലി..ഒരു സർജറി വേണ്ടിവരും.. നാളെത്തന്നെ നടത്താം.. പേടിക്കണ്ടാ... ഈ കാലത്തു ഇതൊക്കെ പേടിക്കാൻ പാകത്തിൽ ഒന്നുമില്ല.. സര്ജറിക്കു ഒരു മൂന്നു ലക്ഷം രൂപ ആകും.. പറ്റുമെങ്കിൽ ഇന്ന് തന്നെ പയ്മെന്റ് നടത്തുക... " ഡോക്ടർ പറഞ്ഞു നിർത്തി..

ടോമിച്ചൻ ആകെ തരിച്ചിരിക്കുകയായിരുന്നു... പെട്ടെന്ന് മൂന്നുലക്ഷം രൂപ.. അതും ഇന്നുതന്നെ അടക്കാൻ.. എന്തുചെയ്യും.. എന്തായാലും മോളമ്മയാണ് വലുത്..

"ശരി ഡോക്ടർ... ഞങ്ങൾ പോയി ക്യാഷ് അറേഞ്ച് ചെയ്തു വരാം.." അതും പറഞ്ഞു ടോമിച്ചൻ വെളിയിലേക്ക് നടന്നു.. പുറകെ റിയാസും..

വെളിയിലിറങ്ങിയ അവരേകണ്ടു മരിയ ഓടിവന്നു.. അവളുടെ മുഖത്ത് ആശങ്ക നിഴലിച്ചിരുന്നു..

"എന്നാ ഇക്കാ... എന്താ ഡോക്ടർ പറഞ്ഞെ.." അവൾ ആകാംഷയോടെ ചോതിച്ചു..

റിയാസ് ഡോക്ടർ പറഞ്ഞത് അവളോട് പറഞ്ഞു..

"മരിയെ.. നീ ഇവിടെ നിക്ക്.. ഞങ്ങൾ ഒന്ന് പുറത്തുപോയി വരാം.. " ടോമിച്ചനാണ് അത് പറഞ്ഞത്..

അവൻ പുറത്തേക്കു നടന്നു.. പുറകെ റിയാസും..

എങ്ങനെ ഇത്രേം പണം.. ആരുടെ കയ്യിൽനിന്നു... ആ ചോദ്യം അവനെ അലട്ടിക്കൊണ്ടിരുന്നു.. ബാങ്കിൽ ആകെ ഇരുപതോ മുപ്പതോ കാണും.. പിന്നെ എങ്ങനെ..

"ഡാ... എങ്ങനാ ഇത്രേം പണം..." ബുള്ളറ്റിൽ ടോമിച്ചന്റെ പുറകിൽ കയറുമ്പോൾ റിയാസ് ആരാഞ്ഞു..

"എനിക്കറിയില്ല.. എങ്ങനെലും ഉണ്ടാക്കണം.. എനിക്കെന്റെ മോളമ്മയാ വലുത്.. നമ്മുക്ക് ഒന്ന് ബാങ്കിൽ ചെന്ന് നോക്കിയാലോ.. വീടിന്റെ ആധാരമോ മറ്റോ നൽകാം.." ടോമിച്ചൻ തിരിഞ്ഞു റിയാസിനോട് ചോതിച്ചു..

"അതൊന്നും നടക്കില്ലടാ.. ബാങ്കിൽ ആധാരം വെച്ചോക്കെ ലോൺ കിട്ടണമെങ്കിൽ ഒരുപാട് ഫോർമാലിറ്റീസ് ഉണ്ട്... അതിനു ദിവസങ്ങൾ എടുക്കും... അല്ലേൽ സ്വർണ്ണം വെക്കണം.. ഇത്രേം രൂപ കിട്ടാണേൽ അതിനാനുസരിച്ചു സ്വർണം വേണം.. അതിപ്പോ എവിടുന്നാ.." റിയാസ് സംശയ ഭാവത്തിൽ പറഞ്ഞു..

"സ്വർണ്ണം അതികം ഇരിപ്പില്ലാ.. മോളമ്മയുടെ അഞ്ചോ ആറോ പവൻ കാണും.. പിന്നെ.." ടോമിച്ചൻ ആലോചനയോടെ പറഞ്ഞു..

വിഷമവും പേടിയും എല്ലാം കൂടെ ആയപ്പോൾ അവന്റെ മനസ് തളരുന്നതുപോലെ തോന്നി ടോമിച്ചന്.. ഇനിയെന്ത് ചെയ്യും എന്ന് ചിന്തിച്ചപ്പോഴാണ് അവന്റെ മനസിലേക്ക് രാധികയുടെ മുഖം തെളിഞ്ഞത്.. താൻ അവൾക്കു അഞ്ചുലക്ഷം കൊടുത്തു വീട് തിരികെ കൊടുത്തത്.. ഇന്നത്തെ അവളുടെ സ്ഥിതിവച്ചു അവൾക്കു അത് എളുപ്പം തരാം.. പക്ഷെ എങ്ങനെ അവളോട് ചെന്ന് ചോദിക്കും..

അവന്റെ മനസ് ആകെ അസ്വസ്ഥമായി...

ഇല്ല... ഈ സമയത്തു മറ്റൊന്നും ചിന്തിക്കാൻ പാടില്ല.. പണം എങ്ങനെയും ഉണ്ടാക്കിയെ പറ്റൂ എന്ന ഉറച്ച തീരുമാനത്തിൽ അവൻ എത്തിച്ചേർന്നു..

"എന്താടാ ആലോചിക്കുന്നെ..?" റിയാസിന്റെ ചോദ്യമാണ് അവനെ ഉണർത്തിയത്..

അവൻ തിരിഞ്ഞു റിയാസിന്റെ മുഖത്തേക്ക്നോക്കി.. അവൻ എന്താ എന്നയർത്ഥത്തിൽ അവനെ നോക്കുകയാണ്.. ടോമിച്ചൻ രാധികാക്കുവേണ്ടി അന്ന് അഞ്ചുലക്ഷം രൂപ ചിലവാക്കിയതും വീടിന്റെ ആധാരം തിരികെ കൊടുത്തതും എല്ലാം റിയാസിനോട് തുറന്നുപറഞ്ഞു..

"ഇത്രേം ആയിട്ടാണോ നീ ഇതിനെക്കുറിച്ച് ആലോചിക്കുന്നെ.. ഇനിയൊന്നും നോക്കാനില്ല.. നേരെ പോവാ.. കാശ് മേടിക്കുക.. ഔദാര്യമല്ലല്ലോ.. നിനക്ക് തരാനുള്ള പണമല്ലേ.. നീ

വണ്ടിയെടുക്കു മോനെ.." റിയാസിന്റെ വാക്കുകൾ കേട്ട ടോമിച്ചൻ പിന്നെയൊന്നും ആലോചിച്ചില്ല.. അതെ ഇനി മാർഗ്ഗമുള്ളു.. ആ ബുള്ളറ്റ് അവരെയും വഹിച്ചുകൊണ്ട് അതിന്റെ കാഹള ശബ്ദത്തിൽ ചീറിപ്പാഞ്ഞു.. പിന്നെ നേരെ വണ്ടി ചെന്നുനിന്നത് രാധികയുടെ പുതിയ ഭവനത്തിന്റെ ഗേറ്റിന് മുന്നിലാണ്... ആ വലിയ ഗേറ്റിനു ഉള്ളിൽ നിന്നും സെക്യൂരിറ്റി അവരെ നോക്കി...

" ആരാ.." അദ്ദേഹം അവരോടാരാഞ്ഞു..

"രാധിക ഇവിടില്ലേ.. " ടോമിച്ചനാണ് അത് ചോതിച്ചത്..

"ഉണ്ട്.."

"ഞങ്ങൾക്ക് അത്യാവശ്യമായി ഒന്ന് കാണണമായിരുന്നു.."

ഉടനെ സെക്യൂരിറ്റി അയാളുടെ റൂമിലേക്ക് കയറി ഫോണിന്റെ റിസീവർ എടുത്തു ചെവിയോട് ചേർത്തു.. അല്പനിമിഷങ്ങൾക്കു ശേഷം അയാൾ ഇറങ്ങി വന്നു..

"മ്.. ചെന്നോളൂ.. മാഡം അകത്തുണ്ട്... " അയാൾ അതും പറഞ്ഞു ഗേറ്റ് അവർക്കായി തുറന്നു.. ടോമിച്ചനും റിയാസും അകത്തേക്ക് കടന്നു.. വളരെ മനോഹരമായ വലിയ വീടാണ്.. ശരിക്കും ഒരു കൊട്ടാരം എന്ന് തന്നെ പറയാം.. വിശാലമായ പൂന്തോട്ടം മുന്നിൽ.. അതിൽ പലയിനം ചെടികൾ ഭംഗിയായി നട്ടുപിടിപ്പിച്ചിരിക്കുന്നു.. മുറ്റത്തു ചിലർ ജോലി ചെയ്യുന്നുണ്ട്...

അവർ അതെല്ലാം ശ്രദ്ധിച്ചു നടന്നു.. വീടിനു മുന്നിലെത്തിയപ്പോൾ അവരെ കാത്തെന്നപോലെ മുന്നിൽ ഒരു സ്ത്രീ നിന്നിരുന്നു.. ഒരു 40 വയസു തോന്നിക്കും.. അവർ ടോമിച്ചനെയും റിയാസിനെയും കണ്ടപ്പോൾ മനോഹരമായി ഒന്ന് പുഞ്ചിരിച്ചു.. അവർ തിരിച്ചും..

"മാഡം അകത്തുണ്ട്.. അങ്ങോട്ട് ചെന്നോളൂ.." ആ സ്ത്രീ പറഞ്ഞത് കേട്ട് ടോമിച്ചനും റിയാസും ആ വലിയവീടിന്റെ ഉള്ളിലേക്ക് കടന്നു.. വിശാലമായ ഹാളിലാണ് അവർ എത്തിച്ചേർന്നത്.. അത് വളരെ മനോഹരമായി അലങ്കരിച്ചിരിക്കുന്നു.. പലതരം ഫർണിച്ചറുകളാലും സോഫ.. സെറ്റി.. എല്ലാം വളരെ മനോഹരമായി തന്നെ സെറ്റ് ചെയ്തിരിക്കുന്നു..

രാധികാക്കായി ടോമിച്ചന്റെ കണ്ണുകൾ പരത്തിയപ്പോൾ കണ്ടത് മുന്നിൽ സെറ്റിയിൽ കാലിന്മേൽ കാലു കയറ്റിവെച്ചു വല്യ പ്രൗഢിയോടെ ഇരിക്കുന്ന ശാരതയെ ആണ്.. വിലകൂടിയ ചുവന്ന നിറത്തിലുള്ള പട്ടുസാരിയും ചുറ്റി നിറയെ ആഭരണങ്ങളും മേക്കപ്പിൽ സമൃദ്ധമായ മുഖത്തോടെയും ഇരിക്കുന്ന ശാരദ ടോമിച്ചനും റിയാസും കയറിവന്നത് കണ്ടപ്പോൾ മുഖം ചുളിച്ചു..

"ഓഹ്.. നിങ്ങളായിരുന്നോ... ഞാൻ കരുതി വല്ലവരും ഡേറ്റ് കിട്ടാനായി വന്നതായിരിക്കും എന്ന്.. എന്താ വന്നത്... പണത്തിനു വല്ല ബുദ്ധിമുട്ടുമുണ്ടേൽ പറയാൻ മടിക്കേണ്ട.." ശാരദ പുച്ഛഭാവത്തിൽ അതും പറഞ്ഞു അവരെ നോക്കി..

റിയാസാണ് ആകെ ദേഹത്തു തരിച്ചുകയാരുന്നതുപോലെ തോന്നി.. കൈനീട്ടി ആ പുട്ടിയിൽ പൊതിഞ്ഞ കവിളത് ഒന്ന് പൊട്ടിക്കുവാൻ അവന്റെ കൈ തരിക്കുന്നുണ്ടായിരുന്നു..

"ശാരദ ചേച്ചി.. ഞങ്ങൾ വന്നത് ബുദ്ധിമുട്ടിക്കുവാനോ പ്രേശ്നമുണ്ടാക്കാനോ ഒന്നുമല്ല... വളരെ ഒരത്യാവശ്യ കാര്യത്തിനാണ്.. " ടോമിച്ചൻ അത് പറയുമ്പോഴേക്കും മറ്റാരുടെയോ സാന്നിധ്യം അവന്റെ മനസ് തിരിച്ചറിഞ്ഞു.. അവൻ സൈഡിലേക്കു ഒന്ന് നോക്കി... അവനു തെറ്റിയില്ല.. വാതിലിൽ ചാരി അവനെ നോക്കിനിക്കുന്ന രാധിക.. കണ്ണുകൾ നിറഞ്ഞിട്ടുണ്ട്.. പക്ഷെ ആ കണ്ണുകളിൽ തിളക്കമുണ്ട്.. തന്നെ കണ്ടതുകൊണ്ടാണോ.. ടോമിച്ചന്റെ കണ്ണുകൾ തന്റെ കണ്ണുകളെ പൊതിഞ്ഞപ്പോൾ രാധിക ആകെ നിയന്ത്രണം വിട്ട അവസ്ഥയിലായി... ഓടിച്ചെന്നു ആ ദേഹത്തോട് ചേർന്നുനിക്കാൻ അവളുടെ ഉള്ളം കൊതിച്ചു.. ടോമിച്ചനും വാക്കുകൾ മുറിഞ്ഞു ഒന്നും പറയാതെ രാധികയെ നോക്കിനിന്നുപോയി..

പെട്ടെന്ന് അവരെ അങ്ങനെ കണ്ട രാധികയുടെ കണ്ണുകളിൽ ദേഷ്യത്തിന്റെ കനലുകൾ ഇരഞ്ഞുകയറി.. അവർ ദേഷ്യത്തോടെ രാധികയെ നോക്കി.. രാധിക അതുകണ്ടപ്പോൾ മുഖം കുനിച്ചിരുന്നു..

"എന്താ കാര്യം എന്ന് പെട്ടെന്ന് പറയൂ.. എനിക്ക് കളയാൻ സമയമില്ല..." ശാരദ പെട്ടെന്ന് ദേഷ്യഭാവത്തിൽ ടോമിച്ചനെ നോക്കി പറഞ്ഞു..

"ടോമിച്ചൻ പെട്ടെന്ന് രാധികായിൽ നിന്നും ദൃഷ്ടി മാറ്റി ശാരദയുടെ നേരെ തിരിഞ്ഞു..

"ചേച്ചി... എനിക്കിപ്പോ പണത്തിനു വളരെ അത്യാവശ്യമുണ്ട്.. അന്ന് ഞാൻ തന്ന അഞ്ചുലക്ഷം രൂപ തിരികെ മേടിക്കാൻ വന്നതാ.. അത്രക്കത്യാവശ്യമായതുകൊണ്ടാ... " ടോമിച്ചൻ യാചനാ ഭാവത്തിൽ പറഞ്ഞു.. ഇതെല്ലാം കേട്ട് റിയാസ് ആകെ ദേഷ്യം കടിച്ചുപിടിച്ചിരിക്കുന്ന അവസ്ഥയായിരുന്നു...

"അഞ്ചു ലക്ഷം രൂപയോ.. ഹ..ഹ..ഹ.." ശാരദ ഒന്ന് ചിരിച്ചു.. "കൊള്ളാം.. അഞ്ചു മതിയോ.. ഇത്രേം കാലായില്ലേ.. ഒരു പത്തു തികച്ചു തരാം.. " ശാരദ പുച്ഛഭാവത്തിൽ പറഞ്ഞു..

"ദേ തള്ളെ... ഉമ്മാന്റെ പ്രായോണ്ട്.. എന്നാലും നിങ്ങളെ അങ്ങനെയേ വിളിക്കൂ.. ചോതിച്ചത് ഇവന് കിട്ടാനുള്ള പണമാ.. അല്ലാണ്ട് നിങ്ങടെ ഔദാര്യമല്ല.." ദേഷ്യത്താലും കത്തിനിന്ന റിയാസ് പൊട്ടിത്തെറിച്ചു..

" നീയാരാടാ അത് പറയാൻ.. ഇവാൻ പണം തന്നതിന് വല്ല തെളിവുമുണ്ടോ... ഒന്നുമില്ലല്ലോ.. ആ ആധാരം എന്റെ പക്കലുണ്ടുതാനും.. വേണേൽ ഇത്രേം പറഞ്ഞ സ്ഥിതിക്ക് അയ്യായിരമോ പതിനായിരമോ തരാം.. ബുദ്ധിമുട്ടൊക്കെ ഉള്ളതല്ലേ.. അതും മേടിച്ചു സ്ഥലം വിട്ടോ.." ശാരദ ദേഷ്യവും പുച്ഛവും കലർന്ന സ്വരത്തിൽ പറഞ്ഞു.

"ചേച്ചി.. ഈ സമയത്തു ദേഷ്യം കാണിക്കരുത്.. അത്രക്കത്യാവശ്യമാ.." അതും പറഞ്ഞു ടോമിച്ചൻ രാതികയെയും ഒന്ന് നോക്കി.. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ട്... ഉടുത്തിരിക്കുന്ന സാരിതലപ്പുകൊണ്ടു വാ പൊത്തിപ്പിടിച്ചു കരയുകയാണ്..

"ഇനിയും ഇവിടെ നിന്ന് ചിലച്ചാൽ ഞാൻ സെക്യൂരിറ്റിയെ വിളിക്കും.. " ശാരദ അത് പറഞ്ഞപ്പോൾ റിയാസ് ശാരദയുടെ നേർക്ക് കയ്യും വീശിച്ചെന്നു.. അവൾ പെട്ടെന്ന് പേടിച്ചു പുറകോട്ടു മാറി.. പക്ഷെ ടോമിച്ചൻ റിയാസിനെ തടഞ്ഞിരുന്നു..

ടോമിച്ചൻ റിയാസിനെ കണ്ണുകൾക്കൊണ്ടു പോകാം എന്ന് കാണിച്ചു.. റിയാസ് ദേഷ്യത്താൽ പുറത്തേക്കു നടന്നു.. ടോമിച്ചൻ തിരിഞ്ഞു രാധികയെ ഒന്ന് നോക്കി.. അവൻ മുഖത്ത് ഒരു പുഞ്ചിരി വിഷമിച്ചു വരുത്തി.. രാധിക അതുകണ്ടപ്പോൾ ആകെ തകർന്നു.. നിയന്ത്രണം വിട്ടുപോവുകയാണോ.. ആ ചിരി.. അത് തന്നോടുള്ള ദേഷ്യത്തിൽ മുളച്ചതാണോ... അതിൽ തന്നോടുള്ള പരിഭവം കലർന്നിട്ടുണ്ടോ....

"അമ്മെ.." രാധികയുടെ അധരങ്ങളിൽ നിന്നും പേടിയോടെ ആ സ്വരം പുറത്തേക്കു വന്നു..

"കേറിപ്പോടീ അകത്തു.. നിന്നോടാരാ പറഞ്ഞെ ഇങ്ങോട്ടു വരാൻ.." ശാരദ കലിതുള്ളി രാധികയെ നോക്കി.. ടോമിച്ചൻ അപ്പോഴേക്കും പുറത്തു കടന്നിരുന്നു.. രാധിക മുഖവും പൊത്തിക്കൊണ്ടു റൂമിലേക്കോടി.. റൂമിൽകയറിയ രാധിക വാതിൽ കൊട്ടിയടച്ചു ടേബിളിൽ സൂക്ഷിച്ചിരുന്ന ഒരു പഴയ ബുക്ക് എടുത്തു... അതിന്റെ താളുകൾക്കിടയിൽ സൂക്ഷിച്ചിരുന്ന ആ മയിൽപീലി കരങ്ങളിൽ എടുത്തു അവൾ നെഞ്ചോട് ചേർത്തു.. ടേബിളിൽ വച്ചിരുന്ന ആ കണ്ണന്റെ രൂപത്തിന് മുന്നിൽ അവൾ കാലുകൾ തളർന്നു വീണിരുന്നു അപ്പോഴേക്കും.. അവളുടെ കണ്ണുകൾ ഡാം തുറന്നകണക്കെ ഒഴുകിയിറങ്ങി.. മൂക്കിൻതുമ്പേല്ലാം ചുവന്നു തിനിർത്തിരുന്നു.. താടിയെല്ലു വിറകൊള്ളുന്നുണ്ടായിരുന്നു... ആ മയിൽപീലി നെഞ്ചോട് ചേർത്ത് അവൾ നിറഞ്ഞ കണ്ണുകളോടെ ആ കണ്ണന്റെ രൂപത്തിലേക്ക് നോക്കി..

"ന്തിനാ കണ്ണാ ന്റെ ഇച്ഛായനെ ഇങ്ങനെ ഒരവസ്ഥയിൽ എന്റെ മുന്നിലെത്തിച്ചേ.. ന്തിനാ ഞങ്ങൾക്ക് കണ്ണീരുമാത്രം തരണേ നീ.. വേണ്ട കണ്ണാ... ഇച്ഛായനെ വിഷമിപ്പിക്കല്ലേ.. പാവാ അത്.. സ്നേഹിക്കാൻ മാത്രേ അറിയൂ... ഇച്ഛായന്റെ സങ്കടം മാറ്റിയിട്ടു അതിന്റെ നൂറിരട്ടിയായി നിക്ക് തന്നോ നീ.. എത്രയായാലും അനുഭവിച്ചോളാം ഞാൻ.. ജീവിതകാലം മുഴുവൻ ഒരടിമയെപോലെ ഇങ്ങനെത്തന്നെ കഴിഞ്ഞോളാം ഞാൻ.. ന്റെ ഇച്ഛായനെ സങ്കടപെടുത്താതിരുന്നാൽ മാത്രം മതി.. " ആപ്പോഴേക്കും രാധികയുടെ തല കുമ്പിട്ടുപോയിരുന്നു.. അവളുടെ തേങ്ങൽ ശബ്ദം ആ മുറിയിലെങ്ങും മാറ്റൊലികൊണ്ടു നിന്നു..

....

ടോമിച്ചനും റിയാസും ഹോസ്പിറ്റലിൽ എത്തിയപ്പോഴേക്കും ഉച്ചകഴിഞ്ഞു മൂന്നുമാണിയോട് അടുത്തിരുന്നു... ടോമിച്ചൻ ആകെ താളംതെറ്റിയ അവസ്ഥയിലായിരുന്നു.... ഇനിയെങ്ങനെ അത്രേം പണം ഉണ്ടാക്കും എന്ന ചിന്ത അവന്റെ മനസിനെ ഉലച്ചിരുന്നു.. റിയാസും ആകെ വിഷമത്തിലായിരുന്നു..

"ഡാ.. നീ വിഷമിക്കാതെ... നമ്മുക്ക് പണം ഉണ്ടാക്കാം.. വീട്ടിൽ ഉമ്മാന്റെയും കുഞ്ഞു പെങ്ങളുടെയും കൂടെ ഒരു അഞ്ചാറുപവൻ ഉണ്ടാകും.. പിന്നെ മരിയയുടെ കഴുതിലുള്ളതും നിന്റെ കയ്യിലുള്ളതും കൂടി നമ്മുക്ക് കൊടുക്കുമ്പോൾ പണം

തികയുമായിരിക്കും... " ഹോസ്പിറ്റലിനുള്ളിലേക്കു നടക്കുന്നതിനിടയിൽ റിയാസ് പറഞ്ഞു.. ടോമിച്ചൻ മറുപടി ഒന്നും പറഞ്ഞില്ല.. അവന്റെ ചുറ്റുപാടും എന്തൊക്കെയാണ് സംഭവിക്കുന്നതെന്ന് പോലും അവനു മനസിലാകുന്നുണ്ടായിരുന്നില്ല... മനസ് കൈവിട്ടുപോകുന്നതുപോലെ..

പെട്ടെന്നാണ് അവരുടെ അടുത്തേക്ക് മരിയ വരുന്നത് റിയാസ് കണ്ടത്.. അവൾ ഓടി വന്നു രണ്ടുപേരെയും മാറിമാറി നോക്കി..

"എന്തായി ഇക്കാ.." അവൾ ആശ്ചര്യപൂർവ്വം ചോതിച്ചു..

അവൻ നടന്നതുമുഴുവൻ ചുരുക്കി പറഞ്ഞു..

"ഇനി കാശിനുവേണ്ടി രണ്ടുപേരും അലയേണ്ട.. അത് കെട്ടിവെച്ചു.. നാളെ തന്നെ ഓപ്പറേഷനും നടത്താമെന്ന് ഡോക്ടർ പറഞ്ഞു.. " മരിയ സന്തോഷം കലർന്ന സ്വരത്തിൽ പറഞ്ഞു..

"ആര് കെട്ടിവെച്ചു.." ടോമിച്ചന്റെ സ്വരത്തിൽ ആകാംക്ഷയും അമ്പരപ്പും.. അവനു ആ വാർത്ത ഒരു ഷോക് ആയിരുന്നു.. ആരാണ് തനിക്കുവേണ്ടി ആ പണമടച്ചത്.. തന്നെ ആരാണ് ഇത്രേം പണം തന്നു സഹായിക്കുവാനുള്ളത്.. ആരായാലും അവനു ഞാൻ എന്റെ ജീവൻ വേണേലും നൽകും.. ടോമിച്ചൻ ആകാംഷയോടെ മുന്നോട്ടു നീങ്ങി.. റിയാസിന്റെ മുഖത്തും ആശ്ചര്യഭാവമായിരുന്നു..

ഓടിച്ചെന്ന ടോമിച്ചന് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല... മുന്നിൽ പരിഭവം കലർന്ന മുഖവുമായി മാളവിക.... അവളുടെ കണ്ണിൽ ദേഷ്യം ഇറമ്പുന്നുണ്ട്.. ടോമിച്ചന് അവളോട് എന്ത് പറയണം എന്നറിയില്ലായിരുന്നു.. ടോമിചനെ കണ്ടപ്പോൾ മാളവിക ഓടിവന്നു അവന്റെ നെഞ്ചിൽ വലത്തുകരം ഉയർത്തി അടിക്കാൻ തുടങ്ങി..

"മറന്നു ലെ നീ എന്നെ... ഇത്രേം വലിയ ഒരാവശ്യം വന്നപ്പോൾ നിനക്ക് എന്നെ ഒന്ന് വിളിക്കാൻ തോന്നിയോ.. പണത്തിനുവേണ്ടി ഇങ്ങനെ ഓടിനടന്നപ്പോ ഒരുതവണ എന്റെ പേരോർത്തോ നീ.. ഓഫീസിൽ ചെല്ലാതൊണ്ടു അന്വേഷിച്ചിറങ്ങിയപ്പോൾ ഞാൻ ഇവിടെത്തി.. " കണ്ണുകൾ നിറഞ്ഞുകൊണ്ടു മാളവിക അത് പറയുമ്പോൾ ടോമിച്ചന്റെ കണ്ണുകളും അറിയാതെ നിറഞ്ഞുപോയി.. അവന്റെ മുഖത്ത് മുഴുവൻ പ്രകടമായിരുന്നു അവനോടുള്ള നന്ദി.. നോക്കിനിന്ന മരിയയുടെയും റിയാസിനെയും കണ്ണുകൾ പോലും അറിയാതെ നിറഞ്ഞൊഴുകി... മാളവികയെ അവരും ആഴത്തിൽ മനസിലാക്കുകയായിരുന്നു...

പെട്ടെന്ന് മാളവിക കണ്ണുകൾ തുടച്ചു മുഖത്ത് ഗൗരവം വരുത്തി ടോമിച്ചനെ നോക്കി..

"എന്റെ ഏറ്റവും അടുത്ത ഫ്രണ്ട് ആയി ഞാൻ ടോമിച്ചനെ കണ്ടപ്പോൾ ടോമിച്ചൻ എന്നെ അങ്ങനെ കണക്കാക്കാത്തതുകൊണ്ടു ഇതങ്ങു വെറുതെ ചെയ്യാൻ ഞാൻ തയ്യാറല്ല... എനിക്ക് ഒരു നിബന്ധന ഉണ്ട്.. " മാളവിക അത് പറഞ്ഞപ്പോൾ ടോമിച്ചൻ അവളെ പുഞ്ചിരിയോടെ നോക്കി.. എന്റെ മോളമ്മയെ കാത്ത നിനക്കുവേണ്ടി ഞാൻ എന്തും

ചെയ്യും എന്ന് ടോമിച്ചൻ മനസ്സിൽ സ്വയം പറഞ്ഞിരുന്നു.. റിയാസും മരിയയും ആകാംഷയോടെ മാളവികയുടെ വാക്കുകൾക്കു കാതോര്തിരിക്കുകയാണ്..

പെട്ടെന്ന് മാളവികയുടെ മുഖത്തെ ഗൗരവഭാവം മാറി അവിടെ കുഞ്ഞികുട്ടികളുടേതുപോലെ നിഷ്കളങ്ക ഭാവമോ അതോ യാചനാ ഭാവമോ ഉടലെടുത്തു..

"ടോമിച്ചാ... ഇത് നിബന്ധനയല്ല... യാചനയാണ്.. അകത്തുകിടക്കുന്നത് എന്റെയും മമ്മിയാണ്.. മമ്മിയെ രക്ഷിക്കേണ്ടതു എന്റെയും ചുമതല ആണ്.. ടോമിച്ചൻ എതിർപ്പ് പറഞ്ഞാലും എനിക്കൊന്നും ചെയ്യാനില്ല.. ടോമിച്ചാ... കൂട്ടുമോ എന്നെ ടോമിച്ചന്റെകൂടെ.. ഈ ജീവിതകാലം മുഴുവൻ ഒന്നിച്ചു ജീവിക്കാൻ.. രാധികയുടെയും ടോമിച്ചന്റെയും കാര്യമൊക്കെ എനിക്കറിയാം.. എല്ലാം അറിഞ്ഞുകൊണ്ടുതന്നെയാണ് ഞാൻ യാചിക്കുന്നതു.. രാധികയെ മറന്ന സ്ഥിതിക്ക് സ്വീകരിച്ചുകൂടെ എന്നെ ടോമിച്ചന്റെ ഭാര്യയായിട്ടു.." മാളവിക അതും പറഞ്ഞു മുഖം പൊത്തി കരഞ്ഞു.. അവളുടെ കണ്ണുനീർ കൈവെള്ളയിലൂടെ ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു...

ടോമിച്ചൻ അവളുടെ വാക്കുകൾ ഒരു തരിപ്പോടെയാണ് കേട്ടിരുന്നത്.. അവളുടെ വാക്കുകൾ അവന്റെ ഉള്ളിൽ മുറിവിൽ കനൽക്കട്ട കയറ്റിവെച്ചതുപോലെയാണ് തോന്നിയത്.. മോളമ്മയുടെ ജീവൻ തന്നെ കാത്തവളുടെ അപേക്ഷ.. നിരസിക്കുവാൻ സാധിക്കുമോ തനിക്കു.. അപ്പോൾ അവന്റെ ഉള്ളിൽ തെളിഞ്ഞത് രാധികയുടെ മുഖമാണ്.. അന്നും ഇന്നും എന്നന്നേക്കുമായി മനസ്സിൽ കുടിയിരുത്തിയ തന്റെ ദേവി.. മറ്റൊരാൾക്കു അവിടെ എങ്ങനെ സ്ഥാനം നൽകും..

പെട്ടെന്ന് തന്റെ കക്ഷത്തിനിടയിലൂടെ രണ്ടുകൈകൾ ചുറ്റിക്കയറുന്നതും ശരീരത്തിലേക്ക് ചേർന്നുവന്ന മാംസളതയുമാണ് അവനെ ചിന്തയിൽനിന്നും ഉണർത്തിയത്.. നോക്കുമ്പോൾ മാളവിക തന്നെ കൈകളാൽ ചുറ്റിപ്പിടിച്ചു തന്റെ നെഞ്ചിൽ തല ചായിച്ചിരിക്കുന്നതാണ് കണ്ടത്..

"അവസരം മുതലെടുക്കുവാന്നോ അഭിനയമാന്നോ ഒന്നും വിചാരിക്കല്ലേ ടോമിച്ചാ... ടോമിച്ചനെ അത്രക്കിഷ്ടമായതുകൊണ്ടാ ഈ മാളുവിന്... മനസിനെ എത്ര ശ്രമിച്ചിട്ടും നിയന്ത്രിക്കാൻ കഴിയാത്തതുകൊണ്ടാ... വേണ്ടാന്നുപറയല്ലേ ടോമിച്ചാ എന്നെ... ഈ ജീവിതകാലം മുഴുവൻ ടോമിച്ചൻ പറയുന്നതുപോലെ ജീവിച്ചോളാം ഞാൻ.. ടോമിച്ചന്റെ ഭാര്യ എന്ന പദവി മാത്രം മതി ഈ മാളുവിന്..." കണ്ണീരോടെയുള്ള വാക്കുകൾക്കൊപ്പം അവളുടെ കൈകൾ ടോമിച്ചനെ ശക്തിയായി ഇറുക്കിപ്പുണർന്നു..

എന്തോ അവളെ കൈകളാൽ ചുറ്റിവരിയാനോ അടർത്തിമാറ്റാനോ ആ കൈകൾ ഉയർന്നില്ല... ഒരു ശിലകണക്കെ അവൻ നിന്നു.. മനസ്സിൽ ഉടലെടുത്ത രണ്ടുചേരികൾ തമ്മിലുള്ള ഇടിമുഴക്കത്തിന്റെ പ്രതിഫലനമെന്നോണം അവന്റെ കണ്ണുകളിൽ മഴ പെയ്യാൻ തുടങ്ങി....

കാറിൽ പുറകിലെ സീറ്റിലേക്ക് ചാരി കണ്ണുകൾ അടച്ചു മ്ലാനമായ മുഖഭാവത്തോടെ ഇരിക്കുകയായിരുന്നു രാധിക.. രാവിലെ റെക്കോഡിങ് കഴിഞ്ഞു വരുന്ന വഴിയാണ്.. ഹൈവേയിലൂടെ വേഗത്തിലാണ് വണ്ടി പായുന്നത്.. പിന്നെ ഡ്രൈവിംഗ് സീറ്റിൽ

ശങ്കരേട്ടനായതുകൊണ്ടു ഒന്നും നോക്കാനില്ല.. ഡ്രൈവിങ്ങിൽ പുള്ളി ഒരു പുലിയാണ്.. വിഷമങ്ങൾ മാത്രമാണ് മനസിലും ചുറ്റിലും എങ്കിലും ഈ യാത്രയിൽ അല്പം ആശ്വാസം തോന്നി രാധികക്കു... കാരണം ഈ യാത്രയിൽ അമ്മ വന്നിട്ടില്ല.. രണ്ടു ദിവസമായി നല്ല പനിയാണ്..

"എന്താ കുഞ്ഞേ.. മായക്കത്തിലാണോ.." ശങ്കരേട്ടന്റെ ചോദ്യം കാതിൽ പതിച്ചപ്പോ രാധിക കണ്ണുകൾ പതിയെ തുറന്നു.. മിററിലൂടെ ശങ്കരേട്ടൻ തന്നെ നോക്കുന്നത് അവൾ കണ്ടു..

"ഇല്ല ശങ്കരേട്ട... നിക്ക് ഉറക്കൊന്നും വരില്യ ഇപ്പൊ.. ചുമ്മാ കണ്ണടച്ച് കിടന്നതാ..." അവൾ മിററിലൂടെത്തന്നെ ഒരു പുഞ്ചിരിയും സമ്മാനിച്ചു പറഞ്ഞു.

"കുഞ്ഞിന്റെ മുഖത്ത് ആകെ മൂടലാണല്ലോ... അമ്മയില്ലാതെന്റെ സങ്കടമാണോ.." അത് ചോദിക്കുമ്പോൾ ശങ്കരേട്ടന്റെ മുഖത്തെ പുഞ്ചിരി അവൾ ശ്രദ്ധിച്ചു..

"ന്നെ ആക്കിപറഞ്ഞതാലെ ശങ്കരേട്ടാ.."

"ഹ..ഹ.. പിന്നല്ലാതെ... അല്ലേലും മൂടിയ മാനംപോലെയാ കുഞ്ഞിന്റെ മുഖം എപ്പോഴും.. ഈ അമ്മയില്ലാത്ത സമയത്തെങ്കിലും ഇച്ചിരി സന്തോഷത്തോടെ ഇരിക്കെന്റെ കുഞ്ഞേ... ഇതുപോലുള്ള സമയത്തല്ലേ കുഞ്ഞിനോട് എനിക്കൊക്കെ എന്തേലും മിണ്ടിയും പറഞ്ഞും ഇരിക്കാൻ പറ്റൂ..." ശങ്കരേട്ടൻ ചിരിച്ചുകൊണ്ട് പറഞ്ഞു..

"എങ്ങന്യാ സന്തോഷിക്യ ശങ്കരേട്ടാ.. സന്തോഷോന്നും ന്റെ ജീവിതത്തിൽ വിധിച്ചിട്ടില്യ എന്ന് തോന്നണു.. ശങ്കരേട്ടനറിയില്ലേ അമ്മയെ... ഇപ്പൊ അല്പം ആശ്വാസം തോന്നണുണ്ട് നിക്ക് കൂടെ അമ്മ വരാതോണ്ടു.. പക്ഷെ സന്തോഷിക്കാനുള്ളതൊന്നും ന്റെ മനസിലില്യ ശങ്കരേട്ടാ.. " അവൾ അലസമായി പറഞ്ഞു..

"മോളോട് ശങ്കരേട്ടൻ കുറച്ചുകാര്യങ്ങൾ പറയണം എന്ന് വിചാരിച്ചിരുന്നു.. എപ്പോഴും ശാരദ മാഡം ഉണ്ടാവുമല്ലോ.. അതുകൊണ്ടു പറയാൻ പറ്റാത്തതാ.. ഞാനിവിടെ ഡ്രൈവറായി വന്നിട്ട് ഇപ്പൊ പത്തു മാസത്തോളമേ ആയുള്ളൂ എങ്കിലും കുറച്ചൊക്കെ മോളെ ശങ്കരേട്ടന് അറിയാം.. പിന്നെ യാത്രക്കിടയിലൊക്കെ മോളോട് അമ്മ ദേഷ്യപ്പെടുന്നതും ഭീഷണിപ്പെടുത്തുന്നതും ഒക്കെ ശങ്കരേട്ടൻ കേക്കാറുള്ളതല്ലേ.. എന്തിനാ മോളെ ആ സ്ത്രീയെ ഇത്രേം ഇങ്ങനെ പേടിക്കുന്നത്.. മോൾടെ സ്വന്തം അമ്മയൊന്നുമല്ലല്ലോ... പിന്നെ ജന്മം കൊണ്ടല്ല മോളെ ഒരു സ്ത്രീ അമ്മയാകുന്നത്... കർമ്മം കൊണ്ടാ... ഇവിടെ മോള് അമ്മ എന്ന് വിളിക്കുന്ന ആ സ്ത്രീ ജന്മം കൊണ്ടും കർമം കൊണ്ടും മോൾടെ അമ്മയല്ല.. ശങ്കരേട്ടനൊക്കെ വെറും ജോലിക്കാര് മാത്രമാ.. ഞങ്ങൾക്കൊക്കെ അനുസരിക്കുകയെ നിവർത്തിയുള്ളു.. പക്ഷെ ഇതൊക്കെ .. ഈ സൗകര്യങ്ങളൊക്കെ മോൾടെ അദ്ധ്വാനത്തിന്റെ ഫലമാ.. ശരിക്കും മോൾടെ വാക്കാണ് ഞങ്ങളൊക്കെ കേക്കേണ്ടതു.. പക്ഷെ ആ മോളുപോലും ആ സ്ത്രീയെ ഇങ്ങനെ പേടിക്കുമ്പോൾ ഞങ്ങളൊക്കെ നിസഹായരാണ് മോളെ.." അയാൾ പറഞ്ഞു നിർത്തി..

"നിക്കറിയില്ല ശങ്കരേട്ടാ... പേടിയാ നിക്ക് അമ്മയെ.. അച്ഛൻ തളർന്നു കിടക്കാൻ തുടങ്ങിയപ്പോ മുതൽ ദ്രോഹിക്കണതാ ന്നെ.. ചെറുപ്പത്തിൽ തീക്കൊള്ളി കൊണ്ടെന്നെ

എറിഞ്ഞിട്ടുണ്ട്.. കഞ്ഞിത്തവികൊണ്ടൊക്കെ തുട പൊട്ടണവരെ അടിക്കും.. അന്നൊക്കെ ഉറക്കത്തിൽ അമ്മയെ സ്വപ്നം കണ്ടു പേടിച്ചെഴുന്നേറ്റിട്ടുണ്ട് ഞാൻ.. നിക്ക് അമ്മയെ എതിർക്കാൻ കഴിയണില്യ ശങ്കരേട്ടാ.. അമ്മ പറയണപോലെ അച്ഛനെ എങ്ങാനും എന്തേലും ചെയ്താലോ.. ചിലപ്പോഴൊക്കെ ശങ്കരേട്ടനും കേക്കാറുള്ളതല്ലേ പറേണെ.."

"ഹ...ഹ..ഹ.." അവളുടെ വാക്കുകൾക്കു ഒരു ചിരിയാണ് മറുപടിയായി വന്നത്... "എന്തൊക്കെയാ മോളെ ഈ പറയുന്നത്.. മോളിന്നു ആരാ എന്ന് മോൾക്കറിയുമോ.. ഈ നാട്ടിലെ ജനങ്ങളെല്ലാം നെഞ്ചിലേറ്റിയ ഇന്ന് ഏറ്റവും അറിയപ്പെടുന്ന പാട്ടുകാരിയാ.. മോള് പറയുന്നതും ചെയ്യുന്നതും ഒക്കെ ഇന്ന് വാർത്തയാ.. മോളുടെ ഓരോ വാക്കുകൾക്കും ഈ സമൂഹം ചെവി കൊടുക്കും.. അങ്ങനെയുള്ള മോൾടെ അച്ഛനെയൊക്കെ അങ്ങ് ഇല്ലാണ്ടാക്കും എന്നൊക്കെ പറയുമ്പോ അതൊക്കെ കേട്ട് മോള് പേടിച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്നറിയാമോ... മോള് അത്രയ്ക്ക് പാവമായതുകൊണ്ടാ.. മോൾടെ മനസ് അത്രയ്ക്ക് നിഷ്കളങ്കമായതുകൊണ്ടാ... ഇത്രേം പാവമാകാരുത് മോളെ.. ഒരല്പം ധൈര്യം മോള് കാണിച്ച മതി.. മോൾടെ ജീവിതം അവിടെ മാറാൻ തുടങ്ങും.. ശങ്കരേട്ടനാ പറയുന്നേ.. മോൾടെ കണ്ണീരൊക്കെ എന്നും കാണുമ്പോ ശങ്കരേട്ടന് വിഷമം തോന്നാറുണ്ട്.. അതുകൊണ്ടു പറയുന്നതാ.." ശങ്കരൻ അത് പറയുമ്പോൾ ആ വാക്കുകളിൽ അവളോടുള്ള വാത്സല്യം തുളുമ്പി നിന്നിരുന്നു.. അയാൾ തിരിഞ്ഞു രാധികയെ ഒന്ന് നോക്കി.. അവൾ വീണ്ടും സീറ്റിലേക്ക് ചാരി നിർവികാരതയോടെ ഇരിക്കുകയാണ്..

"ശങ്കരേട്ടാ.." പെട്ടെന്ന് രാധിക നേരെ ഇരുന്നു ശങ്കരേട്ടനെ വിളിച്ചു..

"എന്താ മോളെ.."?

"പോവണ്ടത് വീട്ടിലേക്കല്ല.. നമ്മുടെ രാഘവൻ മാസ്റ്ററുടെ ഗസ്റ്റ് ഹൌസ്സിലേക്കാ.. മാസ്റ്റർ വിളിച്ചിരുന്നു... ഇന്ന് ഇവിടെ ഉണ്ടാകുമെന്ന് പറഞ്ഞിരുന്നു.. ന്നോട് ഒന്ന് ചെല്ലണം എന്നും പറഞ്ഞിരുന്നു.. അങ്ങോട്ട് പൊക്കോളൂ.." അവൾ പതിയെ പറഞ്ഞു..

"ശരി മോളെ.." ശങ്കരൻ അതും പറഞ്ഞു ഡ്രൈവിങ്ങിൽ ശ്രദ്ധ കേന്ദ്രീകരിച്ചു..

ഒന്നര മണിക്കൂര് യാത്രചെയ്ത് അവർ രാഘവൻ മാസ്റ്ററുടെ ഗസ്റ്റ് ഹൌസിൽ എത്തിച്ചേർന്നു.. മനോഹരമായ ഒരു ചെറിയ വീട്.. ഭംഗിയാർന്ന ഗാർഡനും അതിൽ മനോഹരമായി നട്ടുപിടിപ്പിച്ചിരിക്കുന്ന പലയിനം ചെടികളും എല്ലാം ആ വീട് മനോഹരമാക്കുന്നു.. മുന്നിലെ കാർപോർച്ചിൽ വണ്ടി നിന്നപ്പോൾ രാധിക വണ്ടിയിൽ നിന്നും ഇറങ്ങി.. മുന്നിലെ കതക് തുറന്നുകിടക്കുകയാണ്.. ആരെയും കാണുന്നില്ല.. ഒരച്ഛന്റെ സ്നേഹം തരുന്ന രാഘവൻ മാസ്റ്ററുടെ മുന്നിൽ അവൾ ഒരു കൊച്ചുകുട്ടിയെപോലെ ആയിരുന്നു.. മാസ്റ്ററെ ഒന്ന് പേടിപ്പിക്കാം എന്ന ഉദ്ദേശത്തോടെ അവൾ പതിയെ ശബ്ദമുണ്ടാക്കാതെ അകത്തേക്ക് ചുവടുകൾ വെച്ചു.. ഹാളിൽ എത്തിയപ്പോൾ ആരോ സംസാരിക്കുന്ന ശബ്ദം കേൾക്കുന്നുണ്ട്.. അവൾ അത് ശ്രദ്ധിച്ചു.. സംസാരിക്കുന്നത് മനസിലാകുന്നില്ലെങ്കിലും അത് മാസ്റ്റർ ഫോണിൽ സംസാരിക്കുന്നതാണെന്നു അവൾക്കു മനസിലായി.. അവൾ പതിയെ അങ്ങോട്ട് ചുവടുകൾ വെച്ചു..

കുറച്ചുകൂടി മുന്നോട്ടുനിറങ്ങിയപ്പോൾ സംസാരിക്കുന്നത് ശരിക്കും കേൾക്കാം എന്നായി.. അവൾ അത് ശ്രദ്ധിച്ചു..

"എന്നിട്ടു അമ്മക്കിപ്പോ എങ്ങനെയുണ്ട്.. ഞാൻ വരുന്നുണ്ട് നിന്നെയൊന്നു കാണാൻ.." അല്പം ദേഷ്യത്തോടെയുള്ള മാസ്റ്ററുടെ വാക്കുകൾ..

"ടോമിച്ചാ... നല്ല അടിയാ നിനക്ക് തരേണ്ടതു.. ഇത്രേം ഒക്കെ പ്രശ്നങ്ങൾ അവിടെ ഉണ്ടായപ്പോൾ ഞാനതു വല്ലവരും പറഞ്ഞാണോ അറിയേണ്ടത്.. കാശിന് ഇത്രേയൊക്കെ ബുദ്ധിമുട്ടുണ്ടായപ്പോൾ എന്നെ ഒന്ന് വിളിക്കാമായിരുന്നല്ലോ നിനക്ക്.. ഞാൻ നിന്നെ ഒരു മോനെപോലെയാ കണ്ടിരുന്നെ.."

മസ്റ്ററുടെവാക്കുകൾ രാധികയുടെ കാതുകളിൽ അലയടിച്ചപ്പോൾ അവളുടെ അധരങ്ങൾ അറിയാതെ മന്ത്രിച്ചു.. "ടോമിച്ചൻ".. പക്ഷെ ഇത്... അവൾ പിന്നെയും ശ്രദ്ധിച്ചു..

"എന്നിട്ടു... രാധികയോട് ചോദിക്കാൻ പാടില്ലായിരുന്നൊ നിനക്ക്... അതേങ്ങനെയാ... മനസ്സിൽ ദുരഭിമാനവും കേറ്റി വെച്ചിരിക്കുവല്ലേ ലെ.." അല്പസമയം പിന്നെ മൗനം..

രാധിക ആകെ ഷോക്കേറ്റപോലെ ആയി.. ഉറപ്പാണ്.. ഇപ്പോൾ സംസാരിക്കുന്നത് തന്റെ ഇച്ഛായനോടാണ്... അപ്പോ രാഘവൻ മാസ്റ്റർക്ക് ഇച്ഛായനെ അറിയാമോ... അപ്പൊ.. അവളുടെ മനസ്സിൽ ഒരായിരം ചോദ്യങ്ങൾ ഉയർന്നു..

വീണ്ടും മാസ്റ്ററുടെ ശബ്ദമുയർന്നു.. "അത് ശരിയാ... അവരൊരു വല്ലാത്ത സ്ത്രീയാ.. മ്.. എന്തായാലും നടന്നത് നടന്നു.. ഇപ്പൊ കുഴപ്പമൊന്നുമില്ലല്ലോ.. പിന്നെ രാധിക ഇന്ന് ഇങ്ങോട്ടു വരും.. ഞാൻ പറഞ്ഞിരുന്നു അവളോട്.. പിന്നെ ആ കാര്യത്തിൽ നന്ദിയുണ്ട് നിന്നോട് എനിക്ക്.. എനിക്ക് ഇങ്ങനെയൊരു മോളെയും കൂടി തന്നതിന്.. സത്യം പറഞ്ഞാ ആ സ്ത്രീ ഇല്ലായിരുന്നേൽ ഞാൻ അവളെ സ്വന്തം മോളായി കൂടെ കൂട്ടിയേനെ.. ശരി എന്നാ.. ഞാൻ നേരിൽ വന്നു തരാം ബാക്കി.. " രാഘവൻ മാസ്റ്ററുടെ സ്വരം നിന്നു..

രാധികയുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി.. അതെ.. തനിക്കു പാടാൻ അവസാരമുണ്ടാക്കിയതും വീട്ടിലേക്കു മാസ്റ്ററെ അയച്ചതും ഒക്കെ ന്റെ ഇച്ഛായനാ.. ആ ഇച്ഛായനെ ഞാൻ എത്രമാത്രം വിഷമിപ്പിച്ചു.. അവളുടെ ഉള്ളു നീറിപ്പുകയുന്നതുപോലെ തോന്നി..

പെട്ടെന്ന് കതക് തുറന്നു രാഘവൻ മാസ്റ്റർ പുറത്തേക്കുവന്നു.. മുന്നിൽ നിൽക്കുന്ന രാധികയെ കണ്ടപ്പോൾ ആദ്യം അദ്ദേഹം ഒന്നമ്പരന്നു.. പെട്ടെന്ന് മുഖത്തൊരു പുഞ്ചിരി വരുത്തി അദ്ദേഹം അവളുടെ അടുത്തേക്ക് നടന്നു..

പക്ഷെ അവളുടെ മുഖഭാവം അദ്ദേഹം ശ്രദ്ധിച്ചിരുന്നു.. കണ്ണുകൾ നിറഞ്ഞിട്ടുണ്ട്.. മുഖത്ത് സങ്കടം അലതല്ലിനിപ്പുണ്ട്... താൻ ഫോണിൽ സംസാരിച്ചത് ടോമിച്ചനോടാണെന്നു ഇവൾ കേട്ടിരിക്കുന്നു.. പറഞ്ഞതെല്ലാം അവൾ മനസ്സിലാക്കിയിരിക്കുന്നു എന്ന കാര്യത്തിൽ അദ്ദേഹത്തിന് തീർച്ചയായി..

"മോളെ... എന്താ മുഖം വാല്ലാണ്ടിരിക്കുന്നെ.." അദ്ദേഹത്തിന്റെ ചോദ്യത്തിന് അവൾ ഓടിവന്നു അദ്ദേഹത്തിന്റെ മാറിൽ തലച്ചായിച്ചു കിടന്നു.. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു... അയാൾ വാത്സല്യപൂർവം അവളുടെ മുടിയിഴകളിൽ തലോടി.. ആ കരങ്ങൾക്കൊണ്ടു അവൾക്കല്പം ആശ്വാസം പകരാൻ അദ്ദേഹം ശ്രമിച്ചു.

"ന്നെ മോളെപോലെയാ കാണുന്നത് എന്നല്ലേ പറഞ്ഞെ.. അങ്ങാനാണേൽ ന്നോട് എല്ലാം പറ.. ടോമിച്ചനാണോ മാസ്റ്ററെ എന്റടുത്തേക്കയച്ചത്.. ന്റെ ഇഛായന് ന്താ ഇപ്പൊ പ്രശ്നം..?" കണ്ണീരോടെയുള്ള ചോദ്യങ്ങൾ അദ്ദേഹത്തോടായി ഉയർന്നു..

"മ്.. അതെ മോളെ... ടോമിച്ചനെ എനിക്ക് നേരെത്തെ അറിയാം.. മോൾടെ വിഷമങ്ങൾ കണ്ടു മോൾക്ക് പാടാൻ ഒരവസരം കൊടുക്കണം എന്ന് അവനാ എന്നോട് പറഞ്ഞത്.. അവൻ പറഞ്ഞിട്ടാ ഞാൻ മോൾടെ വീട്ടിലേക്കു വന്നത്.. അന്ന് വന്നപ്പോൾ അവനും കൂടെ വന്നായിരുന്നു.. പക്ഷെ വീട്ടിലേക്കു വന്നില്ലന്നേയുള്ളൂ..." അവൾ അദ്ദേഹത്തിന്റെ വാക്കുകൾകേട്ടു വിങ്ങിപൊട്ടിക്കൊണ്ടിരുന്നു... അതെ താൻ അവഗണിച്ചു ഒഴിവാക്കിയപ്പോഴും തന്റെ പ്രശ്നങ്ങളിൽ താൻപോലുമാറിയാതെ തന്നെ സഹായിക്കുകയായിരുന്നു തന്റെ ഇച്ഛായൻ.. "ന്റെ കണ്ണാ" അവൾ അറിയാതെ പറഞ്ഞുപോയി..

"എയ്... മോള് കരയല്ലേ.. അവൻ ഒരു നിമിത്തമായെന്നെ ഉള്ളു.. മോൾടെ കഴിവ് അത്രയ്ക്കുണ്ട്.. ആ കഴിവാണ് മോൾക്ക് ഇന്ന് ഈ നിലയിലെത്താൻ അവസരമൊരുക്കിയത്.." അദ്ദേഹം അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു..

അതൊന്നും അവൾക്കാശ്വാസമായില്ല.. അവൾ വിതുമ്പിക്കൊണ്ടിരുന്നു..

"ഇപ്പൊ ഇച്ഛായന് ന്താ പ്രശ്നം.. നിക്കതറിയണം.." അവൾ വീണ്ടും ചോതിച്ചു..

"മോളെ അത്.. അവന്റെ അമ്മ ഹോസ്പിറ്റലിൽ ആയിരുന്നു.. കൂടാതെ ബസിനെസ്സെല്ലാം തകർന്നു വീടെല്ലാം നഷ്ടപെട്ടിരുന്നല്ലോ.. അപ്പൊ പെട്ടെന്ന് അമ്മക്ക് ഓപ്പറേഷൻ വേണ്ടിവന്നു.. അതിനു ഒരു മൂന്നു ലക്ഷം രൂപയെങ്ങാണ്ട് കെട്ടിവെക്കണമായിരുന്നു.. അതിനുള്ള ഓട്ടത്തിലായിരുന്നു അവൻ.. എന്നോടും ഇത് അവൻ പറഞ്ഞില്ല.. " അദ്ദേഹം അത് പറഞ്ഞപ്പോൾ രാധിക തോളില്നിന്നും തലയുയർത്തി അദ്ദേഹത്തെ നോക്കി.. ആ കണ്ണുകളിൽ സങ്കടത്തിന്റെ ഒരു വലിയ സുനാമി അലയടിക്കാൻ തുടങ്ങുന്നതുപോലെ.. അവൾ അവിശ്വാസനീയതയോടെ അദ്ദേഹത്തെ നോക്കി..

"ഇച്ഛായന്റെ അമ്മ ഹോസ്പിറ്റലിൽ ആയിരുന്നോ.. അപ്പൊ അതിനു വേണ്ടിയാണോ ഇഛായൻ പണത്തിനു ഓടിനടന്നതു.. ന്റെ കണ്ണാ.. ന്തൊക്കെയാ ഞാനീ കേക്കണേ.. ഈ ഒരവസ്ഥയിലും നിക്ക് ന്റെ ഇച്ഛായനെ സഹായിക്കാൻ കഴിഞ്ഞില്ല്യ.." അവൾ വീണ്ടും ഏങ്ങലടിച്ചു കരയാൻ തുടങ്ങി..

"മോള് കരയാതെ.. ഇപ്പൊ അവന്റെ അമ്മക്ക് കുഴപ്പമൊന്നുമില്ല.. എല്ലാം ശരിയായി.. ഇപ്പൊ വീട്ടിലാ.." അദ്ദേഹം അത് പറഞ്ഞെങ്കിലും അവൾ കരഞ്ഞുകൊണ്ടിരുന്നു....

അദ്ദേഹം അവളെ പിടിച്ചു ഒരു സോഫയിൽ ഇരുത്തി..

"മോളിവിടിരിക്കു.. ഞാൻ പോയി കുടിക്കാൻ വല്ലോം കൊണ്ടുവരാം.. " അതും പറഞ്ഞു അവളെ അവിടെ ഇരുത്തി അദ്ദേഹം അകത്തേക്ക് നടന്നു.. കുറച്ചുകഴിഞ്ഞപ്പോൾ അദ്ദേഹം രണ്ടുഗ്ലാസ്സിൽ ജ്യൂസുമായി വന്നു.. നിർബന്ധപൂർവ്വം അദ്ദേഹം അവളെക്കൊണ്ടു അത് കുടിപ്പിച്ചു.. പിന്നേം അവളാ സോഫായിലേക്കു ചാഞ്ഞിരുന്നു.. ഒന്നും മിണ്ടാനാവാതെ.. അദ്ദേഹവും അവളെ ശല്യപ്പെടുത്താൻ പോയില്ല.. കുറച്ചുനേരം അങ്ങനെ ഇരിക്കട്ടെ എന്ന് ചിന്തിച്ചു.. കുറച്ചു സമായത്തിനുശേഷം അവൾ ഒന്ന് നോര്മലായി എന്ന് തോന്നിയപ്പോൾ മാസ്റ്റർ അവളുടെ അടുത്തേക്ക് വന്നു.. കയ്യിൽ ഒരു ചെക്ക് ഉണ്ടായിരുന്നു..

"മോളേ എഴുന്നേൽക്കു... എല്ലാം ശരിയാവും.. ഒക്കെ നല്ലതിനാണെന്നു ചിന്തിച്ചാൽ മതി.. " അവൾ ശിരസുയർത്തി അദ്ദേഹത്തെ നോക്കി..

അദ്ദേഹം ആ ചെക്ക് അവളുടെ കയ്യിൽ കൊടുത്തു.. " അവസാനത്തെ പടത്തിന്റെ പ്രൊഡ്യൂസർ തരാൻ ഏല്പിച്ചതാ മോൾക്ക്.. അന്ന് കാശിന്റെ ടൈട് കാരണം തരാൻ കഴിഞ്ഞില്ലല്ലോ.. പിന്നെ ഇത് അമ്മ അറിയണ്ട.. മോള് തന്നെ വെച്ചാ മതി.. ഇനി ആവശ്യമില്ലാത്തതൊന്നും ചിന്തിച്ചിരിക്കരുത്.. എല്ലാം ശരിയാവും.."

രാധിക അദ്ദേഹത്തെ കലങ്ങിയ കണ്ണുകളോടെ നോക്കി.. എന്നിട്ടു ഒന്നും മിണ്ടാതെ തിരികെ നടന്നു..

കാറിൽ ഇരിക്കുമ്പോഴും അദ്ദേഹം പറഞ്ഞ വാക്കുകളായിരുന്നു അവളുടെ മനസ്സിൽ.. തന്റെ ഇചരായൻ.. എല്ലാം നഷ്ടപ്പെട്ട് ഏറ്റവും സഹായം ആവശ്യമായ സമായതുപോലും തനിക്കു ഇച്ചായനെ സഹായിക്കാൻ കഴിഞ്ഞില്ലല്ലോ എന്നോർത്തപ്പോൾ അവളുടെ ഉള്ളം നീറുകയായിരുന്നു.. പെട്ടെന്ന് അവൾ കയ്യിൽ പിടിച്ചിരുന്ന ചെക്കിലേക്കു നോക്കി.. ഒരു ലക്ഷം രൂപയുടേതാണ്... പെട്ടെന്ന് അവൾ എന്തോ ഓർത്തെന്നപോലെ ശാങ്കരേട്ടനെ വിളിച്ചു..

"എന്താ കുഞ്ഞേ.. "

"ശങ്കരേട്ടാ.. നിക്ക് ഗീവര്ഗീസ് അച്ഛനെ ഒന്ന് കാണണം.. വണ്ടി പള്ളിയിലേക്ക് വിടു.."

"എന്താ കുഞ്ഞേ.. അവിടുന്ന് ഇറങ്ങിയപ്പോൾ മുതൽ ഞാൻ ശ്രദ്ധിക്കുന്നതാ.. എന്താ മോൾക്ക് വല്ലാത്ത വിഷമം പോലെ.. മോള് കരയുവായിരുന്നോ.. മുഖം കണ്ടാൽ അങ്ങാനാ തോന്നുന്നേ.. " അയാൾ സൗമ്യമായി ചോതിച്ചു..

"സങ്കടത്തിനുമേൽ സങ്കടങ്ങൾ.. നിക്കറിയില്ല ശങ്കരേട്ടാ ഞാനെന്താ ഇങ്ങനെന്നു.." അവൾ ഒന്ന് പുഞ്ചിരിച്ചു മറുപടിപറഞ്ഞു..

പിന്നെ ശങ്കരൻ ഒന്നും പറഞ്ഞില്ല..

കാറിൽ നിന്നിറങ്ങി രാധിക പള്ളിമേടയിലേക്കു നടന്നു.. മുന്നിലെ ചെടികളിൽ വെള്ളം നനക്കുകയായിരുന്നു അച്ഛൻ.. നടന്നുവരുന്ന രാധികയെ കണ്ടപ്പോൾ അദ്ദേഹം

മനസ്സറിഞ്ഞു ഒന്ന് പുഞ്ചിരിച്ചു.. അതിൽ വാത്സല്യവും അവളോടുള്ള സ്നേഹവും നിറഞ്ഞുനിന്നിരുന്നു..

"ആരാ ഇത്.. രാധിക മോളോ.. എന്നാടി ഉവ്വെ.. നിനക്കിങ്ങോട്ടു വല്ലോപ്പോഴുമൊക്കെ ഇറങ്ങിക്കൂടെ.." അദ്ദേഹം അത് പുഞ്ചിരിയോടെ പറഞ്ഞപ്പോഴേക്കും രാധിക അച്ഛന്റെ കാലിൽ വീണു നമസ്കരിച്ചിരുന്നു..

"എന്നാടീ പെണ്ണേ ഇത്.. എഴുന്നേറ്റെ.. മനുഷ്യരെല്ലാം തുല്യരാ... തമ്പുരാന്റെമുന്നിൽ എല്ലാവര്ക്കും ഒരേ വിലയാ.. അപ്പൊ ഒരാൾ മറ്റൊരാളുടെ കാലൊക്കെ പിടിക്കുന്നത് ശരിയല്ല... " അദ്ദേഹം അവളുടെ തോളുകളിൽ പിടിച്ചുയർത്തിക്കൊണ്ടു പറഞ്ഞു..

"വാ.. അകത്തേക്ക് കയറു.. ഇരുന്നു സംസാരിക്കാം.. നിന്നെ ഇങ്ങനെ ആരേലും കണ്ടാൽ ആൾക്കാർ ഓടിക്കൂടും.. സെലിബ്രെറ്റി അല്ലേ.." അദ്ദേഹം അതും പറഞ്ഞു മുന്നേ നടന്നു.. പള്ളിയിൽ... "ദേവസ്യാ..." അച്ഛൻ പള്ളിയിലേക്ക് നോക്കി വിളിച്ചു..

"എന്താ അച്ചോ.." എന്ന് ചോതിച്ചുകൊണ്ടു ഒരു 50 വയസു തോന്നിക്കുന്ന ഒരാൾ പള്ളിയിൽ നിന്നും ഇറങ്ങിവന്നു..

"അന്നാമ്മ എവിടെ.. അവളോട് രണ്ടടിപൊളി ചായ ഇടാൻ പറ.. ഇന്നൊരു സ്പെഷ്യൽ ഗസ്റ്റ് ഉണ്ട്.. ദേവസ്യാക്കു അറിയില്ലയോ ആളെ.." അദ്ദേഹം രാധികയെ കാണിച്ചു ചോതിച്ചു..

"അച്ഛൻ എന്നാ വർത്താനമാ ഈ പറയുന്നേ.. നമ്മുടെ നാട്ടിലെ പാട്ടുകാരിയല്ലയോ.. അറിയാണ്ടിരിക്കുവോ... ഞാൻ ചായ എടുക്കാൻ പറയാം.. "അയാൾ രാധികയെ നോക്കി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.. രാധികയും തിരിച്ചു പുഞ്ചിരിച്ചു..

"നിനക്കറിയില്ലായോ പുള്ളിയെ.. ഇവിടുത്തെ കപ്യാരു.. അന്നാമ്മ അയാളുടെ കെട്യോളാ.." അകത്തെക്കുകയറുന്നതിനിടയിൽ അച്ഛൻ പറഞ്ഞു..

"ഞാൻ കണ്ടിട്ടുണ്ട് അച്ചോ.."

"എന്നാടി പെണ്ണേ.. നിന്റെ മുഖത്തിനൊരു വാട്ടം.. നീ കരഞ്ഞോ...?" അച്ഛൻ കസേരയിൽ ഇരിക്കുന്നതിനിടയിൽ ചോതിച്ചു..

"നിക്കൊന്നൂല്യ അച്ചോ.. അച്ഛന് തോന്നണതായിരിക്കും.." അവൾ അച്ഛനെ നോക്കാതെയാണ് അത് പറഞ്ഞത്..

"തോന്നലൊന്നുമല്ല... എനിക്കറിയില്ലേ നിന്നെ.. ആ പോട്ടെ.. എന്നാ ഉണ്ട് നിനക്ക്.. അത് പറ.."

"നിക്ക് സുഖം തന്യ അച്ചോ.. പിന്നെ അച്ഛൻ ക്ഷമിക്കണം.. നിക്കൊന്നു കാണാൻവരാൻകൂടി പറ്റിയില്യ.. " അവൾ വിഷമത്തോടെ പറഞ്ഞു..

"അതൊന്നും സാരമില്ല.. എനിക്കറിയില്ലയോ മോൾടെ തിരക്കൊക്കെ.. അമ്മ ഇപ്പൊ പഴയപോലെ തന്നെയാണോ.."

അവൾ അതിനു മറുപടി പറയാതെ തല കുമ്പിട്ടു നിക്കുകയാണ് ചെയ്തത്..

"സാരമില്ല മോളെ.. എല്ലാത്തിനും തമ്പുരാൻ ഒരു തീരുമാനമുണ്ടാക്കിതരും.. "

"അച്ചോ.. നിക്കറിയില്ല്യ അച്ഛനോടൊക്കെ എങ്ങന്യാ നന്ദി പറയാന്നു.. അച്ഛൻ ഒരുപാട് ന്നെ സഹായിച്ചിട്ടുണ്ട്.. എല്ലാം നഷ്ടപ്പെട്ടപ്പോഴും വീട്ടിൽ അച്ഛന് മരുന്നുപോലും മേടിക്കാൻ കഴിയാത്തപ്പോഴും അച്ഛൻ സഹായിച്ചതുകൊണ്ടാ നിക്ക് പിടിച്ചുനിക്കാൻ കഴിഞ്ഞേ.. അതിനൊന്നും തിരിച്ചുചെയ്യാൻ നിക്ക് സാധിച്ചിട്ടില്ല്യ... " അവൾ അതും പറഞ്ഞു കയ്യിലെ പേഴ്സ് തുറന്നു അതിൽ വെച്ചിരുന്ന ചെക്ക് എടുത്തു അച്ഛനുനേരെ നീട്ടി..
"അച്ഛൻ ഇത് വാങ്ങണം.. ന്നെപോലെ കുറച്ചുപേരെങ്കിലും അച്ഛന്റെ തണലിൽ ജീവിക്കുന്നുണ്ട്.. അവർക്കു ഉപകാരപ്പെടും... " അവൾ കണ്ണുകൾ നിറഞ്ഞാണു അത് പറഞ്ഞത്..

"മോൾടെ നല്ല മനസിന് ദൈവം കൂടെയുണ്ടാകും.. പിന്നെ മോൾക്ക് എന്നാൽ കഴിയുന്നപോലെ ഞാൻ സഹായം ചെയ്തിട്ടുണ്ട് എന്ന് പറഞ്ഞത് നേരാ.."

അച്ഛൻ അത് പറഞ്ഞു മുഴുമിപ്പിക്കുന്നതിനു മുന്നേ റൂമിനു മുന്നിൽ ദേവസ്യാ രണ്ടു ഗ്ലാസിൽ ചായയുമായി വന്നു..

"ആ ദേവസ്യാ.. ഈ ടേബിളിൽ വെച്ചോളൂ.." അച്ഛൻ പറഞ്ഞപ്പോൾ അയാൾ പുഞ്ചിരിയോടെ അകത്തേക്കുവന്നു ടേബിളിൽ ചായ വെച്ചു...

"ദേവസ്യാ.. നമ്മുക്ക് പള്ളിയുടെ ജൂബിലി ആഘോഷത്തിന് ഇവളെ ഗസ്റ്റ് ആയിട്ട് വിളിക്കാം അല്ലെ.." അച്ഛൻ ഒരു പുഞ്ചിരിയോടെ ദേവസ്യയെ നോക്കി ചോതിച്ചു..

"പിന്നെന്താ അച്ചോ.. അത് നല്ലൊരു കാര്യമല്ലേ.. എല്ലാർക്കും വല്യ ഇഷ്ടാ ഈ കൊച്ചിനെ.." അയാൾ പുഞ്ചിരിപൂർവം മറുപടി നൽകി.. രാധികയും ഒന്ന് പുഞ്ചിരിച്ചു.. ദേവസ്യ റൂമിനു വെളിയിൽ ഇറങ്ങിയപ്പോൾ അച്ഛൻ വീണ്ടും രാധികയെ നോക്കി..

"ആ.. ഞാൻ എന്താ പറഞ്ഞുവന്നെ.. ആ നിന്നെ സഹായിച്ച കാര്യം.. അതൊക്കെ ഉണ്ട്.. പക്ഷെ അര്ഹതയില്ലാത്ത നന്ദി ഞാൻ സ്വീകരിക്കില്ല.. അന്ന് കുറച്ചു പണം മോളെ എല്പിച്ചു എന്നുള്ളത് നേരാ.. പക്ഷെ അത് മറ്റൊരാൾ മോൾക് തരാൻ എന്നെ എല്പിച്ചതാ.. അതുകൊണ്ടു ആ നന്ദി മനസുകൊണ്ട് അയാൾക്ക് സമർപ്പിച്ചേക്കു.." അച്ഛൻ പറഞ്ഞപ്പോൾ രാധിക അവിശ്വസിനീയതയോടെ അദ്ദേഹത്തെ നോക്കി.. അവളുടെ മനസ്സിൽ തെളിഞ്ഞത് ടോമിച്ചന്റെ മുഖം തന്നെയാണ്.. എങ്കിലും അവൾ അച്ഛന്റെ മുഖത്തേക്ക് നോക്കി..

"മോള് മനസ്സിൽ ചിന്തിക്കുന്ന ആള് തന്നെ.. ടോമിച്ചൻ... അച്ഛന് എല്ലാം അറിയാം.. അവൻ തന്നാൽ നീ വാങ്ങില്ലെന്നും അതുകൊണ്ടു ഞാൻ തന്നെ നിനക്ക് തരണമെന്നും പറഞ്ഞു എന്നെ ഏൽപ്പിക്കുകയായിരുന്നു... അത് നീ ഇപ്പോഴെങ്കിലും അറിയണം എന്ന് തോന്നി..

അതുകൊണ്ടു പറഞ്ഞതാ.." അച്ഛൻ പറഞ്ഞുനിർത്തിയപ്പോൾ രാധികയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നതാണ് കണ്ടതു.. അവൾക്കു എന്തുചെയ്യണമെന്നു അറിയില്ലായിരുന്നു.. അപ്പോൾത്തന്നെ അവളുടെ ഇച്ചായനെ കാണാൻ അവളുടെ മനസ് വെമ്പി.. ആ മാറിൽ മുഖം ചേർക്കാൻ അവൾ കൊതിച്ചു.. ആ സ്നേഹം ഒരിക്കലും നഷ്ടപ്പെടുത്താൻ അവൾക്കു കഴിയുമായിരുന്നില്ല..

രാധിക കണ്ണുകൾ തുടച്ചുകൊണ്ടു കസേരയില്നിന്നും എഴുന്നേറ്റു..

"നിക്ക് ന്റെ ഇച്ചായനെ കാണണം അച്ചോ.." അതും പറഞ്ഞു അവൾ തിരിഞ്ഞു വെളിയിലേക്ക് ഓടി.. അവളുടെ കാലുകൾ വേഗത്തിൽ ചലിച്ചു..

"മോളെ നിക്ക്.. അച്ഛന് ഒരു കാര്യം കൂടി പറയാനുണ്ട്.. " അച്ഛന്റെ വാക്കുകൾ അവൾ കേട്ടില്ല.. അവളുടെ മനസ് ശരീരത്തേക്കാൾ വേഗത്തിൽ പായുകയായിരുന്നു.. കണ്ണുകൾ മറ്റൊന്നും കാണാത്ത അവസ്ഥ.. കാതുകൾ മറ്റൊന്നും കേൾക്കാത്ത സ്ഥിതി.. പുറത്തെത്തി അവൾ വണ്ടിയിൽ കയറിയത് വളരെ പെട്ടെന്നായിരുന്നു... അച്ഛൻ പുറകെവന്നു വിളിച്ചതൊന്നും അവൾ കേട്ടില്ല.. വണ്ടി ആപ്പോഴേക്കും പള്ളിമുറ്റത്തുനിന്നും ഇറങ്ങിയിരുന്നു..

"വീട്ടിലേക്കല്ലേ മോളെ.." ശങ്കരേട്ടന്റെ സ്വരം അവളുടെ കാതുകളിൽ പതിച്ചു.. അവളുടെ ഇച്ചായന്റെ അടുത്തെത്താൻ അവളുടെ മനസ് വെമ്പൽ കൊള്ളുന്നത് അവൾ അറിഞ്ഞു.. പക്ഷെ അതിനുമുമ്പ് തനിക്കു ഒരാളെ കൂടെ കാണാനുണ്ട്...

"പോകേണ്ട വഴി ഞാൻ പറഞ്ഞുതരാം ശങ്കരേട്ടാ.."

വണ്ടി നേരെ ചെന്നുനിന്നത് ഓടിട്ട ഒരു ചെറിയ വീട്ടിലാണ്... മുറ്റത്തു 45 വയസോളം പ്രായമുള്ള ഒരു സ്ത്രീ മുറ്റമടിക്കുന്നുണ്ട്... ഒരു പഴയ നൈറ്റി ആണ് വേഷം.. ഒരു കാർ വെളിയിൽ വന്നു നിന്നപ്പോൾ ആ സ്ത്രീ അമ്പരപ്പോടെ നോക്കി.. ഇതിപ്പോ ആരാണപ്പാ കാറിൽ എന്ന ചിന്തയോടെ നോക്കുന്ന ആ സ്ത്രീയുടെ മുന്നിലേക്ക് രാധിക ഇറങ്ങിച്ചെന്നപ്പോൾ ആ മുഖത്ത് മനോഹരമായ പുഞ്ചിരിയും അത്ഭുതഭാവവും വിടർന്നു.. ചൂല് നിലത്തേക്കെറിഞ്ഞു ആ സ്ത്രീ രാധികയുടെ അടുത്തേക്കോടി വന്നു..

"എന്റെ ഈശോയെ.. ആരാ ഈ നിക്കുന്നെ.. എടീ മരിയെ... ഇങ്ങോട്ടു വാ.. ആരാ വന്നേക്കുന്നെ എന്ന് നോക്ക്.." ആ സ്ത്രീ സന്തോഷത്താൽ മതിമറന്നിരുന്നു..

"എന്നാ മോളെ.. എത്ര കാലമായി ഇങ്ങോട്ടേക്കൊക്കെ വന്നിട്ട്.. " ആ സ്ത്രീ ഓടി രാധികയുടെ കൈകളിൽ പിടിച്ചു .. അപ്പോഴേക്കും മരിയ പുറത്തേക്കു വരികയായിരുന്നു..

"എന്നാ മമ്മി കാറുന്നെ.. ആര് വന്നൂന്നാ.." അതും പറഞ്ഞു മരിയ മുറ്റത്തേക്ക് നോക്കിയപ്പോൾ രാധിക നിറഞ്ഞമിഴികളോടെ നോക്കുന്നതാണ് കണ്ടത്.. പെട്ടെന്ന് മരിയയുടെ ഭാവവും മാറി.. തന്റെ പ്രിയ സ്നേഹിതയെ കാലങ്ങൾ കൂടി കണ്ടപ്പോൾ അവളുടെ കണ്ണുകളും നിറഞ്ഞു.. മരിയ ഓടുകയായിരുന്നു രാധികയുടെ അടുത്തേക്കു.. രണ്ടുപേരും കെട്ടിപ്പുണർന്നു കരഞ്ഞു..

"എന്താടീ.. മറന്നോ നീ എന്നെയൊക്കെ.. എത്ര കാലവായി ഒന്ന് കണ്ടിട്ട്.. " മരിയ അത് പറയുമ്പോൾ രാധിക കൂടുതൽ അവളെ ശരീരത്തോട് ചേർത്തു..

"മ്.. മതി.. നീ അകത്തേക്ക് കയറു.. ആരേലും നിന്നെ കണ്ടാൽ പിന്നെ ഇവിടെ ഒരു സമ്മേളനത്തിന്റെ ആളാവും.. അകത്തേക്ക് വാ.. " അതും പറഞ്ഞു മരിയ രാധികയെ അവളില്നിന്നും അടർത്തിമാറ്റി.. അവളുടെ കൈപിടിച്ച് പെട്ടെന്ന് തന്നെ അവൾ അകത്തു കടന്നു..

അവർ നേരെ നടന്നത് മരിയയുടെ റൂമിലേക്കാണ്.. ഒരു ചെറിയ മുറി... ചെറുതെങ്കിലും വലിയ സൗകര്യങ്ങളില്ലേലും വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു.. മരിയ രാധികയെ പിടിച്ചു കട്ടിലിൽ ഇരുത്തി..

"എടീ പെണ്ണേ.. എത്ര കാലായി നിന്നയൊന്നു ഇങ്ങനെ കണ്ടിട്ട്.. സുഖമാണോ നിനക്ക്.. " മരിയ രാധികയുടെ മുഖം കൈകളിൽ കോരിയെടുത്തു ചോതിച്ചു.. രാധികയുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ അതിനുത്തരമായി ഒഴുകിവരുന്നതാണ് മരിയ കണ്ടത്.. മരിയ രാധികയോട് ചേർന്ന് കട്ടിലിൽ ഇരുന്നു..

"സാരില്ലടി... പോട്ടെ.. നിന്നെ ഞാൻ കുറെ കാണാൻ ശ്രമിച്ചതാ.. പക്ഷെ പറ്റിയില്ല... നിന്റെ ആ തള്ള സമ്മതിച്ചില്ല എന്നതാണ് ശരി.." മരിയ അല്പം ദേഷ്യത്തോടെ പറഞ്ഞു..

"മരിയെ... നിക്ക് ന്റെ ഇച്ഛായനെ കാണണം മരിയെ.. നിക്ക് കാണണം.. " രാധിക അത് പെട്ടെന്ന് പറഞ്ഞപ്പോൾ മരിയ രാധികയെ നോക്കി.. ആ സ്വരം ഇടറിയിരുന്നു.. കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങുന്നു.. പക്ഷെ മരിയ ഒന്നും മിണ്ടിയില്ല.. പറയാൻ കഴിയാത്ത ഏതോ വിഷമം മനസ്സിൽ തങ്ങിനിൽക്കുന്നതുപോലെ.. മരിയയുടെ കണ്ണുകളും നിറയുന്നത് രാധിക കണ്ടു..

" മരിയെ.. ന്നോട് സത്യം പറ.. നിക്ക് പാടാൻ അവസരം ഉണ്ടാക്കി തന്നതും പണം തന്നു സഹായിച്ചതും ഓരോ സങ്കടത്തിലും ഞാൻ പോലും അറിയാതെ ന്നെ സഹായിച്ചതും ന്റെ ഇച്ഛായനാണ് ന്നു നിനക്കറിയില്ലായിരുന്നോ...?" രാധിക വിഷമത്തോടെ അത് പറഞ്ഞപ്പോൾ മരിയ അവളുടെ കണ്ണുകളിലേക്ക് നോക്കി.. പക്ഷെ അവൾ മൗനമായി തന്നെ ഇരുന്നു.. ഉള്ളിൽ എന്തിന്റേയോ കനൽ എരിയുന്നപോലെ..

"പറ മരിയെ.. നിനക്കറിയില്ലായിരുന്നോ.. ?" രാധിക വീണ്ടും ചോദിച്ചപ്പോഴും മരിയ മൗനമായിത്തന്നെ ഇരുന്നു... പക്ഷെ ആ മൗനത്തില്നിന്നും രാധികക്കു അവളുടെ ഉത്തരം മനസിലാക്കാമായിരുന്നു..

"നിക്ക് മനസിലായി.. എല്ലാം നിങ്ങൾക്കറിയാം.. എല്ലാം ശരിതന്നെയാ.. " അതും പറഞ്ഞു രാധിക മരിയയുടെ കൈകൾ കടന്നുപിടിച്ചു.. നിറകണ്ണുകളോടെ വിറയ്ക്കുന്ന സ്വരത്തിൽ അവൾ തുടർന്നു.. "നിക്ക് കാണണം മരിയെ ന്റെ ഇച്ഛായനെ.. നിക്കാ കാൽക്കൽ വീഴണം.."

മരിയ വീണ്ടും രാധികയെ നോക്കി.. പക്ഷെ ഇപ്രാവശ്യം അവളുടെ കണ്ണുകളിൽ കരുണാഭാവത്തിനു പകരം ദേഷ്യഭാവമായിരുന്നു.. മരിയ രാധികയുടെ കൈ വിടുവിച്ചു എഴുന്നേറ്റു..

"ഇപ്പോഴാണോ നിനക്ക് നിന്റെ ഇച്ചായനെ കാണണം എന്ന് തോന്നിയെ.. " മരിയയുടെ ദേഷ്യത്തോടെയുള്ള വാക്കുകൾക്കെട്ടു രാധിക ഒരു പകപ്പോടെ മരിയയെ നോക്കി..

"നീ പറഞ്ഞതൊക്കെ ശരിയാ... പാട്ടു പാടാൻ അവസരം ഉണ്ടാക്കിയതും നിന്റെ വീട്ടിൽ കൊടും പട്ടിണിയായപ്പോൾ എന്നെ അയച്ചതും അന്ന് വീട്ടിലേക്കു ആവശ്യമായ സാധനങ്ങൾ എല്ലാം മേടിച്ചു കൊടുത്തയച്ചതും എല്ലാം ടോമിച്ചൻ തന്നെയാ.. അച്ഛനെ നോക്കാനുള്ളതുകൊണ്ടു നീ പാടാൻ പോവില്ല എന്നറിയാവുന്നതുകൊണ്ടു അച്ഛനെ നോക്കാൻ എന്നെ അയച്ചതും അവൻ തന്നെയാ.. പക്ഷെ രാത്രിയിൽ മറ്റൊരുവീട്ടിൽ പോയി ഒറ്റയ്ക്ക് നീക്കാൻ വീട്ടിൽ സമ്മതിക്കാത്തകൊണ്ടു അന്ന് രണ്ടു ദിവസവും നിന്റെ അച്ഛന്റെ കാര്യങ്ങളെല്ലാം നോക്കിയതും ശുസ്രൂശിച്ചതും ടോമിച്ചനാ.... എല്ലാം ചെയ്തത് അവൻ തന്നെയാ.. അവന്റെ അപ്പൻ നിന്നെ ആളെയായച്ചു ഭീഷണിപ്പെടുത്തിയകൊണ്ടാ നീ അവനോടു വെറുപ്പ് കാണിച്ചത് എന്ന് അവനറിയാം.. എനിക്കും.. അവന്റെ അപ്പൻ അതുപറഞ്ഞിട്ടാ മരിച്ചത്.. അവസാനം എല്ലാം നഷ്ടപ്പെട്ട് ടോമിച്ചന് ഒന്നും ഇല്ലാതായപ്പോൾ നീ ഉയർച്ചയുടെ പടികൾ കയറുകയായിരുന്നു.. അപ്പോൾ നിന്നോട് എല്ലാം തുറന്നുപറയാനും അകൽച്ച മാറ്റാനും ഞാനും ഇക്കയും ഒരുപാട് പറഞ്ഞതാ.. പക്ഷെ നീ ഇപ്പൊ സമൂഹത്തിൽ ഉയർന്ന സ്ഥാനത്തിരിക്കുന്നവളാണെന്നും എല്ലാവരാലും ആരാധിക്കപ്പെടുന്ന ഗായികയാണെന്നും അതുകൊണ്ടു അവനായി നിനക്കൊരു ഭാരമാവാൻ പാടില്ലാന്നും പറഞ്ഞു ഒന്നും നിന്നെ അറിയിക്കാൻ സമ്മതിച്ചില്ല.. ഒടുവിൽ അവന്റെ അമ്മ ഓപ്പറേഷൻ ആയി ഹോസ്പിറ്റലിൽ കിടക്കുമ്പോഴാ പണത്തിനു മറ്റൊന്നും ആലോചിക്കാതെ നിന്റെ അടുത്തേക്ക് അവൻ വന്നത്.. പക്ഷെ അവിടെ സംഭവിച്ചത് നിനക്കറിയാലോ.." മരിയയുടെ വാക്കുകൾ കേട്ട് സ്തംഭിച്ചു നിൽക്കുകയായിരുന്നു രാധിക... ആ രണ്ടു ദിവസം തന്റെ സ്ഥാനത്തുനിന്ന് തന്റെ അച്ഛനെ നോക്കിയത് ഇച്ചായനാ എന്നറിഞ്ഞപ്പോൾ അവളുടെ കണ്ണുകളിൽ തോരാത്ത കണ്ണീർമഴ പെയ്തിറങ്ങി.. തനിക്കുവേണ്ടി ഇത്രേയൊക്കെ ചെയ്തിട്ട് താൻ ഇഛായന് സങ്കടങ്ങൾ മാത്രമാ തിരികെക്കൊടുത്തതു.. അവൾക്കു സ്വയം വെറുപ്പുതോന്നി.. മനസും ശരീരവും ഒരുപോലെ തളരുന്നു.. എല്ലാം താൻ കാരണമല്ലേ..

"മരിയെ.. നിക്കറിയില്ലായിരുന്നു ഒന്നും.. എന്നാലും ന്റെ ഇച്ചായനെ ഒരിക്കലും ഞാൻ വെറുത്തിട്ടില്ല.. മറന്നിട്ടില്ല... ന്റെ ഉള്ളിൽ എന്നും ന്റെ ഇഛായൻ മാത്രേ ഉണ്ടായിരുന്നുള്ളു.. ആ ഇഛായന് ന്റെ എല്ലാം ഞാൻ നല്കില്ലേ മരിയെ.. പക്ഷെ അമ്മയെ നിനക്കറിയില്ലേ.. ഒന്നിനും സമ്മതിക്കില്ല... ആരെയും ഒന്ന് കാണാൻ കൂടി സമ്മതിച്ചിട്ടില്ല ന്നെ.." രാധികയുടെ കണ്ണീരോടെയുള്ള വാക്കുകൾ മരിയക്കു വേദന സമ്മാനിക്കുന്നതായിരുന്നു... അവളുടെ മുഖത്ത് വീണ്ടും അവളോടുള്ള അളവറ്റ സ്നേഹം നിറയുകയായിരുന്നു.. മരിയ രാധികയുടെ മുന്നിൽ മുട്ടുകുത്തിനിന്നു അവളുടെ കരഞ്ഞുകലങ്ങിയ മുഖം അവളുടെ കൈകളിൽ കോരിയെടുത്തു..

"ഡാ... നിന്നെ വിഷമിപ്പിക്കാൻ പറഞ്ഞതല്ല.. പക്ഷെ നീ പലതും മനസിലാക്കാനുണ്ട്... എല്ലാത്തിനും കാരണം നിന്റെയീ പാവത്തം സ്വഭാവമാണ്... നീ ഇത്രേം പാവം ആകരുത്

രാധികേ.. നിന്റെ ജീവിതത്തിലെ ഈ സങ്കടങ്ങൾക്കൊക്കെ ഒരു പരിധിവരെ നീ തന്നെയാണ് കാരണം.. ഞാനൊരു കാര്യം ചോദിക്കട്ടെ.. ടോമിച്ചന്റെ പപ്പാ നിന്നെ ഭീഷണിപ്പെടുത്തി എന്നുള്ളത് നേരാ.. പക്ഷെ പുള്ളി മരിച്ചപ്പോഴെങ്കിലും നിനക്ക് അവനെ ഒന്ന് കാണാൻ സാധിക്കാത്തതെന്താ..."

മരിയ അത് ചോദിച്ചപ്പോൾ രാധിക കണ്ണീരോടെ അവളുടെ കണ്ണുകളിലേക്ക് നോക്കി..

"ന്നെ ഒന്നിനും സമ്മതിച്ചില്ല മരിയെ.... ഇച്ചായന്റെ അച്ഛൻ മരിച്ചപ്പോൾപോലും ന്നെ ഒന്ന് കാണാൻ വിട്ടില്ല.. കരഞ്ഞുപറഞ്ഞതാ ഞാൻ.. പക്ഷെ.. അമ്മ ന്നെ സമ്മതിച്ചില്ല... ഞാൻ എന്തേലും ചെയ്താ ന്റെ അച്ഛനെയാ അതിനുപകരം ദ്രോഹിക്കുക... പറയുന്നത് അനുസരിച്ചില്ലേൽ അച്ഛനെ ഇല്ലാണ്ടാക്കും ന്നൊക്കെയാ പറയണേ" രാധിക കരഞ്ഞുകൊണ്ടാണ് അത് പറഞ്ഞത്..

"ഇതാ ഞാൻ പറഞ്ഞത് രാധികേ.. നീ എന്തൊക്കെ ചെയ്യണമെന്ന് നിനക്ക് തീരുമാനിക്കാൻ കഴിഞ്ഞില്ലേൽ അത് നിന്റേതന്നെ തെറ്റാ.. അല്ലേൽ നമ്മുക്ക് നമ്മളെ സ്നേഹിക്കുന്നവർക്കുവേണ്ടി ജീവിക്കാം.. അവർക്കുവേണ്ടി ത്യാഗങ്ങൾ സഹിക്കാം.. തെറ്റില്ല.. പക്ഷെ നിന്നെ ജീവിതകാലം മുഴുവൻ കഷ്ടപ്പെടുത്തുന്ന ആ സ്ത്രീക്കുവേണ്ടി നീ തന്നെയാണ് കഷ്ടപ്പെടുത്തുന്നതു.. അതിലൂടെ നിന്നെ സ്നേഹിക്കുന്നവരെല്ലാം സങ്കടപ്പെടുകയാണെന്നു നീ അറിയണം.. നീ ഒരല്പം ധൈര്യം കാണിച്ചിരുന്നേൽ ഇങ്ങനൊക്കെ സംഭവിക്കുമായിരുന്നോ.. ഞാനായിരുന്നു നിന്റെ സ്ഥാനത്തെങ്കിൽ ആ തള്ള പിന്നെ സംസാരിക്കില്ലായിരുന്നു.. അച്ഛനെ ഇല്ലാണ്ടാക്കും എന്ന് പറഞ്ഞ ആ നാവു ഞാൻ പിഴുതെടുത്തേനെ.. അമ്മയുടെ സ്ഥാനമൊന്നും നോക്കാണ്ട് ആ കരണം നോക്കി പൊട്ടിച്ചേനെ ഞാൻ.. " മരിയയുടെ കണ്ണുകളിൽ ദേഷ്യം തിളക്കുകയായിരുന്നു.

രാധിക പെട്ടെന്ന് കാരച്ചിലോടെ മരിയയെ പുണർന്നു.. അവളുടെ തോളിൽ കിടന്നു അവൾ വിതുമ്പി...

"നിക്ക് കാണണം ന്റെ ഇച്ചായനെ... ആ കാലിൽ വീണു മാപ്പു ചോദിക്കണം.. ഒന്നും വേണ്ട നിക്ക്.. പണവും പാട്ടും പേരും ഒന്നും.. നിക്കെന്റെ ഇച്ചായനെ മാത്രം മതി.. ന്നെ കൊണ്ടുപോ മരിയെ ഇച്ചായന്റെ അടുത്തേക്ക്.. " രാധിക കണ്ണീരോടെ അത് പറഞ്ഞപ്പോൾ മരിയ അവളെ തലോടി ആശ്വസിപ്പിച്ചികൊണ്ടിരുന്നു.. ഒരു കുഞ്ഞികുട്ടിയെപോലെ രാധിക തേങ്ങി കരയുകയാണ്..

"നാളെ ടോമിച്ചന്റെ മനസ്സമ്മതമാ..."

മരിയയുടെ വാക്കുകൾ കേട്ട് പെട്ടെന്ന് രാധികയുടെ കരച്ചിൽ നിന്നു.. കണ്ണുകളിൽ അവിശ്വസനീയത കളിയാടി... കേട്ട വാക്കുകൾ അവൾക്കു ഉൾക്കൊള്ളാൻ കഴിഞ്ഞില്ല... അവൾ ശിരസുയർത്തി മരിയയെ നോക്കി.. മരിയയുടെ കണ്ണുകളും നിറഞ്ഞിട്ടുണ്ട്... അതിൽനിന്നും രണ്ടുതുള്ളി കണ്ണുനീർ ഒഴുകിയിറങ്ങി.. പക്ഷെ അവൾ രാധികയെ നോക്കുന്നുണ്ടായിരുന്നില്ല.. മറ്റെവിടേക്കോ നോക്കിയാണ് മരിയയുടെ നിൽപ്പ്..

"ന്താ പറഞ്ഞെ മരിയെ നീ ഇപ്പൊ..?" രാധികയുടെ അവിശ്വസനീയതയോടെയുള്ള വാക്കുകൾ..

" നാളെ ടോമിച്ചന്റെ മനസ്സമ്മതമാ.." മരിയ വീണ്ടും പറഞ്ഞു..

രാധികയുടെ ഉള്ളിൽ വെള്ളിടി പോലെയാണ് ആ വാക്കുകൾ വന്നു പതിച്ചത്.. ഈ ലോകത്തിൽ താൻ ഏറ്റവും കൂടുതൽ ആഗ്രഹിച്ച, ഇഷ്ടപ്പെട്ട ആ സ്നേഹം നഷ്ടപ്പെടുകയാണെന്നോ... ഇല്ല.. അതവൾക്കൊരിക്കലും വിശ്വസിക്കാൻ കഴിയുമായിരുന്നില്ല.. പക്ഷെ അവളുടെ കണ്ണുകൾ വീണ്ടും നിറഞ്ഞൊഴുകി... ഒരരുവികണക്കെ.. അവൾ വീണ്ടും അവിശ്വസനീയതയോടെ മരിയയെ നോക്കി..

"ന്നോട് കള്ളം പറയല്ലേ മരിയെ.. ന്നെ പറ്റിക്കാൻ പറയുവല്ലേ നീ.. ന്റെ ഇച്ചായന് ഒരിക്കലും ന്നെ മറക്കാൻ കഴിയില്ല... അതെനിക്കറിയാം.. പറ മരിയെ.. നീ ന്നെ പേടിപ്പിക്കാൻ പറഞ്ഞതാണെന്നു പറ... ന്നെ പറ്റിക്കാൻ കള്ളം പറഞ്ഞതാണെന്നു പറ.." രാധിക മരിയയുടെ തോളുകളിൽ പിടിച്ചു കുലുക്കിക്കൊണ്ടാണ് അത് പറഞ്ഞത്.. മരിയ ആകെ വല്ലാത്ത അവസ്ഥയിലായിരുന്നു.. നടക്കാൻ പാടില്ലാത്തതൊക്കെയാണ് നടക്കുന്നത്..

"അതേടാ... നാളെ ടോമിച്ചന്റെയും മാളവികയുടെയും മനസ്സമ്മതമാ.. മാളവികയുടെ ഇടവകപള്ളിയിൽ വച്ച്.. രാവിലെ 10 മണിക്ക് "
മരിയയുടെ വാക്കുകൾ രാധിക വേദനയോടെയും അത്ഭുതത്തോടെയും കേട്ടു..

"മാളവിക.." രാധികയുടെ അധരങ്ങൾ അറിയാതെന്നോണം മന്ത്രിച്ചു...

"അതെ.. ടോമിച്ചൻ ആകെ കഷ്ടത്തിലായ സമയത്തു അവനു ജോലി കൊടുത്തതും അവന്റെ അമ്മക്ക് ഓപ്പറേഷന് പണമടച്ചതും എല്ലാം മാളവികയാണ്... ഇപ്പൊ അവൾക്കു ഒരുപാട് മാറ്റം വന്നിട്ടുണ്ട്..." മരിയ അതും പറഞ്ഞു നടന്ന എല്ലാ കാര്യങ്ങളും രാധികക്കു മുന്നിൽ വിശദീകരിച്ചു..

എല്ലാം കേട്ടുകഴിഞ്ഞപ്പോൾ രാധിക തളർന്നു കട്ടിലിലേക്ക് ഇരുന്നുപോയി.. അവളുടെ മുഖം നിർവികാരമായിരുന്നു.. ഒരു ശിലകണക്കെ അവൾ ഇരുന്നു.. മരിയയുടെ ഉള്ളം തേങ്ങുകയായിരുന്നു തന്റെ പ്രിയ കൂട്ടുകാരിയുടെ ഈ അവസ്ഥയിൽ..

"നീ വാ... നമ്മുക്ക് സമയം വളരെ കുറവാ.. ടോമിച്ചനെ ഇപ്പൊ തന്നെ കാണാം.. കാര്യങ്ങൾ എല്ലാം പരസ്പരം സംസാരിച്ചാൽ തീരാവുന്നതെയുള്ളു... നീ എഴുന്നേൽക്കു.." മരിയ അതും പറഞ്ഞു രാധികയുടെ കയ്യിൽപിടിച്ചു എഴുന്നേല്പിക്കാൻ ശ്രമിച്ചു.. പക്ഷെ അവൾ എഴുന്നേൽക്കാൻ വിസ്സമ്മതിക്കുന്നതുപോലെ.. മരിയ തിരിഞ്ഞു രാധികയെ നോക്കി.. നിർവികാരതയോടെ മരിയയെ നോക്കുകയാണ് രാധിക.. അവളുടെ മുഖത്തെ ഭാവം മരിയാക്കു മനസിലായില്ല..

"നീ എന്താ നോക്കിനിക്കുന്നെ.... വരാൻ.." അവൾ പിന്നേം വിളിച്ചു..

പക്ഷെ രാധിക എഴുന്നേറ്റില്ല.. ഇല്ല എന്നയർത്ഥത്തിൽ അവൾ തലയിളക്കി.. മരിയക്കു ഒന്നും മനസ്സിലായില്ല.. രാധിക കൈകൊണ്ടു അവളുടെ തന്നെ കണ്ണുകൾ തുടച്ചു..

"ഇല്യ മരിയെ... ഞാൻ വരില്യ... നിയും ന്റെ ഇച്ഛായന് ഒരു സങ്കടമായിത്തീരാൻ ഞാനില്യ.. നീ തന്നെയല്ലേ പറഞ്ഞെ മാളവിക ഈ ചെയ്ത സഹായങ്ങൾക്കൊക്കെ ഒരേയൊരു കാര്യമേ തിരിച്ചു ചോദിച്ചുള്ളു..അത് അവളെ ഇച്ഛായന്റെ ജീവിതത്തിലേക്ക് കൂട്ടണം എന്നാന്നു.. അമ്മയുടെ ജീവൻ കാത്തവളോടുള്ള നന്ദിയായാണ് ഇഛായൻ ഇതിനു സമ്മതിച്ചതെന്നു.. അങ്ങനുള്ളപ്പോ നിക്കെങ്ങന്യാ ഇച്ഛായന്റെ മുന്നിലേക്ക് ഇപ്പൊ പോവാൻ കഴ്യ... ഞാൻ ചെന്നാ ഇച്ഛായന് കൂടുതൽ സങ്കടല്ലേ ഉണ്ടാവൂ.. നിക്കറിയാം.. ഇച്ഛായന്റെ മനസ്സിൽ ന്നോട് എത്രമാത്രം സ്നേഹോണ്ടെന്നു.. ആ സ്നേഹത്തിനു നിയും വേദന പകരമായി നൽകാൻ നിക്ക് കഴിയില്യ.. നിക്ക് കഴിയില്യ മരിയെ.." അത് പറയുമ്പോൾ രാധിക കരഞ്ഞുപോയിരുന്നു.. മരിയ വീണ്ടും അവളെ കെട്ടിപ്പിടിച്ചു.. അവർ പരസ്പരം പുണർന്നു കരഞ്ഞു....

കുറച്ചു സമയം അവർ അങ്ങനെതന്നെ നിന്നു.. പെട്ടന്ന് രാധിക മരിയയില്നിന്നും അടർന്നുമാറി പുറത്തേക്കോടി.. അവൾ അപ്പോഴും കണ്ണുനീർ ഒഴുക്കുന്നുണ്ടായിരുന്നു... കരഞ്ഞുകൊണ്ട് വണ്ടിയിലേക്ക് കയറിയ രാധികയെ കണ്ടപ്പോൾ ശങ്കരന് ഒന്നും ചോതിക്കാൻ തോന്നിയില്ല.. അയാൾ വേഗം വണ്ടി മുന്നോട്ടെടുത്തു..

.....

വീട്ടിൽ എത്തിയതും നേരെ റൂമിൽകയറി കതകടക്കുകയായിരുന്നു രാധിക.. മനസ് ഭ്രാന്തമായ അവസ്ഥയിലേക്ക് നീങ്ങുകയാണ്... മരിയയോട് അങ്ങനെ പറഞ്ഞെങ്കിലും ടോമിച്ചൻ നഷ്ടപ്പെടുന്നത് അവളുടെ മനസിന് താങ്ങാൻ കഴിയില്ലാത്ത കാര്യമാണ്.. പക്ഷെ തന്റെ ഇച്ഛായനെ ഇനിയും വേദനിപ്പിക്കാൻ കഴിയില്ല എന്ന ചിന്തയും.. അവളുടെ ഉള്ളു ആകെ നീറിപ്പുകഞ്ഞു.. മനസ് ഭ്രാന്തമായ അവസ്ഥകളിലേക്കു ചേക്കേറുന്നതുപോലെ അവൾക്കു തോന്നി..

....

ദേവാലയം വളരെ മനോഹരമായിത്തന്നെ അലങ്കരിച്ചിരുന്നു.. വിവിധ വർണത്തിലുള്ള പൂക്കളും ബലൂണുകളും എല്ലാം അവിടെ തിളങ്ങിനിക്കുന്നു... എല്ലാവരുടെയും മുഖത്ത് സന്തോഷമാണ്.. പല നിറത്തിലുള്ള ലൈറ്റുകളുടെ പ്രകാശത്തിൽ ഒരു വെള്ള ഷർട്ടും വെള്ള മുണ്ടും ഉടുത്തുനിക്കുന്ന ടോമിച്ചൻ ശരിക്കും ആൺസൗന്ദര്യത്തിന്റെ പര്യായമായിരിക്കുന്നു.. തൊട്ടടുത്തുതന്നെ മനോഹരമായ വെള്ളവസ്ത്രം ധരിച്ച ഒരു സ്ത്രീരൂപം.. അണിഞ്ഞൊരുങ്ങിയിരിക്കുന്ന ആ രൂപം മാളവിക ആണ്.. മുഖത്ത് നിറപുഞ്ചിരി.. കണ്ണുകളിൽ നക്ഷത്രത്തിളക്കം... മുഖത്ത് മിന്നിമറയുന്ന നാണം..

ഒരു തളികയിൽ പട്ടിൽ വെച്ചിരിക്കുന്ന രണ്ടു മനോഹരമായ മോതിരങ്ങൾ.. മാളവിക അതിൽ ഒന്നെടുക്കുന്നു.. അത് ടോമിച്ചന്റെ കൈകളിൽ അണിയിക്കുകയാണ്.. ടോമിച്ചനും മറ്റേ മോതിരം കൈകളിൽ എടുത്തു.. അത് മാളവികക്കുനേരെ നീട്ടുന്നു.. മാളവിക പുഞ്ചിരിയോടെ മോതിരവിരൽ നീട്ടിക്കൊടുത്തു... ടോമിച്ചന്റെ കൈകൾ ആ വിവാഹഉടമ്പടി ഉറപ്പിക്കുവാനായി നീങ്ങുകയാണ്..

"ഇച്ചായാ..". ഒരലർച്ചയായിരുന്നു അത്.. രാധിക ഞെട്ടിത്തിരിഞ്ഞു നിൽക്കുകയാണ്... ശരീരമെല്ലാം ആകെ വിയർത്തിരിക്കുന്നു... അവൾ ചുറ്റും നോക്കി.. താൻ തന്റെ മുറിയിലാണ് എന്ന ബോധം അവൾക്കു അല്പം ആശ്വാസമേകി.. കണ്ടത് സ്വപ്നമാണ്... അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു.. അവളുടെ കൈകളിൽ എന്തിന്റെയോ സാന്നിധ്യം അറിഞ്ഞു അവൾ നോക്കിയപ്പോൾ ആ മയില്പീലിയാണ് കണ്ടത്.. അപ്പോഴാണ് അവൾക്കു എല്ലാം ഓർമ്മ വന്നത്.. ഇന്നലെ കിടന്ന അതെ കിടപ്പാണ്.. ആ മയിൽപീലി തുണ്ട് കൈകളിൽ എടുത്തു കരഞ്ഞത് ഓർമ്മയുണ്ട്.. എപ്പഴോ ഉറങ്ങിപോയിരിക്കുന്നു... മുറിയിൽ ഇപ്പോഴും വെളിച്ചമുണ്ട്.. അവൾ ജനലിലൂടെ വെളിയിലേക്ക് നോക്കി.. ഇരുട്ടാണ്.. ചന്ദ്രൻ ഒളിച്ചിരിക്കുവാണെന്നു തോന്നും.. അത്രയ്ക്ക് അന്ധകാരം.. അവൾ ക്ലോക്കിലേക്കു നോക്കി.. സമയം നാല് മണി.. നേരം വെളുക്കാറായിരിക്കുന്നു...

അവൾ സ്വപ്നത്തെക്കുറിച്ചോർത്തു.. അത് തനിക്കു എത്രത്തോളം വേദനാജനകമാണെന്നു അവൾ അറിഞ്ഞു.. എങ്ങനെ സഹിക്കും ഇത് . തന്റെ ഇച്ഛായനെ അറിഞ്ഞുകൊണ്ട് എങ്ങനെ മറ്റൊരാൾക്കു വിട്ടുകൊടുക്കും.. അവളുടെ മനസ് നീരിപ്പുകഞ്ഞു.. വേലിയേറ്റമാണ് മനസ്സിൽ.. സങ്കടത്തിന്റെയും വേദനയുടെയും തിരകൾ അലയടിച്ചുയരുകയാണ്... അവൾ ആ ജനൽപാളിൽകളിൽ പിടിച്ചു വിദൂരതയിലേക്ക് നോക്കിനിന്നു... കണ്ണുകൾക്ക് ഒന്നും ദൃശ്യമല്ലാത്ത വിധം എല്ലാം ഇരുണ്ടു കടക്കുകയാണ്.. തന്റെ മനസിലും ഇപ്പൊ ഇരുട്ടല്ലേ... തന്റെ പ്രകാശം തന്റെ ഇച്ഛായനാണ്... ഇരുട്ടിന്റെ പടുകുഴിയിലേക്കു താണപ്പോൾ തനിക്ക് വെളിച്ചം തന്ന പ്രകാശം.. അതിന്നു മറ്റൊരാൾക്കു സ്വന്തമാകുമ്പോൾ താൻ വീണ്ടും നിത്യമായ ഇരുട്ടിലേക്ക് വീഴുകയല്ലേ... പക്ഷെ തന്റെ ഇച്ഛായനെ ഇനിയും വേദനിപ്പിക്കാൻ തനിക്കാവുമോ... അവളുടെ ഉള്ളിൽ മഹാ യുദ്ധം നടക്കുകയായിരുന്നു... ഇനി ഉറങ്ങാൻ സാധിക്കില്ല എന്നവൾക്കറിയാം... സമയം ഇഴഞ്ഞിഴഞ്ഞാണ് നീങ്ങുന്നത്..

രാധിക അതെ നിൽപ്പുതന്നെയാണ്... രാവിലെ അടുക്കളപണി ചെയ്യുന്ന നാണിയമ്മ കാപ്പി കുടിക്കാൻ വിളിച്ചതാണ്.. പോയില്ല.. ശരീരത്തിന്റെ വിശപ്പ് മനസ് സ്വീകരിക്കുന്നില്ല... അവൾ സമയം നോക്കി.. ഒമ്പതുമണി ആയിരിക്കുന്നു... ഒരു മണിക്കൂർ കൂടി.. കുറച്ചു സമയത്തിനകം തന്റെ ഇച്ഛായന്റെ മനസ്സമ്മതം.. ഇത് ഉടമ്പടി ആണ്.. അത് നടന്നാൽ... പക്ഷെ .... അവൾക്കു എന്ത് ചെയ്യണമെന്ന് ഒരു രൂപം മനസ്സിൽ തെളിയുന്നില്ല.. പക്ഷെ അവൾക്കൊരു കാര്യം അറിയാമായിരുന്നു... ഇച്ഛായനില്ലാതെ ഈ ജീവിതം തനിക്കു നരകമാണെന്നു..

ഇല്ല... കഴിയില്ല തനിക്കു വിട്ടുകൊടുക്കാൻ.. ഇച്ചായന് തന്റെ സ്നേഹം നിരസിക്കാൻ ഒരിക്കലുമാവില്ല എന്ന തോന്നലിൽ അവൾ ഉണർന്നു.. മനസും ശരീരവും.. കളയാൻ ഇനി സമയമില്ല.. അവൾ ഡ്രസ്സ് മാറ്റിയതും ഒരുങ്ങിയതും നിമിഷനേരംകൊണ്ടാണ്.. ഡോർ തുറന്നു ശരിക്കും ഓടുകയായിരുന്നു രാധിക.. മനസ് അതിലും വേഗത്തിൽ പായുകയാണ്.. പെട്ടെന്ന് അവളുടെ കാലുകൾ ചലനമറ്റു നിന്നു.. മുന്നിൽ ദേഷ്യഭാവത്തോടെ അമ്മയെന്നു ഇതുവരെ വിളിച്ച സ്ത്രീ..

"എവിടെപോകുവാടീ രാവിലെ ഒരുങ്ങിക്കെട്ടി.. എന്റെ അനുവാദം കൂടാതെ എങ്ങോട്ടും പോവല്ലെന്നു ഞാൻ പറഞ്ഞിട്ടുള്ളതല്ലേ.. കേറിപോടീ അകത്തു.. " ആജ്ഞ ആയിരുന്നു അത്..

"ഇല്യ.. നിക്ക് പോണം.. നിക്കെന്റെ ഇച്ഛായനെ കാണണം.." രാധികയുടെ സ്വരത്തിൽ ഇതുവരെ ഇല്ലാത്ത ഒരു ദൃഢത ശാരദ ശ്രദ്ധിച്ചു.. അത് ശരിക്കും ആ സ്ത്രീയെ ചൊടിപ്പിച്ചു..

"നീ പോയാൽ തിരിച്ചുവരുമ്പോൾ തളർന്നുകിടക്കുന്ന ആ പരട്ടകിളവനെ നീ കാണില്ല.." ശാരദയുടെ സ്വരം നന്നായി ഉയർന്നിരുന്നു.. പക്ഷെ പ്രതീക്ഷിച്ചപോലെയല്ല സംഭവിച്ചത്.. ഒരു നിമിഷം ശാരതക്കു ഒന്നും മനസ്സിലായില്ല.. കണ്ണിൽ ഒരുനിമിഷം ഇരുട്ടുകയറിയപോലെ... ഒന്ന് വെളിവുവന്നപ്പോൾ മുന്നിൽനിൽക്കുന്ന രാധികയെ ശാരദ കണ്ടു.. അപ്പോഴാണ് കാര്യങ്ങൾ മനസിലായത്... കലിപൂണ്ടുനിൽക്കുന്ന ദേവിയെപോലെ രാധിക ദേഷ്യത്താൽ വിറക്കുകയാണ്.. അവളുടെ കൈകരുത് തന്റെ കവിൾ അറിഞ്ഞതാണ്... നല്ല വേദന തോന്നി ശാരതക്കു.. ചെറുപ്പം മുതൽ പണിയെടുത്തു ശീലിച്ച രാധികയുടെ കൈകൾക്ക് നല്ല കരുത്തായിരുന്നു..

ശാരദ ശരിക്കും അഭമാനത്താലും വേദനയാലും തിളച്ചു.. മുഖം ചുവന്നു തുടുത്തു..

"എടീ തന്തക്കു പിറക്കാത്തവളെ.. നീയെന്നെ തല്ലിയല്ലേ.." ശാരദയുടെ വിറയ്ക്കുന്ന വാക്കുകൾ.. പക്ഷെ പൂർത്തിയാക്കുന്നതിനുമുമ്പു അടുത്തത് വന്നു.. അടികൊണ്ട അതെ സ്ഥലത്തുതന്നെ വീണ്ടും രാധികയുടെ കൈകൾ.. ഇപ്രാവശ്യം ശാരദയുടെ കണ്ണില്നിന്നും പൊന്നീച്ച പറന്നു.. കവിളിലെ പാട് ശരിക്കും തെളിഞ്ഞു..

"നിങ്ങളെ അമ്മെന്നു വിളിച്ചതിനുള്ള ശിക്ഷ കിട്ടിക്കഴിഞ്ഞു നിക്ക്.. ഇതൊക്കെ ന്റെ കഷ്ടപ്പാടുകൊണ്ടുണ്ടായതാ... നി ഇതിലും ന്റെ മേലും അവകാശം പറഞ്ഞുനിന്നാ നിയും തല്ലും ഞാൻ.. ന്റെ അച്ഛനെ കൊല്ലും ലെ.. " രാധികയുടെ സ്വരം ദേഷ്യത്താൽ വിറച്ചിരുന്നു.. " ഇറങ്ങിപ്പോടീ ഇവിടുന്നു.. നിങ്ങളെന്റെ ആരുമല്ല.. "

ശാരദ ശരിക്കും വിറച്ചുപോയി.. ആദ്യമായി കാണുന്ന രാധികയുടെ വിശ്വരൂപം.. ഉറഞ്ഞുതുള്ളുകയാണ് അവളുടെ ഉള്ളിലെ കോപാകന്നി.. രാധിക ശാരതയുടെ ധെഹത്തുപിടിച്ചു പുറത്തേക്കു തള്ളി..

"ശങ്കരേട്ടാ.... സെക്യൂരിറ്റി..." രാധികയുടെ ശബ്ദം ഉയർന്നു.. കാറ് കഴുകുകയായിരുന്ന ശങ്കരേട്ടനും സെക്യൂരിറ്റിയും ഓടി വന്നു.. മുന്നിൽ നടക്കുന്നതുകണ്ട അവരുടെ മുഖത്ത് അത്ഭുതഭാവമാണ്...

"നിങ്ങളോടായി പറയുകയാണ്.. ഇത് ന്റെ വീടാണ്.. ഞാൻ പറയുന്നത് കേട്ട് ജീവിക്കാമെങ്കി ഇവിടെ നിക്കാം.. ആദ്യം ഈ സ്ത്രീയെ പിടിച്ചു പുറത്തു തള്ളു.. ഇനി ഇവിടെങ്ങാനും കണ്ടാ അടിച്ചോടിച്ചോണം... ഈ പടി കേറ്റിയെക്കരുത്.." രാധിക ശരിക്കും അലറുകയായിരുന്നു..

ശങ്കരൻ തന്നെ മുന്നോട്ടുവന്നു ശാരതയുടെ മുടിക്കുത്തിനു പിടിച്ചു തള്ളി.. പിന്നെ വലിച്ചു കൊണ്ടുപോവാൻ തുടങ്ങിയപ്പോൾ രാധിക പെട്ടെന്ന് വിളിച്ചു..

"ശങ്കരേട്ടാ... "

ശങ്കരൻ പെട്ടെന്ന് നിന്ന് എന്താ എന്നയർത്ഥത്തിൽ തിരിഞ്ഞുനോക്കി.. രാധിക നടന്നു അവരുടെ അടുത്തേക്ക് നീങ്ങി.. ദേഷ്യം തന്നെയാണ് മുഖത്ത്.. പേടിയോടെ കലങ്ങിയ കണ്ണുകളുമായിനിക്കുന്ന ശാരതയുടെ മുന്നിൽ രാധിക നിന്നു... കൈനീട്ടി ഒന്നുകൂടി കൊടുത്തു രാധിക.. അതെ സ്ഥാനത്തുതന്നെ... ശാരദ ശരിക്കും തല കറങ്ങി വീഴാൻ പോയി.. ഇതുകണ്ട് ശങ്കരേട്ടന്റെ മുഖത്ത് ഒരു ചിരി മിന്നിമാഞ്ഞു...

"ഇത് ന്റെ അച്ഛന് വേണ്ടി..." രാധിക അതും പറഞ്ഞു കനലെരിയുന്ന കണ്ണുകളുമായി ശാരതയെ നോക്കി.. ശങ്കരേട്ടൻ ശാരതയെ തള്ളിക്കൊണ്ട് ഗേറ്റിലേക്കു നടന്നു...

.....

മനോഹരമായി അലങ്കരിച്ചിരിക്കുന്ന ദേവാലയത്തിൽ ടോമിച്ചന്റെ സുഹൃത്തുക്കളും ബന്ധുക്കളും പിന്നെ കുറച്ചു പെണ്ണിന്റെ വീട്ടുകാരുമായി കുറച്ചുപേരെ ഉണ്ടായിരുന്നുള്ളു... വെള്ള മുണ്ടും ഷർട്ടുമാണ് ടോമിച്ചന്റെ വേഷം.. മ്ലാനമായ മുഖഭാവം.. തൊട്ടടുത്ത് നിറപുഞ്ചിരിയോടെ മാളവിക.. ശരിക്കും പ്രകാശപൂരിതമായിരുന്നു ആ മുഖം.. വെള്ളക്കളർ സാരിയിൽ സ്വര്ണനിറത്താൽ പൂക്കൾ വരച്ചിരിക്കുന്നു.. ശരിക്കും ഒരു മാലാഖ തന്നെ എന്ന് തോന്നും.. മാളവികയുടെ അടുത്ത് മോളമ്മയും മരിയയും ഉണ്ട്.. മോളമ്മ സന്തോഷവതിയാണേലും മരിയയുടെ മുഖത്ത് വിഷാദം പ്രകടമാണ്.. മരിയ ചുറ്റും അലസമായി ഒന്ന് നോക്കി.. റിയാസ് പുറത്തുകൂടി തിരക്കിട്ടു ഓടി നടക്കുകയാണ്... പക്ഷെ മരിയയുടെ കണ്ണുകൾ തിരഞ്ഞത് മറ്റാരെയോ ആണ്... അച്ഛൻ പ്രാർത്ഥന ചൊലുകയാണ്..

" maalavika.. ഈ നിൽക്കുന്ന പരേതനായ പൂപ്പറമ്പിൽ തോമയുടെയും ഭാര്യ മോളിയുടെയും മകനായ ടോം തോമസിനെ മിശിഹായുടെ നിയമങ്ങളും സഭയുടെ വിശ്വാസങ്ങളും അനുസരിച്ചു സ്വന്തം ഭർത്താവായി സ്വീകരിക്കാൻ സമ്മതമാണോ..." അച്ഛൻ കണ്ണുകൾ ഉയർത്തി മാളവികയെ നോക്കി... അവൾ പുഞ്ചിരി തൂകി നിൽക്കുകയാണ്..

"ഇച്ചരായാ...." കരച്ചിൽ കൂടികലർന്ന ഒരു മാറ്റൊലി ആ ദേവാലയത്തിൽ മുഴങ്ങികേട്ടു.. എല്ലാവരും പള്ളിയുടെ പ്രധാന കവാടത്തിലേക്കു തിരിഞ്ഞു... ഒരാളൊഴികെ... കൂടിനിന്നവർക്കെല്ലാം അത്ഭുതഭാവം.. കാരണം എല്ലാവര്ക്കും സുപരിചിതയായ, അറിയപ്പെടുന്ന പാട്ടുകാരിയാണ് കണ്ണീരൊഴുക്കി വിളിച്ചിരിക്കുന്നത്.. മോളമ്മയും മാളവികയും ഒക്കെ ആകെ സ്തംഭിച്ചു നിൽക്കുകയായിരുന്നു... മരിയയുടെ കണ്ണുകൾ നിറഞ്ഞു.. ടോമിച്ചൻ മാത്രം അൾത്താരായിലേക്ക്തന്നെ തിരിഞ്ഞുനിന്നു... അവനറിയാം ആ സ്വരത്തെ... പക്ഷെ...

രാധിക ആളുകൾക്ക് നടുവിലെ വിരിയിലൂടെ ഓടി.... കൂടിനിന്നവർക്കു ഒന്നും മനസിലാകുന്നുണ്ടായിരുന്നില്ല..

"ഇച്ചരായാ.." അവളുടെ സ്വരം വീണ്ടും വീണ്ടും അവിടെ മാറ്റൊലികൊണ്ടു..

തന്റെ ദേഹം കരങ്ങളാൽ ചുറ്റിവരിയപ്പെട്ടത് ടോമിച്ചൻ അറിഞ്ഞു.. രാധിക ടോമിച്ചനെ കെട്ടിപ്പിടിച്ചു നിൽക്കുകയാണ്.. അവളുടെ കണ്ണുനീർ ഷർട്ട് നനക്കുന്നത് അവൻ അറിയുന്നുണ്ട്.. അവളെ അടർത്തിമാറ്റാനോ ചേർത്തുപിടിക്കാനോ അവൻ ശ്രമിച്ചില്ല.. ഒരു ശിലകണക്കെ നിൽക്കുകയാണ്..

"നിക്ക് പറ്റണില്യ ഇഛായാ മറക്കാൻ... ഇഛായൻ കൂടെയില്ലാതെ ജീവിക്കാൻ കഴിയില്യ നിക്ക്.. ന്നോട് ക്ഷമിക്ക് ഇഛായാ.. " രാധിക തേങ്ങി കരയുകയായിരുന്നു... കൈകളാൽ അവനെ വല്ലാണ്ട് മുറുകെ പിടിച്ചിട്ടുണ്ട്.. മരിയയുടെ കണ്ണുകളും നിറഞ്ഞൊഴുകി.. അവൾക്കു രാധികയെ തടയുവാൻ കഴിയുമായിരുന്നില്ല.. ജനങ്ങളെല്ലാം പരസ്പരം സംസാരിക്കുന്നു... പുരോഹിതൻ എന്തുചെയ്യണമെന്നു അറിയാതെ ചുറ്റും നോക്കി..

പെട്ടെന്ന് രണ്ടു കരങ്ങൾ തന്നെ ടോമിച്ചനിൽ നിന്നും പറിച്ചുമാറ്റാൻ ശ്രമിക്കുന്നത് രാധിക അറിഞ്ഞു.. അവൾ അതിനെ പ്രതിരോധിക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല..അവൾ തിരിഞ്ഞപ്പോൾ കണ്ടത് ഗീവർഗീസച്ചനെ ആണ്..

"അച്ചോ... നിക്ക് ഇച്ഛായനെ വേണം.. നിക്ക് മറക്കാൻ കഴിയില്യ അച്ചോ.. " അവൾ പൊട്ടിക്കരഞ്ഞു..

"മോള് വാ.. അച്ഛൻ പറയട്ടെ... " അദ്ദേഹം അവളെ ബലമായി അവിടെനിന്നും മാറ്റാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു..

രാധിക മാളവികയെ നോക്കി.. അവളുടെ മുഖത്തെ ഭാവം.. അതെന്താണ് എന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല..

"മാളവിക.. ന്നോട് ദയ കാട്ടണം.. നിക്ക് മറ്റൊന്നും വേണ്ട... നിക്കുള്ളതെല്ലാം നിനക്ക് തരാം ... എല്ലാം.. എന്റെ സ്വത്തും സമ്പാദ്യവും എല്ലാം... നിക്കു ന്റെ ഇച്ഛായനെ തന്നൂടെ... പ്ലീസ്.. അല്ലേൽ മരിച്ചുപോവും ഞാൻ.." രാധിക കരഞ്ഞുകൊണ്ട് അത് പറഞ്ഞപ്പോഴേക്കും അച്ഛൻ അവളെയുംകൊണ്ടു പള്ളിക്ക് വെളിയിൽ എത്തിയിരുന്നു... അപ്പോഴും രാധിക പലതും പറഞ്ഞു കരയുകയായിരുന്നു...

പള്ളിക്കുള്ളിൽ എല്ലാ ശബ്ദവും നിന്നു.. ആൾക്കാർ എല്ലാവരും സംസാരം നിർത്തി ശ്രദ്ധയോടെ നിൽക്കുകയാണ്.. പുരോഹിതൻ എല്ലാവരെയും വീക്ഷിച്ചതിനു ശേഷം മാളവികയെ നോക്കി..

"മാളവിക.. ഈ നിൽക്കുന്ന ടോം തോമസിനെ ഭർത്താവായി സ്വീകരിക്കാൻ നിനക്ക് സമ്മതമാണോ..." വീണ്ടും അച്ഛന്റെ ചോദ്യം....

മാളവിക തിരിഞ്ഞു ടോമിച്ചനെ നോക്കി.. നനഞ്ഞ അവന്റെ കണ്ണുകൾ അവൾ കണ്ടു.. അതിൽ അലയടിക്കുന്ന സങ്കടതിര്കള് അവൾ അറിഞ്ഞു.. ടോമിച്ചനും അവളെ ഒന്ന് നോക്കി.. അവന്റെ മുഖത്ത് ഒരു പുഞ്ചിരി വരുത്താൻ അവൻ ശ്രമിച്ചപ്പോൾ... പക്ഷെ അത് പരാജയമായിരുന്നു..

"സമ്മതമാണോ.." വീണ്ടും പുരോഹിതന്റെ സ്വരം ഉയർന്നു..

"അല്ല...." ഒരു നിമിഷം ദേവാലയം മുഴുവൻ സ്തംഭിച്ചപോലെ ആയിപ്പോയി.. മാളവികയുടെ ആ വാക്കുകൾ അത്രയ്ക്ക് ദൃഢമായിരുന്നു.. ടോമിച്ചൻ അവിശ്വസനീയമായ മുഖത്തോടെ മാളവികയെ നോക്കി.. അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് അവൻ അറിഞ്ഞു... മാളവിക അവനുനേരെ നോക്കി പുഞ്ചിരിക്കുകയാണ്.. ഫ്രാൻസിസ് അപ്പോഴേക്കും മാളവികയുടെ അടുത്തേക്ക് ഓടിയെത്തി..

"മോളെ.. എന്തായിത്.." അയാൾ വികാരഭരിതനായി..

"ഇതാണ് ശരി പപ്പാ... ഇവരുടെ സ്നേഹം എനിക്കറിയാവുന്നതാ.. രാധിക ഒരു പാവമാ.. അവളുടെ ഉള്ളിൽ ടോമിച്ചൻ മാത്രേ ഉള്ളു.. ടോമിച്ചനും അവളെയാണ് ഇഷ്ടം.. ഒരുപക്ഷെ അമ്മയെ രക്ഷിക്കാൻ പണം നൽകിയതിന്റെ നന്ദിയിൽ ടോമിച്ചൻ എന്റെ കഴുത്തിൽ താലി കെട്ടുമായിരിക്കും.. പക്ഷെ അതിലൂടെ ടോമിച്ചന് ജീവിതകാലം മുഴുവൻ ഞാൻ വേദനയായിരിക്കും സമ്മാനിക്കുന്നത്.. അത് പാടില്ല.." മാളവിക അതും പറഞ്ഞു പുറത്തേക്കു നടന്നു...

ഗീവർഗീസച്ചന്റെ തോളിൽ തല ചായ്ച്ചു വിങ്ങിപൊട്ടുകയായിരുന്നു രാധിക.. എല്ലാം നഷ്ടപ്പെട്ടവളെപോലെ.. അച്ഛൻ അവളെ സമാധാനിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.. പെട്ടെന്ന് തോളിലെ കരത്തിന്റെ സ്പർശനമറിഞ്ഞു രാധിക തിരിഞ്ഞു.. അവത്കണ്ടതു പുഞ്ചിരിയോടെ നിൽക്കുന്ന മാളവികയെ ആണ്.. രാധിക അവളെ ഒന്നുമാനസിലാകാതെ നോക്കി.. മാളവിക രാധികയുടെ കയ്യിൽപിടിച്ചു ദേവാലയത്തിനുള്ളിലേക്കു നടന്നു.. ജനങ്ങളെല്ലാം അത്ഭുതത്തോടെ നോക്കിനിൽക്കുകയാണ്.. ഒരുപക്ഷെ സിനിമയിൽ മാത്രമേ ഇങ്ങനുള്ള ദൃശ്യങ്ങൾ കണ്ടിട്ടുള്ളു.. മാളവിക ടോമിച്ചന്റെ കൈ പിടിച്ചു നിവർത്തി അതിലേക്കു രാധികയുടെ കൈകൾ ചേർത്തു.. രണ്ടുപേരും മാളവികയെ നോക്കി.. അവൾ അവരെ കണ്ണിറുക്കി കാണിച്ചു..

"അതെ.. വിട്ടുതരികയാ ഞാനീ മൊതലിനെ.. കൊതിതീരുവോളം പ്രേമിച്ചുജീവിച്ചോണം രണ്ടുപേരും.." മാളവികയുടെ വാക്കുകൾ മുറിയുന്നപോലെ.. രാധിക കരഞ്ഞുകൊണ്ട് മാളവികയുടെ കാൽക്കൽ വീഴാൻ തുടങ്ങി. അപ്പോഴേക്കും അവളെ മാളവിക തടഞ്ഞു.. അവളെ കെട്ടിപ്പിടിച്ചു ആ നന്ദി അവൾ അറിയിച്ചു... കുറച്ചുനിമിഷങ്ങൾക്കുശേഷം മാളവിക രാധികയെ അടർത്തിമാറ്റി..

"ഇനി അങ്ങോട്ടുപോയി കെട്ടിപ്പിടിച്ചോ..." അതും പറഞ്ഞു മാളവിക രാധികയെ ടോമിച്ചന്റെ ദേഹത്തേക്ക് തള്ളി.. ഇപ്രാവശ്യം ടോമിച്ചൻ അവളെ ചേർത്തുപിടിച്ചു.. അവൻ മാളവികയെ നോക്കി.. അവളോടുള്ള നന്ദി ആ മുഖത്ത് പ്രകടമായിരുന്നു.. മാളവിക അവർക് ഒരു പുഞ്ചിരിയും സമ്മാനിച്ചു തിരിഞ്ഞു നടന്നു.. വെളിയിൽവന്നതും മുഖവും പൊത്തി ഓടുകയായിരുന്നു അവൾ.. പെട്ടെന്ന് അവൾ നിന്നു... മുന്നിൽ നിറഞ്ഞ മിഴികളോടെ മരിയ.. മാളവിക കരഞ്ഞുകൊണ്ട് മരിയയെ പുണർന്നു...

"ഈ ജന്മം ടോമിച്ചൻ രാധികക്കുള്ളതാ... ഞാൻ പ്രാർത്ഥിക്കും എന്റെയീ ജന്മം മുഴുവനും.. ഇനിയൊരു ജന്മം ഉണ്ടെങ്കിൽ ടോമിച്ചന്റെ വാരിയെല്ലുകൊണ്ടു എന്നെ മേടഞ്ഞെടുക്കാൻ..

ടോമിച്ചന്റെ മാത്രം പെണ്ണായി ജീവിക്കാൻ..." മാളവിക അതും പറഞ്ഞു ഓടി കാറിൽ കയറി.. മരിയ നിറമിഴികളോടെ അവളെ നോക്കിനിന്നു..

......

നാളുകൾ കൊഴിഞ്ഞു...

ചന്ദ്രൻ തന്റെ പൂർണരൂപത്തിൽ പ്രകാശം പരത്തിനിൽക്കുകയാണ്... രാധിക ആ മനോഹരമായ പൂന്തോട്ടത്തിനു നടുവിൽ ആ സൗന്ദര്യം നോക്കിനിൽക്കുകയാണ്... പെട്ടെന്ന് അല്പം വീർത്തുനിൽക്കുന്ന വയറിലൂടെ രണ്ടു കരങ്ങൾ ഇഴഞ്ഞുവരുന്നത് അവൾ അറിഞ്ഞു.. അവളുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു.. പെട്ടെന്ന് തന്നെ അവൾ മുഖം ഗൗരവഭാവത്തിലേക്കു മാറ്റി തിരിഞ്ഞു.. ടോമിച്ചൻ പുഞ്ചിരിയോടെ നിൽക്കുകയാണ്..

"ഓ... എത്തിയോ ആള്.. ന്റെ കണ്ണാ... എപ്പഴാണോ നിക്ക് തോന്നിയത് ഈ മനുഷ്യനെ പാടിച്ചിട്ടെ ഞാൻ പാടൂ എന്ന് പ്രതിജ്ഞയെടുക്കാൻ... ഇപ്പൊ മര്യാദക്ക് കാണാൻകൂടി കിട്ടാനില്ല്യ.." രാധിക ആരോടെന്നില്ലാതെ പറഞ്ഞു.. "ഇവിടെ ഇങ്ങനൊരു പെണ്ണ് വയറ്റിൽ കൊച്ചുട്ടോമിച്ചനെയും ചുമന്നു നടക്കുവാണ് എന്ന് വല്ല വിചാരവുമുണ്ടോ ഈ മനുഷ്യന്.."

"ഇതിലൊള്ളത് എന്റെ കൊച്ചു രാധൂട്ടിയാ.." അവൻ അവളുടെ വയറ്റിൽ മൃദുവായി തഴുകി..

"കുഞ്ഞേ... ഞാൻ പോയെക്കുവാ കേട്ടോ.. രാവിലെ വരാം.." പെട്ടെന്ന് ശങ്കരേട്ടന്റെ സ്വരം ടോമിച്ചൻ കേട്ടു..

"ശരി ശങ്കരേട്ടാ.. രാവിലെ ഒരു പത്താവുമ്പോൾ വന്നാ മതി.."

"ശരി കുഞ്ഞേ.." അതും പറഞ്ഞു ശങ്കരേട്ടൻ നടന്നുനീങ്ങി..

"ഇച്ചായാ... ഇവിടിരിക്കു.." രാധിക ടോമിച്ചന്റെ കൈപിടിച്ച് ഗാർഡന്റെ നടുവിലുള്ള ബെഞ്ചിൽ ഇരുത്തി.. എന്നിട്ടു അവൾ അവന്റെ മടിയിൽ ഇരുന്നു രണ്ടു കൈകളും കക്ഷത്തിലൂടെ ചുറ്റിപ്പിടിച്ചു.. തല അവന്റെ മാറിൽ ചായ്ച്ചു..

"ഇച്ചായാ... നി എത്ര രാത്രിയായാലും വീട്ടി വരണം ട്ടോ... ഇച്ഛായന്റെ കൂടെയാലാണ്ട് നിക്ക് ഉറക്കം വരില്യ.. "

"ഇല്ലട... ഇതിപ്പോ ഒറ്റപ്രാവിശ്യല്ലേ.. ഇനിയില്ല.. ഇതിപ്പോ ഒഴിവാക്കാൻ പറ്റാതിരുന്നുകൊണ്ടാ.. മസ്റ്ററല്ലേ.. " അവൻ അവളുടെ ശിരസിൽ പ്രേമപൂർവ്വം തലോടി.. "മോളമ്മയെന്ത്യേ..?".

"അമ്മ അടുക്കളേൽ എന്തോ എണ്ണയൊക്കെ കാച്ചുവാ നിക്ക് തലയിൽ തേക്കാനാന്നും പറഞ്ഞു.. പിന്നെ ഇച്ചായാ... നാളെ ന്നെ അച്ഛന്റെ അടുത്ത് കൊണ്ടുപോണം.. വിളക്കു

വെക്കണം.. ന്നാലും അച്ഛനെ ഒന്ന് എഴുന്നേൽപ്പിച്ചു നടത്താൻ കഴിഞ്ഞില്ല്യല്ലോ ഇച്ചരായാ നിക്ക്.." രാധിക വിഷമത്തോടെ പറഞ്ഞു..

"ദേ രാധൂട്ടി.. ഞാൻ പറഞ്ഞു ഇനി അതൊന്നും പറയല്ലെന്നു.. നാളെ ചെക്കപ്പിനു പോവണ്ടതല്ലേ.. ഞാൻ കൊണ്ടോകാം.."

"അയ്യോ വേണ്ട.. എങ്ങോട്ടാന്നാ പോയിട്ടു നേരത്തെ ഇവിടെ വന്നാ മതി.. ഹോസ്പിറ്റലിൽ മാളവിക കൊണ്ടൊക്കോളും.. പത്തുമണിക്ക് റെഡി ആയി നിക്കണം എന്നാ ഒഡെർ.. ഇല്ലേൽ ന്നെ കൊല്ലും അവൾ.. കല്യാണത്തിരക്കായതുകൊണ്ടു മരിയ വരില്ല.. എന്തായാലും റിയാസും അവളും ഒന്നിച്ചല്ലോ.."

"മ്.. അതൊക്കെ പോട്ടെ.. എന്താടീ നിനക്കൊരു വേർപ്പുമണം.. നീ കുളിച്ചില്ലേ.." ടോമിച്ചൻ മൂക്കുചുളിച്ചുകൊണ്ടു രാധികയെ ചൊടിപ്പിക്കാനായി ചോതിച്ചു..

"ദേ ഇച്ചരായാ.. ന്നെ ദേഷ്യം പിടിപ്പിക്കല്ലേ.. മര്യാദക്ക് കുളിച്ചൊരുങ്ങിനിന്ന ന്റെ ദേഹത്തേക്ക് യാത്രകഴിഞ്ഞു വേർപ്പോടെ വന്നുകേറീട്ടു കുറ്റം നിക്ക്.. നി രാത്രി വാട്ടോ.. ഇച്ചിരി പാപ്പം കുച്ചോട്ടെ.. ഇച്ചിരി തേൻ കുച്ചോട്ടെ ന്നൊക്കെപ്പറഞ്ഞു.. തരാവേ ഞാൻ.." രാധിക കപട ദേഷ്യത്തോടെ പറഞ്ഞു...

"അയ്യോടി.. മോൾക്ക് ആഗ്രഹോന്നൂല്ലല്ലോ ലെ.. അതുകൊണ്ടായിരിക്കും ഇച്ചരായാ... അങ്ങനെ ചെയ്.. ഇങ്ങനെ ചെയ് എന്നൊക്കെ വിളിച്ചുകൂവുന്നത്.."

"ആഹാ.. ന്നാ വാട്ടോ.. കാണിച്ചുതരാവേ.."

"പൊന്നുമോളെ സമരം പ്രഖ്യാപിക്കല്ലേ.. ഇന്നലെ പട്ടിണിയ... ഇന്ന് എല്ലാം കുറച്ചു കൂടുതൽ വേണം.." ടോമിച്ചൻ താണു..

അവൾ ഒന്നും മിണ്ടാതെ പരിഭത്തിൽ അവനെ ചുറ്റിയിരുന്നു... അപ്പോഴും ടോമിച്ചന്റെ കൈകൾ അവളുടെ മുടിയിഴകളിൽ വാത്സല്യത്തോടെ തഴുകിക്കൊണ്ടിരുന്നു.. ആ തഴുകലിൽ കണ്ണുകൾ അടച്ചു അതാസ്വതിച്ചു അവളും.. അവരുടെ പ്രേമനിമിഷങ്ങൾക്കണ്ട നക്ഷത്രങ്ങൾ നാണത്തോടെ കണ്ണുചിമ്മുന്നുണ്ടായിരുന്നു...

## അവസാനിച്ചു

KochoonJ